# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 ഏപ്രിൽ 25, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 ഏപ്രിൽ 25, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.വി.ശശി**

സെക്രട്ടറി

**ശ്രീ.വി.കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

141/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം
## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
8. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി. )
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി.വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ.യു. അരുണൻ (ഇരിങ്ങാലക്കുട)
22. ശ്രീമതി സി.കെ. ആശ (വൈക്കം- എസ്.സി. )
23. ശ്രീ. കെ. ബാബു (നെന്മാറ)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി.)
25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

26. ശ്രീ. വി. ടി. ബൽറാം (തൃത്താല)
27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)
29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
35. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
36. ശ്രീ. കെ.ബി.ഗണേഷ് കുമാർ (പത്തനാപുരം)
37. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)
41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
44. ഡോ. കെ. ടി. ജലീൽ (തവനൂർ)
45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
49. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)
50. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
51. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
52. ശ്രീ. വി. ജോയി (വർക്കല)
53. ശ്രീ. ഒ.ആർ. കേളു (മാനന്തവാടി-എസ്.ടി.)
54. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
55. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

56. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)*
57. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
58. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)
59. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)
60. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
61. ശ്രീ. കെ. എം. മാണി (പാലാ)
62. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
63. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
64. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
65. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
66. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
67. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
68. ശ്രീ. മുഹമ്മദ് മുഹസിൻ, പി. (പട്ടാമ്പി)
69. ശ്രീ. എം. മുകേഷ് (കൊല്ലം)
70. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)
71. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)
72. ശ്രീ. ഡി. കെ. മുരളി (വാമനപുരം)
73. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)
74. ശ്രീ. സി. കെ. നാണു (വടകര)
75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)
76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)
77. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
78. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)
79. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)
80. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)
81. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)
82. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)
83. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
84. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

---

*ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി 25-4-2017-ന് നിയമസഭാംഗത്വം രാജിവച്ചു.

85. ശ്രീ. ഒ. രാജഗോപാൽ (നേമം)
86. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)
87. ശ്രീ. കെ. രാജൻ (ഒല്ലൂർ)
88. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)
89. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)
90. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)
91.ശ്രീ. കെ. രാജു (പുനലൂർ)
92. ശ്രീ. രാജു എബ്രഹാം (റാന്നി)
93. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)
94. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)
95. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ (ചെങ്ങന്നൂർ)
96. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)
97. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
98. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)
99. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)
100. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)
101. ശ്രീ. റോജി എം. ജോൺ (അങ്കമാലി)
102.ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
103. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)
104. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)
105. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
106. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)
107. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)
108. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)
109. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)
110. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)
111. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
112. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)
113. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)
114.ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

115. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)
116. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)
117. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)
118. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)
119. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)
120. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)
121. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)
122. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)
123. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
124. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
125. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)
126. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)
127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
128. ശ്രീ. പി. തിലോത്തമൻ (ചേർത്തല)
129. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)
130. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)
131. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)
132. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)
133. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
134. ശ്രീ. എം. ഉമ്മർ (മഞ്ചേരി)
135. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)
136. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)
137. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)
138. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)
139. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
140. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)
141. ശ്രീ. എം. വിൻസെന്റ് (കോവളം)

# വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ്  റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർ സംസ്ഥാന നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതി ക്ഷേമം

പട്ടികവർഗ്ഗ ക്ഷേമം

പിന്നോക്കസമുദായ ക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

ശ്രീ. എ.സി. മൊയ്തീൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (വ്യവസായ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സ്

യുവജനകാര്യം

ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. റ്റി.പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി

തൊഴിൽ

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

സാക്ഷരതാ പ്രവർത്തനം

എൻ.സി.സി.

ശ്രീ. തോമസ് ചാണ്ടി, ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

മലിനീകരണ നിയന്ത്രണം

സാമൂഹ്യനീതി

ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി.എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യ നികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷുറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

**I. ചോദ്യോത്തരങ്ങൾ** *പേജ്*

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...63

**II. ചരമോപചാരം**

പി. ശിവശങ്കറിന്റെ നിര്യാണം ...374

**III. ചെയർമാൻമാരുടെ പാനൽ** ...374

**IV. അടിയന്തരപ്രമേയം**

മൂന്നാറിലെ അനധികൃത കയ്യേറ്റം

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...375

**V. വ്യക്തിപരമായ വിശദീകരണം**

അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശം

- വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) ...386

**അടിയന്തരപ്രമേയം** (തുടർച്ച)

(അവതരണാനുമതി നിഷേധിച്ചു) ...388

**VI. ശ്രദ്ധ ക്ഷണിക്കൽ**

പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരണം

- ശ്രീ. എസ്. ശർമ്മ ...395

**VII. സബ്മിഷൻ**

കോൺക്രീറ്റ് മതിൽ മറിഞ്ഞുവീണുണ്ടായ മരണം

- ശ്രീ. സി. ദിവാകരൻ ...398

*പേജ്*

**VIII. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ഇനം 3(1) പ്രകാരമുള്ള കടലാസുകൾ ...400

**IX. റിപ്പോർട്ട് സമർപ്പണം**

വിഷയനിർണ്ണയ സമിതി I മുതൽ XIV വരെയുള്ള
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട് ...401

**X. നിയമനിർമ്മാണകാര്യം**

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി)
ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന
പ്രമേയവും ...404

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 ഏപ്രിൽ 25, ചൊവ്വ*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2017 ഏപ്രിൽ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ നടപടികളുമായി ബന്ധപ്പെട്ട് സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിൽ പ്രസ്താവന നടത്തിയ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u> : ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ (* 1)

**കായിക പരിശീലനത്തിനും മാസ് ഡ്രില്ലിനുമുള്ള നിബന്ധനകൾ**

1 (*1) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :

<u>ശ്രീ. ഇ. പി. ജയരാജൻ</u>:

<u>ശ്രീ. എം. രാജഗോപാലൻ</u>:

<u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഗ്ഗീയ ധ്രുവീകരണം സാദ്ധ്യമാക്കുന്നതിനായി ആർ.എസ്.എസ്. അക്രമം വ്യാപകമാക്കിയിരിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) കാസർഗോഡ് വർഗ്ഗീയ കലാപം ലക്ഷ്യമിട്ട് മദ്രസ അദ്ധ്യാപകനെ കൊലപ്പെടുത്തിയ ഈ സംഘത്തിന്റെ ഗൂഢപ്രവർത്തനങ്ങളെ അടിച്ചമർത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കുമോ;

(സി) കേരള പോലീസ് നിയമത്തിൽ കായിക പരിശീലനത്തിനും മാസ് ഡ്രില്ലിനും ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഇവ പാലിച്ചുകൊണ്ടാണോ ആർ.എസ്.എസ്. ശാഖകൾ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ സാമൂഹ്യ സുരക്ഷ കണക്കിലെടുത്ത് അവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സംസ്ഥാനത്ത് വർഗ്ഗീയ ധ്രുവീകരണം ലക്ഷ്യമിട്ടുള്ള ചില അക്രമസംഭവങ്ങൾ ആർ.എസ്.എസ്. നേതൃത്വത്തിന്റെ പിന്തുണയോടെ ഉണ്ടായിട്ടുണ്ട്. എന്നാൽ, സമയോചിതമായ ഇടപെടൽമൂലം ആ പ്രവർത്തനങ്ങൾക്ക് തടയിടുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ മദ്രസ അദ്ധ്യാപകനെ കൊലപ്പെടുത്തിയ സംഭവത്തിലെ ഗൂഢാലോചനയെപ്പറ്റി ക്രൈം ബ്രാഞ്ച് എസ്.പി.യുടെ നേതൃത്വത്തിൽ സമഗ്രമായ അന്വേഷണം നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള പോലീസ് ആക്ട് 2011-ലെ 73-ാം വകുപ്പ് പ്രകാരം കായിക പരിശീലനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് അധികാരപ്പെട്ടയാളുടെ അനുമതിയില്ലാതെ ആക്രമണമോ സ്വയംരക്ഷയോ സംബന്ധിച്ച അഭ്യാസ രീതികൾ ഉൾക്കൊള്ളുന്ന കായികപരിശീലനം സംഘടിപ്പിക്കുവാനോ പങ്കെടുക്കുവാനോ പാടുള്ളതല്ല. ഇതിനായി, തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള കെട്ടിടമോ പരിസരമോ പെർമിറ്റില്ലാതെ ആർക്കും അനുവദിച്ചുനൽകാനും പാടുള്ളതല്ല. ഇത് പരിശോധിക്കുന്നതിന് ഒരു സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് അധികാരമുണ്ട്. ജില്ലാ മജിസ്ട്രേറ്റിന് പൊതുസമാധാനം പൊതുസുരക്ഷ ക്രമസമാധാന പാലനം ഇവയ്ക്കുവേണ്ടി കേരള പോലീസ് ആക്ടിലെ 75-ാം വകുപ്പ് പ്രകാരം മാസ് ഡ്രിൽ നിരോധിക്കുന്നതിന് അധികാരമുണ്ട്. ഈ നിരോധനം ആവശ്യമാണെന്ന് കരുതുന്നപക്ഷം വിജ്ഞാപനം മുഖേന ദീർഘിപ്പിക്കാൻ സർക്കാരിനും അധികാരമുണ്ട്. നിലവിലുള്ള നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘടനകൾക്കെതിരെ കർശന നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി പോലീസ് ആക്ട് 2011-ന് ആവശ്യമായ

ചട്ടങ്ങൾ രൂപീകരിക്കുന്നതാണ്.

മി സ്പീക്കർ: പ്ലീസ്... പ്രതിപക്ഷാംഗങ്ങൾ ദയവായി സീറ്റിലിരിക്കൂ. ഇപ്പോൾ ഉന്നയിക്കുന്ന വിഷയം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ അടിയന്തരപ്രമേയമായി എഴുതിത്തന്നിട്ടുണ്ട്. ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, സമീപകാലത്ത് തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണിയിൽ വി. സുരേഷ് എന്ന പ്രാദേശിക കോൺഗ്രസ് നേതാവ് അതിദാരുണമായി കൊല്ലപ്പെട്ടു. ആർ.എസ്.എസ്. ക്രിമിനലുകളാണ് സുരേഷിനെ ക്രൂരമായി കൊലചെയ്തത്. ആലപ്പുഴ ജില്ലയിലെ വയലാറിൽ ആർ.എസ്.എസ്. ശാഖയിൽ പോയില്ലെന്ന കാരണം പറഞ്ഞ് പ്ലസ് ടു വിദ്യാർത്ഥിയായിരുന്ന അനന്തുവിനെ ആർ.എസ്.എസ്.കാർ ചവിട്ടിക്കൊന്നു. ആർ.എസ്.എസ്.-കാർ അവരുടെ ക്യാമ്പുകളിൽ കൊലപാതകമടക്കമുള്ള ക്രൂരകൃത്യങ്ങൾ ചെയ്യാൻ പ്രത്യേക പരിശീലനം കൊടുക്കുന്നുണ്ടെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ഇത്തരത്തിലുള്ള പരിശീലന ക്യാമ്പുകൾ പൂർണ്ണമായും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാംസ്കാരിക പ്രവർത്തനമെന്ന പേരിൽ ആളുകളെ ഏറ്റവും എളുപ്പത്തിൽ എങ്ങനെ കൊലപ്പെടുത്താൻ കഴിയുമെന്ന പരിശീലനമാണ് പല ഘട്ടങ്ങളിലും ആർ.എസ്.എസ്. നടത്തുന്നതെന്ന ആരോപണം ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. അനുഭവത്തിലും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒട്ടേറെ കൊലപാതകങ്ങൾ ആർ.എസ്.എസ്.ന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികൾ മുതൽ കായികരംഗത്ത് വാഗ്ദാനങ്ങളായിരുന്ന ആളുകളെ വരെ കൊലപ്പെടുത്തുന്ന നിലയുണ്ടായിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തനമെന്ന നിലയിൽ സി.പി.ഐ.(എം)-നോടുള്ള വിരോധം വച്ചുകൊണ്ട് സി.പി.ഐ.(എം) പ്രവർത്തകരെ പ്രത്യേകമായി ലക്ഷ്യംവച്ച് ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുന്ന നിലപാടാണ് ആർ.എസ്.എസ്. സ്വീകരിക്കുന്നതെങ്കിലും മറ്റ് രാഷ്ട്രീയ പാർട്ടികൾക്ക് എതിരെയുള്ള ആക്രമണങ്ങളും ചില ഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കോൺഗ്രസ് പ്രവർത്തകരെയും ചില ഘട്ടങ്ങളിൽ കൊലപ്പെടുത്തിയിട്ടുണ്ടെന്നത് വസ്തുതയാണ്. ഇത്തരം കാര്യങ്ങൾ ഗൗരവമായി വീക്ഷിച്ചുവരികയാണ്.

മി. സ്പീക്കർ: ദയവായി പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ പോയി ഇരിക്കൂ.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരസാധാരണമായ സാഹചര്യം കേരളത്തിൽ ഉണ്ടായിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കാനുള്ളത്. ബഹുമാന്യനായ മന്ത്രി കേരളീയ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ പ്രസ്താവന നടത്തിയ സാഹചര്യം അതീവ ഗൗരവ സ്വഭാവത്തിലുള്ളതാണ്. അങ്ങുപോലും പരസ്യമായി അപലപിക്കേണ്ട സാഹചര്യമുണ്ടായി. അസാധാരണമായ സാഹചര്യം കണക്കിലെടുത്ത് ഇന്നത്തെ ചോദ്യോത്തരവേള റദ്ദ് ചെയ്ത് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ചോദ്യോത്തരവേള റദ്ദ് ചെയ്യുന്ന നടപടിക്രമം സാധാരണ ഗതിയിൽ സ്വീകരിക്കാറില്ല. റൂൾ 50 പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ അടിയന്തരപ്രമേയം പരിഗണനയ്ക്കെടുക്കാവുന്നതാണ്. ചോദ്യോത്തരവേള തടസ്സപ്പെടുത്താതെ ദയവായി സഹകരിക്കണം.

(ചോദ്യോത്തരവേള റദ്ദ് ചെയ്ത് പ്രസ്തുത വിഷയം ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ബഹളം തുടർന്നുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ പ്രസ്തുത വിഷയം അടിയന്തരപ്രമേയമായി പരിഗണിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചതിനെത്തുടർന്ന് അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോയി.)

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ചില ചോദ്യങ്ങൾ ചിലർക്കെല്ലാം ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് കണ്ടറിഞ്ഞിട്ടുണ്ട്. സാമൂഹ്യ സുരക്ഷ കണക്കിലെടുത്ത് ഇത്തരത്തിലുള്ള ആയുധ പരിശീലനങ്ങൾ സംസ്ഥാനത്ത് നിരോധിക്കാനാവശ്യമായ നിയമ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് ചോദ്യം (സി) ഉൾപ്പിരിവിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും. അത്തരം കാര്യങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടിവരും.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇന്ത്യയിൽ മതനിരപേക്ഷതയ്ക്ക് പേരുകേട്ട നാടാണ് കേരളം. കേരളത്തിൽ സാഹോദര്യം നിലനിൽക്കുന്നത് ഇവിടെ നിറഞ്ഞുനിൽക്കുന്ന ഇടതുപക്ഷ മനസ്സിന്റെ പ്രതിഫലനം കൊണ്ടാണ്. പ്രതിപക്ഷത്തിനത് പരിഹാസമായിരിക്കും. ആർ.എസ്.എസ്.നെതിരെയുള്ള

ചോദ്യങ്ങൾ ഉന്നയിച്ചപ്പോഴാണ് ശ്രീ. അനിൽ അക്കര ഉൾപ്പെടെ ബഹളം വച്ചത്. അത്തരമൊരു സംസ്ഥാനത്ത് കേരള പോലീസ് ആക്ടിലെ സെക്ഷൻ 73 പ്രകാരം വ്യക്തികളോ സംഘടനകളോ പോലീസിന്റെ അനുമതിയില്ലാതെ കായിക പരിശീലനങ്ങളും ആയുധ പരിശീലനങ്ങളും നടത്തുന്നത് നിയമവിരുദ്ധമാണ്. ആർ.എസ്.എസ്. പല പ്രദേശങ്ങളിലും രഹസ്യമായും പരസ്യമായും ആയുധമേന്തിക്കൊണ്ടുള്ള പ്രകടനങ്ങളും പരിശീലനങ്ങളും നടത്തിവരികയാണ്. 1988-ലെ മതസ്ഥാപനങ്ങളുടെ ദുരുപയോഗം തടയൽ എന്ന കേന്ദ്ര നിയമത്തിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ആയുധപരിശീലനം നിരോധിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളാണ് ഇന്നും പരിശീലനത്തിനായി ഉപയോഗിക്കുന്നത്. ഇത് കർശനമായി തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. കേരള പോലീസ് ആക്ട് 2011-ൽ പ്രാബല്യത്തിൽ വന്നെങ്കിലും ഇതുവരെ ആ നിയമത്തിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവായിട്ടില്ല. അതുകാരണം ഇത്തരം പരിശീലനങ്ങൾ നടത്തുന്നതിനെതിരെ പോലീസ് ആക്ടിൽ ശിക്ഷ പറയുന്നില്ല. ഇപ്പോൾ ആക്ടിലെ സെക്ഷൻ 121 പ്രകാരമുള്ള ശിക്ഷയാണ് നടപ്പിലാക്കുന്നത്. ഇന്നത്തെ അവസ്ഥ പരിഗണിച്ച് ആവശ്യമായ ചട്ടങ്ങൾ എത്രയും വേഗം പുറപ്പെടുവിക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, ആർ.എസ്.എസ്. ശാഖകൾ നടത്തുന്ന ആരാധനാക്രമങ്ങളും പാട്ടുകളും വരെ വളരെ പ്രകോപനപരവും കടുത്ത ക്രിസ്ത്യൻ-മുസ്ലീം അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ മനോഭാവവും സ്പർദ്ധയും വളർത്തുന്നതാണ്. ക്ഷേത്രപരിസരത്തുള്ള ശാഖകളിൽ ദണ്ഡ്, വാൾ, പരിച തുടങ്ങിയ ആയുധ പരിശീലനങ്ങൾക്കാണ് ഇവർ നേതൃത്വം നൽകുന്നത്. ഗുജറാത്ത്, യു.പി., മാംഗ്ലൂർ എന്നിവിടങ്ങളിൽ നടന്നിട്ടുള്ള വർഗ്ഗീയ കലാപങ്ങൾ കേരളത്തിലും നടപ്പിലാക്കാൻ കഴിയുമോ എന്നതിന്റെ ഒരു പരീക്ഷണശാലയായി ഉപയോഗപ്പെടുത്തുക എന്നതായിരുന്നു കാസർഗോഡ് സംഭവത്തിന്റെ പിന്നിലുള്ള ആർ.എസ്.എസ്.ന്റെ ലക്ഷ്യം. വ്യാപകമായ ഗൂഢാലോചനയുടെ ഫലമായാണ് അവിടെ മദ്രസ അദ്ധ്യാപകന്റെ കൊലപാതകം നടന്നത്. 48 മണിക്കൂറിനകം പ്രതിയെ പിടികൂടാൻ കഴിഞ്ഞതുകൊണ്ടാണ് വലിയ പ്രത്യാഘാതങ്ങൾ ഒഴിവായത്. ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ കേരളത്തിൽ ആർ.എസ്.എസ്.-ന്റെ നിയമവിരുദ്ധ ശാഖകൾ നിരീക്ഷിക്കാനുള്ള സ്ഥിരം

സംവിധാനം ഏർപ്പെടുത്തുന്നകാര്യം സർക്കാർ ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ സംഘടന പ്രത്യേകമായിത്തന്നെ അക്രമങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പരിശീലനം അവരുടെ അംഗങ്ങൾക്ക് നൽകിവരികയാണ്. പല സംഭവങ്ങളിലും ആ പ്രദേശത്തുള്ളവർ മാത്രമല്ല അക്രമികളായി വരുന്നത്, പല സ്ഥലങ്ങളിൽനിന്നായി അക്രമികളെ അയയ്ക്കുന്ന ഒരു സാഹചര്യവും ഉയർന്നുവരുന്നുണ്ട്. നേതൃത്വംതന്നെ ഇത്തരം അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഓർഗനൈസ് ചെയ്യുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. അത്തരമൊരു സാഹചര്യത്തിൽ ആർ.എസ്.എസ്.-ന്റെ അക്രമപരമായ പ്രവർത്തനങ്ങളെ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നത് പൊതുസമൂഹം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ഭരണനടപടികളും അതിന്റെ ഭാഗമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, ആർ.എസ്.എസ്.ന്റെ ആയുധ പരിശീലനങ്ങൾ സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇത് പലപ്പോഴും പൊതുസ്ഥലങ്ങളിൽവച്ചാണ് നടക്കുന്നത്. ഉടമസ്ഥരുടെ അനുവാദംപോലും വാങ്ങാതെ പല സ്ഥലങ്ങളിലും അതിക്രമിച്ചു കടന്നാണ് അവർ പരിശീലനം നടത്തുന്നത്. ഇത്തരം കാര്യങ്ങളിലെല്ലാം സർക്കാരിന് ഇടപെടാൻ സാധിക്കുമോ; അതുപോലെ അവരുടെ അക്രമങ്ങൾ ശക്തിപ്പെട്ട് മറ്റ് മതസ്ഥർക്കുമാത്രമല്ല മറ്റിതര രാഷ്ട്രീയ പാർട്ടികൾക്കുപോലും അവർക്ക് സ്വാധീനമുള്ള അമ്പലങ്ങളിൽ ഉത്സവം നടക്കുമ്പോൾ പോകാൻ സാധിക്കാത്ത സാഹചര്യമുൾപ്പെടെ വന്നുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ ഉത്സവത്തിന് പോയവരെ ഉപദ്രവിക്കുന്ന നിലവരെയുണ്ടായിട്ടുണ്ട്. ഇങ്ങനെ വ്യാപകമായ രീതിയിൽ ആർ.എസ്.എസ്. കായിക പരിശീലനത്തിലൂടെ ആളുകളെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവുമവസാനം അവരുടെ സംഘത്തിൽപ്പെട്ട ആളെത്തന്നെ ചവിട്ടിക്കൊല്ലുന്ന നിലയുണ്ടായി. ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര നടപടി സ്വീകരിക്കാനാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, പരിശീലനത്തിനായി സ്ഥലങ്ങൾ കയ്യേറി കൈവശപ്പെടുത്തുന്ന നില വന്നാൽ അതിനെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വാഭാവികമായും സ്വീകരിക്കാവുന്നതാണ്; അത് സ്വീകരിക്കുകയും ചെയ്യും. പല സ്ഥലങ്ങളിൽ ആക്രമണങ്ങൾ നടത്തുന്നുവെന്നുള്ളത് ശരിയാണ്. ചിലയിടങ്ങളിൽ ആർ.എസ്.എസ്. ക്യാമ്പ് ചെയ്തുകൊണ്ട് അവിടെ ഉത്സവം കാണാനെത്തുന്നവരെ ആക്രമിക്കുന്ന സ്ഥിതിയുണ്ട്. അത്തരം കാര്യങ്ങളിൽ സർക്കാർ നടപടി സ്വീകരിക്കുന്നുമുണ്ട്. ഉദാഹരണമായി ഇവിടെ ചൂണ്ടിക്കാണിച്ച സ്ഥലം ആർ.എസ്.എസ്.-ന്റെ കേന്ദ്രമല്ല, പക്ഷെ ആ സ്ഥലത്ത് ആർ.എസ്.എസ്. ക്യാമ്പ് ചെയ്ത് അവിടെ എത്തിയവരെ ആക്രമിക്കുന്ന സാഹചര്യമാണുണ്ടായത്. അത്തരം

കാര്യങ്ങളിൽ പോലീസ് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആർ.എസ്.എസ്. പ്രവർത്തകർ കാസർഗോഡ് മദ്രസയ്ക്കകത്തുകയറി ഉറങ്ങിക്കിടന്ന മദ്രസ അദ്ധ്യാപകനെയാണ് കൊലപ്പെടുത്തിയത്. ആ സംഭവമുണ്ടായപ്പോൾ കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉചിതമായ സമീപനം സ്വീകരിച്ചതുകൊണ്ടാണ് പ്രശ്നങ്ങൾ ഗുരുതരമാകാതെ പോയത്. പക്ഷെ ആർ.എസ്.എസ്.ന്റെ അക്രമങ്ങൾ വ്യാപകമാകുന്നുവെന്നുള്ള പരാതി ഇന്ന് നിലവിലുണ്ട്. നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷങ്ങൾ വളരാതിരിക്കാൻ ആരാധനാലയങ്ങൾ നിർമ്മിക്കുന്ന കാര്യത്തിലുൾപ്പെടെ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇറക്കിയിട്ടുള്ള പ്രധാനപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരിശോധിച്ച് അതിൽ കാലോചിതമായ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ അതുംകൂടി സ്വീകരിച്ചുകൊണ്ട് നടപ്പാക്കാൻ മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കാസർഗോഡുണ്ടായ സംഭവം, അവിടെ വർഗ്ഗീയ കലാപം നടത്തണമെന്ന ഉദ്ദേശ്യത്തോടെ ഒരു കാരണവുമില്ലാതെ ആർ.എസ്.എസ്. നേരത്തെ ആസൂത്രണം ചെയ്ത് നടത്തിയ കൊലപാതകമായിരുന്നു. കൊലചെയ്യപ്പെട്ട ആളോട് പ്രത്യേകമായ ഒരു വിരോധവും കൊല ചെയ്തവർക്കില്ല; വർഗ്ഗീയ കലാപത്തിനുള്ള ഒരു നിമിത്തമാക്കി മാറ്റുക എന്നത് മാത്രമാണ് ഉദ്ദേശിച്ചത്. ആ സംഭവം നടന്ന ഘട്ടത്തിൽത്തന്നെ കൂടുതൽ സംഘർഷത്തിലേയ്ക്ക് എത്താതിരിക്കാനുള്ള ശക്തമായ നടപടികളും ജാഗ്രതയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്നും അവിടത്തെ മുസ്ലീം ലീഗ് നേതൃത്വവും നല്ല രീതിയിലാണ് സഹകരിച്ചത്. പൊതുവെ മുസ്ലീം ജനവിഭാഗങ്ങളും ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കി നല്ല നിലയ്ക്ക് സഹകരിച്ചതുകൊണ്ടുതന്നെയാണ് വഴിവിട്ട രീതിയിലേയ്ക്ക് കാര്യങ്ങൾ പോകാതിരുന്നത്. തുടർന്ന് ശക്തമായ നടപടികളിലൂടെ പ്രതികളെ കണ്ടെത്താനും നമുക്ക് കഴിഞ്ഞു. അതും നല്ലരീതിയിൽത്തന്നെ മുസ്ലീം സമൂഹവും പൊതുസമൂഹവും സ്വാഗതം ചെയ്തിട്ടുണ്ട്. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച മാനദണ്ഡങ്ങളുടെ കാര്യത്തിൽ കാലാനുസൃതമായ എന്ത് മാറ്റങ്ങളാണ് വേണ്ടതെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എന്റെ നിയോജക മണ്ഡലമുൾപ്പെടെ പല സ്ഥലത്തും മുഖംമൂടി ധരിച്ചാണ് ആർ.എസ്.എസ്. പ്രവർത്തകർ ആക്രമണം

നടത്തിയത്. യഥാർത്ഥത്തിൽ ആക്രമണം പ്ലാൻ ചെയ്ത ആളുകളെ ഇനിയും പിടിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് രഹസ്യാന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്തി ഇത് എവിടെയാണ് പ്ലാൻ ചെയ്യുന്നതെന്ന് കണ്ടെത്തണം. പ്ലാൻ ചെയ്യുന്ന ആളുകൾ ഒരിക്കലും പ്രതിയായി വരുന്നില്ലെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള കേസ്സുകളിൽ പ്രത്യേകമായ അന്വേഷണം നടത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആർ.എസ്.എസ്.-ന്റെ ആക്രമണ രീതികൾ പരിശോധിച്ചാൽ അവരുടെ ആക്രമണ സ്വഭാവത്തിൽ, ആയുധങ്ങളുടെ കാര്യത്തിലായാലും ആളുകളെ അയയ്ക്കുന്ന കാര്യത്തിലായാലും പല രീതിയിലുള്ള മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അടുത്ത കാലത്തായി കണ്ടുവരുന്ന ഒരു പ്രവണതയാണ് മുഖംമൂടി ധരിച്ച് ആക്രമണം നടത്തുകയെന്നത്. എന്നാൽ പഴയകാലം മുതൽക്കേ ആർ.എസ്.എസ്. ചില പ്രദേശങ്ങളിൽനിന്ന് ആളുകളെ ഇതിനുവേണ്ടി അയച്ചാണ് പല സംഭവങ്ങളും നടത്താറുള്ളത്. ഇത് പ്ലാൻ ചെയ്യുന്നത് ഉന്നതതലത്തിൽ നിന്നായതുകൊണ്ട് പല തലങ്ങളിലുള്ള നേതൃത്വമാണ് ഇത്തരം കാര്യങ്ങൾ സംഘടിപ്പിക്കുന്നത്. ഈ സംഭവങ്ങൾ നടത്തിക്കഴിഞ്ഞാൽ ഇവരെ സംരക്ഷിക്കുന്നതിനും ഒളിവിൽ പാർപ്പിക്കുന്നതിനുമുള്ള ഒട്ടേറെ കേന്ദ്രങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തുമായി പല സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ക്രിമിനലുകളെ സംസ്ഥാനത്തിനുപുറത്ത് ചില പ്രത്യേക കേന്ദ്രങ്ങളിൽ താമസിപ്പിക്കുന്നുവെന്ന നിലയും വന്നുചേരുന്നുണ്ട്. ഇത്തരം സംഭവങ്ങളിൽ കർശനമായ പരിശോധനയും നടപടിയും പോലീസ് സ്വീകരിക്കുന്നുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആക്റ്റിൽ ഭേദഗതി വരുത്തി ഇനിയും നിയമങ്ങളിൽ മാറ്റം വരുത്തണമെന്നുള്ള അഭിപ്രായമാണ് പറഞ്ഞത്. 300-ൽപ്പരം വർഷം ഈ രാജ്യം ഭരിച്ച ബ്രിട്ടീഷുകാർ ഇൻഡ്യയിൽ ഒരു കരിനിയമം മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂ. അത് റൗലറ്റ് ആക്റ്റാണ്. ജനാധിപത്യ ഭരണത്തിൽ നമ്മുടെ മുതലാളിമാർ ഇൻഡ്യ ഭരിക്കാൻ തുടങ്ങിയിട്ട് UAPA ഉൾപ്പെടെ 9 കരിനിയമങ്ങൾ ഇപ്പോൾ ഈ രാജ്യത്തുണ്ട്. എന്നിട്ടും പോരായെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് ശരിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുതുന്നുവെങ്കിൽ അത് അപകടകരമാണ്.

മി. സ്പീക്കർ: സർക്കാരിൽനിന്ന് അറിയേണ്ട കാര്യമെന്താണെന്ന് ചോദിക്കൂ.

ശ്രീ. പി. സി. ജോർജ്: സർ, അതാണ് ചോദിക്കുന്നത്. ഇടതുപക്ഷ

മനസ്സുള്ള, ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന മുഖ്യമന്ത്രി ഈ കാര്യത്തിൽ ഇനിയും നിയമം വേണമെന്ന് പറയുന്നത് ശരിയാണോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തിന് എന്തുകൊണ്ടാണ് ഒരു തെറ്റിദ്ധാരണ വന്നത് എന്നെനിക്കറിയില്ല. ഇവിടെ ഞാൻ പറഞ്ഞത്, 2011-ലാണ് കേരള പോലീസ് ആക്ട് പ്രാബല്യത്തിൽ വന്നത് എന്നതാണ്. ആ പോലീസ് ആക്ട് മാറ്റേണ്ട കാര്യമല്ല, പോലീസ് ആക്ടിന് ചട്ടങ്ങൾ ഉണ്ടാക്കേണ്ടതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതിനെ ബഹുമാന്യനായ അംഗം എന്തിനാണ് എതിർക്കുന്നതെന്ന് മനസ്സിലാകുന്നില്ല. എന്താണ് അതിന്റെ ഉദ്ദേശ്യം? ബഹുമാന്യനായ പി. സി. ജോർജിനെപ്പോലെ ഒരംഗം ആർ.എസ്.എസ്.നെ പരോക്ഷമായി പിൻതാങ്ങുന്ന നിലപാട് സ്വീകരിക്കുമോ? ഇപ്പോൾ പരോക്ഷമായി പിന്താങ്ങുന്ന നിലപാടാണല്ലോ എടുത്തത്. ആർ.എസ്.എസ്.ന്റെ ഇത്തരം അക്രമങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ഇവിടെ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഉയർന്നുവന്നത്. അവിടെ എന്തിനാണ് പുതിയൊരു നിയമം; എന്തിനാണ് മറ്റൊരു നിലയിലേയ്ക്ക് കാര്യങ്ങൾ പോകുന്നത്; എന്തിനാണ് കരിനിയമത്തിലേയ്ക്ക് പോകുന്നത്; എന്താണ് അദ്ദേഹത്തിന്റെ താൽപ്പര്യം? ഇനി മറ്റെന്തെങ്കിലും ഉദ്ദേശ്യം ഉണ്ടെങ്കിൽ അത് നേരെ പറയുന്നതാണല്ലോ നല്ലത്. നമ്മുടെ നാട്ടിൽ ആർ.എസ്.എസ്. ഇത്തരം അതിക്രമങ്ങൾ ഒട്ടേറെ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെതിരെ നിലവിലുള്ള നിയമവ്യവസ്ഥ വച്ചുതന്നെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നാണ് ഇതുവരെ ഞാൻ മറുപടിയിൽ പറഞ്ഞുകൊണ്ടിരുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, എന്റെ മണ്ഡലത്തിലെ കാഞ്ഞാണിയിൽ വച്ചാണ് കോൺഗ്രസ്സിന്റെ പ്രധാനപ്പെട്ട ഒരു പ്രവർത്തകനായ സുരേഷിനെ ആർ.എസ്.എസ്.-കാർ ചവിട്ടിക്കൊന്നത്. വളരെ പ്രായമായ ഒരു അമ്മയും എഴുന്നേൽക്കാനും നടക്കാനും കഴിയാതെ വർഷങ്ങളായി അസുഖം ബാധിച്ച് കിടക്കുന്ന ഒരു സഹോദരിയും അടങ്ങുന്ന വളരെ ദയനീയമായ ഒരു കുടുംബത്തിലെ പ്രവർത്തകനെയാണ് പരസ്യമായി ചവിട്ടിക്കൊന്നത്. ഈ കേസ്സിലുൾപ്പെട്ട ഗൂഢാലോചനക്കാരുൾപ്പെടെയുള്ള പ്രതികളെ പുറത്തു കൊണ്ടു വരാനും അറസ്റ്റ് ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ കേസിലുള്ള പ്രതികളെയും അതുമായി ബന്ധപ്പെട്ട് ഗൂഢാലോചനയുണ്ടെങ്കിൽ ആ ഗൂഢാലോചനക്കാരെയും പുറത്തുകൊണ്ടുവരാനുള്ള ഫലപ്രദമായ നടപടികൾ തന്നെയാണ് പോലീസ് സ്വീകരിച്ചു വരുന്നത്. ആവശ്യമായ എല്ലാ കരുതലും ഈ കാര്യത്തിൽ ഉണ്ടാകും.

ശ്രീ. കെ. സി. ജോസഫ്: സർ, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉണ്ടായ ഭരണമാറ്റത്തിനുശേഷം ഗാന്ധിഘാതകരായ ആർ.എസ്.എസ്.-നെ പവിത്രീകരിക്കാനും പാഠപുസ്തകങ്ങളിലും സാംസ്കാരിക സ്ഥാപനങ്ങളിലും ആർ.എസ്.എസ്.-ന്റെ വർഗ്ഗീയ അജണ്ട നടപ്പിലാക്കാനുമുള്ള ശ്രമങ്ങൾ നടക്കുന്ന പശ്ചാത്തലമാണിന്ന്. അതിന്റെ ചലനങ്ങൾ കേരളത്തിലും ഉണ്ടാകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിലെ ഒരു മന്ത്രി മലപ്പുറം തെരഞ്ഞെടുപ്പ് കഴിഞ്ഞ് മലപ്പുറത്ത് മുസ്ലീം വോട്ടുകളുടെ ധ്രുവീകരണമുണ്ടായിയെന്നും മലപ്പുറം ജില്ല മതന്യൂനപക്ഷ വർഗ്ഗീയതയുടെ കേന്ദ്രമാണെന്നും പറഞ്ഞു. ഒരു ജില്ലയെയാകെ വർഗ്ഗീയ ശക്തികളുടെ കേന്ദ്രമാണെന്ന് പറഞ്ഞ നിലപാടുകൾ അങ്ങ് അംഗീകരിക്കുന്നുണ്ടോ; അത്തരം നിലപാടുകൾ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമാണോ?

ശ്രീ. പിണറായി വിജയൻ: സർ, മലപ്പുറത്തെക്കുറിച്ച് ഒരു ചർച്ചയിലേയ്ക്ക് നമ്മൾ ഇപ്പോൾ പോകേണ്ടതുണ്ടോ എന്നാണ് എന്റെ സംശയം. മലപ്പുറം തെരഞ്ഞെടുപ്പ് പരിശോധിച്ചാൽ മതനിരപേക്ഷ നിലപാടുകളാണ് അവിടെ വിജയിച്ചത്. ശതമാനക്കണക്കെടുത്താൽ അര ശതമാനം വോട്ടെങ്കിലും പിറകിൽ പോയത് ബി.ജെ.പി.-ക്കാണ്. ഇവിടെ എൽ.ഡി.എഫ്.-ന് ഒരു ലക്ഷത്തിൽപ്പരം വോട്ട് നേടാൻ കഴിഞ്ഞുവെന്ന് പറയുമ്പോൾ, മലപ്പുറത്തിന്റെ സാഹചര്യം വച്ച് അവിടെ എല്ലാ വിഭാഗവും എൽ.ഡി.എഫ്.-ന് വോട്ട് ചെയ്തിട്ടുണ്ടെന്നാണ് കാണിക്കുന്നത്. അവിടെ ഏറ്റവും ശക്തവും ഭൂരിപക്ഷവുമായ മുസ്ലീം ജനവിഭാഗത്തിലെ നല്ലൊരു ഭാഗം എൽ.ഡി.എഫ്.-ന് വോട്ട് ചെയ്ത ഒരവസ്ഥ ഇത്തവണ ഉണ്ടായിട്ടുണ്ട്. ക്രമാനുഗതമായ വർദ്ധനവിൽ യു.ഡി.എഫ്.-ന് അത്രത്തോളം എത്താനും കഴിഞ്ഞിട്ടില്ല. ഏതായാലും മതനിരപേക്ഷതയ്ക്കാണ് അവിടെ നല്ല രീതിയിൽ വിജയം വന്നിരിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, ആർ.എസ്.എസ്.-നെ പോലെയുള്ള വർഗ്ഗീയ സംഘടനകൾ കായികക്ഷമതയ്ക്കും ആരോഗ്യം വർദ്ധിപ്പിക്കാനുമാണ് കായിക പരിശീലനം എന്നു പറഞ്ഞാണ് സാധാരണക്കാരായ ആളുകളെ ഇതിലേയ്ക്ക് ആകർഷിക്കുന്നത്. പാവപ്പെട്ട ആളുകളുടെ കുട്ടികൾ അവിടെ പഠിക്കാൻ പോകുന്നു. അവിടെ കുത്തിവയ്ക്കുന്ന വിഷം വർഗ്ഗീയതയുടേതാണ്. ഈ കുട്ടികളാണ് പിന്നീട് വളർന്നുവന്ന് ആളുകളെ കൊല്ലാനും ക്രൂരത ചെയ്യാനും മടിയില്ലാത്തവരായി മാറുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഏത് മതത്തിന്റെയും മതസംഘടനകളുടെയും പേരിലാണെങ്കിലും കായിക പരിശീലനം നല്കുന്നത് നിരോധിക്കുകയും പകരം പഞ്ചായത്ത് തലത്തിൽ കായികക്ഷമത ഉണ്ടാക്കുന്നതിനുള്ള സംവിധാനങ്ങൾ പ്രൊമോട്ട് ചെയ്തുകൊണ്ട് വളരെ

സെക്കുലറായി നടത്താനുള്ള ഒരു സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് കായികക്ഷമത വളർത്തുന്നതിനാവശ്യമായ ഒട്ടേറെ സംവിധാനങ്ങളുണ്ട്. ഇനി എന്തെങ്കിലും കുറവുണ്ടെങ്കിൽ അതെല്ലാം നമുക്ക് നല്ല നിലയ്ക്ക് പരിഹരിച്ച് മുന്നോട്ട് പോകാവുന്നതാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്ത് തലത്തിൽത്തന്നെ ഇപ്പോൾ ശ്രദ്ധിക്കുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്താൻ നടപടികളും സ്വീകരിക്കുന്നുണ്ട്. പക്ഷേ അതിന്റെയൊന്നും കുറവല്ല ആർ.എസ്.എസ്.ന്റെ ശാഖയും അതിന്റെ പ്രവർത്തനങ്ങളും കൊണ്ടുവരുന്നത്. അതിനെതിരെ ഉയരുന്ന ഏറ്റവും പ്രധാനപ്പെട്ട ആരോപണംതന്നെ, ആർ.എസ്.എസ്. ശാഖയ്ക്കകത്ത് ഒരു കുട്ടി പെട്ടുകഴിഞ്ഞാൽ ആ കുട്ടിയുടെ സാംസ്കാരിക നിലവാരമോ മാനുഷിക മൂല്യങ്ങളോ വർദ്ധിക്കുകയില്ല; അതേസമയം മാനുഷിക മൂല്യങ്ങളെല്ലാം ചോർത്തിക്കളയുന്നുവെന്നതാണ്. നമ്മുടെ നാടിന്റെ അനുഭവം, വളരെ ചെറിയ കുട്ടികൾ, അതായത് 7-ാം തരത്തിൽ പഠിക്കുന്ന പന്ത്രണ്ടോ പതിമൂന്നോ വയസ്സുള്ള കുട്ടികൾ വരെ കൊലപാതക ആസൂത്രണത്തിനും കൊലപാതക സംഭവങ്ങളിലും പങ്കെടുക്കുന്ന നില സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു മാറ്റം ആളുകളിൽ വരുത്തുകയാണ്. മനുഷ്യത്വം ഊറ്റിക്കളയുന്ന ഒരു നിലവരുന്നുവെന്നതാണ് ആർ.എസ്.എസ്-നെതിരെ ഉയരുന്ന ഏറ്റവും പ്രധാനപ്പെട്ട ആരോപണം. അത് പൊതുവെതന്നെ സമൂഹം ശ്രദ്ധിക്കേണ്ട ഒരു കാര്യവുമാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അങ്ങ് ഉപദേശക സമിതി അംഗമായി പ്രസിദ്ധീകരിച്ചിട്ടുള്ള ഇ.എം.എസ്.-ന്റെ സമ്പൂർണ്ണ കൃതി സഞ്ചിക 23, പേജ് 210-ൽ അവിഭക്ത കോൺഗ്രസ്സിനെ പരാജയപ്പെടുത്താനും പിന്നീട് ഇന്ദിരാ കോൺഗ്രസിനെ പരാജയപ്പെടുത്താനും ആർ.എസ്.എസ്. അടക്കമുള്ള ജനസംഘവുമായി സി.പി.ഐ.(എം.) സഹകരിച്ചിട്ടുണ്ട് എന്ന് പ്രസ്താവിക്കുന്നു. ആർ.എസ്.എസ്.-ന് ഇത്തരം മാസ് ഡ്രില്ലുകൾ നടത്താനും ബഹുജന മദ്ധ്യത്തിൽ അവർക്ക് മാന്യത ഉണ്ടാക്കിക്കൊടുക്കാനും ഇ.എം.എസ്.-നെപ്പോലുള്ള ഒരാളുടെ കുറ്റസമ്മതം ഇടയാക്കിയിട്ടുണ്ട് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആർ.എസ്.എസ്. അടക്കമുള്ള എല്ലാ തീവ്രവാദ സംഘടനകളും, അത് കരിശാണെങ്കിലും ശൂലമാണെങ്കിലും അവരുടെ എല്ലാം പേരിൽ ശക്തമായ നടപടി എടുക്കാൻ അങ്ങ് തയ്യാറാകുമോ? ടി.പി. ചന്ദ്രശേഖരൻ കേസ്സ് അടക്കമുള്ളവയിൽ,

ആർ.എസ്.എസ്. കൊലപാതകം അടക്കമുള്ളതിൽ ഗൂഢാലോചന നടത്തിയവരെക്കൂടി ഉൾപ്പെടുത്തി കേസ്സിൽ കുറ്റപത്രം സമർപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇ.എം.എസ്. പറഞ്ഞതും അദ്ദേഹം എഴുതിയതുമായ കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പലപ്പോഴും തെറ്റായ രീതിയിൽ പരാമർശിക്കുന്നുണ്ട്. അത് അദ്ദേഹത്തിന് ഒന്നുകിൽ വായിച്ചിട്ട് മനസ്സിലായിട്ടില്ല അല്ലെങ്കിൽ ശരിയായ രീതിയിൽ വായിച്ചിട്ടില്ല എന്നതുകൊണ്ടാണ്. ഇ.എം.എസ്. പ്രധാനമായും പൊതുസമൂഹത്തെ, പ്രത്യേകമായി സി.പി.ഐ.(എം)-ന്റെ ആളുകളെ ബോധവൽക്കരിക്കാനാണ് ശ്രമിച്ചത്. ബഹുമാന്യനായ അംഗം ഒരു ആത്മപരിശോധന നടത്തുന്നത് നല്ലതാണ്. മഹാത്മാഗാന്ധിയെ ആർ.എസ്.എസ്. കൊലപ്പെടുത്തിയതാണ്. മഹാത്മാഗാന്ധിയുടെ പൈതൃകം അവകാശപ്പെടുന്ന പാർട്ടിയാണ് കോൺഗ്രസ്. ഇന്നത്തെ ഒരു അവസ്ഥ എന്താണ്? ആ കോൺഗ്രസ്സിലെ പ്രധാനികളിൽ പലരും ബി.ജെ.പി.യിലേയ്ക്ക് ചേക്കേറുകയാണ്; ആർ.എസ്.എസ്. നേതൃത്വം അംഗീകരിക്കാൻ അവർ തയ്യാറാവുകയാണ്. ഇതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട കോൺഗ്രസ് നേതാക്കൾ, ഡി.സി.സി. പ്രസിഡന്റുമാർ, പഴയ മുഖ്യമന്ത്രിമാർ, എ.ഐ.സി.സി.യുടെ വളരെ പ്രധാനപ്പെട്ട വക്താക്കളായി പ്രവർത്തിച്ചവർ, രാജ്യമാകെ അംഗീകരിച്ച കോൺഗ്രസ് നേതാക്കൾ തുടങ്ങിയവരെല്ലാം അങ്ങോട്ടു പോകുകയാണ്. കോൺഗ്രസ്സിന്റെ പ്രതീകമായി ചില സംസ്ഥാനങ്ങളിൽ നിന്നിരുന്ന ആളുകൾ നേരെ ആർ.എസ്.എസ്.-ന്റെ നേതൃത്വം അംഗീകരിച്ചുകൊണ്ട് ബി.ജെ.പി.-യിലേയ്ക്ക് ചേക്കേറുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. എത്രമാത്രം അപമാനകരമായ സംഭവമാണ്? കേരളത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സിലെ പ്രധാനപ്പെട്ട ആളുകൾക്ക് ശക്തമായ മുന്നറിയിപ്പ് നൽകേണ്ടി വരുന്ന അവസ്ഥ ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള ആളുകളിൽ നിന്നും ഉണ്ടായില്ലേ? ഇപ്പോൾ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റിന്റെ ചുമതല വഹിക്കുന്ന ബഹുമാന്യനായ എം. എം. ഹസ്സൻ ചിലർ പോകാനാലോചിക്കുന്നു എന്ന കാര്യം പറയുകയും അതിന്റെ ഭാഗമായി പ്രത്യേകം പേരെടുത്തു പരാമർശിച്ചുകൊണ്ട് 'ആ ആൾ പോകുന്നില്ല' എന്ന് പറയേണ്ടിവരികയും ചെയ്തില്ലേ? എത്ര പരിതാപകരമായ അവസ്ഥയിലാണ് നിൽക്കുന്നത്. അതിൽ അൽപ്പമെങ്കിലും നാണം തോന്നുന്നുവെങ്കിൽ ഇങ്ങനെയൊരു നില സ്വീകരിക്കാൻ ബഹുമാന്യനായ അംഗം തയ്യാറാകുമോ എന്നാണ് ഞാൻ ആശ്ചര്യപ്പെടുന്നത്.

ശ്രീ. എസ്. ശർമ്മ: സർ, ഇ.എം.എസ്.-ന്റെ ലേഖനം ബഹുമാന്യനായ പി.

ടി. തോമസ് പലപ്പോഴും ഇവിടെ ക്വാട്ട് ചെയ്യാറുണ്ട്. യഥാർത്ഥത്തിൽ അത് പൂർണ്ണമായി വായിച്ച് മനസ്സിലാക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടതുകൊണ്ടാണ് ഇങ്ങനെയൊരു ചോദ്യം ഉന്നയിക്കേണ്ടിവന്നത് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യരായ രണ്ട് അംഗങ്ങളും എറണാകുളത്തുനിന്നും ഇങ്ങോട്ടുവരുമ്പോൾ ഒരു ദിവസം ഈ കാര്യങ്ങളാകെ അദ്ദേഹത്തെ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കണം എന്നാണ് എനിക്ക് ഉപദേശിക്കാനുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, മാസ് ഡ്രില്ലുകൾ നടക്കുന്നത് പലപ്പോഴും സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും ക്ഷേത്രങ്ങളുടെയും കോമ്പൗണ്ടുകളിലാണ്. ഏത് കക്ഷിയുടേതാണെങ്കിലും അത് നിരോധിക്കാൻ ഒരു നിയമത്തിലൂടെ അല്ലെങ്കിൽ ഒരു ഉത്തരവിലൂടെ കഴിയുമെങ്കിൽ അത് ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? എല്ലാ എയ്ഡഡ് സ്കൂളുകളിലെയും മാനേജർമാർ സ്കൂൾ ഗ്രൗണ്ടുകളിൽ മാസ് ഡ്രില്ലിന് സ്ഥലം കൊടുക്കുകയാണ്. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും സ്കൂളുകളിലാണ്. സ്കൂളുകൾക്ക് ഇപ്പോൾ അവധിക്കാലമാണ്. എന്റെ മണ്ഡലത്തിൽ ഇപ്പോൾ പല സ്കൂളുകളിലും ദിവസങ്ങളോളം ക്യാമ്പുകൾ നടക്കുകയാണ്. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ദേവസ്വം ബോർഡ് അടക്കമുള്ള ക്ഷേത്രങ്ങളുടെ കോമ്പൗണ്ടുകളിലും ഇത്തരത്തിലുള്ള ഡ്രില്ല് പരിപാടികൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം പ്രകടിപ്പിച്ചതുപോലുള്ള അഭിപ്രായങ്ങൾ ശക്തമായി ഉയർന്നുവരുന്നുണ്ട്. അതിൽ എന്താണ് ചെയ്യാൻ സാധിക്കുകയെന്നുള്ളത് കൂട്ടായി ആലോചിക്കാം.

മി. സ്പീക്കർ: ചോദ്യം നമ്പർ (*2)

**പോലീസ് സേനയുടെ ആധുനികവത്കരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി**

2(*2) ശ്രീ. പി. കെ. ശശി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ ആധുനികവത്കരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം

നൽകുമോ;

(ബി) ജനമൈത്രി സുരക്ഷാ പദ്ധതി ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾക്കും പ്രായമായവർക്കും സംരക്ഷണമൊരുക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ;

(ഡി) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയാനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി 100 സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കിക്കൊണ്ട് ആധുനിക കമ്പ്യൂട്ടറുകളും അന്വേഷണത്തിനുതകുന്ന സോഫ്റ്റ്‌വെയറുകളും തയ്യാറാക്കി കേസ്സന്വേഷണത്തിന് ഇവ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. എല്ലാ ജില്ലകളിലും ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികളും തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത ലോക്കപ്പ് സെന്ററും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പോലീസ് അക്കാദമിയെ സ്മാർട്ട് ക്ലാസ് റൂം, സൈബർ ഫോറൻസിക് ലാബ് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു സ്മാർട്ട് അക്കാദമി ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഒരു എത്തിക്കൽ ഹാക്കേഴ്സ് ടീം രൂപീകരിച്ചിട്ടുണ്ട്. ഫിംഗർപ്രിന്റ് ബ്യൂറോയേയും ടെലികമ്മ്യൂണിക്കേഷനേയും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ അഞ്ച് പ്രധാന നഗരങ്ങളിലും കണ്ണൂർ ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം' 514 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചിട്ടുണ്ട്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുതകും വിധമുള്ള പരിശീലനങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) ജനമൈത്രി പോലീസിംഗ് സംവിധാനം കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

(സി) സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പിങ്ക് പട്രോളിംഗിന് പുറമേ സ്ത്രീകൾക്ക് വേണ്ടി മൊബൈൽ ആപ്ലിക്കേഷനുകളും, വെബ് പ്ലാറ്റ്ഫോമുകളും തയ്യാറാക്കിവരുന്നു. പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിതാ ഹെൽപ്പ് ഡെസ്ക്, ടോയ്ലെറ്റോടുകൂടി വിസിറ്റേഴ്സ് റൂം മുതലായവ സ്ഥാപിച്ചുവരുന്നു. അത്യാവശ്യഘട്ടങ്ങളിൽ വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നു. എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരുടെ പേരുവിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും ജനമൈത്രി ബീറ്റുകൾ ഇവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നു. പ്രായാധിക്യത്താൽ വലയുന്നവരുടേയും ആലംബമറ്റ വൃദ്ധജനങ്ങളുടേയും സുരക്ഷയ്ക്കാവശ്യമായ എല്ലാ സഹായവും നൽകണമെന്നുള്ള നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടു കൂടിയ കേരള പോലീസ് സൈബർ ഡോം തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിച്ചുവരുന്നു. ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണിയാകുന്ന വസ്തുതകളേയും, സൈബർ ക്രൈമുകളേയും നിരീക്ഷിക്കുന്നതിന് സഹായകരമായ സോഫ്റ്റ്വെയറുകൾ സൈബർ ഡോമിൽ സ്ഥാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവ മുഖാന്തിരം ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

<u>ശ്രീ. പി. കെ. ശശി</u> : സർ, നമ്മുടെ പോലീസിന്റെ സ്വഭാവത്തിൽ ഗുണകരമായ മാറ്റം വന്നുകൊണ്ടിരിക്കുന്നുണ്ട്. കുറ്റവാളികളെ സംരക്ഷിക്കുന്ന സമീപനത്തിൽനിന്ന് വ്യത്യസ്തമായി ജനപക്ഷത്ത് നിൽക്കുന്നൊരു സമീപനം പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അതിനുകാരണം കുറ്റകൃത്യങ്ങൾ തടയണമെന്ന ശരിയായ നിലപാട് ഈ ഗവൺമെന്റും ആഭ്യന്തര വകുപ്പും സ്വീകരിക്കുന്നതുകൊണ്ടാണ്. എന്റെ നാട്ടിൽ ഒരു കുടംബത്തിലെ രണ്ടുപേരെ കൊലപ്പെടുത്തിയിട്ടും പ്രതികളെ പിടിച്ചില്ലെന്നുമാത്രമല്ല, ആ പ്രതികൾക്ക് എല്ലാവിധത്തിലുള്ള സംരക്ഷണവും കൊടുക്കുന്ന രീതിയായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് അധികനാൾ കഴിയുന്നതിനുമുമ്പ് ആ പ്രതികളെ പിടിക്കാൻ സാധിച്ചു. നമ്മുടെ നാട്ടിൽ കുറ്റവാളികൾ വർദ്ധിക്കുമ്പോൾ, കുറ്റകൃത്യങ്ങൾ പെരുകുമ്പോൾ ആ കുറ്റകൃത്യങ്ങൾക്കെതിരെ ശരിയായ നിലപാട് സ്വീകരിക്കാൻ ഇന്ന് താരതമ്യേന കഴിയുന്നുണ്ട്. എന്നാൽ കഴിഞ്ഞ കാലത്തെ ഗവൺമെന്റിന്റെ പ്രേതം ബാധിച്ചിട്ടുള്ള കുറെ പോലീസ് ഉദ്യോഗസ്ഥന്മാരുണ്ട്. അത്തരം പോലീസ്

ഉദ്യോഗസ്ഥന്മാർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ കഴിയുന്ന രൂപത്തിൽ പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്; അതുപോലെ പോലീസ് ട്രെയിനിംഗ് കാലോചിതമായി പരിഷ്കരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാന പോലീസിന്റെ പ്രവർത്തന മികവുകൊണ്ടാണ് കുറ്റവാളികളെ പിടികൂടുന്നതിൽ പോലീസിന് വിജയിക്കാൻ കഴിഞ്ഞിട്ടുള്ളത്. അത് കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. അതോടൊപ്പം പോലീസ് കംപ്ലെയിന്റ് അതോറിറ്റിയും നല്ലരീതിയിൽത്തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ കംപ്ലെയിന്റ് അതോറിറ്റിതന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ എല്ലാ സഹായവും പിന്തുണയും സർക്കാർ നൽകുന്നതാണ്. പോലീസ് പരിശീലനത്തിൽ ചില പ്രശ്നങ്ങളുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്. പാസ്സിംഗ് ഔട്ട് പരേഡുകളിൽ പങ്കെടുക്കുമ്പോൾ ഡോക്ടറേറ്റ്, പ്രൊഫഷണൽ തുടങ്ങിയ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള ധാരാളം ആളുകൾ ഇതിൽ ഉൾപ്പെടുന്നതായിട്ടാണ് കാണുന്നത്. ഇത്തരത്തിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർ ധാരാളമായി സാധാരണ പോലീസുകാരായി ചേരുന്ന നിലയുള്ളതിനാൽ അതിനനുസൃതമായിട്ടുള്ള പരിശീലന പരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്. പരിശീലനം ലഭിച്ച എസ്.ഐ.മാർ പുറത്തിറങ്ങി ചില കാര്യങ്ങൾ നടത്തുമ്പോൾ, ആ ബാച്ചിൽനിന്നിറങ്ങിയ ചിലയാളുകൾ വളരെ അപക്വമായി കാര്യങ്ങൾ നടത്തുന്നുവെന്ന് പൊതുവായി പറയുന്ന നിലവന്നിട്ടുണ്ട്. പരിശീലനവുമായി ബന്ധപ്പെട്ട് നിൽക്കുന്നൊരു ഘടകംകൂടി അതിനുണ്ട്. ആഭ്യന്തരവകുപ്പ് ഇതെല്ലാം ഗൗരവമായി ഉൾക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. പി. കെ. ശശി: സർ, കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഡിജിറ്റൽ ഡെസ്ക് സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഈ യുഗംതന്നെ ഡിജിറ്റൽ യുഗമാണ്. അതിനനുസൃതമായി പോലീസും മാറേണ്ടതുണ്ട്, പോലീസ് സ്റ്റേഷനുകളും നല്ലരീതിയിൽ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വാഭാവികമായും സ്വീകരിക്കുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു : സർ, സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ

സാധിക്കത്തക്ക വിധത്തിൽ പോലീസിന്റെ ചുമതലയിൽ ഒരു വിഭജനം നടത്താൻ സർക്കാർ തയ്യാറാകുമോ? പോലീസ് സേനയുടെ ചുമതലകൾ കുറ്റാന്വേഷണം, ക്രമസമാധാനപാലനം, ജനമൈത്രി പോലീസ് - ജനങ്ങൾക്ക് സഹായകരമായ കാര്യങ്ങൾ ചെയ്യുക - എന്നിവയാണ്. ഈ മൂന്ന് കാര്യങ്ങൾ ചെയ്യുന്നതിനും അവരുടെ കാര്യപ്രാപ്തിയും, പരിശീലനവും, മനോഭാവവും എല്ലാം പ്രസക്തമാണ്. ഇന്ന് നമ്മുടെ സേനയിൽ ഈ മൂന്ന് ചുമതല നിർവ്വഹിക്കുന്നതിനും ഏതൊരാളേയും ചുമതലപ്പെടുത്താം എന്നൊരവസ്ഥയാണുള്ളത്. എന്നാൽ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകരമായ വിധത്തിൽ കുറ്റാന്വേഷണ പ്രാപ്തിയുള്ള ആളുകളെ പ്രത്യേകം വളർത്തിയെടുക്കാൻ സാധിക്കത്തക്ക വിധത്തിലുള്ള പരിശീലനവും ക്രമസമാധാന പാലന ചുമതല വഹിക്കാൻ പ്രാപ്തിയുള്ളവർക്ക് അതിനാവശ്യമായ പരിശീലനം കൊടുത്തും ജനമൈത്രി-ജനസൗഹൃദ ചുമതലകൾ വഹിക്കുന്നതിന് ആ മനോഭാവവും കൂടിയുള്ള ആളുകളെ, പ്രത്യേകിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ ഉന്നത വിദ്യാഭ്യാസ യോഗ്യതയെല്ലാം നേടിയ ഏറെ ആളുകൾ സേനയിലേയ്ക്ക് വരുന്ന ഈ പുതിയ സാഹചര്യത്തിൽ അവരെ ഉൾപ്പെടുത്തിയും ഒരു വിഭജനം നടത്തി പോലീസ് സേനയെ സജ്ജമാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങനെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന കാര്യങ്ങൾ തന്നെയാണ് പൊതുവെ ആഭ്യന്തര വകുപ്പ് ആലോചിച്ച് വരുന്നത്. ഇവിടെ സൂചിപ്പിച്ചത് പോലുള്ള നിർദ്ദേശങ്ങൾ നേരത്തേ തന്നെ പരിഗണനയിലുള്ളതാണ്. അതുമായി ബന്ധപ്പെട്ട് ചില നടപടികൾ സ്വീകരിക്കണമെന്നു തന്നെയാണ് ഉദ്ദേശിക്കുന്നത്. എല്ലാം ഒരു കൂട്ടർ ചെയ്യുന്നതിന് പകരം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, പ്രവർത്തന കാര്യങ്ങളിൽ ചില സ്പെഷ്യലൈസേഷനുകളും ഇപ്പോൾത്തന്നെ പോലീസ് സേനയിലുണ്ട്. അത് കുറേക്കൂടി ശാസ്ത്രീയമായ രീതിയിൽ എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നത് ഗൗരവമായി ആലോചിക്കുന്നതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : സർ, നീതിനിർവ്വഹണ രംഗത്ത് പോലീസ് സേനയ്ക്കുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. കുറ്റകൃത്യങ്ങൾ പെരുകാൻ ഇടവരുത്തുന്ന പുതിയ സാമൂഹ്യ സാഹചര്യങ്ങൾ രൂപപ്പെട്ടു വരികയാണ്, അഥവാ രൂപപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. പോലീസ് സേനയുടെ പ്രത്യേക മേഖലാ സമ്മേളനത്തിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗം കേരള സമൂഹം നന്നായി ശ്രദ്ധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഗുണ്ടകൾ, പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്ന മാഫിയകൾ എന്നിവരെ കണ്ടെത്തി പോലീസ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അങ്ങ് ആ പ്രസംഗത്തിൽ

വ്യക്തമാക്കിയിട്ടുണ്ട്. അത്തരം സംഘങ്ങളുമായി പോലീസ് സേനയിലെ ചിലർക്കെങ്കിലുമുള്ള ബന്ധം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ; അത് പോലീസ് സേനയിലെ ചിലരെയെങ്കിലും ചീത്തയാക്കുന്നുണ്ടോ; അതിൽ നിന്ന് അവരെ പിന്തിരിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ: സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളേയും ജനമൈത്രി സ്റ്റേഷൻ ആക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ : സർ, പോലീസ് സാധാരണഗതിയിൽ ചെയ്യേണ്ട കൃത്യങ്ങളുടെ ഭാഗമായി അവർ സ്വീകരിക്കേണ്ട പൊതുവായ മാനദണ്ഡങ്ങളുണ്ട്. ഒരു പോലീസ് ഉദ്യോഗസ്ഥനും അതിൽ നിന്ന് വ്യത്യസ്തമായി പോകാൻ പാടില്ലെന്നതാണ് പ്രത്യേകമായി അവരോട് പറഞ്ഞിട്ടുള്ളത്. അതിന്റെ ഭാഗമായി എന്തെങ്കിലും തെറ്റായ കാര്യങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത് തിരുത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചില സ്ഥലങ്ങളിലെങ്കിലും അംഗബലം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഉദാഹരണമായി ചെങ്ങന്നൂർ താലൂക്ക് കേന്ദ്രത്തിലും, സുപ്രധാനമായ ശബരിമല തീർത്ഥാടന കേന്ദ്രമായ ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിലും 3,000 ക്രൈം രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്ന സ്ഥലത്ത് 30 പോലീസിന്റെ സ്ട്രെങ്ത്താണുള്ളത്. അത് ക്രമസമാധാന നിലയെ സാരമായി ബാധിക്കും. ലക്ഷക്കണക്കിന് തീർത്ഥാടകർ വരുമ്പോഴും ഒരു കംപ്ലെയിന്റ് കിട്ടിയാൽ അതിൽ അവർക്ക് കാര്യക്ഷമമായി ഇടപെടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത്തരം സ്ഥലങ്ങളിൽ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോലീസിന്റെ അംഗബലം കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതുണ്ട് എന്നൊരു പൊതു അഭിപ്രായം നിലനിൽക്കുന്നുണ്ട്. കാരണം നാട്ടിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ രീതിയിലുള്ള അംഗബലം ഉണ്ടാകണം. ചില സ്റ്റേഷനുകളുടെയും കേന്ദ്രങ്ങളുടെയും കാര്യത്തിൽ കുറവുകളുണ്ട് എന്ന വസ്തുത സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുതകുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുകയാണ്. ഇപ്പോൾത്തന്നെ പോലീസിൽ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട് . ഇനിയും കാലാനുസൃതമായി വർദ്ധനവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാന്യനായ മുഖ്യമന്ത്രി സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പാക്കുമ്പോൾ സ്ത്രീത്വത്തെ മാനിച്ചുകൊണ്ടുള്ള സ്ത്രീ സുരക്ഷ

നടപ്പാക്കുക എന്നുള്ളതാണ് അങ്ങയുടെ മനസ്സിലെ ഉദ്ദേശ്യമെന്ന് ഞങ്ങൾ കരുതുന്നു. അങ്ങയുടെ മന്ത്രിസഭയിലെ ഒരംഗം സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ ഇറക്കുന്നത് കേരളത്തിന് യോജിച്ചതാണോ; നിരന്തരമായി അവരെ അപമാനിക്കാനുള്ള ശ്രമം നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നുള്ള നിലയിൽ അങ്ങ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; മാത്രമല്ല ഇക്കാര്യത്തിൽ പോലീസ് കേസ്സ് എടുക്കാവാനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. പിണറായി വിജയൻ : സർ, അത് ഈ ചോദ്യവുമായി ബന്ധപ്പെട്ട കാര്യമല്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പോലീസിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി തീരദേശ പോലീസ് സ്റ്റേഷനുകളിൽ ചിലത് ആരംഭിച്ച് കഴിഞ്ഞു. 8 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമ്പോൾ അവിടെ സ്റ്റേഷൻ കെട്ടിടം എന്നുള്ള നിലയിൽ മാത്രമല്ല പോലീസുകാർക്ക് കടലിൽ സഞ്ചരിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ, ബോട്ടുകൾ/സ്പീഡ് ബോട്ടുകൾ എന്നിവ വേണം. അത്തരം സംവിധാനങ്ങളൊക്കെ വാങ്ങുന്നതിനുള്ള നടപടി ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, തീരദേശ പോലീസിംഗ് സാധാരണ നിലയ്ക്ക് കരയിലല്ല. കടലുമായി ബന്ധപ്പെട്ട നടപടികളിലാണ് അവർ നീങ്ങേണ്ടിവരുന്നത്. അപ്പോൾ അതിനാവശ്യമായ ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളൊക്കെ ഒരുക്കേണ്ടതായി വരും, അത് ഒരുക്കുകതന്നെ ചെയ്യും.

ശ്രീ. അൻവർ സാദത്ത്: സർ, പോലീസിന്റെ കാര്യക്ഷമതയെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. എന്റെ ഒരു പരാതി ആലുവ എസ്.പി. പൂഴ്ത്തിയതു സംബന്ധിച്ചും ലോക്കൽ സ്റ്റേഷനിലെ എസ്.ഐ. ചെയ്ത കാര്യത്തെക്കുറിച്ചും കഴിഞ്ഞ സഭയുടെ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ ഒരു പരാതി തന്നിരുന്നു. അന്ന് ഇക്കാര്യം ബോദ്ധ്യപ്പെടുത്തിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാതി എഴുതിത്തരാൻ പറഞ്ഞതനുസരിച്ച് പരാതി എഴുതി നൽകി. അന്നല്ലെങ്കിൽ പിറ്റേ ദിവസം തന്നെ ആ പരാതി ഫോർവേഡ് ചെയ്തുവെന്നാണ് എന്റെ വിശ്വാസം. കഴിഞ്ഞ സഭാ സമ്മേളനം കഴിഞ്ഞ് ഒരു മാസവും 10 ദിവസവുമായി. എന്നാൽ ഇന്നലെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് ഒരു പരാതി ഇവിടെ വന്നിട്ടുണ്ട് അതിനാൽ താങ്കളുടെ സ്റ്റേറ്റ്മെന്റ് എടുക്കണമെന്ന് പറഞ്ഞ് അങ്കമാലി സി.ഐ. ഓഫീസിൽ നിന്ന് എന്നെ വിളിച്ചത്. ഇപ്പോൾ ഇ-മെയിൽ സംവിധാനമൊക്കെയുള്ള സാഹചര്യത്തിൽ വേണമെങ്കിൽ ഒറ്റദിവസം

കൊണ്ട് ഈ പരാതി അങ്കമാലി പൊലീസ് സ്റ്റേഷനിൽ കൊടുക്കാമായിരുന്നു. എന്നാൽ 40 ദിവസം കഴിഞ്ഞിട്ടാണ് ഈ പരാതി അവിടെ ചെന്നത്. എസ്.പി. എന്റെ പരാതി പൂഴ്ത്തിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫോർവേഡ് ചെയ്ത പരാതി വീണ്ടും എവിടെയാണ് പൂഴ്ത്തിവച്ചതെന്ന് അറിഞ്ഞാൽ കൊള്ളാം. ഒരു എം.എൽ.എ. ആയ എനിക്ക് കിട്ടുന്ന നീതി ഇതാണെങ്കിൽ സാധാരണക്കാരുടെ കാര്യമെങ്ങനെയാണ്; പോലീസിന്റെ കാര്യക്ഷമത എത്രമാത്രമുണ്ട്? ഇവിടെ പോലീസ് നീതിനിർവ്വഹണം നടത്തുന്നുണ്ടോ? രാഷ്ട്രീയ ഇടപെടൽ പാടില്ലെന്ന് അങ്ങ് പറഞ്ഞു, ഇതിനിടയിൽ മുഖ്യമന്ത്രി അറിയാതെ വല്ല രാഷ്ട്രീയ ഇടപെടലും നടന്നിട്ടുണ്ടോ എന്നെനിക്കറിയില്ല. ഈ പരാതി ഒരു മാസക്കാലം എവിടെയാണ് പൂഴ്ത്തി വച്ചതെന്ന് മുഖ്യമന്ത്രി അന്വേഷിക്കണം. മുഖ്യമന്ത്രിയെയല്ല കുറ്റപ്പെടുത്തുന്നത്; മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും പോയിട്ടുണ്ടാകും. എന്നാൽ ഈ പരാതി വീണ്ടും പൂഴ്ത്തിയിരിക്കുന്നു. എന്റെ ഈ വികാരം മനസ്സിലാക്കി എത്രയുംവേഗം ഒരു അന്വേഷണം നടത്തണമെന്നാണ് ഈയവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട്എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ബഹുമാന്യനായ അംഗത്തിന്റെ വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. എന്താണ് സംഭവിച്ചതെന്ന് പരിശോധിക്കാം.

ശ്രീ. കെ. ബാബു: സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുന്നതിന് ഡിവൈ.എസ്.പി. റാങ്ക് മുതൽ താഴെ വനിതാ പോലീസ് കോൺസ്റ്റബിൾ വരെ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് ഈ ഗവൺമെന്റ് എടുത്ത തീരുമാനത്തെ അഭിനന്ദിക്കുകയാണ്. നിലവിൽ കാലാവധി കഴിയാറായ പി.എസ്.സി.-യുടെ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിയമനം നിയമാനുസൃതമായി നടക്കുന്ന കാര്യമാണ്. അക്കാര്യം ആ വഴിക്ക് നടക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ചോദ്യം നമ്പർ (*3)

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം**

3 (*3) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഈ സർക്കാർ നൽകിയ ദുരിതാശ്വാസവും ചികിത്സാ സഹായവും എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ ദുരിതബാധിതരെ ലിസ്റ്റിൽ ഉൾപ്പെടുത്തി ധനാശ്വാസം നൽകാൻ നടപടിയുണ്ടാകുമോ;

(സി) സുപ്രീം കോടതി വിധി പ്രകാരം എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസത്തിനായി കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിരുന്നോ; കീടനാശിനി നിർമ്മാതാക്കളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള ധനസഹായത്തിന്റെ മൂന്നാം ഗഡുവായി 56,76,00,000 രൂപ (അൻപത്തിയാറു കോടി എഴുപത്തിയാറു ലക്ഷം രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു. 2013-ൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരിൽ ദുരിതബാധിത പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ മാരക രോഗങ്ങളുണ്ടെന്ന് കണ്ടെത്തിയവരുമായ 128 പേർക്കുകൂടി ഇതേ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം 7-9-2016-ൽ അനുവദിച്ചിട്ടുണ്ട്. സൗജന്യ ചികിത്സ അനുവദിച്ച വകയിൽ വിവിധ ആശുപത്രികൾക്ക് 2,51,81,841 രൂപ (രണ്ടുകോടി അൻപത്തിയൊന്ന് ലക്ഷത്തി എൺപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊന്ന് രൂപ) അനുവദിച്ചിട്ടുണ്ട്. നബാർഡ് - RIDF സ്കീമിൽപ്പെടുന്ന പദ്ധതികൾക്കായി ഇരുപത് കോടി രൂപ ചെലവഴിച്ചു. ആശുപത്രികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. വിവിധ ആശുപത്രികൾ, ജലവിതരണം തുടങ്ങി ഭരണാനുമതി നൽകിയ 236 പദ്ധതികളിൽ 172 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. സർക്കാർ ഇതിനകം 80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർ റവന്യൂ റിക്കവറി നിയമത്തിലെ 71-ാം വകുപ്പ് ബാധകമായ സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും മറ്റുമെടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 26-10-2016 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി മൊറട്ടോറിയം ദീർഘിപ്പിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് ലഭ്യമാക്കി വരുന്ന സൗജന്യ സ്പെഷ്യലിസ്റ്റ് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് പുറമേ എം പാനൽഡ് ആശുപത്രികൾ, മൊബൈൽ

മെഡിക്കൽ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവയിലൂടെ വിദഗ്ദ്ധ ചികിത്സ നൽകിവരുന്നുണ്ട്. 11 പഞ്ചായത്തുകളിലെ രോഗികൾക്കും ചികിത്സയ്ക്കായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ, ജനറൽ ആശുപത്രികളിൽ സുസജ്ജമായ ഫിസിയോതെറാപ്പി കേന്ദ്രങ്ങൾക്കു പുറമേ സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലും ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്കായി തിരിച്ചറിയൽ കാർഡ് അനുവദിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമാക്കിയുള്ള ഒരു റീഹാബിലിറ്റേഷൻ വില്ലേജിന് മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 25 ഏക്കർ ഭൂമി കണ്ടെത്തി ഉപയോഗാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രവർത്തിച്ചുവരുന്ന 7 ബഡ്സ് സ്കൂളുകൾക്കുപുറമേ 10 ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. മറ്റ് പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 05-4-2017 മുതൽ 09-4-2017 വരെ വിവിധ സ്ഥലങ്ങളിലായി അഞ്ച് സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. അവരുടെ രോഗാവസ്ഥ പരിഗണിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കേരള സർക്കാർ 2012-ൽ 483 കോടി രൂപ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കാത്തതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 14-2-2017-ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖാന്തിരം പുതിയ ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിൽ 2002 വരെ പ്ലാന്റേഷൻ കോർപ്പറേഷൻ തളിച്ച കീടനാശിനിയുടെ ഫലമായി പ്രസ്തുത ജില്ലക്കാർ പൂർണ്ണമായും ദുരിതമനുഭവിക്കുന്നവരാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഭോപ്പാൽ ദുരന്തത്തിനുശേഷം നമ്മുടെ രാജ്യം കണ്ട ഏറ്റവും വലിയൊരു ദുരന്തമാണ് കാസർഗോഡ് ജില്ലയിലുണ്ടായത്. 2006-ൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഇവരെ സഹായിക്കാൻ നടപടി സ്വീകരിച്ചത്. അതിനുശേഷം പല നടപടികളും സ്വീകരിച്ചുവെന്നത് ഒരു വസ്തുതയാണ്. പക്ഷേ ഇവരെ സഹായിക്കാൻ ബാദ്ധ്യതപ്പെട്ട ഇന്ത്യാ ഗവൺമെന്റ്, കഴിഞ്ഞ യു.പി.എ. ഗവൺമെന്റായാലും ഇപ്പോഴത്തെ ഗവൺമെന്റായാലും ഒന്നും ചെയ്തില്ല എന്നാണ് ബഹുമാനപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ വിശദീകരിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. അവരിൽ നിന്നും ഈ ആനുകൂല്യം നേടിയെടുക്കാൻ നടപടി സ്വീകരിക്കേണ്ടതല്ലേ; അതിലേയ്ക്കായി ഗവൺമെന്റിന് എന്തു ചെയ്യാൻ സാധിക്കും?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ മാത്രമല്ല, പല കാര്യങ്ങളിലും കേന്ദ്രത്തിന്റെ സഹായം നല്ല രീതിയിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്; തുടർന്നും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, നബാർഡിന്റെ സ്കീമിൽപ്പെടുത്തി കാസർഗോഡ് ജില്ലയിലെ പദ്ധതിപ്രദേശത്ത് ആശുപത്രി, ബഡ്സ് സ്കൂൾ തുടങ്ങിയ കുറേ പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുകയുണ്ടായി. കരാർ പ്രകാരം മാർച്ച് 31-ന് അതിന്റെ കാലാവധി തീരുകയാണ്. എന്നാൽ മാർച്ച് 31 വരെ 80 ശതമാനം പണിയേ പൂർത്തീകരിച്ചിട്ടുള്ളൂ, ബാക്കി 20 ശതമാനം കെട്ടിക്കിടക്കുകയാണ്. അത് എന്തുചെയ്യും എന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ല. അതുകൊണ്ട് പദ്ധതിയുടെ കാലാവധി നീട്ടിക്കൊടുക്കുന്നതിനും ഇവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി മൂളിയാറിൽ തുടർന്നുവരുന്ന പ്രവർത്തനം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നല്ല രീതിയിൽ തുടർന്നുവരുന്നുണ്ട്; അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണ്. നബാർഡ് RIDF സ്കീമിൽപ്പെടുന്ന പദ്ധതികൾക്ക് 20 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായുള്ള മറ്റ് വിവിധ പദ്ധതികൾ നടപ്പാക്കിവരികയാണ്. അക്കാര്യത്തിൽ തുടർന്ന് എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ അത് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഡി.വൈ.എഫ്.ഐ. കേരള സംസ്ഥാന കമ്മിറ്റി നടത്തിയ കേസ്സിലാണ് എൻഡോസൾഫാൻ ഇരകൾക്ക് നീതി നടപ്പിലാക്കുന്നതിനുള്ള സുപ്രധാനമായ വിധി സുപ്രീം കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ചത്. കീടനാശിനി നിർമ്മാതാക്കളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കണമെന്നുള്ളതാണ് വിധി. എൻഡോസൾഫാൻ കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം കേന്ദ്ര സർക്കാർ ഈടാക്കി സംസ്ഥാന സർക്കാരിന് വിതരണം ചെയ്യണമെന്നാണ് ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ച് ഉത്തരവിട്ടിരിക്കുന്നത്. ഈ കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ആവശ്യമായ നിയമ നടപടി സർക്കാർ സ്വീകരിക്കുമോ. ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഡി.വൈ.എഫ്.ഐ. നല്ല

പ്രതിബദ്ധതയോടെ തന്നെയാണ് എൻഡോസൾഫാൻ കാര്യത്തിൽ കേസ്സ് നടത്തിയതും വിജയം നേടിയതും. അക്കാര്യത്തിൽ ആ സംഘടനയെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേന്ദ്ര സർക്കാരാണ് ഇതുമായി ബന്ധപ്പെട്ട കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത്. ആ നടപടികൾ സ്വീകരിക്കാനാവുന്നില്ലെങ്കിൽ കേന്ദ്ര സർക്കാർ തന്നെ ആവശ്യമായ കാര്യങ്ങൾ ചെയ്യണമെന്നും ഇതിന്റെ ഭാഗമായി നിർദ്ദേശിച്ചിരുന്നു. ആ കാര്യങ്ങൾ സംസ്ഥാന സർക്കാർ ശ്രദ്ധിക്കേണ്ട രീതിയിൽ ഗൗരവമായി തന്നെ ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, എൻഡോസൾഫാൻ കമ്പനിയിൽ നിന്ന് 485 കോടി രൂപ ഈടാക്കി സംസ്ഥാനത്തിന് കൊടുക്കണമെന്നാണ് സുപ്രീം കോടതി വിധി. കേന്ദ്ര ഗവൺമെന്റ് അക്കാര്യത്തിൽ സഹായകരമായ നിലപാട് ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിൽ സുപ്രീം കോടതി വിധി നടപ്പിലാക്കി കിട്ടുന്നതിനാവശ്യമായ എന്തുനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ ആദ്യം വേണ്ടത് കേന്ദ്ര ഗവൺമെന്റുമായുള്ള ബന്ധപ്പെടൽ തന്നെയാണ്; അത് നടന്നിട്ടുണ്ട്. തുടർന്നും ബന്ധപ്പെടാനുള്ള നടപടികൾ സ്വീകരിക്കും. അതിനൊന്നും ഫലം കാണുന്നില്ലെങ്കിലാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള മറ്റ് നടപടികളിലേയ്ക്ക് കടക്കേണ്ടത്. ഇക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനുവേണ്ടി ഫലപ്രദമായ ഒട്ടേറെ നടപടികൾ സ്വീകരിച്ച വരുന്നുവെന്നുള്ളത് സ്വാഗതാർഹമാണ്. മുഖ്യമായും കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലാണ് എൻഡോസൾഫാൻ ദുരിതബാധിതരുള്ളത്. അതോടൊപ്പംതന്നെ കാസർഗോഡ് ജില്ലയോട് ചേർന്നുനിൽക്കുന്ന എന്റെ മണ്ഡലത്തിൽപ്പെട്ട കാങ്കോൽ-ആലപ്പടമ്പ്, ചെറുപുഴ, പെരിങ്ങോം-വയക്കര തുടങ്ങിയ പഞ്ചായത്തുകളിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ എണ്ണം ഇപ്പോൾ കൂടുതലായി കണ്ടുവരുന്നുണ്ട്. അവരെ ഇതിൽ ഉൾപ്പെടുത്തി; അവർക്കുകൂടി സഹായകമാകത്തക്ക വിധത്തിൽ, ഈ ഭാഗത്ത് ഒരു എം പാനൽഡ് ആശുപത്രി

സ്ഥാപിക്കാൻ സാധിക്കുമോ; അതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് പലതരത്തിലുള്ള അവശതകൾ അനുഭവിക്കുന്ന ആളുകളുണ്ട്. അവരുടെയെല്ലാം കാര്യത്തിൽ ചികിത്സാ സൗകര്യം ഉറപ്പുവരുത്തുക എന്നത് നല്ല കാര്യം തന്നെയാണ്. അതിനുതകുന്ന കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മദ്യപാന വിപത്തുകൾ

4 (*4) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ.എൻ. ഷംസുദ്ദീൻ:
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപാനം മനുഷ്യന്റെ ആരോഗ്യത്തെയും, ജീവിതക്രമത്തെയും ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) മദ്യപരുടെ ആധിക്യം സംസ്ഥാനജനതയുടെ സാമൂഹ്യ ആരോഗ്യത്തെയും, വ്യവസ്ഥിതിയേയും എങ്ങനെയൊക്കെ ബാധിക്കുന്നു എന്നത് പഠനത്തിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് മദ്യപാനം വ്യക്തികളിൽ ഉണ്ടാക്കുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ, കുടുംബബന്ധങ്ങളിലും സാമൂഹ്യ സമാധാനത്തിലും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ദ്ധ പഠനം നടത്തി വ്യക്തത വരുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) പഠനവിധേയമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന മാനസികാരോഗ്യ അതോറിറ്റി നടത്തിയ സർവ്വേയുടെ 2016-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ മറ്റു മാനസികാരോഗ്യ പ്രശ്നങ്ങളോടൊപ്പം മദ്യപാനവും പഠനവിധേയമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേരളത്തിൽ 18 വയസ്സിന് മുകളിലുള്ളവരിൽ 1.46% പേർക്ക് മദ്യപാനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

അമിതമദ്യ ഉപയോഗം കേരളത്തിലെ മുതിർന്നവരിൽ 3.16% പേർക്കുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. മദ്യം ഉപയോഗിക്കുന്നവരിൽ പത്തിലൊരാൾ അപകടകരമായ തോതിൽ ഉപയോഗിക്കുന്നുവെന്ന് പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മദ്യപാനം മനുഷ്യന്റെ ആരോഗ്യത്തെയും ജീവിതത്തെയും പല രീതിയിൽ ബാധിക്കുമെന്ന് പല പഠനങ്ങളും വ്യക്തമാക്കിയിട്ടുള്ളതാണ്. ഹെപ്പറ്റൈറ്റിസ്, സീറോസിസ്, കാൻസർ തുടങ്ങിയ മാരകമായ കരൾ രോഗങ്ങളും, തലച്ചോറിനെ ബാധിക്കുന്നതുകൊണ്ടുണ്ടാകുന്ന മാനസിക രോഗങ്ങളും മദ്യപാനം കാരണമുണ്ടാകുന്നു.

(ബി) സാമൂഹ്യ ആരോഗ്യത്തേയും വ്യവസ്ഥിതിയേയും മദ്യപാനം പല രീതിയിൽ ബാധിക്കുന്നു. കുടുംബബന്ധങ്ങളിലുണ്ടാകുന്ന സ്വരച്ചേർച്ചയില്ലായ്മ, കുടുംബകലഹം, ആത്മഹത്യ, ഡൊമസ്റ്റിക് വയലൻസ് എന്നിവയ്ക്കും ഇത് ഇടയാക്കും. ജോലിയ്ക്ക് പോകാതിരിക്കുക, മദ്യപാനത്തിന് കൂടുതൽ സമയവും, ധനവും ചെലവഴിക്കുക എന്നിവവഴി കുടുംബ ഭദ്രതയും സാമ്പത്തിക ഭദ്രതയും ഇല്ലാതാകുന്നു.

റോഡ് അപകടങ്ങൾ, അപകട മരണങ്ങൾ, കൊലപാതകങ്ങൾ, ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയ കുറ്റകൃത്യങ്ങളുടെ സാദ്ധ്യതയും മദ്യപാനം വർദ്ധിപ്പിക്കുന്നു.

(സി) നിലവിലുള്ള പഠനങ്ങളുടേയും വിദഗ്ദ്ധ സമിതികളുടെ അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ ആരോഗ്യ രംഗത്തെ സുസ്ഥിര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഈ രംഗത്തെ വിദഗ്ദ്ധ സംഘത്തിന്റെ നിർദ്ദേശങ്ങളുടെ ഭാഗമായി മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണത്തിനും ചികിത്സാ പദ്ധതികൾക്കും സർക്കാർ പരിഗണന നൽകിയിട്ടുണ്ട്. ഇതിന്റെ താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.

ഇതിനുപുറമേ നിയമസഭാ സബ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള ആൽക്കഹോൾ സ്റ്റഡി എന്നൊരു പഠനം ഡോ. വിജയകുമാർ, ഡോ. വിധുകുമാർ, ഡോ. രാമൻകുട്ടി എന്നിവരുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. ഇതിന്റെ റിപ്പോർട്ട് നിയമസഭാ ഉപസമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

മദ്യപാനത്തിന്റെ വിവിധ സാമൂഹിക ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ വിശദമായ പഠനങ്ങൾ നടത്താവുന്നതാണ്.

**അതിക്രമങ്ങൾ തടയാൻ നടപടി**

5 (*5) <u>ശ്രീമതി വീണാ ജോർജ്ജ്:</u>

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരം കേസ്സുകളിൽ ഉദാസീന നിലപാട് സ്വീകരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ;

(സി) സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയാനും സ്ത്രീ സുരക്ഷ ഉറപ്പാക്കാനുമായി സർക്കാർ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ചുവരുന്നുണ്ട്. ഇതു കൂടാതെ പൊലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പൊലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ

പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10.30-നും ഉച്ചയ്ക്ക് 1.00 മണിക്കും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാവാത്ത അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചില്ലെങ്കിൽ ആയത് അടുത്ത വരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതും പരിഹരിക്കാൻ കഴിയുന്നവ അപ്പോൾത്തന്നെ പരിഹരിക്കുന്നതും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്.

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു.

ഇതിനുപുറമേ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ , കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി.

(ബി) ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്താൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്ത് അതിവേഗം നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാ സമിതികളും, നിർഭയ കേരളം സുരക്ഷിത കേരളം, ഓപ്പറേഷൻ ഗുരുകുലം, നിർഭയ പദ്ധതി, ഓപ്പറേഷൻ വിസിൽ, മിത്ര 181 ടോൾഫ്രീ സംവിധാനം, ചൈൽഡ് ലൈൻ, വനിത ഹെൽപ്പ് ലൈൻ സംവിധാനം മുതലായ പദ്ധതികളും കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, മറ്റു തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ് (പിങ്ക് പട്രോൾ) നടത്തുകയും, കൂടാതെ വനിതാ സെല്ലിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും, സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷ

സ്വയം പ്രതിരോധ പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ഒത്തൊരുമിച്ച് ബോധവത്കരണ ക്ലാസ്സുകൾ നല്കിവരികയും ചെയ്യുന്നുണ്ട്.

2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം താലൂക്കടിസ്ഥാനത്തിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ട നടപടി പ്രാരംഭ ഘട്ടത്തിലാണ്. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ബറ്റാലിയന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. കൂടാതെ സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ വിവിധ തസ്തികകൾ അനുവദിക്കുന്നതിന് വേണ്ടിയുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

**റേഷൻ പ്രതിസന്ധി**

6 (*6) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ബി.ഡി. ദേവസ്സി::
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക നിലപാടുമൂലം സംസ്ഥാനം അഭിമുഖീകരിച്ച റേഷൻ പ്രതിസന്ധി പരിഹരിക്കാനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നുവോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്തായിരുന്നു;

(ബി) ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ പ്രധാനമന്ത്രിയെ നേരിട്ടു ധരിപ്പിക്കാൻ ശ്രമിച്ചിരുന്നോ; പ്രതികരണം എന്തായിരുന്നെന്ന് അറിയിക്കാമോ;

(സി) റേഷൻ കാർഡ് വിതരണത്തിനും ഭക്ഷ്യഭദ്രതാ നിയമ പ്രകാരം കേന്ദ്ര സർക്കാർ അനുശാസിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനും ഉള്ള പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

(ഡി) സാർവത്രിക റേഷനിംഗ് സംവിധാനത്തിൽ നിന്നും പരിമിത റേഷൻ സംവിധാനത്തിലേയ്ക്ക് മാറാൻ സംസ്ഥാനം നിർബന്ധിതമായ സാഹചര്യവും അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടും വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് സംസ്ഥാനത്തിന്

അനുവദിച്ചിട്ടുള്ളത്. അധിക വിഹിതം അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടില്ല.

(ബി) ഉണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. അധിക ഭക്ഷ്യ ധാന്യ വിഹിതം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായതിനാൽ ഏതെങ്കിലും ഒരു സംസ്ഥാനത്തിനായി മാറ്റം വരുത്താൻ കഴിയില്ലായെന്നതാണ് കേന്ദ്ര നിലപാട്.

(സി) റേഷൻ കാർഡ് വിതരണത്തിനുള്ള നടപടികൾ പൂർത്തീകരിച്ചു വരികയാണ്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കേന്ദ്ര സർക്കാർ അനുശാസിക്കുന്ന സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പൊതുവിതരണ സംവിധാനത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം/ഓട്ടോമേഷൻ പദ്ധതി ആദ്യ ഘട്ടമായി കൊല്ലം ജില്ലയിലും തുടർന്ന് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടേയും ആധാർ വിവരങ്ങൾ ശേഖരിച്ച് റേഷൻ കാർഡ് ഡാറ്റാ ബേസിൽ സീഡ് ചെയ്യുന്ന പ്രക്രിയയും പൂർത്തിയായി വരുന്നു.

(ഡി) 1996 മുതൽ സാർവത്രിക റേഷൻ സമ്പ്രദായം നിലനിന്നിരുന്ന കേരളത്തിൽ ജനങ്ങളെ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളായി തിരിച്ചുകൊണ്ടുള്ള ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം (Targeted Public Distribution System) 1997 മുതൽ നിലവിൽ വരികയും 2016 ഒക്ടോബർ വരെ ഇതു തുടരുകയും ചെയ്തു. 5-7-2013 മുതൽ പ്രാബല്യം നല്കിക്കൊണ്ട് 10-9-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിൽ വരുത്തുന്നതിന് ഒരു വർഷമാണ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരുന്നത്. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തെ 1.54 കോടി (46%) ജനങ്ങൾക്ക് മാത്രമാണ് ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നത് . ബാക്കി 54% ജനങ്ങൾക്ക് ആകെ അനുവദിച്ച 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ നിന്ന് മുൻഗണനാ വിഭാഗത്തിന് നൽകിയ ശേഷം ബാക്കി വരുന്ന 4 ലക്ഷം മെട്രിക് ടൺ ടൈഡ് ഓവർ വിഹിതം മാത്രമാണുള്ളത്. സംസ്ഥാനത്ത് ഇത് നടപ്പിൽ വരുത്തുന്നതിനായി 2-12-2013-ലെ സ.ഉ. (കൈ) നമ്പർ53/2013 ഭ.സി.സ.വ. പ്രകാരം ഉത്തരവായെങ്കിലും ഈ സർക്കാരിന്റെ കാലത്ത് 1-11-2016 മുതലാണ് ആയത് നടപ്പിലാക്കിയത്.

**നവകേരളം മിഷൻ**

7 (*7) ശ്രീ. വി. ടി.ബൽറാം:

ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സർക്കാർ നവകേരള മിഷൻ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ വേണ്ടി നടപടി സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് സമഗ്രമായ മാർഗ്ഗരേഖ 19-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 10/2017/ ആ.സ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നവകേരള നിർമ്മാണത്തിന് സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും, ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, നിലവിലുള്ള പ്രവർത്തന രീതികൾ കാലാനുസൃതമായി മെച്ചപ്പെടുത്തി ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) താഴെപ്പറയുന്ന 4 വികസന മിഷനുകളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

I. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി.

II. ജന സൗഹൃദ സർക്കാർ ആശുപത്രികൾ

III. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി.

IV. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ

സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി

ലൈഫ് മിഷൻ:

ലൈഫ് മിഷൻ (Livelihood Inclusion and Financial Empowerment): സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാ വിഭാഗം ജനങ്ങളുടേയും അടിസ്ഥാന ആവശ്യമാണ്. ഇത് ഉറപ്പാക്കുന്നതിനുള്ള സാഹചര്യമൊരുക്കാനും സഹായം നൽകാനും സർക്കാരിന് ഉത്തരവാദിത്വമുണ്ട്. ഈ ചുമതല ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ പാർപ്പിട രംഗം നേരിടുന്ന ബഹുവിധമായ പ്രശ്നങ്ങൾക്ക് തനതായ പരിഹാര സമീപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ് ലൈഫ് മിഷന്റെ ഉദ്ദേശ്യം. അടിസ്ഥാന സൗകര്യങ്ങൾ അപ്രാപ്യമായ വെറും കയറിക്കിടക്കാനുള്ള ഇടമെന്ന ഒറ്റപ്പെട്ട തുരുത്തുകളായി വീട് മാറാതെ സമൂഹത്തിൽ സുരക്ഷിതമായും സ്വാഭിമാനത്തോടെയും നിലനിൽക്കാനും പ്രവർത്തിക്കാനുമുള്ള സാഹചര്യ മൊരുക്കുന്നതോടൊപ്പം രോഗികളും വാർദ്ധക്യ ക്ലേശമനുഭവിക്കുന്നവരുമായ കുടുംബാംഗങ്ങളെ സംരക്ഷിക്കാനും വരുംതലമുറയെ സാമൂഹിക ബോധമുള്ള നല്ല പൗരജനങ്ങളായി വളർത്തിയെടുക്കാനുതകുന്ന ഇടങ്ങളായിരിക്കണമെന്ന സമീപനത്തിൽ അധിഷ്ഠിതമായിരിക്കും ഈ മിഷന്റെ പ്രവർത്തന പദ്ധതി.

ആർദ്രം മിഷൻ :

ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും സ്ത്രീകളുടേയും പ്രായാധിക്യമുള്ളവരുടേയും ആരോഗ്യപ്രശ്നങ്ങൾ നിറവേറ്റുന്നതിനായി മുൻഗണനാടിസ്ഥാനത്തിൽ മിഷൻ പ്രവർത്തനങ്ങളുണ്ടാകും. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെത്തട്ടിൽ നിന്നുതന്നെയുള്ള നിയന്ത്രണം എന്നിവയൊക്കെ കോർത്തിണക്കിക്കൊണ്ടാണ് ആർദ്രം മിഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം :

പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടേയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതു ആസ്തികളായി സ്കൂളുകളെ മാറ്റുകയാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമാക്കുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതുവിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തണം. ഇതിന് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, നൂതന വിവരസാങ്കേതിക വിദ്യാസങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിലും ഉറപ്പുവരുത്തണം. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അദ്ധ്യാപക-രക്ഷകർത്തൃ സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങി വിവിധ സംഘടനകളുടേയും പൊതു സമൂഹത്തിന്റേയും ബൗദ്ധികവും സാമ്പത്തികവുമായ സഹായവും പൊതു വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനവും കൂട്ടിയോജിപ്പിച്ചാണ് ഇത് സാദ്ധ്യമാക്കുക.

<u>ഹരിത കേരളം മിഷൻ:</u>

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിത കേരള മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻ വഴി ലക്ഷ്യമിടുന്നുണ്ട്.

(സി) വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയ ബന്ധിതമായി മുന്നോട്ടു കൊണ്ടുപോകുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4 മിഷനുകളും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി എംപവേർഡ് കമ്മിറ്റി സംസ്ഥാന തലത്തിൽ പ്രവർത്തിച്ചുവരുന്നു. ജില്ലാ/ബ്ലോക്ക്/നഗരസഭ/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഒരു ഏകീകൃത മിഷൻ സംവിധാനവും ഓരോ തലത്തിലും ശുചിത്വം, കൃഷി, ജലവിഭവം എന്നീ മൂന്ന് മേഖലകളിൽ കർമ്മ സേനകളും ഫലപ്രദമായി പ്രവർത്തിച്ച് ഏകോപനം സാധ്യമാക്കുന്നു.

**ത്രിവത്സര പദ്ധതികൾ**

8 (*8) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>

<u>ശ്രീ. സി. കെ.നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ നിർദ്ദേശാനുസരണം പഞ്ചവത്സര പദ്ധതികൾ

അവസാനിപ്പിക്കാനും പകരം 2017-2020 വർഷം ത്രിവത്സര പദ്ധതികൾ നടപ്പാക്കാനുമുള്ള തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ആസൂത്രണം ചെയ്യുന്ന പഞ്ചവത്സര പദ്ധതികളെ എങ്ങനെ ബാധിക്കുമെന്നാണ് സർക്കാർ വിലയിരുത്തുന്നത്;

(ബി) കേന്ദ്ര നിർദ്ദേശം മറികടന്ന് പഞ്ചവത്സരപദ്ധതിയുമായി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംസ്ഥാനത്തിന്റെ പദ്ധതി നടത്തിപ്പിനെ എങ്ങനെയൊക്കെ ബാധിക്കുമെന്നാണ് വിലയിരുത്തുന്നത്;

(സി) ത്രിവത്സര പദ്ധതിക്കായുള്ള കേന്ദ്ര സഹായത്തിന് പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ വകുപ്പുതലത്തിലോ പ്ലാനിംഗ് ബോർഡ് തലത്തിലോ കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ&ബി) കേന്ദ്ര സർക്കാർ പ്ലാനിംഗ് കമ്മീഷൻ ഇല്ലാതാക്കുകയും പകരമായി നീതി ആയോഗ് സ്ഥാപിക്കുകയും അതോടൊപ്പം പഞ്ചവത്സരപദ്ധതി വേണ്ടെന്നുവയ്ക്കുകയുമുണ്ടായി. കേരളം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി മുന്നോട്ട് പോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ 43 കർമ്മ സമിതികൾക്ക് രൂപം കൊടുക്കുകയും അതിന്റെ പൂർണ്ണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതിയുടെ ഭാഗമായുള്ള വാർഷികപദ്ധതി (2017-18) സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിൽ ജനകീയാസൂത്രണ പദ്ധതിയെ ശക്തിപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ നീതി ആയോഗിന്റെ നടപടിപ്രക്രിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളെ യാതൊരു വിധത്തിലും ബാധിക്കുകയില്ല. ആയതിനാൽ പഞ്ചവത്സര പദ്ധതികളുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പഞ്ചവത്സര പദ്ധതി വേണ്ടെന്ന് കേന്ദ്രം എടുത്ത തിരുമാനം സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിനെ യാതൊരു വിധത്തിലും ബാധിക്കില്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടിയുള്ള പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നത് അതാത് വകുപ്പുതലത്തിലാണ്. ഇതിനുവേണ്ടി പ്രത്യേക കർമ്മ സമിതികൾ രൂപീകരിച്ചിട്ടില്ല.

**അമിത വില നിയന്ത്രിക്കുന്നതിന് നടപടി**

9 (*9) ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. കെ. ദാസൻ:

ശ്രീ. കെ.ഡി. പ്രസേനൻ:

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര മാർക്കറ്റിൽ അസംസ്കൃത എണ്ണയ്ക്ക് കാര്യമായ നിരക്കിലുള്ള വിലക്കയറ്റം ഇല്ലാതിരിക്കുമ്പോഴും രാജ്യത്ത് സബ്സിഡിയില്ലാത്ത പാചക വാതകത്തിന് വൻതോതിൽ വില വർദ്ധിപ്പിച്ചതും ഡീസലിന്റെയും പെട്രോളിന്റെയും നീതീകരണമില്ലാത്ത തോതിലുള്ള വില വർദ്ധനവും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ, സംസ്ഥാനത്ത് പൊതു വില വർദ്ധനവിന് കാരണമായിട്ടുണ്ടോ എന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇത്തരം സാധനങ്ങളുടെ വിലക്കയറ്റത്തിന്റെയും നികുതി വർദ്ധനവിന്റെയും പേരിൽ ഹോട്ടലുകൾ ഭക്ഷണത്തിന് ക്രമാതീതമായി വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യത്തിൽ, ഹോട്ടൽ ഭക്ഷണത്തിന്റെ അമിത വില നിയന്ത്രിക്കുന്നതിനും അമിത വില ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും സാധ്യമാകുമോ എന്നറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. എന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവിന്റെ ഫലമായി ചരക്ക് കടത്ത് കൂലിയിൽ വർദ്ധനവുണ്ടാകുന്നതും അതിന് ആനുപാതികമായി പൊതു വിപണിയിൽ വില വർദ്ധനവുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവശ്യ സാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടേയും വില വർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിൽ ഭക്ഷണത്തിന്റെ വിലയിൽ ചില ഇനങ്ങളിൽ നേരിയ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലെ നിയമം അനുസരിച്ച് ഹോട്ടൽ ഭക്ഷണത്തിന്റെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിർബന്ധമുണ്ട്. ഇത് ഉറപ്പു വരുത്താനായും വില വിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണ സാധനങ്ങൾക്ക്

ഈടാക്കുന്നുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായും ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫോൺ ചോർത്തുന്നതിന് അനുമതി**

10 (*10) ശ്രീ. സി. ദിവാകരൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോൺ ചോർത്തുന്നതിന് അനുമതി ഉള്ളത് ആർക്കൊക്കെയാണെന്നും എന്തൊക്കെ ആവശ്യത്തിനാണ് പ്രസ്തുത അനുമതി നല്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനുമതി നല്കുന്നതിന് ചുമതലപ്പെട്ടവർ ആരൊക്കെയാണെന്നും അനുമതി എത്ര കാലയളവിലേക്ക് നല്കുന്നതാണെന്നും വ്യക്തമാക്കുമോ;

(സി) അത്യന്താധുനിക വിദേശ ഉപകരണങ്ങൾ ഉപയോഗിച്ച് സ്വകാര്യ സ്ഥാപനങ്ങൾ ഫോൺ ചോർത്തുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാന പോലീസിലെ പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള ഐ.ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് വളരെ അത്യാവശ്യ ഘട്ടങ്ങളിൽ ഫോൺ സന്ദേശങ്ങൾ നിരീക്ഷിക്കുന്നതിന് അനുമതി നൽകാറുണ്ട്.

രാഷ്ട്രത്തിന്റെ സുരക്ഷയ്ക്കോ അഖണ്ഡതയ്ക്കോ ഭംഗം വരുത്തുന്ന സന്ദർഭങ്ങളിലോ അല്ലെങ്കിൽ അത്യാവശ്യ ഘട്ടങ്ങളിൽ ജനങ്ങളുടെ സേവനത്തിനായി ഒരു കുറ്റകൃത്യം തടയുന്നതിനോ വേണ്ടി സർക്കാരിന്റെ അനുവാദത്തോടുകൂടി ഫോൺ വഴി നടക്കുന്ന സന്ദേശങ്ങളും സംഭാഷണങ്ങളും നിരീക്ഷിക്കാവുന്നതാണ്.

(ബി) സംസ്ഥാന ആഭ്യന്തര സെക്രട്ടറിയാണ് അനുമതി നൽകാൻ

അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ. സർക്കാർ ഉത്തരവ് പ്രകാരം 60 ദിവസം കാലയളവിലേയ്ക്ക് നിരീക്ഷിക്കാവുന്നതാണ്.

(സി) അത്യാന്താധുനിക വിദേശ ഉപകരണങ്ങൾ ഉപയോഗിച്ച് സ്വകാര്യ സ്ഥാപനങ്ങൾ ഫോൺ ചോർത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്വാശ്രയ മെഡിക്കൽ പ്രവേശനം**

11 (*11) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സമഗ്ര നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏകീകൃത ഫീസ് നടപ്പിലാക്കുമ്പോൾ മെറിറ്റിൽ മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക്, കുറഞ്ഞഫീസിൽ പഠിക്കുന്നതിന് അവസരം ലഭിക്കത്തക്കവിധത്തിൽ ക്രമീകരണം ഉണ്ടാക്കുവാൻ ആലോചിക്കുമോ;

(സി) സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായി ഇത് സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പ്രതികരണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്.

(ബി) ഏകീകൃത ഫീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായി ഫീസ് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. സ്വാശ്രയ കോളേജ് സംരംഭം മുന്നോട്ട് നടത്തിക്കൊണ്ട് പോകുന്നതിന് സർക്കാർ യാഥാർത്ഥ്യബോധത്തോടെ സ്വാശ്രയ/സ്വകാര്യ കോളേജുകളുടെ നടത്തിപ്പ് ചെലവുകൾ മനസ്സിലാക്കി ഈ അദ്ധ്യയന വർഷത്തെ ഫീസ് നിശ്ചയിക്കണമെന്ന് മാനേജ്മെന്റ് പ്രതിനിധികൾ ആവശ്യപ്പെട്ടു.

## നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

12 (*12) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ:

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ:

(ഡി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്.

(ബി) നാഷണൽ ട്രസ്റ്റ് ആക്ട് 1999-ന്റെ പരിധിയിൽ വരുന്ന വൈകല്യങ്ങളായ സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക വെല്ലുവിളി, ബഹു വൈകല്യം എന്നിവ ബാധിച്ചവർക്ക് ജീവിതത്തിലുടനീളം ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ചികിത്സിച്ചശേഷം ചികിത്സാ ചെലവ് റീ- ഇംബേഴ്സ് ചെയ്യാൻ കഴിയുന്നു. ഈ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് ഒരു ലക്ഷം രൂപയുടെ കവറേജ് ലഭിക്കുന്നു. ഏത് ആശുപത്രിയിലും ചികിത്സിക്കാൻ കഴിയുന്നതാണ്. നാഷണൽ ട്രസ്റ്റ് ആക്ട് അനുസരിച്ചുള്ള വൈകല്യമുള്ള എല്ലാവർക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പദ്ധതിയിൽ ചേരാവുന്നതാണ്. എ.പി.എൽ. കാടുംബാംഗത്തിന് 500 രൂപയും, ബി.പി.എൽ. കുടുംബാംഗത്തിന് 250 രൂപയുമാണ് പ്രീമിയം തുക. ഈ പദ്ധതിയിൽ എൻറോൾ ചെയ്യുന്നതിന് പ്രീ മെഡിക്കൽ ടെസ്റ്റിന്റെ ആവശ്യമില്ല. താഴെ പറയുന്ന കാര്യങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതാണ്.

1. ഒ.പി. ചികിത്സ
2. മരുന്നുകൾ

3. രോഗനിർണ്ണയത്തിനുള്ള ടെസ്റ്റുകൾ
4. മെഡിക്കൽ ചെക്കപ്പ്
5. പല്ലിന്റെ ചികിത്സ
6. വൈകല്യ തോത് കുറയ്ക്കുന്നതിനുള്ള ചികിത്സ
7. വൈകല്യം കറക്ട് ചെയ്യുന്നതിനുള്ള സർജറി
8. യാത്രാ ചെലവ്

(സി) നാഷണൽ ട്രസ്റ്റ് ആക്ട് 1999-ന്റെ പരിധിയിൽ വരുന്ന മാനസിക വെല്ലുവിളി, ഓട്ടിസം സെറിബ്രൽ പൾസി, ബഹു വൈകല്യം എന്നീ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരെയാണ് നിരാമയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ (SNAC) ആണ്. കൊല്ലം ജില്ലയിലാണ് ഇതിന്റെ ഓഫീസ് പ്രവർത്തിച്ചുവരുന്നത്.

**ആശ്രയ പദ്ധതി**

13 (*13) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ആശ്രയ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ പുതുതായി ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഉണ്ട്

(ബി) കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും നിരാലംബരുമായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ആശ്രയ പദ്ധതി (Destitute Identification & Rehabilitation

Programme)-യുടെ ലക്ഷ്യം.

(സി&ഡി) 2017-18 സാമ്പത്തിക വർഷത്തോടുകൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പ്രസ്തുത സർവ്വേയിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

**അഴിമതി സംബന്ധിച്ച പഠനം**

14 (*14) ഡോ. എം. കെ. മുനീർ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ അഴിമതിയുടെ തോത് നിർണ്ണയിക്കാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) അധികാര വികേന്ദ്രീകരണ നയമനുസരിച്ച് വികസന പ്രക്രിയയിൽ പ്രാഥമിക കടമ നിർവ്വഹിക്കാൻ ചുമതലപ്പെടുത്തപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് അഴിമതി കൂടുതലെന്ന കണ്ടെത്തലിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അത് അവസാനിപ്പിക്കാനുള്ള പ്രായോഗിക നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ&ബി) ഉണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, റിസർച്ച് ആന്റ് ട്രെയിനിംഗ് വിംഗിന്റെ ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം വകുപ്പുകളെ അഴിമതിയുടെ തോത് അനുസരിച്ച് തരം തിരിച്ചിട്ടുണ്ട്.

(1) കാറ്റഗറി എ – 13 വകുപ്പുകൾ

(2) കാറ്റഗറി ബി– 12 വകുപ്പുകൾ

(3) കാറ്റഗറി സി – 12 വകുപ്പുകൾ

(4) കാറ്റഗറി ഡി – 12 വകുപ്പുകൾ

(5) കാറ്റഗറി ഇ - 12 വകുപ്പുകൾ

കാറ്റഗറി എ-യിലുള്ള 13 വകുപ്പുകൾ സംസ്ഥാനത്തെ അഴിമതിയിൽ ഏറ്റവും മുൻപിലും മറ്റു വകുപ്പുകൾ മൊത്തം അഴിമതിയിൽ ആനുപാതികമായി കുറവും പങ്കാണ്. ഓരോ മൂന്ന് മാസം കൂടുമ്പോഴും വകുപ്പുകൾ തിരിച്ചുള്ള അഴിമതിയുടെ തോത് കണ്ടുപിടിച്ച് നാല് പ്രാവശ്യം കേരള ആന്റി കറപ്ഷൻ ഇൻഡക്സ് ആയി പ്രസിദ്ധീകരിക്കാനാണ് പദ്ധതി.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് കൂടുതൽ അഴിമതി നടക്കുന്നതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അഴിമതി കുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് വിജിലൻസ് ഡയറക്ടർ 22 ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിന് മുൻപായി തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അഴിമതി കുറയ്ക്കാനായി 'വിജിലന്റ് കേരള ' എന്ന പേരിൽ ഒരു ശിപാർശയും തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

**വൃദ്ധ മാതാപിതാക്കൾ**

15 (*15) ശ്രീ. അബ്ദുൽ ഹമീദ്. പി.
ശ്രീ. കെ. എം. ഷാജി
ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കാതെ, ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വത്തുക്കൾ തട്ടിയെടുക്കപ്പെട്ട്, ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്നവർ നല്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിലും കേസ്സുകൾ തീർപ്പാക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും സജീവ പരിഗണന ലഭിക്കേണ്ടവരാണ് വയോജനങ്ങൾ. എന്നാൽ അത്തരം പരിഗണന കുടുബങ്ങളിലുള്ള മുതിർന്നവർക്ക് കിട്ടുന്നില്ല എന്നുള്ളത് വാസ്തവമാണ്. ഇന്ന്

നിലനിൽക്കുന്ന അണുകുടുംബ സംവിധാനം ഇതിന് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. കൂടാതെ ഇന്നത്തെ ജീവിതസാഹചര്യത്തിൽ സ്ത്രീകളും പുരുഷൻമാരോടൊപ്പം തൊഴിലെടുക്കുന്നതിനാൽ മിക്ക കുടുംബങ്ങളിലും വൃദ്ധമാതാപിതാക്കൾ ഒറ്റപ്പെടാറുണ്ട്. ചെറുപ്പക്കാർ വൻതോതിൽ വിദേശത്ത് തൊഴിൽ തേടിപ്പോകുന്നതും ഇതിന് മറ്റൊരു കാരണമാണ്. വീടുകളിൽ മറ്റാരും ഇല്ലാത്ത അവസ്ഥയിൽ മുതിർന്നവർ ഒറ്റപ്പെടുകയും ഇത് വൈകാരിക മാനസിക സംഘർഷത്തിന് കാരണമാകുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ മക്കൾതന്നെ മാതാപിതാക്കളെ തെരുവിൽ ഉപേക്ഷിക്കുകയോ വൃദ്ധസദനങ്ങളിലാക്കുകയോ ചെയ്യാറുണ്ട്. മൊബൈൽ, ടി.വി., കമ്പ്യൂട്ടർ എന്നിവയുടെ അതിപ്രസരണം കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നതിൽ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്. കഥ പറച്ചിലിനും ലാളനകൾക്കും ഇന്ന് മുത്തശ്ശീ മുത്തച്ഛൻമാരെ കുട്ടികൾക്ക് വേണ്ട. മൊബൈലിന്റെ ഉപയോഗം കുട്ടികളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ചുരുക്കത്തിൽ വീടുകളിലെല്ലാവരുമുണ്ടെങ്കിലും മുതിർന്നവരോട് സംസാരിക്കുകയോ ഇടപഴകുകയോ ചെയ്യാതെ അവരെ അവഗണിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. സ്വത്തുക്കൾ വിഹിതം വച്ച് ലഭിച്ചതിനുശേഷം മാതാപിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണതയും നിലവിലുണ്ട്.

(സി) മാതാപിതാക്കളുടേയും, മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കും വിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതിനുശേഷം അടിസ്ഥാന സുഖസൗകര്യങ്ങളും അടിസ്ഥാന ഭൗതീക സാഹചര്യങ്ങളും നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി മുതിർന്ന പൗരൻമാരുടെ വസ്തു ഇഷ്ടദാനമായോ മറ്റേതെങ്കിലും വിധത്തിലോ കൈമാറ്റം ചെയ്യുകയും കൈമാറ്റം കിട്ടിയ ആൾ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയും ചെയ്താൽ വസ്തു കൈമാറ്റം, പരാതിയുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ട്രൈബ്യൂണൽ വഴി റദ്ദു ചെയ്യാവുന്നതാണ്. ഈ നിയമത്തിലെ വകുപ്പ് 24 പ്രകാരം മുതിർന്ന പൗരന്റെ പരിരക്ഷയോ സംരക്ഷണമോ നടത്തേണ്ടുന്ന വ്യക്തി അത്തരത്തിൽ പ്രവർത്തിക്കാതിരുന്നാൽ മൂന്നുമാസം വരെ കാലയളവിലേയ്ക്ക് വെറും തടവോ അല്ലെങ്കിൽ കഠിനതടവോ അയ്യായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ്. ഈ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

**അന്നപൂർണ്ണ പദ്ധതി**

16 (*16) <u>ശ്രീ. എം. മുകേഷ്:</u>

ശ്രീ. ആന്റണി ജോൺ:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്ര വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഉണ്ട്.

(ബി) നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിൽ ഉൾപ്പെടാൻ അർഹതയുള്ളതും എന്നാൽ ചില കാരണങ്ങളാൽ അതിന്റെ പരിധിയിൽപ്പെടാത്ത 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് അന്നപൂർണ്ണ പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

1. അപേക്ഷകന്റെ പ്രായം അറുപത്തഞ്ചോ (65) അതിന് മുകളിലോ ആയിരിക്കണം.

2. സ്വന്തമായോ, കുടുംബാംഗങ്ങളുടേയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം.

3. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം.

(സി) അന്നപൂർണ്ണ ഗുണഭോക്താവിന് പ്രതിമാസം 10 കിലോഗ്രാം

ഭക്ഷ്യധാന്യം (അരി/ഗോതമ്പ്) സൗജന്യമായി ലഭിക്കുന്നതാണ്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം ഇതുവരെയും ലഭ്യമായിട്ടില്ല. എന്നാൽ 2.03 കോടി രൂപ കേന്ദ്ര വിഹിതമായി ലഭ്യമായിട്ടുണ്ട്. പദ്ധതിച്ചെലവ് 80% കേന്ദ്രവും 20% സംസ്ഥാനവുമാണ് വഹിക്കുന്നത്.

**രാജീവ് ഗാന്ധി കുമാരി ശാക്തീകരണ പദ്ധതി**

17 (*17) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി രാജീവ് ഗാന്ധി കുമാരി ശാക്തീകരണ പദ്ധതി (ആർ.ജി.എസ്.ഇ.എ.ജി.) നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും അവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്. കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ് നടപ്പിലാക്കി വരുന്നു.

(ബി)

1. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും വ്യക്തിത്വ വികസനവും
2. അവരുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.
3. ആരോഗ്യം, ശുചിത്വം, പോഷണം, കൗമാരപ്രായക്കാർക്ക് റീ പ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് (ARSH), കുടുംബപരിപാലനം,

കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക.

4. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഗൃഹകേന്ദ്രീകൃത കഴിവുകൾ ജീവിതാധിഷ്ഠിതമായ കഴിവുകൾ എന്നിവ ഉയർത്തുക. NSDP (നാഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം) വഴി അവരുടെ തൊഴിലധിഷ്ഠിതമായ കഴിവുകൾ ഉയർത്തുക.

5. സ്കൂൾ പഠനം ഇടയ്ക്ക് വച്ച് നിർത്തുന്ന കൗമാരപ്രായക്കാരായ കുട്ടികളുടെ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുക.

6 PHC, CHC, Post Office, Bank, Police Station, ക്ഷേമ നിയമനങ്ങൾ പ്രകാരമുള്ള സ്ഥാപനങ്ങൾ തുടങ്ങിയവ വഴി നിലവിലുള്ള പൊതു സേവനങ്ങളെ സംബന്ധിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവ് പകരുക.

(സി)

1. അനുപൂരക പോഷകാഹാരം (ദിവസം 600 കലോറിയും 18-20 പ്രോട്ടീനും ലഭിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ) മാസത്തിൽ രണ്ട് പ്രാവശ്യമായി 25 ദിവസത്തേയ്ക്ക് THR ആയി നൽകുന്നു.
2. ആഴ്ചയിലൊരിക്കൽ അയൺ ഫോളിക് ആസിഡ് ഗുളിക
3. വർഷത്തിൽ രണ്ട് പ്രാവശ്യം വിര ഗുളിക
4. ആരോഗ്യ പരിശോധന
5. ആരോഗ്യപോഷണ വിദ്യാഭ്യാസം
6. കൗമാര പ്രായക്കാർക്ക് റീ പ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് (ARSH), കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക.
7. ജീവിത നൈപുണ്യ വിദ്യാഭ്യാസം, സാമൂഹ്യജീവിതത്തിന് ഔദ്യോഗികമായി നിലവിലുള്ള സേവനങ്ങളെക്കുറിച്ചുള്ള അറിവ് നൽകുക.

### പോലീസ് വീഴ്ച

18 (*18) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത സ്ഥാനീയരടക്കം ഉൾപ്പെടുന്ന ലൈംഗിക അതിക്രമങ്ങൾ കർശനമായി അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഇത്തരം സംഭവങ്ങളെക്കുറിച്ച് വിവരം ലഭിക്കുമ്പോൾ അതിദ്രുതം നടപടിയെടുക്കാൻ പോലീസ് പലപ്പോഴും വീഴ്ച വരുത്തുന്നതായുള്ള പരാതി പരിഹരിക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പ്രത്യേക വിംഗ് രൂപീകരിച്ച് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇടപെടൽ നടത്താൻ നടപടിയെടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ലൈംഗിക അതിക്രമങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ഉന്നത സ്ഥാനീയർ അടക്കമുള്ള കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമം അനുശാസിക്കുന്ന നിയമ നടപടികൾ കർശനമായി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ പോലീസ് ജാഗ്രതയോടെയാണ് പ്രവർത്തിക്കുന്നത്. ഏതൊരാളും, ഏത് സമയത്തും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് ഭയലേശമെന്യേ പോലീസ് സ്റ്റേഷനിൽ കടന്ന് ചെന്ന് പരാതിപ്പെടാവുന്നതാണ്. ഇത്തരം പരാതികൾ എത്രയും വേഗം അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) ലൈംഗിക അതിക്രമങ്ങളെക്കുറിച്ച് വിവരം ലഭിക്കുമ്പോൾ തന്നെ പോലീസ് അതിദ്രുതം വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ച് വരുന്നു. കൂടാതെ

ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു കൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം ആരംഭിക്കുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-18-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

കൂടാതെ സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി വനിതാ ബറ്റാലിയന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്.

**ബാലാവകാശ കമ്മീഷനിലെ ഒഴിവുകൾ**

19 (*19) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലാവകാശ കമ്മീഷനിലെ ഒഴിവുകൾ നികത്താത്തതിന് കേരളത്തിന് സുപ്രീംകോടതി പിഴ ചുമത്തിയിട്ടുണ്ടോ;

(ബി) ബാലാവകാശ കമ്മീഷനിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോക്സോ കോടതികളുടെ സുഗമമായ പ്രവർത്തനത്തിനുള്ള നിയമനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ 8-1-2017-ൽ ഒഴിവ് വന്ന 6 അംഗങ്ങളുടെ ഒഴിവ് നികത്തുന്നതിനായി 2016 നവംബർ മാസം യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ 154 അപേക്ഷകൾ പരിശോധിച്ച് അതിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരുടെ ഇന്റർവ്യൂ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമന നടപടികൾ രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായതിനാൽ നിയമന നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. സ്റ്റേ കാലാവധി കഴിഞ്ഞതിനാൽ നിയമന നടപടികൾ ഉടൻ തന്നെ പൂർത്തിയാകുന്നതാണ്.

(സി) പതിനാല് ജില്ലകളിലും നോട്ടിഫൈ ചെയ്തിട്ടുള്ള പോക്സോ കോടതികളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ആഭ്യന്തര വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യഭദ്രതാ നിയമം**

20 (*20) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ച് റേഷൻ വിതരണത്തിനുള്ള മുൻഗണനാ പട്ടികയിൽ ഉച്ചവരുമാനക്കാരായ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ, അങ്കണവാടി ജീവനക്കാർ എന്നിവർ ഉൾപ്പെട്ടിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഭാഗക്കാരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ&ബി) ഉണ്ട്. അർഹതപ്പെട്ടവർ മുനഗണനാ വിഭാഗത്തിൽ നിന്ന് ഒഴിവായ വിഷയം പരിശോധിച്ചുവരികയാണ്.

(സി) കരട് മുൻഗണനാ പട്ടിക ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ആഫീസ്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും, വെബ്സൈറ്റിലും ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും, ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പ് കൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും, ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരാതിക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തിരുന്നു. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ നേരിട്ടും അർഹർ/അനർഹരുടെ പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിൻമേൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്.

**ഡി.ജി.പി. ഓഫീസിന് മുന്നിലെ സമരം**

21 (*21) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു പ്രണോയിയുടെ മരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പി. ഓഫീസിന് മുന്നിലെത്തിയ

ജിഷ്ണുവിന്റെ മാതാവിനെ പോലീസ് ചവിട്ടി വീഴ്ത്തി വലിച്ചിഴച്ചുവെന്ന ആരോപണം തള്ളി റേഞ്ച് ഐ.ജി. മനോജ് എബ്രഹാം റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ജിഷ്ണുവിന്റെ ബന്ധുക്കളും ഒപ്പമുണ്ടായിരുന്ന ചിലരും ഡി.ജി.പി.യുടെ മുറിക്ക് മുന്നിൽ സമരം ചെയ്യുവാൻ ഗൂഢാലോചന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കണ്ടെത്തലിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(സി) ഈ കേസ്സിൽ അറസ്റ്റിലായ ഹിമവൽ ഭദ്രാനന്ദയും, കെ.എം.ഷാജഹാനും ഗൂഢാലോചനയിൽ പങ്കെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) 'ജിഷ്ണു കേസ്സ് പ്രചാരണമെന്ത്, സത്യമെന്ത്' എന്ന തലക്കെട്ടിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റേതായി പത്രപ്പരസ്യം പ്രസിദ്ധീകരിക്കാനുണ്ടായ പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പരസ്യത്തിന് എന്ത് തുക ചെലവായി;

(ഇ) ഭാവിയിലും സർക്കാർ നിലപാടുകൾ അറിയിക്കുവാൻ ഇത്തരത്തിലുള്ള പരസ്യങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം റേഞ്ച് ഐ.ജി. അന്വേഷണം നടത്തിയിരുന്നു. എന്നാൽ ജിഷ്ണു പ്രണോയിയുടെ അമ്മയുടേയും ബന്ധുക്കളുടേയും ആവശ്യം പരിഗണിച്ച് 10-4-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)നമ്പർ 891/2017/ആഭ്യ. പ്രകാരം ഇതു സംബന്ധിച്ച ഉന്നതതല അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. ശ്രീ. നിതിൻ അഗർവാൾ ഐ.പി.എസ്.-നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) പ്രാഥമിക അന്വേഷണത്തിൽ ജിഷ്ണുവിന്റെ ബന്ധുക്കൾക്ക് ഒപ്പം നുഴഞ്ഞു കയറിയതായി പറയപ്പെടുന്ന ചില ആളുകൾ ഗൂഢാലോചന നടത്തിയതായി വെളിവായിട്ടുണ്ട്. ഇത് സംബന്ധിച്ച് തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ552/17u/s 120(b), 143, 147, 149, 283, 353 IPC & 39 r/w 121 of KP Act 2011 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 552/17 കേസ്സിലെ ഒന്നും, അഞ്ചും പ്രതികളാണിവർ. വിശദമായ അന്വേഷണം നടത്തി വരുന്നു.

(ഡി&ഇ) ഇത്തരം സമരങ്ങൾ നടക്കുന്ന സാഹചര്യങ്ങളിൽ വകുപ്പ് ഇത്തരം

പരസ്യങ്ങൾ നൽകാറുണ്ട്. പത്രങ്ങൾ പരസ്യബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുകയൊന്നും ഇതുവരെ വിനിയോഗിച്ചിട്ടില്ല. സർക്കാരിന്റെ നിലപാടുകൾ ജനങ്ങളിലെത്തിക്കാൻ ആവശ്യമായി വരുന്ന പക്ഷം പരസ്യങ്ങൾ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

## ആർദ്രം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

22 (*22 ) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(ബി) മിഷൻ വഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) മിഷന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ)

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേൻമയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/ സൂപ്പർസ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of

outpatient service to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51,8184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി)

- ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.

- വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനർക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും, വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ്.

(സി)

- ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഭരണാനുമതി നൽകി

28-3-2017-ലെ സ.ഉ.(സാധാ) നമ്പർ 845/17/H&FWD (അനുബന്ധം 1* ആയി ചേർക്കുന്നു) പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സുമാരുടേയും ഡോക്ടർമാരുടേയും കൂടി 510 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ജില്ലാ ആശുപത്രിയും ഉറപ്പു വരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നുവർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

- പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ നിന്നും 22-3-2017-ലെ G.O(Rt) 773/17/H&FWD (അനുബന്ധം II * ആയി ചേർക്കുന്നു) പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.

## നടപടിക്രമങ്ങൾ പാലിക്കാതെയുള്ള കേസ്സുകൾ

23 (*23) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപടിക്രമങ്ങൾ പാലിക്കാതെ കേസ്സുകൾ രജിസ്റ്റർ ചെയ്യരുതെന്ന് ഹൈക്കോടതിവിധിയും പോലീസ് മേധാവിയുടെ നിർദ്ദേശവും നിലവിലുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന എഴുപത് ശതമാനം കേസ്സുകളിലും അറസ്റ്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പോലീസിന് വീഴ്ച പറ്റുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കേസ്സുകൾ കോടതിയിൽ ചോദ്യം ചെയ്യുമ്പോൾ പോലീസ് പ്രതിസ്ഥാനത്താവുന്നതും കേസ്സുകൾ കോടതിയിൽ തള്ളിപ്പോവുന്നതുമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. 6-8-2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 452-ാം വകുപ്പ് ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ 5-1-2017-ന് സംസ്ഥാന പോലീസ് മേധാവി സർക്കുലർ നമ്പർ 01/2017 പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അറസ്റ്റ് കേസന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഒരു ഭാഗം മാത്രമാണ്. സുപ്രീം കോടതിയും സർക്കാരും കാലാകാലങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരമാണ് അറസ്റ്റ് എന്ന നടപടി ക്രമം നടപ്പിലാക്കുന്നത്. കേസ്സന്വേഷണത്തിൽ ആവശ്യമാണെന്ന് കാണുന്ന പക്ഷം മാത്രമേ അറസ്റ്റ് നടത്തേണ്ടതുള്ളൂ. അറസ്റ്റുമായി ബന്ധപ്പെട്ട നിയമവശങ്ങളും നടപടിക്രമങ്ങളും കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർക്ക് വ്യക്തമായി ബോധ്യപ്പെടുത്തി യിട്ടുള്ളതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിച്ചു വരുന്നു.

(സി) റിവിഷൻ പെറ്റീഷൻ അഥവാ അപ്പീൽ മുഖാന്തരം കോടതി വിധി ചോദ്യം ചെയ്യാത്തിടത്തോളം കാലം, ബന്ധപ്പെട്ട ബഹുമാനപ്പെട്ട കോടതി പ്രസ്താവിക്കുന്ന ഏത് വിധിയും നടപ്പാക്കാൻ പോലീസ് ബാദ്ധ്യസ്ഥമാണ്. മനഃപൂർവ്വമോ, ദുരുദ്ദേശ്യപരമോ ആയ ഏതെങ്കിലും രീതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ അറസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ അവർ കോടതി നൽകുന്ന ഏത് ശിക്ഷയും അനുഭവിക്കാൻ ബാദ്ധ്യസ്ഥരുമാണ്.

### സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

24 (*24) ശ്രീ. കെ .എസ്. ശബരീനാഥൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി.ഡി.സതീശൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ സർക്കാർ നിലവിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി)സ്ത്രീകൾക്കുള്ള സ്വയം രക്ഷാ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്ത് വനിതാ പോലീസ് സ്റ്റേഷനുകൾ താലൂക്ക് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വനിതാ പോലീസിന്റെ അംഗസംഖ്യ അമ്പത് ശതമാനമായി വർദ്ധിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി സംസ്ഥാനത്ത് പിങ്ക് പൊലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി

കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. അതിന്റെ ടോൾ ഫ്രീ നമ്പരായ 1515 എന്ന നമ്പരിൽ ബന്ധപ്പെട്ട് സഹായം അഭ്യർത്ഥിക്കാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി പിങ്ക് പോലീസ് സംവിധാനം വഴി ബസ്സ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സുരക്ഷ ഒരുക്കുന്നു. പിങ്ക് കൺട്രോൾ റൂമിൽ ഫോൺ മുഖാന്തരം ലഭിക്കുന്ന പരാതികളിൽ ഉടനടി പോലീസ് സഹായം നൽകുവാൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി. ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. ഒരു വനിതാ ബറ്റാലിയൻ ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നതിനുശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിലെ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്ത്രീ സ്വയം സുരക്ഷാ പരിശീലന പരിപാടി (Women Self Defence Training Programme). ഇതിനായി കേരളത്തിലെ എല്ലാ വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിക്കഴിഞ്ഞു. ജില്ലകളിലെ സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയിലൂടെ സ്ത്രീകളെ സ്വയം പരിശീലനത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചുവരുന്നുണ്ട്. ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) താലൂക്ക് അടിസ്ഥാനത്തിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ഒരു വനിതാ ഐ.ആർ. ബറ്റാലിയൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം 15 ശതമാനത്തിലേയ്ക്ക് ഘട്ടം ഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ വിവിധ തസ്തികകൾ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**സ്വാശ്രയ രംഗത്ത് ഏകീകൃത ഫീസ്**

25 (*25) <u>ശ്രീ. സണ്ണി ജോസഫ്:</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി നിർദ്ദേശം അനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ നീറ്റ് റാങ്ക് പട്ടികയിൽ നിന്നും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നീറ്റ് മെറിറ്റിൽ നിന്നും പ്രവേശനം നടത്തുമ്പോൾ എല്ലാ സീറ്റിലേയ്ക്കും ഏകീകൃത ഫീസ് നിശ്ചയിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട മാനേജ്മെന്റുകളിൽ ചർച്ച നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണ്;

(ഡി) എല്ലാ സീറ്റിനും ബാധകമാകുന്ന ഏകീകൃത ഫീസ് നിശ്ചയിക്കുമ്പോൾ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിലനിർത്താനാകുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്;

(ഇ) ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ നാല് കോളേജുകളിൽ ഏകീകൃത ഫീസായി 4.5 ലക്ഷം രൂപ മാത്രമേ ഈടാക്കുന്നുള്ളൂ എന്ന വസ്തുത ചർച്ചകളിൽ പരിഗണിച്ചിട്ടുണ്ടോ;

(എഫ്) യാഥാർത്ഥ്യ ബോധത്തോടെയുള്ള ഏകീകൃത ഫീസ് നിശ്ചയിച്ച്, സ്വാശ്രയ മാനേജ്മെന്റിന്റെ അമിത ഫീസിൽ നിന്നും ഒഴിവാക്കി പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും, സ്വാശ്രയ രംഗത്ത് നടമാടുന്നതായി പറയപ്പെടുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും ഉള്ള നടപടികൾ കൈക്കൊള്ളുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്. സുപ്രീം കോടതി നിർദ്ദേശം അനുസരിച്ച് 2017-2018

അദ്ധ്യയന വർഷം മുതൽ നീറ്റ് റാങ്ക് പട്ടികയിൽ നിന്നും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്

(ബി -ഇ) 2017-18 അദ്ധ്യയന വർഷത്തെ മെഡിക്കൽ/ദന്തൽ അണ്ടർഗ്രാജ്വേറ്റ് കോഴ്സിലേയ്ക്കുള്ള പ്രവേശനത്തെയും ഫീസ് ഘടനയേയും സംബന്ധിച്ച് കേരള സംസ്ഥാനത്തെ സ്വാശ്രയ സ്വകാര്യ മെഡിക്കൽ/ദന്തൽ കോളേജുകളുടെ മാനേജ്മെന്റ് പ്രതിനിധികളുമായി ബഹുമാനപ്പെട്ട കേരള സംസ്ഥാന മുഖ്യമന്ത്രി 27-3-2017-ൽ ചർച്ച നടത്തിയിട്ടുണ്ട്. നീറ്റ് പ്രകാരമുള്ള മെഡിക്കൽ/ദന്തൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഏകീകൃത ഫീസ് നടപ്പാക്കുകയേ നിലവിൽ വഴിയുള്ളൂവെങ്കിൽ ആയത് പാവപ്പെട്ട കുട്ടികൾക്ക് എന്ത് സഹായം എങ്ങനെ നൽകാൻ കഴിയുമെന്ന് സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ പരിശോധിക്കുവാൻ ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ക്രിസ്ത്യൻ മാനേജ്മെന്റുമായി സർക്കാർ മുമ്പ് ഉണ്ടാക്കിയിട്ടുള്ള കരാർ ഈ അദ്ധ്യയന വർഷവും നിലനിൽക്കുമോ എന്ന് പരിശോധിക്കണമെന്ന് മാനേജ്മെന്റ് പ്രതിനിധികൾ അഭ്യർത്ഥിച്ചിരുന്നു.

(എഫ്) യാഥാർത്ഥ്യ ബോധത്തോടെയുള്ള ഫീസ് നിശ്ചയിച്ച് സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ പഠിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുകയും സ്വാശ്രയ രംഗത്തെ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ഉറച്ച നിലപാട്. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷനും ഫീസ് ഈടാക്കലും നിയന്ത്രിക്കുന്നതിന് ഉതകുന്ന വ്യവസ്ഥകൾ അടക്കമുള്ള ഒരു ഓർഡിനൻസ് ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്.

**എന്റെ കൂട് പദ്ധതി**

26 (*26) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗതികൾക്കായി 'എന്റെ കൂട് ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലെ അഭയകേന്ദ്രങ്ങളിൽ അഗതികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) 'എന്റെ കൂട്' പദ്ധതി പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'എന്റെ കൂട്'. നിരാലംബരായി തെരുവിൽ ഒറ്റപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലത്ത് ഒരു ദിവസം സുരക്ഷിതമായി താമസിക്കുവാൻ ഒരിടം എന്ന ആശയത്തിലൂന്നിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സാമൂഹ്യ വിരുദ്ധരിൽ നിന്നുള്ള പീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുക, പുനരധിവാസം സാധ്യമാവുകയാണെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുക, കുടുംബ പ്രശ്നങ്ങൾ മൂലമാണ് തെരുവിലെത്തപ്പെടുന്നതെങ്കിൽ തിരികെ കുടുംബത്തിലെത്തിക്കുക തുടങ്ങി സാമൂഹ്യ സുരക്ഷിതത്വം സ്ത്രീകൾക്ക് ഉറപ്പാക്കുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) തദ്ദേശീയരും, അന്യസംസ്ഥാനക്കാരും, നിർദ്ധനരുമായ സ്ത്രീകളും അവരോടൊപ്പമുള്ള പെൺകുട്ടികളും 12 വയസ്സിന് താഴെയുള്ള ആൺകുട്ടികളുമാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. കൂടാതെ രാത്രികാലങ്ങളിൽ വാഹനം ലഭിക്കാതെയും പെട്ടെന്നുണ്ടാകുന്ന ഹർത്താൽ, പണിമുടക്ക് എന്നിവ കാരണം നഗരങ്ങളിൽ ഒറ്റപ്പെടുന്ന സ്ത്രീകളും കുട്ടികളും ഇതിൽ ഉൾപ്പെടും. ഈ കേന്ദ്രത്തിൽ ഇവരെ ചേർക്കുന്നതിനോ വിടുതൽ ചെയ്യുന്നതിനോ ഏതെങ്കിലും തലത്തിലുള്ള നടപടി ക്രമങ്ങൾ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഇവിടെ എത്തിച്ചേരുന്ന അഗതികളുടെ ഒരു ഡേറ്റാ ബാങ്ക് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ നിലവിലുള്ള 'എന്റെ കൂട് പദ്ധതിയിൽ പ്രവേശനം നൽകുന്നവരുടെ പരമാവധി എണ്ണം 50 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് ഉദ്യോഗസ്ഥരുടെ വീഴ്ച**

27 (*27) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലപാതകം ഉൾപ്പെടെയുള്ള കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ അശ്രദ്ധയും ഒത്തുകളിയും കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരപരാധികളായവരെ വ്യക്തിവൈരാഗ്യത്തിന്റെ പേരിലും രാഷ്ട്രീയ ശത്രുതയുടെ പേരിലും കേസ്സിൽ കുടുക്കുകയും പിന്നീട് കോടതി അവരെ നിരപരാധികൾ ആണെന്ന് പറഞ്ഞ് വിട്ടയക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങളിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പാളിച്ചകൾക്ക് എതിരെ നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ;

(ഇ) ഇത് സംബന്ധിച്ച നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റാന്റിംഗ് ഓർഡർ, കാലാകാലങ്ങളിൽ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം കൊലപാതകം, ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ ഹീനമായ കുറ്റകൃത്യങ്ങൾ വളരെ ശാസ്ത്രീയവും കുറ്റമറ്റ രീതിയിലുമാണ് അന്വേഷിച്ചു വരുന്നത്.

(ബി) അന്വേഷണ ഉദ്യോഗസ്ഥരുടെ ഏതെങ്കിലും തരത്തിലുള്ള നടപടിയോ മറ്റ് പ്രവൃത്തികൾ കാരണമോ മനഃപൂർവ്വമായ വീഴ്ച കാരണമോ ദുരുദ്ദേശപരമായ നടപടികൾ ഉണ്ടാകുകയാണെങ്കിൽ അത്തരത്തിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയും നിയമ നടപടിയും കൈക്കൊള്ളുന്നുണ്ട്. കോടതി വിധി ന്യായത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ പരാമർശങ്ങൾ നടത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ എടുക്കാറുണ്ട്. ഇത് വളരെ കർശനമായി പാലിച്ചു വരുന്നു.

(സി) ഗുരുതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) നിയമങ്ങൾ നിലവിലുണ്ട്.

(ഇ) നിയമങ്ങളും നടപടി ക്രമങ്ങളും ഇപ്പോഴത്തെ സാഹചര്യത്തിൽ പര്യാപ്തമാണ്. എന്നാൽ കാര്യമാത്ര പ്രസക്തമായ ഏതെങ്കിലും പോരായ്മകൾ ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**സർക്കാർ ആശുപത്രികളെ മികച്ച സേവനകേന്ദ്രങ്ങളാക്കി മാറ്റൽ**

28 (*28) ശ്രീ. പി. വി. അൻവർ:

ശ്രീ. കെ.സുരേഷ് കുറുപ്പ്:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡിനനുസൃതമായി വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികൾക്കുണ്ടായിരിക്കേണ്ട നിലവാരം എന്തെല്ലാമാണ്; സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഈ നിലവാരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ടോ;

(ബി) കിടത്തി ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികൾ അമിത നിരക്ക് ഈടാക്കുന്നുണ്ടെങ്കിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിൽ പോലും കിടത്തി ചികിത്സ തേടുന്ന രോഗികളുടെ എണ്ണം വളരെ കുറവാകുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ത്വരിതഗതിയിലുള്ള സേവനവും മാന്യമായ അടിസ്ഥാന സൗകര്യവും ഒരുക്കി സർക്കാർ ആശുപത്രികളെ മികച്ച സേവനകേന്ദ്രങ്ങളാക്കി മാറ്റാൻ ഏത വിധത്തിലുള്ള ഇടപെടലുകൾ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സബ്സെന്റർ/ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ/താലൂക്ക് ആശുപത്രികൾ/ജില്ലാ ആശുപത്രികൾ എന്നിവയ്ക്ക് ഗവൺമെന്റ് ഓഫ് ഇൻഡ്യ ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റാൻഡേർഡിൽ പറയുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ആശുപത്രിയിൽ ലഭ്യമാക്കേണ്ട സേവനങ്ങൾ
2. ആശുപത്രിയിൽ ലഭ്യമാക്കേണ്ട മരുന്നുകൾ
3. ആശുപത്രിയിൽ ലഭ്യമാക്കേണ്ട ഉപകരണങ്ങൾ
4. ആശുപത്രിയിൽ ലഭ്യമാക്കേണ്ട ഭൗതിക സൗകര്യങ്ങൾ
5. ഗുണനിലവാരം
6. രോഗി സുരക്ഷയും അണുബാധ നിയന്ത്രണവും
7. നിയമപരമായി നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ

ആരോഗ്യ കേരള മിഷന്റെ ഭാഗമായി ആശുപത്രിയിലെ OP/IP, പ്രസവങ്ങൾ

തുടങ്ങിയവയുടെ എണ്ണം കണക്കിലെടുത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ആവശ്യമായ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ആശുപത്രികളിൽ പൊതുവേ നടപ്പിലാക്കേണ്ട രോഗീസുരക്ഷ, അണുബാധ നിയന്ത്രണം, ക്വാളിറ്റി അഷ്വറൻസ് എന്നീ കാര്യങ്ങൾ എല്ലാ ആശുപത്രികളിലും വിവിധ പദ്ധതികളായ കാഷ് അക്രഡിറ്റേഷൻ, കായകൽപ, നാഷണൽ ക്വാളിറ്റി സ്റ്റാൻഡേർഡ് എന്നീ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നു.

(ബി) അടിസ്ഥാന സൗകര്യങ്ങളുടേയും, മതിയായ ജീവനക്കാരുടെ അഭാവവും മേൽ പറയുന്ന ആശുപത്രികളിൽ കിടത്തി ചികിത്സ തേടുന്ന രോഗികളുടെ എണ്ണം കുറയുന്നതിന് കാരണമാകുന്നുണ്ട്. അതോടൊപ്പം മുൻകാലങ്ങളിൽ കിടത്തി ചികിത്സ ആവശ്യമായിരുന്ന പല രോഗങ്ങൾക്കും ഇപ്പോൾ ഫലപ്രദമായ മരുന്നുകൾ വഴി ഒ.പി. ചികിത്സ നൽകാൻ കഴിയുന്നുണ്ട്. ഒ.പി. ചികിത്സയ്ക്ക് വരുന്നവരുടെ എണ്ണത്തിൽ ഈ അടുത്ത കാലത്തായി വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ നവ കേരള മിഷന്റെ ഭാഗമായി കേരളത്തിലെ ആരോഗ്യ സേവനരംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'ആർദ്രം' ദൗത്യം സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളുടെ ഒ.പി. വിഭാഗവും ആശുപത്രികളും രോഗീസൗഹൃദമാക്കുക. ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവൽക്കരിച്ച് രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ഇതിലൂടെ ലക്ഷ്യമിടുന്നു.

വ്യത്യസ്ത മാനദണ്ഡങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്കുതല ആശുപത്രികളെ നിശ്ചിത മാനദണ്ഡത്തിൽ ഏകീകരിക്കുന്നതിനും ആയതിന്റെ ചികിത്സാ സൗകര്യങ്ങൾ പുനർ ക്രമീകരിക്കുന്നതിനും 'ആർദ്രം' ലക്ഷ്യമിടുന്നു.

**കരട് ആരോഗ്യ നയം**

29 (*29) ശ്രീ. സി. കെ. നാണു:

ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ 2017 മാർച്ചിൽ പ്രസിദ്ധീകരിച്ച് സംസ്ഥാനങ്ങൾക്ക് അയച്ചു തന്ന കരട് ആരോഗ്യ നയത്തിൽ സംസ്ഥാനത്തിന് ഗുണകരമായതും ദോഷകരമായതുമായ ഘടകങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും മെഡിക്കൽ കോളേജ് മുതൽ പ്രാഥമിക ആരോഗ്യകേന്ദ്രം വരെയുള്ള സർക്കാർ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും എന്തൊക്കെ നിർദ്ദേശങ്ങളാണ് ഈ നയത്തിലുള്ളത്;

(ബി) പരമ്പരാഗത ചികിത്സാ വിഭാഗങ്ങളായ ആയുർവേദ, സിദ്ധ, യുനാനി, ഹോമിയോ വിഭാഗങ്ങളുടെ സമഗ്രവികസനത്തിന് കേരളത്തിന് ഗുണപരമായ എന്തൊക്കെ നിർദ്ദേശങ്ങൾ ഉണ്ട്;

(സി) ഗ്രാമീണ ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം, ജീവൻ രക്ഷാമരുന്നുകളുടെ വില നിയന്ത്രണം, മരുന്നുകളുടെ ഗവേഷണം പ്രോത്സാഹിപ്പിക്കൽ, മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തൽ എന്നിവ സംബന്ധിച്ച് എന്തൊക്കെ കാഴ്ചപ്പാടുകളാണ് പ്രസ്തുത നയത്തിൽ മുന്നോട്ട് വയ്ക്കുന്നത് എന്നറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ - സി) സമീപ ദിവസങ്ങളിൽ മാത്രം ലഭ്യമായ കരട് ദേശീയ ആരോഗ്യ നയം 2017-ന്റെ ഗുണ-ദോഷ വശങ്ങൾ പരിശോധിച്ചുവരുന്നു. ആയതിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു*.

**പോലീസ് അതിക്രമം**

30 (*30) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.പി. ഓഫീസിന് മുന്നിൽ നീതിതേടി വന്ന ജിഷ്ണു പ്രണോയിയുടെ അമ്മ ഉൾപ്പടെയുള്ള ബന്ധുക്കളുടെ നേരെ നടന്നതായി ആക്ഷേപമുള്ള പോലീസ് അതിക്രമത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) അതിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(സി) അന്വേഷണ റിപ്പോർട്ട് വരുന്നതിന് മുമ്പ് തന്നെ ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയില്ലെന്ന് മുഖ്യമന്ത്രി വിശദീകരിച്ചത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഡി.ജി.പി. ഓഫീസിന് മുന്നിൽ നടന്ന സംഘർഷത്തിൽ ബാഹ്യ ഇടപെടൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള

* ലൈബ്രറികൾ വച്ചിട്ടുണ്ട്.

ബാഹ്യ ഇടപെടലാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ&ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം റേഞ്ച് ഐ.ജി. അന്വേഷണം നടത്തിയിരുന്നു. എന്നാൽ ജിഷ്ണു പ്രണോയിയുടെ അമ്മയുടേയും ബന്ധുക്കളുടേയും ആവശ്യം പരിഗണിച്ച് 10-4-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നമ്പർ891/2017/ആഭ്യ. പ്രകാരം ഇതു സംബന്ധിച്ച ഉന്നതതല അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. ശ്രീ. നിതിൻ അഗർവാൾ ഐ.പി.എസ്.-നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) അതുവരെ ലഭ്യമായ വിവരങ്ങളിൽ നിന്നാണ് അപ്രകാരം വിശദീകരണം നൽകിയത്. ഇത് സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നതിന് അന്വേഷണം നടത്തുന്നുമുണ്ട്.

(ഡി) പ്രാഥമിക അന്വേഷണത്തിൽ ജിഷ്ണുവിന്റെ ബന്ധുക്കൾക്ക് ഒപ്പം നുഴഞ്ഞു കയറിയതായി പറയപ്പെടുന്ന ചില ആളുകൾ ഗൂഢാലോചന നടത്തിയതായി വെളിവായിട്ടുണ്ട്. ഈ വിഷയത്തിൽ അന്വേഷണം കഴിഞ്ഞാൽ മാത്രമേ വിശദ വിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.എസ്.സി. വഴിയുള്ള നിയമനം

1 (01) ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ എത്ര പേർക്ക് പി. എസ്. സി. വഴി ജോലി നൽകി എന്ന് വിശദമാക്കാമോ;

(ബി) ഓരോ വകുപ്പിലും എത്ര പേർക്കാണ് നിയമനം നൽകിയത് എന്ന് വിശദമാക്കാമോ;

(സി) ഓരോ വകുപ്പിലേയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 31-3-2017 വരെയുള്ള കാലയളവിൽ 36047 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിച്ചിട്ടുണ്ട്.

### പി.എസ്.സി. മുഖേന നിയമന ശിപാർശ

2 (2) ശ്രീ. കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-3-2017 വരെ പി.എസ്.സി.വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ പി.എസ്.സി.വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പലവകുപ്പുകളിലും ഒഴിവ് വന്ന തസ്തികകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 31-3-2017 വരെയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലയളവിൽ 36047 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന 154386 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിച്ചിട്ടുണ്ട്.

**കെ.എ.എസ്. വിജ്ഞാപനം**

3 (3) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. രൂപീകരണവുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് വിജ്ഞാപനം ഇറക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എ.എസ്. തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യത, പ്രായപരിധി, പരീക്ഷാ രീതി എന്നിവ വ്യക്തമാക്കുമോ;

(സി) കെ.എ.എസ്. ലഭിക്കുന്നവരുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സർക്കാരിന്റെ പരിഗണനയിലാണ്.

**പി.എസ്.സി. വഴിയുള്ള നിയമനം**

4 (04) ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചു; വിശദാംശം നൽകുമോ;

(സി) സർക്കാർ സർവ്വീസിൽ എത്ര തസ്തികകൾ ഈ കാലയളവിൽ നിർത്തലാക്കി;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖാന്തരം എത്രപേർക്ക് നിയമനം നൽകി എന്നും എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-3-2017 വരെ ആകെ 36047 പേർക്ക് പി.എസ്.സി. വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന 154386 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച തസ്തികകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**നിയമനം ത്വരിതപ്പെടുത്തൽ**

5 (5) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 31.3.2017 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകിയെന്ന് വിശദമാക്കാമോ;

(ബി) യഥാസമയം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പി.എസ്.സി.-യെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-3-2017 വരെയുള്ള കാലയളവിൽ 36,047 പേർക്ക് പി.എസ്.സി. വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‍വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിച്ചിട്ടുണ്ട്.

(സി) 22-4-2017-ലെ G.O.(Ms) No. 149/2017/GAD പ്രകാരം പി.എസ്.സി.-യിൽ വിവിധ വിഭാഗങ്ങളിലായി 120 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഭരണ പരിഷ്കാര കമ്മീഷന്റെ ചെലവുകൾ**

6 (6) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ഈ സർക്കാരിന്റെ കാലത്ത് എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങിയതിന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അഥിതി സൽക്കാരം, യാത്ര ബത്ത എന്നീ ഇനങ്ങളിൽ ചെയർമാൻ, അംഗങ്ങൾ എന്നിവർ എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോണുകൾ,

ഔദ്യോഗിക വസതികളിലേയും ഓഫീസുകളിലെയും ഫോണുകൾ എന്നിവയുടെ ബില്ലുകൾ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ചെയർമാൻ, അംഗങ്ങൾ എന്നിവരിൽ ആരൊക്കെ വിദേശ യാത്ര നടത്തിയിട്ടുണ്ട്, അവരെ അനുഗമിച്ചത് ആരൊക്കെയാണ്; എവിടെയാക്കെയാണ് അവർ പോയതെന്നും ഇതിന് എന്ത് തുക ചെലവായെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ താമസത്തിന് വരുന്നതിന് മുന്നോടിയായി ഔദ്യോഗിക വസതിയായ കവടിയാർ ഹൗസിന്റെ അറ്റകുറ്റപ്പണികളുടെ ഭാഗമായി (സിവിൽ പ്രവൃത്തികൾ 17,01,147 രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾ 41,600 രൂപയും) ആകെ 17,42,747 രൂപയ്ക്ക് (പതിനേഴുലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത്തി ഏഴു രൂപ മാത്രം) പണി ചെയ്യിച്ചിട്ടുണ്ട്. മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി യാതൊന്നും ചെയ്തിട്ടില്ല.

(ബി) സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേയ്ക്ക് വാങ്ങിയതിന് 4,77,073 രൂപ (നാലു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(സി) ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരത്തിന് നാളിതുവരെ കമ്മീഷനിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ കമ്മീഷനിലെ പാർട്ട് ടൈം അംഗമായ ശ്രീമതി നീലാ ഗംഗാധരന് കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് യാത്രാ ബത്ത ഇനത്തിൽ 50,969 (അൻപതിനായിരത്തി തൊള്ളായിരത്തി അറുപത്തിയൊൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ഡി) ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതികളിലെയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നീ ഇനങ്ങളിൽ കമ്മീഷനിൽനിന്നും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) ഈ സർക്കാരിന്റെ കാലത്ത് ചെയർമാനോ അംഗങ്ങളോ കമ്മീഷനുമായി ബന്ധപ്പെട്ട് ഔദ്യോഗികമായ വിദേശയാത്രകൾ നടത്തിയിട്ടില്ല.

**സെക്രട്ടേറിയറ്റിലെ തസ്തികകൾ**

7 (7) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ എത്ര സെക്രട്ടറി തസ്തികകൾ (അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ നോൺ ഐ.എ.എസ്.)അനുവദിക്കപ്പെട്ടിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള (നോൺ ഐ.എ.എസ്.)എത്ര പേർ മറ്റു സ്ഥാപനങ്ങളിലും ഡിപ്പാർട്ട്മെന്റിലും ഡപ്യൂട്ടേഷൻ വ്യവസ്ഥയിലും അല്ലാതെയും ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ എത്ര ശതമാനം പേർ ഈ തരത്തിൽ സെക്രട്ടേറിയറ്റിന് പുറത്ത് ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

8 (8) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിൽ വരുന്നതിനായി നാളിതുവരെ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്നും എപ്പോൾ മുതൽ ഇതു നടപ്പാക്കും എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തുടങ്ങിയത് മുതൽ ചില ജീവനക്കാർ തടസ്സങ്ങളും സമരങ്ങളും നടത്തുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;എങ്കിൽ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ട എത്ര ജീവനക്കാർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) കെ. എ. എസ്. -ൽ ഉൾപ്പെടുന്ന സെക്രട്ടേറിയറ്റ്/ഇതര വകുപ്പുകൾ ഏതെല്ലാം എന്നും ഇത് നടപ്പാക്കുന്നതു സംബന്ധിച്ച മുൻ ചീഫ് സെക്രട്ടറിയുടേയും നിലവിലെ ചീഫ് സെക്രട്ടറിയുടേയും റിപ്പോർട്ടുകളിലെ പ്രധാന ശിപാർശകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് 4-1-2017-ൽ G.O. (Ms) No. 1/17/P&ARD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയലുകളിൽ തീർപ്പാക്കുന്ന

കാര്യത്തിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് 30-1-2017-ലും 6-2-2017-ലും 14-3-2017-ലും കുറിപ്പുകൾ നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ കിട്ടുമ്പോൾ ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) കെ.എ.എസ്.-ൽ ഉൾപ്പെടുന്ന വകുപ്പുകൾ സംബന്ധിച്ച് 4-1-2017-ലെ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.* KAS രൂപീകരണം സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി ശ്രീ. ഭരത് ഭൂഷൺ കമ്മിറ്റിയുടെ ശിപാർശകളും നിലവിലെ ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോ കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടിന്റെ പ്രസക്തഭാഗവും അനുബന്ധമായി ചേർക്കുന്നു.*

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കൽ

9 (9) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; പകർപ്പുകൾ സഹിതം വിശദവിവരം നൽകുമോ;

(ബി) കെ. എ. എസ്. എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) 4-1-2017-ലെ G.O.(Ms)No. 1/17/P&ARD പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു.)*

(ബി) സർക്കാരിന്റെ പരിഗണനയിലാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

10 (10) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെ എത്തി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസിൽ സംവരണ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സർവ്വീസിലെ ഏതൊക്കെ കാറ്റഗറികളിലെ നിയമനങ്ങൾക്കാണ് സംവരണം ബാധകമാകുകയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടോ: എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 4-1-2017-ലെ ജി.ഒ. (എം.എസ്.) 1/2017/P&ARD നമ്പർ ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി&സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച നിവേദനങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്.

**വെടിക്കെട്ടിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ പരിശോധന**

11 (11) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവാണിജ്യവ്യവസായ വകുപ്പിന്റെ വെടിക്കെട്ട് സംബന്ധിച്ച നിബന്ധനയിലെ പല നിർദ്ദേശങ്ങളും അപ്രായോഗികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശങ്ങൾ തൃശ്ശൂർ പൂരം വെടിക്കെട്ടിനെ എപ്രകാരം ബാധിക്കുമെന്ന് അറിയിക്കുമോ;

(സി) പൂരം വെടിക്കെട്ടിന് ഉപയോഗിക്കുന്ന വസ്തുക്കൾ നാഗ്പൂരിൽ കൊണ്ടുപോയി പരിശോധിക്കണമെന്ന നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ;

(ഡി) വെടിക്കെട്ട് വസ്തുക്കൾ കൊച്ചിയിൽ പരിശോധിക്കുവാൻ അനുമതി തേടുകയും വെടിക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്ര അധികൃതരുമായി ചർച്ച ചെയ്ത് പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2008-ലെ സ്ഫോടകവസ്തുക്കൾ ചട്ടങ്ങളിലെ (Explosive Rules) ചട്ടം 126 പ്രകാരം കേന്ദ്രവാണിജ്യവ്യവസായ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിയമാനുസൃതവും പൊതുസുരക്ഷയെ മുൻനിർത്തിയുള്ളവയുമാണ്. ആയവ അപ്രായോഗികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് ഉള്ളതടക്കമുള്ള വെടിക്കെട്ട് പ്രദർശനങ്ങൾ നിയമവിധേയവും അപകടരഹിതവുമായും നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശവുമാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി&ഡി) തൃശ്ശൂർ ജില്ലയിലെ ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ 2017-ലെ തൃശ്ശൂർ പൂരം വെടിക്കെട്ടിന്റെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് 12-4-2017-ന് നടന്ന ഉന്നതതലയോഗത്തിൽ പെട്രോളിയം & എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുള്ളതും സ്ഫോടകവസ്തു ചട്ടങ്ങളിലെ 6-ാം ചട്ടപ്രകാരം വെടിക്കെട്ടിനുള്ള സ്ഫോടക വസ്തുക്കൾ അംഗീകാരത്തിനായി ശിവകാശിയിലെ Firework Research & Development Centre (FRDC)-ൽ വച്ച് പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

## പുതിയ തസ്തികകൾ

12 (12) ശ്രീ. ഐ. സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഏതൊക്കെ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അവയിലോരോന്നിലും എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെങ്കിലും വകുപ്പിൽ 2016 മേയ് 25-ന് ശേഷം തസ്തിക വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പിലെന്ന് അറിയിക്കുമോ;

(ഡി) മേല്പറഞ്ഞ കാലയളവിൽ ഏതെങ്കിലും വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## തസ്തികകൾ വെട്ടിക്കുറയ്ക്കൽ

13 (13) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതുവരെ വിവിധ വകുപ്പുകളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിൽ എത്ര പുതിയ

തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ ഇതുവരെ വിവിധ വകുപ്പുകളിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിൽ എത്ര പുതിയ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**തസ്തികകൾ സൃഷ്ടിക്കൽ**

14 (14) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2017 മാർച്ച് 31 വരെ വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് ഏതെല്ലാം വകുപ്പുകളിലാണെന്നും ഓരോന്നും പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**വികസന പദ്ധതികൾ**

15 (15) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടി ക്രമങ്ങളും അവയുമായി ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം ബന്ധപ്പെട്ട എം.എൽ.എ.- മാരെ അറിയിക്കണമെന്ന പൊതുഭരണ വകുപ്പിന്റെ ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ

സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾത്തന്നെ എം.എൽ.എ.-മാർക്ക് കൂടി ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് പാർലമെന്ററികാര്യ വകുപ്പിൽനിന്നും 7-5-2008-ൽ പുറപ്പെടുവിച്ച 1294/എ 2/07/പാ.കാ.വ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ 21-11-2011-ൽ പൊതുഭരണ (ഏകോപനം) വകുപ്പിൽനിന്നും പുറപ്പെടുവിച്ച 77369/സി.ഡി.എൻ.4/11/പൊഭവ. നമ്പർ സർക്കുലർ നിലവിലുണ്ട്. കൂടാതെ ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നിർബന്ധമായി പാലിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ച് 11-6-2012-ലെ സ.ഉ.(എം.എസ്.) നമ്പർ 142/12/പൊ.ഭ.വ. എന്ന ഉത്തരവും നിലവിലുണ്ട്. പ്രസ്തുത ഉത്തരവ് കർശനമായി പാലിക്കാൻ എല്ലാ വകുപ്പുകൾക്കും 6-2-2013-ലെ 2717/എ 2/12/പി.എ.ഡി. മുഖാന്തിരവും മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ഉത്തരവുകൾ എം.എൽ.എ.-മാരുടെ ഇ-മെയിലിൽ ആവശ്യപ്പെടുന്നപക്ഷം അയച്ചുകൊടുക്കാനും 20-8-2016-ലെ പ.കവ.- എ 2/224/16/പി.എ.ഡി. നമ്പർ സർക്കുലർ പ്രകാരം പാർലമെന്ററികാര്യ വകുപ്പ് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

11-6-2012-ലെ പൊതുഭരണ വകുപ്പിന്റെ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. *

**മന്ത്രിസഭാ തീരുമാനങ്ങൾ**

16 (16) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 2016 ജനുവരി ഒന്നിന് ശേഷമുള്ള മന്ത്രിസഭാതീരുമാനങ്ങൾ പരിശോധിക്കാൻ നിയമിച്ച എ.കെ.ബാലൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ട് എന്നാണ് സമർപ്പിച്ചതെന്നും റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് മന്ത്രിസഭ കൈക്കൊണ്ട തുടർനടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉപസമിതിയുടെ റിപ്പോർട്ട് 14-3-2017-ന് ചേർന്ന മന്ത്രിസഭായോഗം ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. മന്ത്രിസഭായോഗത്തിന്റെ നടപടികുറിപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. *

## അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

17 (17) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാനായി മുൻ സർക്കാരുകൾ ഏതെല്ലാം നടപടികൾ സ്വീകരിച്ചു എന്നും, അവയിലെ ഏതെല്ലാം നടപടിക്രമങ്ങൾ ഈ സർക്കാർ അംഗീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരിൽ കെ.എ.എസ്. പരിധിയിൽ ഉൾപ്പെടുന്ന ജീവനക്കാർ എത്ര എന്നും പരിധിയിൽ ഉൾപ്പെടാത്തവർ എത്ര എന്നും സെക്രട്ടേറിയറ്റ് ജീവനക്കാരിൽ എത്രപേർ ഇതിൽ ഉൾപ്പെടും എന്നും ഉൾപ്പെടാത്തവർ എത്ര എന്നും വ്യക്തമാക്കുമോ;

(സി) സിവിൽ സർവ്വീസ് നവീകരിക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും, അഴിമതി മുക്തമാക്കുന്നതിനും, ഫയലുകൾ കാലതാമസം ഇല്ലാതെ തീർപ്പാക്കുന്നതിനും കെ.എ.എസ്.- നെ ഉപയോഗപ്രദമാക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് 5-1-2015-ൽ G.O. (Ms) No.1/15/GAD പ്രകാരം മുൻ സർക്കാർ ഉത്തരവായിരുന്നു. സെക്രട്ടേറിയറ്റിനെ പ്രസ്തുത സർവ്വീസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി മൂന്നംഗ മന്ത്രിസഭാ ഉപസമിതിയെ നിശ്ചയിച്ചുകൊണ്ട് 8-1-2015-ലെ G.O.(Ms) No. 9/15/GAD പ്രകാരം ഉത്തരവാകുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പശ്ചാത്തലത്തിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും 4-1-2017-ലെ G.O. (Ms)No.1/17/P&ARD പ്രകാരം സെക്രട്ടേറിയറ്റ് പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളടക്കം 29 വകുപ്പുകളെ ഉൾപ്പെടുത്തി കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(അനുബന്ധമായി ചേർക്കുന്നു.) *

(ബി&സി) പരിശോധിച്ചു വരുന്നു.

**ആശ്രിത നിയമനം**

18 (18) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി നൽകുമ്പോൾ ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള നിയമനങ്ങളാണോ നൽകുന്നത്; അല്ലെങ്കിൽ ഏത് തസ്തികകളിലാണ് നിയമനം നൽകുന്നത്;

(ബി) വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ഉയർന്ന തസ്തികയിൽ ആശ്രിത നിയമനം നൽകിയതുമായി ബന്ധപ്പെട്ട് പരാതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ക്ലാസ് - III, IV തസ്തികയിലേയ്ക്കാണ് നിലവിൽ ആശ്രിത നിയമനം നൽകി വരുന്നത്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

**കേന്ദ്ര ബജറ്റ് നിർദ്ദേശങ്ങൾ**

19 (19) ശ്രീ. വി. പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബജറ്റ് നിർദ്ദേശങ്ങൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് വിലയിരുത്തുകയുണ്ടായോ;

(ബി) കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാനം മുന്നോട്ടുവച്ച എന്തെല്ലാം ആവശ്യങ്ങൾ ബജറ്റിൽ പരിഗണിക്കുകയുണ്ടായി; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ വിലക്കയറ്റവും പണപ്പെരുപ്പവും തൊഴിലില്ലായ്മയും അതിരൂക്ഷമാക്കുന്നതാണ് കേന്ദ്ര ബജറ്റിലെ നിർദ്ദേശങ്ങൾ ഏറെയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എങ്കിൽ കേരളത്തിൻെറ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**സർക്കാർ നിലപാടുകളും നയങ്ങളും**

20 (20) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ടിട്ടുള്ള ജനോപകാരപ്രദമായ നടപടികൾ ജനങ്ങളിലെത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാകുന്നില്ലെന്നുള്ള വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(ബി) സർക്കാർ നയങ്ങളും നിലപാടുകളും എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കാൻ നവീന രീതികൾ സ്വീകരിച്ച് നടപ്പിലാക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് www.prd.kerala.gov.in-ൽ ന്യൂസ് പോർട്ടലായ www.keralanews.gov.in എന്നിവ വഴി ദൈനംദിന വാർത്തകൾ, ചിത്രങ്ങൾ, പരസ്യ വീഡിയോകൾ, ബ്രോഷറുകൾ, പോസ്റ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്.

നവ മാധ്യമ സങ്കേതങ്ങളായ ട്വിറ്റർ, ഫേസ് ബുക്ക്, യൂട്യൂബ് ചാനൽ എന്നിവയിലെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അക്കൗണ്ടിലൂടെ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, വീഡിയോ ഡോക്യുമെന്ററികൾ എന്നിവയും പ്രത്യേക പ്രചാരണം വേണ്ട സർക്കാർ പദ്ധതികൾക്ക് ബാനർ പരസ്യങ്ങൾ എന്നിവയും വാട്ട്സ് ആപ്പ് വഴി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള വാർത്തകളുടെ പോസ്റ്റിംഗും പി. ആർ. ഡി. ലൈവ് എന്ന ശ്രവ്യ, അച്ചടി-ദൃശ്യ അടിസ്ഥാനത്തിലുള്ള സർക്കാരിനെ സംബന്ധിച്ചുള്ള വാർത്തകൾ നല്കുന്ന മൊബൈൽ ആപ്പും ഉപയോഗിച്ചു വരുന്നു.

**വികലാംഗ ജീവനക്കാരുടെ സ്ഥലംമാറ്റം**

21 (21) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട വികലാംഗ ജീവനക്കാർക്ക് അതേ വകുപ്പിൽ തന്നെ സ്ഥലംമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ടോ;

(ബി) അർഹത ഇല്ലെങ്കിൽ ഇത്തരം ജീവനക്കാരെ കൂടി സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന്റെ 18-5-2013-ലെ സ.ഉ.(പി)നമ്പർ40/13/ സാ.നീ.വ. ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ച അംഗപരിമിതരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച് 3-2-2016-ലെ സ.ഉ.(പി.) നമ്പർ 1/2016/സാ.നീ.വ. നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ഒരു പ്രത്യേക സ്ഥലത്തേയ്ക്കോ/വകുപ്പിലേയ്ക്കോ പ്രത്യേകം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നതിനാൽ പ്രാരംഭ നിയമനം ലഭിച്ച സ്ഥലം/വകുപ്പിൽനിന്നും മറ്റൊരു ജില്ല/വകുപ്പിലേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ബി) സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട അംഗപരിമിത ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് അതാത് വകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതുമാണ്.

**പുതുതായി അനുവദിച്ച തസ്തികകൾ**

22 (22) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**കെ.എം. ഷാജഹാനെ സർവ്വീസിൽനിന്നും നീക്കാൻ നടപടി**

23 (23) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ച പോലീസ് ആസ്ഥാനത്തിന് മുൻപിൽ, ഡി.ജി.പി. യുമായി ചർച്ചയ്ക്ക് വന്ന ജിഷ്ണു പ്രണോയ് യുടെ അമ്മയ്ക്കും ബന്ധുക്കൾക്കും ഒപ്പം നുഴഞ്ഞുകയറി പ്രശ്നങ്ങൾ ഉണ്ടാക്കിയെന്ന കുറ്റം ചുമത്തി സി-ഡിറ്റ് ഉദ്യോഗസ്ഥനായ കെ.എം.ഷാജഹാനെ പ്രതി ചേർത്ത് പോലീസ് കേസ്സ് എടുത്തിട്ടുണ്ടോ;

(ബി) സർക്കാർ സ്ഥാപനമായ സി-ഡിറ്റ്.ലെ ഉദ്യോഗസ്ഥനായ കെ.എം.ഷാജഹാൻ, സർവീസ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ചാനലുകളിലും മറ്റും വന്ന് ചർച്ചകളിൽ പങ്കെടുത്ത് സർക്കാർ നയങ്ങളേയും പരിപാടികളേയും വിമർശിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(സി) സേവനചട്ടങ്ങൾ നിരന്തരം ലംഘിച്ചുകൊണ്ടിരിക്കുന്നതായി ആക്ഷേപമുള്ള കെ.എം.ഷാജഹാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് ആസ്ഥാനത്തിന് മുൻപിൽ 5-4-2017-ൽ മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ നടത്തിയ സമരത്തിനിടയിലുണ്ടായ സംഘർഷത്തിൽ പങ്കുള്ളതായി കണ്ടെത്തിയ ശ്രീ. കെ. എം. ഹാജഹാനെ പ്രതി ചേർത്ത് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/2017-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 10-4-2017-ലെ 163/എ l/Admn/2017/CDIT നടപടിക്രമപ്രകാരം ശ്രീ. കെ. എം. ഷാജഹാനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അച്ചടക്ക നടപടി ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**സേവനാവകാശ നിയമം**

24 (24) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സേവനാവകാശ നിയമം" സംസ്ഥാനത്ത് നിലവിൽ വന്നത് എന്ന് മുതലാണ് എന്നും നിയമം നടപ്പാക്കാനായി സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) സേവനാവകാശ നിയമത്തിന്റെയും പ്രസ്തുതനിയമം നടപ്പാക്കാനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) സേവനാവകാശ നിയമം നടപ്പിൽ വന്നതിനുശേഷം നിയമത്തിനു വിരുദ്ധമായി പ്രവർത്തനം നടത്തിയതായി കണ്ടെത്തി ശിക്ഷ നല്കിയത് എത്ര ജീവനക്കാരുടെ പേരിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ കളക്ടറുടെ കീഴിലും തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ഉദ്യോഗസ്ഥരിൽ സേവനാവകാശ നിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയവർ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012 നവംബർ 1-നാണ് സേവനാവകാശ നിയമം നിലവിൽ വന്നത്. പ്രസ്തുത നിയമപ്രകാരം ഓരോ വകുപ്പും, വകുപ്പ് മേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുകയും സേവനാവകാശ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ഈ നിയമം 121 വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടിയാണ് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശരേഖ, പൗരൻമാരുമായുള്ള ആശയവിനിമയത്തിനുള്ള അവസരം എന്നിവ പോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി, നിയമം ഫലപ്രദമായും ജനസൗഹൃദപരമായും നടപ്പിലാക്കുന്നതിനായി വകുപ്പദ്ധ്യക്ഷൻമാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല ശിൽപ്പശാല 15-12-2016-ൽ IMG-യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(ബി) സേവനാവകാശ നിയമത്തിന്റെയും പ്രസ്തുത നിയമം നടപ്പാക്കാനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ്

അനുബന്ധമായി ചേർക്കുന്നു*.

(സി) ജീവനക്കാർ ആരുംതന്നെ ശിക്ഷാനടപടിക്ക് വിധേയരായതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

**നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥർ**

25 (25) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നിലവിൽ വന്നതിന് ശേഷം നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർ നടപടിയ്ക്ക് വിധേയരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു ഉദ്യോഗസ്ഥൻപോലും പ്രസ്തുത നിയമപ്രകാരം നടപടിയ്ക്ക് വിധേയമായിട്ടില്ലെങ്കിൽ അത് സേവനത്തിന്റെ ഗുണമാണെന്ന് കരുതാമോ;

(സി) സേവനാവകാശ നിയമപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകാത്തതിനെ തുടർന്ന് പൊതുജനങ്ങളിൽ നിന്ന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സേവനാവകാശ നിയമം നിലവിൽ വന്നതിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകാത്തതിന്റെ പേരിൽ ഉദ്യോഗസ്ഥർ ആരുംതന്നെ നടപടിക്ക് വിധേയരായതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) അതെ.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഹരിത കേരളം പദ്ധതി**

26 (26) ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. എ. എൻ. ഷംസീർ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ബി.ഡി. ദേവസ്സി :

ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തെ പച്ചപ്പ് നിലനിർത്തി മാലിന്യമുക്തമാക്കുന്ന പദ്ധതിയെ സാക്ഷരതായജ്ഞം മാതൃകയിൽ ജനകീയ യജ്ഞമാക്കി മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പൊതു ശുദ്ധജല സ്രോതസ്സുകളും കുളങ്ങളും ശുചീകരിക്കുന്നതിനും നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ചുമതല ഏത് വകുപ്പിനാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) ഒരു തദ്ദേശ സ്ഥാപനത്തിൽ ഒരു പൊതു ജലാശയമെങ്കിലും നിർമ്മിക്കുന്നതിനോ പുനരുദ്ധരിക്കുന്നതിനോ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പേഴ്സണൽ സ്റ്റാഫ് നിയമനം

27 (27) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിനോക്കുന്നവരുടെ പേര്, തസ്തിക, വിദ്യാഭ്യാസയോഗ്യത, വയസ്സ്, സർവ്വീസിൽ നിന്നാണെങ്കിൽ അതിലെ തസ്തിക എന്നിവ സംബന്ധിച്ച വിശദവിവരം നല്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## പേഴ്സണൽ സ്റ്റാഫിലെ ജീവനക്കാർ

28 (28) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ എത്ര ജീവനക്കാർ ഉണ്ടെന്ന് ഓരോ മന്ത്രിമാരുടേയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സ്റ്റാഫംഗങ്ങളുടെ നാളിതുവരെയുള്ള ആകെ ശമ്പളം, അലവൻസ്, ടി.എ., മെഡിക്കൽ ബിൽ എന്നിവ പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ) എണ്ണം വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ശമ്പളവും അലവൻസും സംബന്ധിച്ച വിവരം ക്രോഡീകരിച്ച് വരുന്നു. നാളിതുവരെയുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക 31,718 രൂപയും ടി.എ. 9,08,239 രൂപയുമാണ്.

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യൽ**

29 (29) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി കൈക്കൊള്ളാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി&സി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

30 (30) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2013 ഏപ്രിലിൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ജുഡീഷ്യൽ കമ്മീഷനുകൾ**

31 (31) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജുഡീഷ്യൽ കമ്മീഷനുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് നിയമിച്ച 5 ജുഡീഷ്യൽ കമ്മീഷനുകൾ നിലവിലുണ്ട്.

(ബി)

1. സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ

2. മരങ്ങാട്ടുപ്പള്ളി സിബിയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ഡി. ശ്രീവല്ലഭൻ അന്വേഷണ കമ്മീഷൻ

3. 20 ജൂലൈ 2016-ന് കേരള ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ പോലീസ് ലാത്തി ചാർജ്ജിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് പി. എ. മുഹമ്മദ് അന്വേഷണ കമ്മീഷൻ

4. പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് പി.എസ്. ഗോപിനാഥൻ അന്വേഷണ കമ്മീഷൻ

5. 26-3-2017-ന് മംഗളം ചാനലിൽ സംപ്രേക്ഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് പി.എസ്. ആന്റണി അന്വേഷണ കമ്മീഷൻ

**മന്ത്രിസഭായോഗ തീരുമാനങ്ങൾ**

32 (32) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവുകൾ എത്ര ദിവസത്തിനകം പുറത്തിറക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവ് പുറത്തിറക്കുന്നതിന് പലപ്പോഴും കാലതാമസമുണ്ടാകുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള മന്ത്രിസഭാ തീരുമാനങ്ങളിൽ ഇനിയും ഉത്തരവ് പുറത്തിറക്കാത്തവ എത്രയെണ്ണം; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മന്ത്രിസഭാ തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന കാര്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളാ സെക്രട്ടേറിയറ്റ് മാന്വൽ ഖണ്ഡിക 190 (ix)-ൽ മന്ത്രിസഭാ യോഗ തീരുമാനം ബന്ധപ്പെട്ട സെക്രട്ടറിക്ക് ലഭിച്ചാൽ അന്നുതന്നെ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മന്ത്രിസഭായോഗ തീരുമാനത്തിന്മേലുള്ള ഉത്തരവ് തീരുമാനം ലഭിച്ച് 48 മണിക്കൂറിനകം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ചീഫ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ബി) നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി ആവശ്യമുള്ള തീരുമാനങ്ങളിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ അത്തരം തീരുമാനങ്ങൾ

നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 11-4-2017 വരെ നടന്ന 52 മന്ത്രിസഭായോഗങ്ങളിലായി 912 തീരുമാനങ്ങൾ എടുത്തിരുന്നു. അതിൽ ഇനിയും ഉത്തരവ് പുറപ്പെടുവിക്കാത്തവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ചില മന്ത്രിസഭായോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി മുൻപ് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ മന്ത്രിസഭാ തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന കാര്യം വ്യക്തിപരമായി നിരീക്ഷിച്ച് ഉറപ്പുവരുത്താൻ അപ്പോൾതന്നെ എല്ലാ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ഉദ്യോഗസ്ഥരുടെ സ്വകാര്യ ട്യൂഷൻ**

33 (33) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ സ്വകാര്യ ട്യൂഷനും എൻട്രൻസ് കോച്ചിങ്ങും നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വിശദമാക്കാമോ;

(സി) കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇവരിൽ ആരുടെയൊക്കെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ചികിത്സാ പദ്ധതികൾ**

34 (34) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മാരകരോഗങ്ങൾ, അപകടങ്ങൾ മുതലായവമൂലം കഷ്ടപ്പെടുന്നവരുടെ ചികിത്സയ്ക്ക് നിലവിൽ സംവിധാനമുണ്ടോ; ഇതിനായി പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. 10-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ശിപാർശയനുസരിച്ചും 2017-2018 ബജറ്റ് പ്രസംഗത്തിലെ 92-ാം ഖണ്ഡികയിൽ പ്രതിപാദിച്ചതും പ്രകാരം സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് മന്ത്രിസഭാ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇതിനായി സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് മന്ത്രിസഭാ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

**ഫയൽനീക്കം**

35 (36) <u>ശ്രീ. മോൻസ് ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ നടപ്പാക്കുന്ന ഇ -ഓഫീസ് സംവിധാനം എം.എൽ.എ. മാർക്കും അനുവദിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) ഫയൽനീക്കം മനസ്സിലാക്കുന്നതിന് എം.എൽ.എ.-മാർക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന സംവിധാനം വ്യക്തമാക്കുമോ; പുതുതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; ഇവ എന്നത്തേയ്ക്ക് നടപ്പിൽവരും എന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ.-മാരുടെ ശിപാർശയോടെ നൽകുന്ന പരാതികളുടെ പുരോഗതി അറിയുന്നതിന് എന്തുതരം സംവിധാനമാണ് സർക്കാർ ഒരുക്കിയിരിക്കുന്നത് എന്നറിയിക്കുമോ;

(ഡി) എം.എൽ.എ. നൽകുന്ന പരാതികൾക്ക് മന്ത്രിമാർ യഥാസമയം മറുപടിപോലും നൽകാത്ത സാഹചര്യം സർക്കാർ പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ-സി) പൊതുജനങ്ങൾക്കും എം.എൽ.എ.-മാർക്കും ഫയൽനീക്കം സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഐ.ഡി.-യും പാസ്‌വേർഡും ഇല്ലാതെ തന്നെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്. എം.എൽ.എ.-മാരുടെ ശിപാർശയോടെ നൽകുന്ന പരാതികളും നിർദ്ദേശങ്ങളും സംബന്ധിച്ച ഫയൽ നീക്കങ്ങൾ ഈ സംവിധാനത്തിലൂടെ അറിയുവാൻ സാധിക്കും.

സെക്രട്ടേറിയറ്റിലെ ഭൂരിപക്ഷം ഫയലുകളും ഇ-ഓഫീസ് സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്യുന്നത് എന്ന സാഹചര്യത്തിലും, ഫയൽ നീക്കങ്ങളുടെ തൽസ്ഥിതി അറിയുവാൻ മേൽ സംവിധാനം പര്യാപ്തമായതിനാലും പുതിയ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ഡി) എം.എൽ.എ.-മാർ നൽകുന്ന പരാതികൾക്ക് മന്ത്രിമാർ യഥാസമയം മറുപടി നൽകാത്ത സാഹചര്യം വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**യാത്രാപ്പടി തുക**

36 (37) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവർ ഓരോരുത്തരും കൈപ്പറ്റിയ ശമ്പളം, അലവൻസ്, യാത്രാപ്പടി എന്നിവ എത്രയെന്ന വിശദാംശം നൽകുമോ;

(ബി) ഫോൺ ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, അതിഥി സൽക്കാരം എന്നീ ഇനങ്ങളിൽ ഓരോരുത്തരും ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ ഓരോരുത്തരും കൈപ്പറ്റിയ ശമ്പളം, അലവൻസ്, യാത്രാപ്പടി എന്നിവ എത്രയെന്ന വിശദാംശം അനുബന്ധം-എ ആയി ചേർക്കുന്നു.*

(ബി) ഫോൺ ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, അതിഥിസൽക്കാരം എന്നീ ഇനങ്ങളിൽ ഓരോരുത്തരും ചെലവഴിച്ച തുക അനുബന്ധം-ബി ആയി ചേർക്കുന്നു.*

**മന്ത്രിമാരുടെ രാജി**

37 (38) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിസഭയിൽ നിന്ന് എത്ര മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി എന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇവർ രാജിവയ്ക്കുവാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും വിശദീകരിക്കുമോ;

(സി) രാജിക്ക് കാരണങ്ങളായ വിഷയങ്ങളെക്കുറിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടക്കുന്നത്; അന്വേഷണങ്ങളുടെ നിലവിലുള്ള അവസ്ഥ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ മന്ത്രിസഭയിൽനിന്നും രണ്ട് മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി.

1. ശ്രീ. ഇ. പി. ജയരാജൻ

2. ശ്രീ. എ. കെ. ശശീന്ദ്രൻ

(ബി) പൊതുമേഖലാ സ്ഥാപനത്തിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേടുണ്ടെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ ശ്രീ. ഇ. പി. ജയരാജനും, ഒരു സ്വകാര്യ ടെലിവിഷൻ പുറത്തുവിട്ട ശബ്ദരേഖയെ സംബന്ധിച്ചുണ്ടായ ആരോപണത്തെ തുടർന്ന് ശ്രീ. എ. കെ. ശശീന്ദ്രനും മന്ത്രിസഭയിൽനിന്ന് രാജിവയ്ക്കുകയുണ്ടായി.

(സി) ശ്രീ. ഇ. പി. ജയരാജനെതിരെ ക്യു.വി. 20/2016/എസ്.ഐ.യു. 2 നമ്പരായി സത്വരാന്വേഷണം നടത്തുകയും തുടർന്ന് വി.സി.01/ 2017/എസ്.ഐ.യു. 2 നമ്പരായി വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. ഇ. പി. ജയരാജൻ ഫയൽ ചെയ്ത സി.എം.സി. 2839/17-ലെ ഉത്തരവ് പ്രകാരം ടി കേസ്സ് നിലവിൽ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രനെതിരെ 26-3-2017-ൽ സ്വകാര്യ ടെലിവിഷൻ ചാനലിൽ സംപ്രേക്ഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി. എസ്. ആന്റണിയെ 31-3-2017-ലെ സർക്കാർ വിജ്ഞാപനം നമ്പർ 29780/എസ്.എസ്.എ./2/2017/ആഭ്യന്തരം പ്രകാരം ജുഡീഷ്യൽ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. 3-4-2017-ന് ശ്രീ. പി. എസ്. ആന്റണി അന്വേഷണ കമ്മീഷനായി ചുമതലയേറ്റിട്ടുണ്ട്. ശ്രീ. എ. കെ. ശശീന്ദ്രൻ രാജി വയ്ക്കാനുണ്ടായ വിഷയവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിൽ 2 കേസ്സുകൾ (ക്രൈം നമ്പർ 51/സി.ആർ./2017, ക്രൈം നമ്പർ 52/സി.ആർ./2017) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസ്സിൽ 5 പ്രതികളെ അറസ്റ്റു ചെയ്തിട്ടുള്ളതും അവരെല്ലാം തന്നെ കോടതി മുഖാന്തരം ജാമ്യം നേടിയിട്ടുള്ളതുമാണ്.

**ഉപദേശകരും കോ-ഓർഡിനേറ്റർമാരും**

38 (39) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ ഓഫീസുകളിൽ എത്ര ഉപദേശകരും കോ-ഓർഡിനേറ്റർമാരുമുണ്ടെന്നും അവരുടെ പേരുവിവരവും വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ ഇവർക്കുവേണ്ടി ശമ്പളം, വാഹനം, വാസഗേഹം, ടി.എ,

ഡ്രൈവർമാർ ഉൾപ്പടെ അനുവദിച്ച ജീവനക്കാർക്കുവേണ്ടി ചെലവിട്ട തുക, ഇന്ധനം, ടി.എ. എന്നിവയ്ക്കെല്ലാം കൂടി എത്ര തുക ഇതേവരെ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ മേഖലകളിലായി മുഖ്യമന്ത്രിക്ക് നിലവിൽ 6 ഉപദേശകരുണ്ട്.

| | | |
|---|---|---|
| ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവ് | - | ശ്രീ. രമൺ ശ്രീവാസ്തവ |
| ശാസ്ത്ര ഉപദേഷ്ടാവ് | - | ശ്രീ. എം. ചന്ദ്രദത്തൻ |
| സാമ്പത്തിക ഉപദേഷ്ടാവ് | - | ശ്രീമതി ഗീതാഗോപിനാഥ് |
| നിയമ ഉപദേഷ്ടാവ് | - | ഡോ. എൻ. കെ. ജയകുമാർ |
| മീഡിയ ഉപദേഷ്ടാവ് | - | ശ്രീ. ജോൺ ബ്രിട്ടാസ് |
| പ്രസ് അഡ്വൈസർ | - | ശ്രീ. പ്രഭാകരവർമ്മ |

മറ്റ് മന്ത്രിമാർക്കാർക്കും തന്നെ ഉപദേശകരെയോ, കോ-ഓർഡിനേറ്റർമാരെയോ നിയമിച്ചിട്ടില്ല.

(ബി) മേൽ പരാമർശിച്ചിട്ടുള്ള ഉപദേഷ്ടാക്കളിൽ പ്രസ്സ് അഡ്വൈസർ ശ്രീ. പ്രഭാകരവർമ്മയെ 93,000-1,20,000 എന്ന ശമ്പളസ്കെയിലിലും ഡോ. എൻ. കെ. ജയകുമാറിനെ പുനർ നിയമന വ്യവസ്ഥയിൽ 77,400-1,15,200 എന്ന ശമ്പള സ്കെയിലിൽ അഡ്വൈസർ (ലോ) ആയും പ്രതിഫലം നൽകിക്കൊണ്ട് നിയമിച്ചിട്ടുണ്ട്. 2017 മാർച്ച് മാസം വരെ ഡോ. എൻ. കെ. ജയകുമാറിന് 9,85,935 രൂപയും ശ്രീ. എൻ. പ്രഭാകരവർമ്മയ്ക്ക് 10,57,070 രൂപയും ശമ്പളയിനത്തിൽ നൽകിയിട്ടുണ്ട്. മറ്റ് ഉപദേശകരെല്ലാം പ്രതിഫലം കൂടാതെയാണ് സേവനമനുഷ്ഠിക്കുന്നത്. വാസഗേഹം അനുവദിച്ചിട്ടില്ല. വാഹനം ടൂറിസം വകുപ്പിൽനിന്നാണ് അനുവദിച്ചിട്ടുള്ളത്.

ഇവരുടെ വാഹനം, ടി.എ., ഡ്രൈവർമാർ ഉൾപ്പെടെ അനുവദിച്ച ജീവനക്കാർക്കുവേണ്ടി ചെലവഴിച്ച തുക, ഇന്ധനം, ടി.എ. എന്നിവയ്ക്ക് ചെലവായ തുക സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

**പേഴ്സണൽ സ്റ്റാഫ്**

39 (40) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഏതെങ്കിലും അംഗത്തെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം സ്റ്റാഫ് അംഗങ്ങളെ ഏതെല്ലാം തീയതികളിൽ സ്റ്റാഫിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ തുടരവേ സ്വയം തീരുമാനിച്ച് രാജിവെച്ചു പോയവർ എത്ര; മന്ത്രിമാർ ഒഴിവാക്കിയവർ എത്ര;

(ഡി) ഇവർ ഓരോരുത്തരും രാജിവച്ച് പോകാനോ ഒഴിവാക്കപ്പെടാനോ ഇടയായ കാരണങ്ങൾ എന്തായിരുന്നു; വെളിപ്പെടുത്തുമോ;

(ഇ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും രാജിവച്ച് പോയവരിൽ സർക്കാർ സർവ്വീസിൽ നിന്നുള്ളവർ ആരൊക്കെയായിരുന്നു; നേരിട്ട് നിയമനം ലഭിച്ചവർ ആരൊക്കെയായിരുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആരെയും ഒഴിവാക്കിയിട്ടില്ല. പേഴ്സണൽ സ്റ്റാഫിൽനിന്നും ചിലരെ വിട്ടുതൽ ചെയ്തിട്ടുണ്ട്. അവരെ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(സി) ആരും തന്നെ പേഴ്സണൽ സ്റ്റാഫിൽനിന്നും രാജിവച്ചു പോയിട്ടില്ല. വ്യക്തിപരമായ കാരണങ്ങളാൽ, ബന്ധപ്പെട്ട മന്ത്രിയുടെ അനുമതിയോടുകൂടി, പേഴ്സണൽ സ്റ്റാഫിൽനിന്നും വിടുതൽ നേടിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ശ്രീ. കെ. ജയകുമാർ - പൊതുമരാമത്ത്-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

ഡോ. സെയ്തലവി സി. - തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

ശ്രീ. സി. രാജേന്ദ്രൻ - നിയമ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്കസമുദായക്ഷേമ വകുപ്പുമന്ത്രിയുടെ കുക്ക്

(ഡി) പേഴ്സണൽ സ്റ്റാഫിലെ നിയമനവും വിടുതലും ബന്ധപ്പെട്ട മന്ത്രിയുടെ താൽപ്പര്യപ്രകാരമാണ് ചെയ്യുന്നത്.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിദേശ യാത്രകൾ**

40 (41) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി ,മന്ത്രിമാർ എന്നിവർ നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ വിദേശയാത്രകൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിനായി ഇതുവരെ എന്തു തുക റ്റി.എ, ടി.എ ഇനത്തിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) മുഖ്യമന്ത്രി 21-12-2016 മുതൽ 24-12-2016 വരെ നടത്തിയ ദുബായ് യാത്രയ്ക്ക് റ്റി.എ., ടി.എ. ഇനത്തിൽ 3850 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. വിമാനയാത്രക്കൂലിയിനത്തിൽ ചെലവായ തുക മടക്കി നൽകിയിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്ക്, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് എന്നിവർക്ക് 4-9-2016-ന് നടത്തിയ വത്തിക്കാൻ യാത്രയ്ക്ക് 1,66,693 (ഒരു ലക്ഷത്തി അറുപത്തി ആറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ടി യാത്രയുമായി ബന്ധപ്പെട്ട് ശ്രീ. മാത്യു ടി. തോമസിന് അനാമത്ത് ചെലവിനത്തിൽ 250 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

**സ്വാതന്ത്ര്യസമര പെൻഷൻ**

41 (42) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ വർഗ്ഗീസ് കുമരിയ്ക്കൽ, കുമരിയ്ക്കൽ വീട്, ചിറങ്ങര, കൊരട്ടി. P.O -യ്ക്ക് സ്വാതന്ത്ര്യസമര പെൻഷൻ ലഭിയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ ലഭിയ്ക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രീ. വർഗ്ഗീസ് കുമരിയ്ക്കലിന്റെ അപേക്ഷ സർക്കാരിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**ഡൽഹി യാത്ര**

42 (43) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസർക്കാരിൽ നിന്നും വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും എത്ര തവണ ഔദ്യോഗികമായി ഡൽഹി യാത്ര നടത്തിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ബി) ഈ ഇനത്തിൽ സംസ്ഥാന ഖജനാവിൽ നിന്ന് എത്ര തുക ചെലവായിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ ഡൽഹി സന്ദർശനം**

43 (44) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മുഖ്യമന്ത്രി എത്ര തവണ ഡൽഹി സന്ദർശിക്കുകയുണ്ടായി; ഇതിൽ ഔദ്യോഗിക സന്ദർശനങ്ങൾ എത്രയായിരുന്നു;

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന ഏതെങ്കിലും കാര്യത്തിൽ പ്രതിഷേധിക്കുന്നതിനായി ന്യൂഡൽഹിയിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമരം ചെയ്യുകയുണ്ടായോ; എങ്കിൽ ഏത് കാര്യത്തിനുവേണ്ടിയായിരുന്നു എന്നും അതിന്റെ ഫലമായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും അനുകൂല പ്രതികരണം ഉണ്ടായോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മുഖ്യമന്ത്രി 11 തവണ ഡൽഹി സന്ദർശിക്കുകയുണ്ടായി. ഇതിൽ 10 എണ്ണം ഔദ്യോഗിക സന്ദർശനങ്ങളായിരുന്നു.

(ബി) ന്യൂഡൽഹിയിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമരം നടത്തിയിട്ടില്ല.

**സുതാര്യ കേരളം പദ്ധതി**

44 (45) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുതാര്യ കേരളം പരിപാടി നിർത്തലാക്കുന്നതിന് സർക്കാർ

തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ കാരണം വിശദമാക്കുമോ

(ബി) പൊതുജനങ്ങൾക്ക് മുഖ്യമന്ത്രിയെ നേരിട്ട് ബന്ധപ്പെടുന്നതിനും പരാതി അറിയിക്കുന്നതിനും ഏതെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത്;

(സി) ഇരുപത്തിനാലു മണിക്കൂറും മുഖ്യമന്ത്രിയുടെ ഓഫീസുമായി ടെലഫോണിൽ ബന്ധപ്പെടുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എവിടെ നിന്നുമുള്ള പരാതികൾ തൽസമയം തന്നെ മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കെത്തുംവിധം ഒരു ഏകീകൃത സംവിധാനമായ 'സ്റ്റേയിറ്റ് ഫോർവേഡ്' എന്ന ഐ.ടി. അധിഷ്ഠിത പദ്ധതി ചിട്ടപ്പെടുത്തിയിരിക്കുന്നതിനാൽ സുതാര്യ കേരളം പദ്ധതിയുടെ ഭാഗമായുള്ള പരാതി പരിഹാരം തേടുന്ന സംവിധാനം നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തി വരുന്ന സുതാര്യ കേരളം ടെലിവിഷൻ പരിപാടി - " നാം മുന്നോട്ട്" തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓഫീസിലുള്ള ദിവസങ്ങളിൽ സന്ദർശന സമയത്ത് പൊതുജനങ്ങൾക്ക് മുഖ്യമന്ത്രിയെ നേരിട്ട് കാണുവാനും നിവേദനങ്ങൾ സമർപ്പിക്കുന്നതിനും സൗകര്യമുണ്ട്. മാത്രമല്ല പരാതി നേരിട്ടു സ്വീകരിക്കുന്നതിന് " സ്റ്റേയിറ്റ് ഫോർവേർഡ്" എന്ന സംവിധാനവും ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തപാൽ, ഇ-മെയിൽ മുതലായ സൗകര്യങ്ങൾ മുഖേനയും പൊതുജനങ്ങൾക്ക് പരാതികളും നിവേദനങ്ങളും സമർപ്പിക്കാവുന്നതാണ്. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന നിവേദനങ്ങളും മറ്റും കൈകാര്യം ചെയ്യുന്നതിനുള്ള ഏകീകൃത സംവിധാനമായ സി.എം.ഒ. സോഫ്റ്റ്‌വെയറിൽ ലോകത്തിന്റെ ഏത് ഭാഗത്തിൽനിന്നും പൊതുജനങ്ങൾക്ക് പരാതികൾ/ നിവേദനങ്ങൾ സമർപ്പിക്കാവുന്നതാണ്.

(സി) ഇല്ല.

**ഡെപ്യൂട്ടേഷനിലുള്ള സർക്കാർ ജീവനക്കാർ**

45 (46) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അതിൽ ഡെപ്യൂട്ടേഷനിൽ ഉള്ള സർക്കാർ ജീവനക്കാർ ആരെല്ലാമാണ്;

(ബി) ഇതിന് പുറമേ ടൂറിസത്തിൽ നിന്നും എത്രപേർ വസതിയിൽ ഉൾപ്പെടെ ജോലി നോക്കുന്നു;

(സി) മുഖ്യമന്ത്രിയുടെ വിവിധ ഉപദേശകരായി എത്രപേരെ

നിയോഗിച്ചിട്ടുണ്ട്; ഉപദേശകർക്കും പ്രസ്തുത സ്റ്റാഫിനുമായി ഒരു മാസം എത്ര രൂപ ചെലവാകുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 23 പേർ. ഡെപ്യൂട്ടേഷനിൽ ആരുമില്ല.

(ബി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ ടൂറിസം വകുപ്പിൽനിന്നും ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരനും 11 ദിവസ വേതനക്കാരും ജോലി ചെയ്യുന്നു.

(സി) 8 പേരെ;

5 പേരെ പ്രതിഫലം കൂടാതെ സേവനം അനുഷ്ഠിക്കുമെന്ന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ഡെവലപ്മെന്റ് അഡ്വൈസർക്ക് 92,922 രൂപയും അഡ്വൈസർ (ലാ)-ക്ക് 1,01,756 രൂപയും അഡ്വൈസർ (പ്രസ്സ്)-ന് 1,04,870 രൂപയും ശമ്പളവും മറ്റ് അലവൻസുകളുമായി പ്രതിമാസം നൽകുന്നുണ്ട്.

ശാസ്ത്ര ഉപദേഷ്ടാവിന് 36,097 രൂപയും വികസന ഉപദേഷ്ടാവിന് 37,736 രൂപയും വാഹനത്തിന് ഇന്ധനത്തിനും ഡ്രൈവറുടെ ശമ്പള ഇനത്തിലും പ്രതിമാസം ചെലവാകുന്നുണ്ട്.

**ഉപദേശകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

46 (47) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് വിവിധ മേഖലകളിലായി ഇപ്പോൾ എത്ര ഉപദേശകരുണ്ട്;

(ബി) പോലീസ്, ശാസ്ത്രം, സാമ്പത്തികം, വികസനം, നിയമം, മാധ്യമം എന്നീ മേഖലകളിൽ മുഖ്യമന്ത്രിയുടെ ഉപദേശകർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ഉപദേശകർ എന്ന നിലയിൽ ഇവർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിവിധ മേഖലകളിലായി മുഖ്യമന്ത്രിക്ക് നിലവിൽ 6 ഉപദേശകരുണ്ട്.

(ബി) ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവ് - ശ്രീ. രമൺ ശ്രീവാസ്തവ

ശാസ്ത്ര ഉപദേഷ്ടാവ് - ശ്രീ. എം. ചന്ദ്രദത്തൻ

| | | |
|---|---|---|
| സാമ്പത്തിക ഉപദേഷ്ടാവ് | - | ശ്രീമതി ഗീതാ ഗോപിനാഥ് |
| നിയമ ഉപദേഷ്ടാവ് | - | ഡോ. എൻ. കെ. ജയകുമാർ |
| മീഡിയ ഉപദേഷ്ടാവ് | - | ശ്രീ. ജോൺ ബ്രിട്ടാസ് |
| പ്രസ് അഡ്വൈസർ | - | ശ്രീ. പ്രഭാകരവർമ്മ |
| വികസനം | - | ഉപദേഷ്ടാവിനെ നിയമിച്ചിട്ടില്ല. |

(സി) മുഖ്യമന്ത്രിയുടെ സയന്റിഫിക്ക് അഡ്വൈസറായ ശ്രീ. എം. ചന്ദ്രദത്തൻ, മീഡിയ അഡ്വൈസറായ ശ്രീ. ജോൺ ബ്രിട്ടാസ്, സാമ്പത്തിക ഉപദേഷ്ടാവായ ശ്രീമതി ഗീതാ ഗോപിനാഥ്, ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവായ ശ്രീ. രമൺ ശ്രീവാസ്തവ എന്നിവർ പ്രതിഫലം കൂടാതെ സേവനമനുഷ്ഠിക്കുമെന്ന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ പ്രസ് അഡ്വൈസറായ ശ്രീ. പ്രഭാകരവർമ്മയെ 93,000-1,20,000 എന്ന ശമ്പളസ്കെയിലിലും അഡ്വൈസർ (ലോ) ആയ ഡോ. എൻ. കെ. ജയകുമാറിനെ 77,400-1,15,200 എന്ന ശമ്പളസ്കെയിലിൽ പുനർനിയമന വ്യവസ്ഥയിൽ പ്രതിഫലം നൽകിക്കൊണ്ട് നിയമിച്ചിട്ടുണ്ട്. ഉപദേശകർ ആവശ്യപ്പെടുന്നതനുസരിച്ച് സെക്രട്ടേറിയറ്റിൽ ഓഫീസ് സൗകര്യവും ടൂറിസം വകുപ്പിൽനിന്ന് വാഹന സൗകര്യവും നൽകിവരുന്നുണ്ട്.

## അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

47 (48) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയവയിലെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ റാങ്ക് പട്ടിക 8-4-2016-നാണ് നിലവിൽ വന്നത്. പ്രസ്തുത ലിസ്റ്റിൽനിന്നും 135 (നൂറ്റി മുപ്പത്തഞ്ച്) പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 24 ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ പുരോഗതി ഓരോ മാസവും വിലയിരുത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിന് സർക്കാർ ഒരു പുതിയ സോഫ്റ്റ്വെയർ 'VARAM' (Vacancy Arising, Reporting and Monitoring System) വികസിപ്പിച്ചിട്ടുണ്ട്. 2017 ഫെബ്രുവരി മാസം മുതൽ ഓരോ മാസത്തിലുമുണ്ടാകുന്ന ഒഴിവുകളുടെ വിവരങ്ങൾ തൊട്ടടുത്ത മാസം 10-ാം തീയതിക്കുമുമ്പായി എല്ലാ വകുപ്പുകളും നിർബന്ധമായും VARAM Software മുഖേന റിപ്പോർട്ട് ചെയ്യുവാനും ആയതിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

**വാഹനങ്ങൾ വാങ്ങൽ**

48 (49) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്കോരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഓരോ വാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി വാഹനങ്ങൾ വാങ്ങിയിട്ടില്ല.

**ഇ-ഫയലിംഗ് സിസ്റ്റം**

49 (50) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് മാസത്തിൽ സാമ്പത്തിക വർഷം അവസാനിക്കുന്ന ദിവസങ്ങളിൽ സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സിസ്റ്റം ഉച്ചവരെ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂവെന്ന മാധ്യമവാർത്തകളും ജനങ്ങളുടെ പരാതികളും ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സ്ഥിതിവിശേഷംമൂലം സർക്കാരിന് അനുഭവപ്പെട്ടിട്ടുള്ള

പ്രയാസങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത വിഷയത്തിൽ സംഭവിച്ചിട്ടുള്ള കാര്യങ്ങളുടെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) 2017 മാർച്ച് മാസാന്ത്യം ഇ-ഓഫീസ് സംവിധാനം 3 മണിക്കും 5 മണിക്കുമിടയിൽ മന്ദഗതിയിലായത് വിവര സാങ്കേതിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. സെക്രട്ടേറിയറ്റ് വകുപ്പുകളുടെ പ്രവർത്തനത്തെ ഒരു പരിധി വരെ ഇതു ബാധിച്ചിരുന്നു. സാമ്പത്തിക വർഷാവസാനമായതിനാൽ ഫയലുകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനയുണ്ടായതും, കൂടുതൽ ഫയലുകൾ ഇ-ഓഫീസ് സോഫ്റ്റ്വെയറിൽ ഒരേ സമയം കൈകാര്യം ചെയ്യേണ്ടി വന്നതുമൂലവും, ഉച്ചയ്ക്ക് 3 മണിക്ക് ശേഷം പൊതുജനങ്ങളുടെ ഫയൽ സംബന്ധിച്ച അന്വേഷണങ്ങൾക്കായി ഇ-ഫയലിംഗ് സിസ്റ്റം കൂടുതലായി ഉപയോഗിച്ചതിന്റെ ഫലമായും സെർവറിനുണ്ടായ പ്രവൃത്തിഭാരം ഇ-ഓഫീസ് സംവിധാനത്തെ സാരമായി ബാധിച്ചുവെന്നാണ് വകുപ്പിന്റെ പ്രാഥമിക നിഗമനം എന്നാൽ ഏപ്രിൽ മാസത്തോടെ ഇ-ഓഫീസിന്റെ പ്രവർത്തനം സാധാരണ നിലയിലായിട്ടുണ്ട്.

(സി) ഇ-ഓഫീസ് സംവിധാനത്തിൽ നേരിട്ട പ്രയാസം സംബന്ധിച്ച് ആപ്ലിക്കേഷൻ ഡെവലപ്പറായ എൻ.ഐ.സി.യുടെ ടീം, കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന്റെ സാങ്കേതിക സഹായികൾ, കെൽട്രോണിന്റെ നെറ്റ് വർക്ക് ടീം, SeMT എന്നിവർ പരിശോധന നടത്തുകയും ഒരു പരിധി വരെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം പ്രവർത്തിക്കുന്ന ഹാർഡ് വെയർ, നെറ്റ് വർക്ക്, സെർവറുകൾ എന്നിവയിൽ പ്രശ്നങ്ങളൊന്നുംതന്നെ ഇല്ലെന്നും ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തനയോഗ്യമാണെന്നും സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ എൻ.ഐ.സി.യുടെ ഇ-ഓഫീസ് ആപ്ലിക്കേഷൻ/ സെർവറിന്റെ ഭാഗത്ത് നേരിട്ട പ്രശ്നം സംബന്ധിച്ച് യഥാർത്ഥ വസ്തുത ഇ-ഓഫീസ് ആപ്ലിക്കേഷൻ നിയന്ത്രിക്കുന്ന എൻ.ഐ.സി. വ്യക്തമാക്കിയിട്ടില്ല.

(ഡി&ഇ) മേൽ പ്രശ്നം സംബന്ധിച്ച് വകുപ്പുതലത്തിലും സെക്രട്ടറി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ആപ്ലിക്കേഷൻ സൈഡിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ എൻ.ഐ.സി.-ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണി

50 (51) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വസതിയിലും എത്ര തവണ മോടിപിടിപ്പിക്കലും അറ്റകുറ്റപ്പണിയും നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഔദ്യോഗിക വസതിക്കായി സർക്കാർ വാടകക്കെട്ടിടങ്ങൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ നടത്തിയ വർക്കുകളുടെയും വാങ്ങിയ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അറ്റകുറ്റപ്പണിക്കുവേണ്ടി ആകെ 73,39,279 രൂപയും വീടുകൾ മോടിപിടിപ്പിക്കുന്നതിനായി ആകെ 3,35,399 രൂപയും ചെലവായിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഔദ്യോഗിക വസതിക്കായി വാടകക്കെട്ടിടങ്ങൾ എടുത്തിട്ടില്ല.

### പ്രത്യേക വകുപ്പ്

51 (52) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ വകുപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ സാമൂഹികനീതി വകുപ്പിന് കീഴിലുള്ള വനിതാ സ്കീമുകൾ പുതിയ വകുപ്പിലേയ്ക്ക് മാറ്റുമ്പോൾ പൂർത്തീകരിക്കപ്പെടാത്ത പദ്ധതികൾക്ക് പ്രത്യേക പരിരക്ഷ നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. ബഹുമാനപ്പെട്ട കേരള ഗവർണറുടെ 24-6-2016-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ചകൾ**

52 (53) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്രധാനമന്ത്രിയെ ഏറ്റവുമൊടുവിൽ മുഖ്യമന്ത്രി സന്ദർശിച്ചത് എപ്പോഴായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി ഡൽഹിയിൽ സന്ദർശിക്കുകയുണ്ടായി;

(സി) ഓരോ ഔദ്യോഗിക സന്ദർശനവേളയിലും സംസ്ഥാനത്തിൻെറ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി;

(ഡി) ഉന്നയിച്ച ഏതെല്ലാം കാര്യങ്ങളിൽ ഓരോ ഘട്ടത്തിലും പ്രധാനമന്ത്രിയിൽ നിന്നും ഉറപ്പ് ലഭിക്കുകയുണ്ടായി;

(ഇ) പ്രധാനമന്ത്രി, മുഖ്യമന്ത്രിക്ക് നൽകിയ ഏതെല്ലാം ഉറപ്പുകൾ ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നു; നടപ്പാക്കിയ ഉറപ്പുകൾ വിശദമാക്കുമോ?

ഉത്തരം

(എ) 23-1-2017-ലാണ് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ ഏറ്റവുമൊടുവിൽ സന്ദർശിച്ചത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് തവണ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി ഡൽഹിയിൽ സന്ദർശിക്കുകയുണ്ടായി.

(സി) സന്ദർശനവേളയിൽ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ മുഖ്യമന്ത്രി ഉന്നയിക്കുകയുണ്ടായി.

- സംസ്ഥാനത്ത് കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രസഹായം സംബന്ധിച്ച്
- ഇറക്കുമതി ചുങ്കം കുറയ്ക്കുന്നത് സംബന്ധിച്ച്
- കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച്
- കൊച്ചിയിൽ ഫാർമ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച്
- വിഴിഞ്ഞം തുറമുഖം പദ്ധതി സംബന്ധിച്ച്
- കേരളത്തിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) ആരംഭിക്കുന്നത് സംബന്ധിച്ച്
- വെട്ടിക്കുറച്ച അരി വിഹിതം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്
- നോട്ട് നിരോധനം കേരളത്തിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ സംബന്ധിച്ച്
- അങ്കമാലി-ശബരി റെയിൽപാത പദ്ധതി സംബന്ധിച്ച്
- ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിന് 450 കോടി അനുവദിക്കുന്നത് സംബന്ധിച്ച്

(ഡി&ഇ) മേൽ വിവരിച്ച വിഷയങ്ങളിൽ കേരളത്തിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) ആരംഭിക്കണമെന്ന ആവശ്യം 6-11-2016-ൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം നിരസിച്ചിരുന്നു. സംസ്ഥാനം മുന്നോട്ടുവച്ച മറ്റ് ആവശ്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം ലഭ്യമായിട്ടില്ല.

## സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

53 (54) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ കേന്ദ്ര പൊതുബജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി; ഇവയിൽ പരിഗണിക്കപ്പെട്ടവ ഏതൊക്കെയാണ്; പരിഗണിക്കപ്പെടാതെ പോയവ ഏതൊക്കെയാണ്;

(ബി) ബജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ; എങ്കിൽ എപ്പോൾ; നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബജറ്റിന് മുൻപ് മുഖ്യമന്ത്രി ആരെല്ലാമായി നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി; ഈ രംഗത്ത് സംസ്ഥാനത്തുനിന്നുള്ള എം.പി.-മാരെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി. നിയമനം**

54 (55) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ പി.എസ്.സി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം 31-3-2017 വരെയുള്ള കാലയളവിൽ 36047 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ**

55 (56) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണ കാലയളവിൽ അഴിമതി, കൈക്കൂലി തുടങ്ങി ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടെ പ്രതികളായവരും അന്വേഷണം നേരിടുന്നവരും കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുമായ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർവ്വീസിൽ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടവർ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സർവ്വീസിലെ ഇത്തരം ദുഷ്പ്രവണതകൾ ഇല്ലാതാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2794-പേർ

(സി) സംസ്ഥാന സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തുക, ആക്ഷേപമുള്ള ഓഫീസുകളിൽ മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി " കൺകറന്റ് വിജിലൻസ്" (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24-6-2016-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച " Zero tolerance to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനുവേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇതര ജനവിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്.

**ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

56 (57) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉയർന്ന തസ്തികകളായ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തസ്തികകൾ എത്ര എണ്ണം വീതം ഒഴിഞ്ഞുകിടക്കുന്നുണ്ട്; ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികകൾ നികത്തുന്നതിനായി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പല വകുപ്പ് സെക്രട്ടറിമാരും ഒന്നിലധികം വകുപ്പുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നതു കൊണ്ട് അവർക്ക് വർദ്ധിച്ച ജോലിഭാരം വരുന്നത് കണക്കിലെടുത്ത് എസ്.എ.എസ്. രൂപീകരിക്കുന്നതടക്കമുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഉന്നത തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തസ്തികകളൊന്നും തന്നെ ഒഴിഞ്ഞ് കിടക്കുന്നില്ല. ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. ആകെ അനുവദനീയമായ തസ്തികകളിൽ നിലവിൽ കേരളത്തിൽ ഐ.എ.എസ്-ൽ

89 ഉദ്യോഗസ്ഥരുടെയും, ഐ.എഫ്.എസ്.-ൽ 35 ഉദ്യോഗസ്ഥരുടെയും, ഐ.പി.എസ്.-ൽ 50 പേരുടെയും കുറവുണ്ട്. നേരിട്ടുള്ള നിയമനത്തിൽ കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഉദ്യോഗസ്ഥരെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നിവയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) മധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിനും കഴിവുറ്റ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനുമായി 4-1-2017-ലെ G.O. (Ms)No.1/2017/P&ARD പ്രകാരം കെ.എ.എസ്. രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അഖിലേന്ത്യാ സർവ്വീസ്**

57 (58) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആർക്കെല്ലാം എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും എന്ത് കാരണത്താലാണ് നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ്. ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരും തന്നെ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടില്ല.

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള 5 ഉദ്യോഗസ്ഥർ

കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയിട്ടുണ്ട്. അവർ താഴെപ്പറയുന്നവരാണ്.

1) ശ്രീ. ഇന്ദർജിത്ത് സിംഗ് (ഐ.എ.എസ്.)

2) ശ്രീ. എസ്. സുരേഷ് (ഐ.പി.എസ്.)

3) ശ്രീ. ഡി. കെ. വർമ്മ (ഐ.എഫ്.എസ്.)

4) ശ്രീ. ആർ. കമലാഹർ (ഐ.എഫ്.എസ്.)

5) ശ്രീമതി ടി. ഉമ (ഐ.എഫ്.എസ്.)

(സി) പ്രസ്തുത കാലയളവിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതുമായി ബന്ധപ്പെട്ടും കളമശ്ശേരി ഭൂമിയിടപാടുമായി ബന്ധപ്പെട്ടും ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്.-നെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ അനധികൃത മണൽക്കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നിസ്സാര പിഴ ചുമത്തി വിട്ടയച്ചതുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് സാഗിർ ഐ.എ.എസ്.-നെതിരെയും, വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പനമരം ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ യൂണിറ്റിനായി കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് ഐസക് ഐ.എ.എസ്.(റിട്ട.)-നെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ നിയമസഭാ തെരഞ്ഞെടുപ്പ് കാലയളവിൽ മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ഇ. ദേവദാസൻ ഐ.എ.എസ്.-നെതിരെയും അച്ചടക്ക നടപടി നിലവിലുണ്ട്.

ശ്രീ. രാഹുൽ ആർ. നായർ ഐ.പി.എസ്.-നെതിരെ ടിയാൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായി ചുമതല വഹിക്കുന്ന സമയത്ത് ക്വാറി/മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങളിന്മേലും ശ്രീ. ജി. ലക്ഷ്മൺ ഐ.പി.എസ്. സപ്ലൈകോയുടെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിനെതിരെ ലഭിച്ച പരാതിയിന്മേലും ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഒഴിവുകൾ**

58 (59) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ :</u>
<u>ശ്രീ. സി. കെ. നാണു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അഖിലേന്ത്യാ സർവ്വീസിൽപെട്ട എത്ര പോസ്റ്റുകളിലാണ്

നിലവിൽ ഐ.എ.എസ്., ഐ.പി.എസ്. വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ അധികച്ചുമതല വഹിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഉദ്യോഗസ്ഥരുടെ അഭാവം മൂലമുള്ള ഭരണ തടസ്സങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ അടിയന്തര നടപടികളാണ് സർക്കാർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഭരണതലത്തിൽ നൈപുണ്യമുള്ള ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കാൻ ഇന്ത്യൻ റവന്യൂ സർവ്വീസ്, ഇന്ത്യൻ എഞ്ചിനീയറിംഗ് സർവ്വീസ്, ഇന്ത്യൻ എക്കണോമിക് സർവ്വീസ് എന്നിവയിൽ നിന്നു കൂടി ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്നത് പരിഗണിക്കുമോ;

(ഡി) കേരളത്തിലെ വിവിധ സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി പോസ്റ്റുകളിൽ അഖിലേന്ത്യാ സർവ്വീസിൽ നിന്ന് വിരമിച്ച എത്ര ഉദ്യോഗസ്ഥർ ജോലിചെയ്യുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഐ.എ.എസ്. കേഡർ തസ്തികകളിൽപ്പെട്ട 19 തസ്തികകളിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ അധികച്ചുമതല വഹിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർത്തിട്ടുണ്ട്.*

ഐ.പി.എസ്. വിഭാഗത്തിൽ അധികച്ചുമതല വഹിച്ചുവരുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർത്തിട്ടുണ്ട്.*

ഐ.എഫ്.എസ്. പോസ്റ്റുകളിൽ ഐ.എ.എസ്., ഐ.പി.എസ്. വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ അധിക ചുമതല വഹിക്കുന്നില്ല.

(ബി) നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികച്ചുമതല നൽകിയും നേരിട്ടുള്ള നിയമനത്തിൽക്കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഐ.എ.എസ്. ഉദ്യോഗസ്ഥരെ കേരള കേഡറിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കാൻ ശ്രമം നടത്തി വരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ദീർഘകാല അവധി**

59 (60) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്നും എന്തുകാരണത്താലാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ്. ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരുംതന്നെ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടില്ല.

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള 5 ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയിട്ടുണ്ട്. അവർ താഴെപ്പറയുന്നവരാണ്.

1) ശ്രീ. ഇന്ദർജിത്ത് സിംഗ് (ഐ.എ.എസ്.)

2) ശ്രീ. എസ്. സുരേഷ് (ഐ.പി.എസ്.)

3) ശ്രീ. ഡി. കെ. വർമ്മ (ഐ.എഫ്.എസ്.)

4) ശ്രീ. ആർ. കമലാഹർ (ഐ.എഫ്.എസ്.)

5) ശ്രീമതി ടി. ഉമ (ഐ.എഫ്.എസ്.)

(സി) പ്രസ്തുത കാലയളവിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതുമായി

ബന്ധപ്പെട്ടും കളമശ്ശേരി ഭൂമിയിടപാടുമായി ബന്ധപ്പെട്ടും ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്.-നെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ അനധികൃത മണൽക്കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നിസ്സാര പിഴ ചുമത്തി വിട്ടയച്ചതുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് സാഗിർ ഐ.എ.എസ്.-നെതിരെയും, വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പനമരം ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ യൂണിറ്റിനായി കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് ഐസക് ഐ.എ.എസ്.(റിട്ട.)-നെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ നിയമസഭാ തെരഞ്ഞെടുപ്പ് കാലയളവിൽ മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ഇ. ദേവദാസൻ ഐ.എ.എസ്.-നെതിരെയും അച്ചടക്ക നടപടി നിലവിലുണ്ട്. ശ്രീ. രാഹുൽ ആർ. നായർ ഐ.പി.എസ്.-നെതിരെ ടിയാൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായി ചുമതല വഹിക്കുന്ന സമയത്ത് ക്വാറി/മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങളിന്മേലും ശ്രീ. ജി. ലക്ഷ്മൺ ഐ.പി.എസ്. സപ്ലൈകോയുടെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിനെതിരെ ലഭിച്ച പരാതിയിന്മേലും ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്.

### ഇ.എ.ആർ.എ.എസ്. പദ്ധതി

60 (61) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) EARAS - (Establishment of an Agency for reporting of Agricultural Statistics) പദ്ധതികൾക്കായുള്ള നിയമനങ്ങൾ ഉൾപ്പെടെ മുഴുവൻ ചെലവുകളും കേന്ദ്രവിഹിതമാണോ; വിശദമാക്കാമോ;

(ബി) EARAS -ൽ നിലവിൽ എത്ര നിയമനങ്ങൾ നടത്താനാണ് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത്; നിയമനം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ എതുവരെയായെന്ന് വിശദമാക്കാമോ;

(സി) പൂർണ്ണമായും, നിയമനവും മറ്റു ചെലവുകളും കേന്ദ്ര വിഹിതമാണെന്ന് 14-3-2017 ലെ 3452 -ാം നമ്പർ നിയമസഭാ ചോദ്യത്തിന് മറുപടി പറയപ്പെട്ട EARAS -ൽ, 103 തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിൽ അയച്ച ഫയൽ 438361/EXP A 3/2017/ ഫിൻ. സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി തിരസ്കരിച്ച് തിരികെ അയയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന്

വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത ഫയലിൽ ഭരണവകുപ്പ് (827814/D2/16/pg), ധനവകുപ്പ് (438361/EXP A 3/2017/ഫിൻ.) ഉദ്യോഗസ്ഥർ എഴുതിയ കുറിപ്പ് ഫയൽ പകർപ്പ് ഉൾപ്പടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) EARAS -ൽ 103 തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയൽ പുനഃപരിശോധിച്ച് പൂർണ്ണമായും കേന്ദ്ര വിഹിതമായ പ്രസ്തുത പദ്ധതിയിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇ.എ.ആർ.എ.എസ്. പദ്ധതി 100% സെൻട്രൽ സെക്ടർ സ്കീമാണ്. ഈ പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ ചെലവുകളും കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും ഗ്രാന്റായി നൽകി വരുന്നു. നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശമ്പളയിനത്തിൽ കുറവുവരുന്ന തുക സംസ്ഥാന ബജറ്റിൽനിന്നും ചെലവഴിക്കുകയും അത് കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റായി ലഭിക്കണണമെന്ന പ്രതീക്ഷയിൽ ജീവനക്കാർക്ക് നൽകിവരുന്നു.

(ബി&സി&ഇ) 103 സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത ശിപാർശ സർക്കാർ പുനഃപരിശോധിച്ച വരികയാണ്.

(ഡി) ഈ വിഷയം സംബന്ധിച്ച ഭരണ വകുപ്പിന്റെ 827814/D2/16/ പ്ലാനിംഗ് നമ്പർ ഫയലിലെ കുറിപ്പ് ഫയൽ അനുബന്ധം " എ" ആയും ധനകാര്യ വകുപ്പിന്റെ 62770/Exp-A3/85/2015/Fin. നമ്പർ ഫയലിലെ കുറിപ്പ് ഫയൽ അനുബന്ധം " ബി" ആയും ചേർത്തിട്ടുണ്ട്. *

**ഫണ്ട് വിനിയോഗം**

61 (62) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 മുതൽ നാളിതുവരെയുള്ള കാലയളവിൽ കേന്ദ്ര പദ്ധതി ഫണ്ട് വിനിയോഗം എത്ര ശതമാനം ആയിരുന്നുവെന്ന് വർഷം തിരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അറിയിക്കാമോ;

(ബി) കേന്ദ്ര പദ്ധതി ഫണ്ട് വിനിയോഗം ഫലപ്രദമാക്കാൻ പ്രത്യേക സംവിധാനം സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2011 മുതൽ നാളിതുവരെയുള്ള കാലയളവിൽ കേന്ദ്ര പദ്ധതി ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്ര പദ്ധതികളുടെ ഫണ്ട് സമയബന്ധിതമായി നേടിയെടുക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിൽ 27-8-2016-ലെ G.O.(Ms)No.34/2016/Plg. ഉത്തരവ് പ്രകാരം സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക സെൽ (Co-ordination Cell for CSS) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പ് സെക്രട്ടറിമാർ/വകുപ്പ് തലവൻമാർ എന്നിവർ കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻമാരുമായി നിരന്തരം ബന്ധപ്പെടുന്നതിനും സംസ്ഥാനത്തിന് ലഭിക്കേണ്ട പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനും വേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും നോഡൽ ഓഫീസർമാരെ നിയമിക്കാനും പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിദേശ ധനസഹായ പദ്ധതികളുടേയും തുക നേടിയെടുക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ഡൽഹിയിൽ കേരള ഹൗസിലെ റസിഡന്റ് കമ്മീഷണറുമായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാർ നിരന്തരം ബന്ധപ്പെടുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പദ്ധതി വിഹിത അടങ്കൽ തുക**

62 (63) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിവിഹിത അടങ്കൽ എത്രയാണെന്നും, 2017 മാർച്ച് 31 വരെ അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്രപദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുവാൻ ഈ സർക്കാർ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകനയോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ദുർബ്ബലവിഭാഗങ്ങളുടെ ക്ഷേമത്തിനായി 2016-17-ൽ വകയിരുത്തിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുക എത്രയെന്നും അതിൽ 31-3-2017 വരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച വിവരം ഇതോടൊപ്പമുള്ള അനുബന്ധം പാർട്ട്-I-ൽ നൽകിയിരിക്കുന്നു. *

(ബി) എല്ലാ മാസവും നടത്തപ്പെടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി അവലോകനം നടത്താറുണ്ട്. ഈ യോഗത്തിൽ കേന്ദ്ര പദ്ധതികളുടെ നടത്തിപ്പും വിലയിരുത്തുന്നുണ്ട്. കൂടാതെ 3-1-2017-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട ചില കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിവരം ഇതോടൊപ്പമുള്ള അനുബന്ധം പാർട്ട്- II-ൽ നൽകിയിരിക്കുന്നു. *

**കേന്ദ്ര സർക്കാർ വിഹിതം**

63 (64) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ഇതിൽ 2017 ഡിസംബർ 31 വരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി വരവ് ചെലവ് കണക്കുകളും, നടത്തിപ്പ് റിപ്പോർട്ടും സമർപ്പിക്കാത്തതിനാലാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ശേഷിക്കുന്ന തുക ലഭ്യമാക്കാത്തതിന്റെ കാരണം എന്നത് ശരിയാണോ;

(ഡി) ഏതൊക്കെ പദ്ധതികൾക്കുള്ള തുകയാണ് ഇപ്രകാരം ലഭിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ സംവിധാനത്തിലുള്ള മെല്ലെപ്പോക്കാണ് കേന്ദ്രസഹായം ലഭിക്കാത്തതിനുള്ള കാരണം എന്നതിനാൽ കേന്ദ്രപദ്ധതികളുടെ ഏകോപനത്തിന് പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ഭാവിയിൽ കേന്ദ്രവിഹിതം സമയബന്ധിതമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ&എഫ്) കേന്ദ്ര പദ്ധതികളുടെ ഫണ്ട് സമയബന്ധിതമായി നേടിയെടുക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിൽ 27-8-2016-ലെ G.O.(Ms)No.34/2016/Plg. ഉത്തരവ് പ്രകാരം സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക സെൽ (Co-ordination Cell for CSS) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പ് സെക്രട്ടറിമാർ/വകുപ്പ് തലവൻമാർ എന്നിവർ കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻമാരുമായി നിരന്തരം ബന്ധപ്പെടുന്നതിനും സംസ്ഥാനത്തിന് ലഭിക്കേണ്ട പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനും വേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും നോഡൽ ഓഫീസർമാരെ നിയമിക്കാനും പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിദേശ ധനസഹായ പദ്ധതികളുടേയും തുക നേടിയെടുക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ഡൽഹിയിൽ കേരള ഹൗസിലെ റസിഡന്റ് കമ്മീഷണറുമായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നിരന്തരം ബന്ധപ്പെടുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ബജറ്റ് അവലോകനം**

64 (65) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അവലോകനം നടത്തിയത്; അവലോകനത്തിലെ പ്രമുഖ നിഗമനങ്ങൾ വിശദമാക്കാമോ;

(ബി) ഏതെങ്കിലും വകുപ്പ് ഏതെങ്കിലും ബജറ്റ് നിർദ്ദേശം നടപ്പാക്കുന്നതിന് വീഴ്ചവരുത്തിയിട്ടുള്ളതായി വിലയിരുത്തപ്പെടുകയുണ്ടായോ; വിശദമാക്കുമോ;

(സി) ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ഡി) ഭരണാനുമതി നൽകുന്നതിനപ്പുറം നിർവ്വഹണം നടന്നിട്ടില്ലാത്ത ബജറ്റ്

നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അവലോകനം ചെയ്യുകയുണ്ടായോ; വിശദമാക്കുമോ;

(ഇ) പദ്ധതി അടങ്കലിന്റെ എത്ര ശതമാനം കഴിഞ്ഞ സാമ്പത്തിക വർഷം വരെ ചെലവഴിക്കുകയുണ്ടായി; ഇത് മുൻ വർഷം ഇതേ കാലയളവിൽ എത്ര ശതമാനമായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിഷയത്തിൽ നിരന്തരമായി നിരീക്ഷണം നടത്തുന്നുണ്ട്. പുതുക്കിയ ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് 2016-17-ലെ ഭേദഗതി പത്രിക, ഒന്നും രണ്ടും ഉപധനാഭ്യർത്ഥന സർക്കുലറുകൾ പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ തുടങ്ങുന്നതിന് ആവശ്യമായ ശീർഷകവും തുകയും അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭൂരിഭാഗം പദ്ധതികളുടെയും നിർവ്വഹണം നടന്നുവരുന്നു.

(ഇ) 2016-17 സാമ്പത്തിക വർഷം പദ്ധതി അടങ്കലിന്റെ (30,534.17 കോടി രൂപ) 75% (താല്ക്കാലികം) ചെലവഴിക്കുകയുണ്ടായി. ഇത് മുൻ വർഷം ഇതേ കാലയളവിൽ പദ്ധതി അടങ്കലിന്റെ (27,720.32 കോടി രൂപ) 73% ആയിരുന്നു.

**ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ**

65 (66) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബൃഹദ്പദ്ധതിയായ മൂന്നാർ ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇവ ഉടൻ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മൂന്നാറിൽ ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

**മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ**

66 (67) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വം സംബന്ധിച്ച നിയമങ്ങൾ കർശനമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി &സി) സംസ്ഥാന ജലസ്രോതസ്സുകളുടെയും അന്തരീക്ഷ വായുവിന്റെയും ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ/എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തന്നെ ആംബിയന്റ് വാട്ടർ/എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ ജല സ്രോതസ്സുകളിലെ വിവിധ സ്ഥലങ്ങളിലെ സ്റ്റേഷനുകളിൽ നിന്നും വെള്ളത്തിന്റെ സാമ്പിളുകളും, സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർ സ്റ്റേഷനുകളിൽ നിന്ന് വായുവിന്റെ സാമ്പിളുകളും ക്രമമായി ശേഖരിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്തി വരുന്നു.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട

സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നു. ഹൗസ് ബോട്ടുകളിൽനിന്നുള്ള സ്വീവേജും ഗാർബേജും എഞ്ചിനിൽനിന്നുള്ള എണ്ണയും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽനിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ആൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷൻ 180 KLD ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആലപ്പുഴയിലെ കുന്നമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും, സ്വീവേജ് മാലിന്യം കരയിലെ സ്വന്തമായ സ്വീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമേ ബോർഡ് അനുമതി പുതുക്കിനൽകുന്നുള്ളൂ.

വ്യവസായശാലകളിൽനിന്നും പുറന്തള്ളുന്ന പാഴ്ജലത്തിന്റെയും പാഴ് വായുവിന്റേയും ഗുണനിലവാരം തത്സമയം പരിശോധിച്ച് രേഖപ്പെടുത്തുന്നതിനുള്ള കണ്ടിന്യൂവസ് എഫ്ലുവന്റ്/എമിഷൻ ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം 17 കാറ്റഗറിയിൽ ഉൾപ്പെടുന്ന പ്രധാന വ്യവസായശാലകളിൽ ഏർപ്പെടുത്തിച്ചുവരുന്നു. ഈ സംവിധാനം വഴിയുള്ള പരിശോധനാഫലം വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ബോർഡിന്റെ ഓഫീസുകളിൽ ഇരുന്ന് നിരീക്ഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനവും പുരോഗമിക്കുന്നു. കൂടാതെ നിരീക്ഷണ ഫലങ്ങൾ ഓൺലൈനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ബോർഡിൽനിന്നും പരസ്യങ്ങൾ നൽകി വരുന്നു.

**ശബ്ദ ശല്യ നിയന്ത്രണം**

67 (68) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശബ്ദ ശല്യം നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമങ്ങൾ നടപ്പാക്കാൻ എതെല്ലാം ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലെ വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) നിലവിലെ നിയമവും കോടതിവിധികളും ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ ഏതു ഉദ്യോഗസ്ഥനെയാണ് സമീപിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ശബ്ദ മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ, 2000 ആണ് സംസ്ഥാനത്ത് ശബ്ദ ശല്യം നിയന്ത്രിക്കുന്നതിന് നിലവിലുള്ളത്.

ശബ്ദ മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ, 2000 പ്രകാരം വ്യവസായ, വാണിജ്യ, ഗാർഹിക, നിശ്ശബ്ദ സോണുകളായാണ് വിവിധ സ്ഥലങ്ങളെ തരം തിരിച്ചിരിക്കുന്നത്. ഇവയിലോരോ സോണുകൾക്കും ബാധകമായുള്ള ശബ്ദ തീവ്രത ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മേഖല | അനുവദനീയ ശബ്ദ പരിധി, പകൽ സമയം dB(A) Leq |
|---|---|---|

| | | |
|---|---|---|
| 1 | വ്യവസായ മേഖല | 75 |
| 2 | വാണിജ്യ മേഖല | 65 |
| 3 | ഗാർഹിക മേഖല | 55 |
| 4 | നിശബ്ദ മേഖല | 50 |

പകൽ സമയം : രാവിലെ 6 മുതൽ രാത്രി 10 വരെ

രാത്രി സമയം : രാത്രി 10 മുതൽ രാവിലെ 6 വരെ

(ബി) സംസ്ഥാന സർക്കാർ ടി ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് നോയിസ് റൂൾസ് പ്രകാരമുള്ള അന്തരീക്ഷ ശബ്ദ ഗുണനിലവാരം (ആംബിയന്റ് നോയിസ് ക്വാളിറ്റി) നിലനിർത്തുന്നതിനായി അധികാരികളെ നിയോഗിച്ചുകൊണ്ട് 29-7-2002-ൽ ആഭ്യന്തര വകുപ്പിൽനിന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* ആയത് പ്രകാരം ഡിസ്ട്രിക്റ്റ് മജിസ്റ്റേറ്റ്, പോലീസ് കമ്മീഷണർ/സൂപ്രണ്ട് ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നിവരാണ് ഇതുസംബന്ധിച്ചുള്ള അധികാരികൾ, പൊതുസ്ഥലങ്ങളിൽ/പൊതുനിരത്തുകളിൽ ഉച്ചഭാഷിണികൾ/മറ്റു ശബ്ദമുണ്ടാക്കുന്ന ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനായി മേൽ അധികാരികളുടെ അനുമതി ആവശ്യമാണ്. ശബ്ദ തീവ്രത അളക്കുന്നതിന് ആവശ്യാനുസരണം ബോർഡിൽനിന്നും ബന്ധപ്പെട്ട അധികാരികൾക്ക് സാങ്കേതിക സേവനം ലഭ്യമാക്കാറുണ്ട്.

വ്യാവസായിക ശബ്ദമലിനീകരണം നിയന്ത്രിക്കേണ്ട ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. ഉച്ചഭാഷിണികൾ മൂലമുള്ള ശബ്ദ മലിനീകരണം നിയന്ത്രിക്കേണ്ട ചുമതല പോലീസ് വകുപ്പിനാണ്. വണ്ടികളുടെ ഹോണുകൾ, വാഹനങ്ങൾ മൂലമുള്ള ശബ്ദമലിനീകരണം തുടങ്ങിയവ നിയന്ത്രിക്കേണ്ട ചുമതല മോട്ടോർ വാഹന വകുപ്പിനാണ്.

നോയിസ് ചട്ടങ്ങൾ പ്രകാരം വിവിധ സ്ഥലങ്ങളെ വിവിധ മേഖലകളായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-4-2002-ലെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*. ടി വിജ്ഞാപന പ്രകാരം ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, റിസർവ് ഫോറസ്റ്റുകൾ, വന്യജീവി സങ്കേതങ്ങൾ, ഇത്തരത്തിൽ സർക്കാർ വിജ്ഞാപനം ചെയ്ത മറ്റ് സ്ഥലങ്ങൾ എന്നിവയുടെ 100 മീറ്റർ ചുറ്റളവ് നിശബ്ദ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേഖലയായി പരിഗണിക്കുന്നു.

(സി) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ 13-5-2015-ലെ OA. No. 445/2013 (SZ) (THC) നമ്പർ വിധിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* ആയതിൽ സംസ്ഥാന സർക്കാർ ശബ്ദ ചട്ടങ്ങൾ 2000 നടപ്പിലാക്കുന്നതിനായി നിർദ്ദേശങ്ങൾ ഉള്ളതാണ്.

(ഡി) ശബ്ദ മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കൃത്യമായി നടപ്പിൽ വരുത്തേണ്ട ഉത്തരവാദിത്വം പോലീസ് വകുപ്പിനാണ്.

**ഇന്ധന മലിനീകരണം**

68 (69) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലപാതകളിൽ ഏതെല്ലാം രീതിയിലുള്ള ഇന്ധനം ഉപയോഗിച്ചാണ് യാത്രാ ബോട്ടുകൾ ഉൾപ്പെടെ സർവ്വീസ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏറ്റവും കൂടുതൽ മലിനീകരണമുണ്ടാക്കുന്നത് ഏത് ഇന്ധനമുപയോഗിക്കുന്ന ബോട്ടുകളാണ്;

(സി) ഇവയെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) ഇത്തരത്തിൽ മലിനീകരണം ഉണ്ടാക്കുന്ന ബോട്ടുകളെ സംബന്ധിച്ച് പരിസ്ഥിതി വകുപ്പോ ഏതെങ്കിലും പരിസ്ഥിതി സംഘടനകളോ രംഗത്ത് വന്നിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗതാഗത വകുപ്പ് സർവ്വീസിനുപയോഗിക്കുന്ന ഒരു സോളാർബോട്ട് ഒഴികെയുള്ള മറ്റെല്ലാ യാത്രാബോട്ടുകളും ഡീസൽ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.

(ബി) സംസ്ഥാന ജലഗതാഗത വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ടുകളൊന്നും ലഭ്യമല്ല. നിലവിൽ ഡീസൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന ബോട്ടുകളാണ് ഗതാഗത വകുപ്പ് സർവ്വീസിൽ ഭൂരിഭാഗവും. ഇവയെ അപേക്ഷിച്ച്

മലിനീകരണം കുറവുള്ള സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എറണാകുളം മേഖലയിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡീസൽ എഞ്ചിനുകൾക്ക് പകരമായി സി.എൻ.ജി.-യും കൂടുതൽ സോളാർ ബോട്ടുകളും ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജലമലിനീകരണം തടയുക എന്നുള്ളത് പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവാദിത്വമാണ്.

**അന്തരീക്ഷ മലിനീകരണം**

69 (70) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരസഭകളിൽ അന്തരീക്ഷ വായുവിന്റെ ഗുണമേൻമ മനസ്സിലാക്കുവാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി നഗരകേന്ദ്ര പ്രദേശങ്ങളിലെ അന്തരീക്ഷ വായുവിൽ അടങ്ങിയിരിക്കുന്ന ആരോഗ്യത്തിന് ഹാനികരമായ നൈട്രജൻ സംയുക്തങ്ങൾ, സൾഫർ സംയുക്തങ്ങൾ, ശ്വാസ വായുവിലെ പൊടിപടലങ്ങൾ എന്നിവയുടെ സാന്ദ്രതയെ സംബന്ധിച്ച് പ്രതിവർഷം എവിടെനിന്നെല്ലാം എത്രവീതം മാതൃകകൾ പഠനവിധേയമാക്കിയിട്ടുണ്ട്;

(സി) ലോകാരോഗ്യ സംഘടനയുടെ നിബന്ധനപ്രകാരമുള്ളതിലും കൂടുതൽ മാലിന്യങ്ങൾ കൊച്ചി നഗരകേന്ദ്രപ്രദേശങ്ങളിൽ കാണപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(ഡി) നഗരവാസികളിൽ ശ്വാസകോശ രോഗങ്ങൾ വ്യപകമാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി

മോണിറ്ററിംഗ് പദ്ധതിയിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 30 എയർ സ്റ്റേഷനുകളിൽനിന്ന് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം പരിശോധിച്ചുവരുന്നു. ഇതിൽ 12 എണ്ണം നഗരപ്രദേശങ്ങളിലാണ്.

ഇതുകൂടാതെ 24 മണിക്കൂറും തുടർച്ചയായി തത്സമയ അന്തരീക്ഷ വായു ഗുണനിലവാരം പരിശോധനാ കേന്ദ്രങ്ങൾ (കണ്ടിന്യൂവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ) തിരുവനന്തപുരത്തും എറണാകുളത്തും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇവിടെനിന്ന് ലഭിക്കുന്ന വായു ഗുണനിലവാര നിരീക്ഷണ ഫലങ്ങൾ ഒരു ഡിസ്പ്ലേ ബോർഡുവഴി പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുന്നു.

എറണാകുളം ഏലൂർ വ്യവസായ മേഖലയിൽ വായു ഗുണനിലവാരം തത്സമയം പരിശോധിക്കുന്നതിനുള്ള കേന്ദ്രം ഇപ്പോൾ നവീകരണ പ്രവർത്തനത്തിലാണ്.

കോഴിക്കോട് ജില്ലയിൽ, പാളയത്ത് ബോർഡിന്റെ ഒരു തത്സമയ അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) എറണാകുളം സൗത്ത്, എറണാകുളം എം.ജി. റോഡ്, വൈറ്റില, ഇരുമ്പനം, കളമശ്ശേരി, ഏലൂർ-I-മേത്താനം, ഏലൂർ-II ടി.സി.സി. ഏലൂർ എന്നീ സ്റ്റേഷനുകളിൽ നിന്നും പ്രതിമാസം 10 സാമ്പിളുകൾ വീതം വർഷത്തിൽ 840 സാമ്പിളുകളാണ് പഠന വിധേയമാക്കി വരുന്നത്.

(സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്തരീക്ഷ വായു ഗുണനിലവാര പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം, എറണാകുളത്ത് പർട്ടിക്കുലേറ്റ് മാറ്റർ 2.5, പർട്ടിക്കുലേറ്റ് മാറ്റർ 10 (പൊടി) എന്നീ ഘടകങ്ങളാണ് അനുവദനീയ പരിധിയായ യഥാക്രമം 60 മാക്രോ ഗ്രാം/ക്യൂബിക് മീറ്റർ, 100 മൈക്രോ ഗ്രാം/ ക്യൂബിക് മീറ്റർ എന്ന പരിധിയിൽ നിന്നും കൂടുതലായി കാണുന്നത്. ശേഷിക്കുന്ന എല്ലാ ഘടകങ്ങളും അനുവദനീയമായ പരിധിയിലാണ് കാണുന്നത്. വാഹനം, റോഡ്, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽനിന്നുണ്ടാകുന്ന പൊടി അന്തരീക്ഷത്തിലേയ്ക്ക് എത്തുന്നതാണ് വായുവിലെ പൊടി അധികരിക്കാൻ കാരണമായിട്ടുള്ളത്.

(ഡി) നഗരവാസികളിൽ ശ്വാസകോശ രോഗങ്ങൾ വ്യാപകമാകുന്നത് സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പെരിയാർ മലിനീകരണം**

70 (71) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിനെയും പെരിയാറിന്റെ തീരത്തെ വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പെരിയാർ മലിനീകരണത്തെക്കുറിച്ച് സമഗ്രപഠനം നടത്താനും റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെരിയാറിലെ ജല ഗുണനിലവാരം നിലനിർത്താനായി പ്രത്യേകിച്ച് സമുദ്രത്തിൽ നിന്നുള്ള ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി പുറപ്പിള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നിവിടങ്ങളിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ റഗുലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പെരിയാറിനെയും പെരിയാറിന്റെ തീരത്തെ വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനായി ഏലൂർ-എടയാർ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള ശുദ്ധീകരിച്ച പാഴ്ജലം ഒരു ഓപ്റ്റിമം ഔട്ട്ഫോൾ ലൊക്കേഷൻ (Optimum Outfall Location) വഴി പുറന്തള്ളുന്നതിനായി CSIR - National Institute of Oceanography മുഖേന ഒരു പഠനം നടത്തുന്നതിലേയ്ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ചുള്ള National Institute of Oceanography-യുടെ പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ജലാശയങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം**

71 (72) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കരയും, കായലും, കടൽത്തീരവും എല്ലാം മലിനമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നമ്മുടെ കരയേയും, കടലിനേയും, ജലാശയങ്ങളേയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ സാന്നിധ്യം ഇല്ലായ്മ ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനായി എന്തെല്ലാം

നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴ ചുമത്തുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ/ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ 2016 പ്രകാരം 50 മൈക്രോണിൽ താഴെ കനമുള്ള ക്യാരി ബാഗുകൾ രാജ്യവ്യാപകമായി നിരോധിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ - 2016-ലെ വ്യവസ്ഥകൾ പത്ര പരസ്യം വഴി പൊതുജനങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം പുനഃചംക്രമണം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ 2016 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. അത്തരം സ്ഥാപനങ്ങൾക്ക് ബോർഡിൽ നിന്നും അനുമതി നൽകി വരുന്നു.

കൂടാതെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

1. സർക്കാർ സ്ഥാപനങ്ങൾ, പൊതു-സ്വകാര്യ മതപരമായ ചടങ്ങുകളിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കാൻ ശുചിത്വമിഷൻ മുഖേനയുള്ള നടപടികൾ.
2. ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നടപടികൾ.
3. റീസൈക്ലിംഗ് വ്യാപാരങ്ങൾ സംസ്ഥാനത്തിനകത്ത് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ.
4. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം എക്സ്റ്റൻഡഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി (EPR) നടപ്പിലാക്കുന്നതിനുള്ള നടപടികൾ.
5. ജനങ്ങളിൽ അനുകൂല മനോഭാവം രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ മുഖേനയുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

6. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പ്രകൃതി സൗഹൃദ ബദൽ ഉത്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.

**പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിർമ്മാണം**

72 (73) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അനുവദനീയമായ കനത്തിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിർമ്മിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

24-9-2016-ലെ നമ്പർ576/ഡിസി1/2016/തസ്വഭവ. സർക്കുലർ പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ 2016 പ്രകാരം 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ രാജ്യ വ്യാപകമായി നിരോധിച്ചിട്ടുണ്ട്. ആയതുപ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ബോർഡിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് നിബന്ധനാ വിധേയമായ അനുമതിയാണ് നൽകുന്നത്. അനുമതിപ്രകാരം നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ അവയുടെ കനം, ബോർഡ് സ്ഥാപനത്തിന് നൽകിയിട്ടുള്ള അനുമതിയുടെ നമ്പർ എന്നിവ പ്രദർശിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് സ്ഥാപനങ്ങളിൽ പരിശോധന നടത്തി മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പുവരുത്തുന്നു.

**രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം**

73 (74) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള CDIT-ൽ ജീവനക്കാർക്ക് രാഷ്ട്രീയ

പാർട്ടികളിൽ പ്രവർത്തനം നടത്തുന്നതിന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ജീവനക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി)) ഇല്ല.

## പി.എസ്.സി. റാങ്ക് ലിസ്റ്റ്

74 (75) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) ഒരു തസ്തികയിലേയ്ക്ക് എത്ര ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റാണ് തയ്യാറാക്കുന്നത്; ഇതിന് വല്ല അനുപാതവും നിലവിലുണ്ടോ;

(സി) പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റിലും ഈ അനുപാതം നിലനിർത്താറുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ തസ്തികയിലേയ്ക്കും ലഭ്യമാകുന്ന അപേക്ഷകരുടെ എണ്ണത്തിനും തസ്തികയുടെ സ്വഭാവത്തിനും അനുസൃതമായി ഏതുതരത്തിലുള്ള സെലക്ഷനാണ് അഭികാമ്യമെന്ന് കമ്മീഷൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പൂർത്തീകരിച്ച് റാങ്ക് പട്ടിക തയ്യാറാക്കുകയുമാണ് ചെയ്യുന്നത്.

(ബി&സി) ഓരോ തസ്തികയിലേയ്ക്കും ലഭ്യമായ ആകെ ഒഴിവുകൾ, പ്രസ്തുത തസ്തികയുടെ മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ അടിസ്ഥാനത്തിൽ മുഖ്യപട്ടികയിൽ ഉൾപ്പെടുത്താനുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം നിജപ്പെടുത്തിയും 8-3-2006-ലെ GO(P) No. 07/06/P&ARD പ്രകാരം സംവരണ സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള റിസർവേഷൻ ക്വാട്ടയുടെ അഞ്ച് മടങ്ങ് ഉദ്യോഗാർത്ഥികളെ അതത് സംവരണ സമുദായങ്ങളുടെ ഉപപട്ടികയിൽ ഉൾപ്പെടുത്തിയും KS&SSR റൂൾ 14(e), വിവിധ സർക്കാർ ഉത്തരവുകൾ, കാലാകാലങ്ങളിൽ കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിലാണ് കമ്മീഷൻ റാങ്ക് പട്ടിക തയ്യാറാക്കുന്നത്.

## പോലീസ് റാങ്ക് ലിസ്റ്റ്

75 (76) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 012 /2015 പ്രകാരം 2016 ജൂൺ 21 -ന് നിലവിൽ വന്ന

എം.എസ്.പി.പോലീസ് റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി നീട്ടുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) എ.പി.ബി. (എം.എസ്.പി.) റാങ്ക് പട്ടികയിൽനിന്നും 362 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച മുറയ്ക്ക് വൈദ്യപരിശോധനയും പോലീസ് വെരിഫിക്കേഷനും പൂർത്തിയാക്കി ടിയാളുകൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

76 (77) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഏതെല്ലാം പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണം എന്ന് ആവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് സമരം നടത്തിയശേഷമാണോ ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ തീരുമാനിച്ചത്;

(സി) ഇത്തരത്തിൽ ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതുമൂലം എത്ര ഉദ്യോഗാർത്ഥികൾക്ക് അധികമായി ജോലി നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം രണ്ട് തവണയാണ് പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചത്.

29-6-2016-ലെ AV(2)4182/2002/GW പ്രകാരം 30-6-2016 മുതൽ 30-12-2016 വരെ കാലാവധി അവസാനിക്കുന്ന എല്ലാ ലിസ്റ്റുകളുടെയും കാലാവധി 31-12-2016 വരെയും 30-12-2016-ലെ AV(2) 4182/2002/GW പ്രകാരം 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ മൂന്ന് വർഷ കാലാവധി പൂർത്തിയാകുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 30-6-2017 വരെയും നിബന്ധനകൾക്ക് വിധേയമായി പി.എസ്.സി.-ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) 28-12-2016-ലെ മന്ത്രിസഭാ തീരുമാനപ്രകാരമാണ് ലിസറ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ പി.എസ്.സി.-ക്ക് ശിപാർശ നൽകിയത്.

(സി) റാങ്ക് പട്ടിക നിലവിലുള്ള കാലയളവിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ടി റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി.-യ്ക്ക് നിയമന ശിപാർശ നൽകുവാൻ കഴിയും.

**ഉപഹാരങ്ങൾ**

77 (78) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉപഹാരങ്ങൾ, പുരസ്കാരങ്ങൾ, അവാർഡുകൾ എന്നിവ സ്വീകരിക്കുന്നതിനുള്ള സർക്കാർ അനുമതിക്ക് ഉദ്യോഗസ്ഥർ അപേക്ഷ നൽകേണ്ടത് ആർക്കാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം അപേക്ഷകളിൽ അന്തിമാനുമതി നല്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് സെക്രട്ടേറിയറ്റിലെ ഏത് വിഭാഗത്തെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരത്തിൽ എത്ര അനുമതികൾ നല്കിയിട്ടുണ്ടെന്നും, ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് അനുമതി നല്കിയിട്ടുള്ളതെന്നും, ഏതൊക്കെ തീയതികളിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ

ഒരു സർക്കാർ ജീവനക്കാരൻ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉപഹാരങ്ങൾ, അവാർഡുകൾ തുടങ്ങിയവ സ്വീകരിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുള്ള അനുമതി അപേക്ഷ അതത് ഭരണവകുപ്പുകൾക്ക് വകുപ്പുമേധാവികൾ മുഖേന സമർപ്പിക്കാവുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ഹെൽത്ത് ഇൻസ്പെക്ടർ നിയമനം**

78 (79) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പി.എസ്.സി. യുടെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എൻ.സി.എ. മുസ്ലീം റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിയമന നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ എൻ.സി.എ. മുസ്ലീം റാങ്ക് ലിസ്റ്റിൽ നിന്നും ആർക്കുംതന്നെ നിയമനം നൽകിയിട്ടില്ല.

(ബി) നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല.

(സി) റാങ്ക് പട്ടിക നിലവിലില്ലാതായി.

**സർക്കുലറുകൾ**

79 (80) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന്റെ 12-1-2009-ലെ 168/AR13(2)09/ ഉ.ഭ.പ.വ, 16-7-2015-ലെ 11433/AR13(2)15/ഉ.ഭ.പ.വ എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് നടപ്പിലാക്കിയതെന്നും ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് നടപ്പിലാക്കാത്തതെന്നും വിശദമാക്കാമോ;

(ബി) സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ഇതുവരെ നടപ്പിലാക്കാത്ത ഓഫീസുകളിൽ അവ അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 12-1-2009-ലെ 168/AR13(2)09/ഉ.ഭ.പ.വ., 16-7-2015-ലെ 11433/AR13(2)15/ഉ.ഭ.പ.വ. എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ബാധകമല്ല.

**ശമ്പളവും അലവൻസുകളും**

80 (81) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചുമതലയേറ്റോ; ചുമതലയേറ്റെങ്കിൽ എന്ന് മുതലാണ് ചുമതലയേറ്റത്;

(ബി) അദ്ദേഹത്തിന് ശമ്പളം, അലവൻസുകൾ തുടങ്ങി ഏതെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ; ഇതിനു വേണ്ടി നാളിതുവരെ എത്ര രൂപ ചെലവായെന്ന് വെളിപ്പെടുത്തുമോ; ഇതിന് പുറമേ എന്തെല്ലാം സൗകര്യങ്ങളാണ് ചെയർമാന് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കമ്മീഷൻ ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; സെക്രട്ടേറിയറ്റിൽ കമ്മീഷൻ ഓഫീസ് വേണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ചെയർമാന് പുറമേ രണ്ട് അംഗങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) കമ്മീഷൻ ചെയർമാന് ഏതെല്ലാം കാറ്റഗറിയിൽ എത്ര പേഴ്സണൽ സ്റ്റാഫിനെയാണ് അനുവദിച്ചിട്ടുള്ളത്;

(എഫ്) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചോ; നിശ്ചയിച്ചുവെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ജി) കമ്മീഷന്റെ പ്രവർത്തനമാരംഭിച്ചോ; എന്ന് മുതൽ പ്രവർത്തനം ആരംഭിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി 18-8-2016 മുതൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ചുമതലയേറ്റിട്ടുണ്ട്.

(ബി) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് കാബിനറ്റ് മന്ത്രിയുടെ പദവിയും സ്ഥാനവും നൽകിയിട്ടുണ്ട്. ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കമ്മീഷൻ ആസ്ഥാനമായി നിശ്ചയിച്ചിട്ടുള്ളത് IMG-യാണ്. നിലവിൽ IMG-യിലും സെക്രട്ടേറിയറ്റിൽ താൽക്കാലികമായി ഒരു വിഭാഗവും പ്രവർത്തിച്ചുവരുന്നു.

(ഡി) കമ്മീഷൻ അംഗങ്ങൾക്ക് ചീഫ് സെക്രട്ടറിയുടെ സ്ഥാനവും പദവിയും നൽകിയിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ&എഫ്) കമ്മീഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ്, ടേംസ് ഓഫ് റഫറൻസ് എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ച 30-8-2016-ലെ G.O. (Ms)21/16/P&ARD നമ്പർ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(ജി) 18-8-2016 മുതൽ കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**പി.എസ്.സി. നിയമനങ്ങൾ**

81 (82) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സർക്കാർ സർവ്വീസിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി. വഴി നികത്തുവാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്;

(ബി) പി.എസ്.സി. യുടെ അഡ്വൈസ് മെമ്മോ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിന് കാരണം എന്താണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നിയമനാധികാരി എഴുതി അറിയിക്കുന്ന ഒഴിവുകളിൽ റാങ്ക് പട്ടിക പ്രാബല്യത്തിലുള്ള തസ്തികകളിലേയ്ക്ക് താമസംവിനാ പി.എസ്.സി. നിയമന ശിപാർശ നൽകി വരുന്നുണ്ട്. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിൽ പി.എസ്.സി. അപേകഷ ക്ഷണിച്ച് റാങ്ക് പട്ടിക തയ്യാറാക്കി നിയമന ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) വകുപ്പുകളിൽനിന്നും എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്കാണ് പി.എസ്.സി. നിയമന ശിപാർശ നൽകുന്നത്. നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമനാധികാരിയാണ് നിയമന ഉത്തരവ് നൽകുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റാങ്ക് പട്ടികകളുടെ കാലാവധി രണ്ട് പ്രാവശ്യം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി*(I&II) ചേർക്കുന്നു.

**അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ**

82 (83) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ 2016 ജനുവരി മുതൽ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ വകുപ്പുകളിൽ പരിശോധന നടത്തിയെന്ന് വ്യക്തമാക്കാമോ, ആയതിന് യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ ;വിശദമാക്കാമോ;

(ബി) 2016 ജനുവരിക്കുശേഷം ജീവനക്കാർ വിരമിച്ച തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർദേശം നല്കിയിട്ടുണ്ടോ; വകുപ്പ്, തസ്തിക തിരിച്ച് കണക്ക് സൂക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരെ കണ്ടെത്താൻ വകുപ്പ്, തസ്തിക തിരിച്ച കണക്ക് സൂക്ഷിക്കുന്നത് ഉചിതമെന്ന് കരുതുന്നുണ്ടോ;

(ഡി) വിജിലൻസ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നത് ഏത് ഉദ്യോഗസ്ഥനാണ്, പ്രതിമാസ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാറുണ്ടോ;2016 ജനുവരി മുതൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) വിജിലൻസ് സെൽ നിർദേശം നല്കിയിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ;പ്രസ്തുത ശിപാർശകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2001-2010 കാലയളവിൽ നടന്ന പി.എസ്.സി. നിയമനങ്ങളുടെ സാധുത പരിശോധനയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഓഫീസുകളിൽ ആകസ്മിക പരിശോധനകളും നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ നടത്തുന്ന പരിശോധനകൾക്ക് നിയമാനുസൃതമുള്ള യാത്രാബത്ത ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്.

(ബി&സി) ജീവനക്കാർ വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുകയും 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2394 ഒഴിവുകൾ കണ്ടെത്തുകയും അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിശദമായ കണക്കുകൾ ബന്ധപ്പെട്ട വകുപ്പുമേധാവികളാണ് സൂക്ഷിക്കാറുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയടക്കമുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളാൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ശിപാർശ ചെയ്യും.

(ഡി) വിജിലൻസ് സെല്ലിന്റെ പ്രവർത്തനം എല്ലാ മാസവും അഡീഷണൽ സെക്രട്ടറി തലത്തിലും മൂന്ന് മാസത്തിലൊരിക്കൽ വകുപ്പ് സെക്രട്ടറി തലത്തിലും വിലയിരുത്തി വരുന്നുണ്ട്. ഓരോ വകുപ്പിലേയും നിയമന പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ടുകളും ആകസ്മിക പരിശോധനാ റിപ്പോർട്ടുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കാറുണ്ട്.

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി കാലാകാലങ്ങളിൽ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും പ്രസ്തുത നിർദ്ദേശം യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**വൈ-ഫൈ പ്രസരണ കേന്ദ്രങ്ങൾ**

83 (84) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈ-ഫൈ പ്രസരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സാധാരണ ജനങ്ങൾക്ക് സൗജന്യ അടിസ്ഥാന ഇന്റർനെറ്റ് സേവനം ലഭ്യമാക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്. 6-3-2017-ലെ സർക്കാർ ഉത്തരവ് G.O(Rt)No.58/2017/ITD പ്രകാരം 1000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ പൊതു ഇടങ്ങളിൽ സ്ഥാപിക്കുവാനായി അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ്സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, സർക്കാർ സ്ഥാപനങ്ങൾ മുതലായ സ്ഥലങ്ങളിലാണ് വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലകളിലേയും വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുവാനുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നത് അതാത് ജില്ലാ കളക്ടറാണ്.

(സി) പദ്ധതി പൂർത്തിയാകുമ്പോൾ ഓരോ വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെയും ദൂരപരിധിക്കുള്ളിൽ വരുന്ന പൊതുജനങ്ങൾക്ക് നിശ്ചിതസമയം സൗജന്യ ഇന്റർനെറ്റ് സേവനം ലഭ്യമാകുന്നതാണ്.

## ഐ.ടി. ജീവനക്കാർ

84 (85) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ കമ്പനികളിലായി എത്ര ജീവനക്കാർ ഐ.ടി. മേഖലയിൽ നിലവിൽ ജോലിചെയ്യുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർ; ഇല്ലെങ്കിൽ അടിയന്തരമായി ജീവനക്കാരുടെ എണ്ണം കണക്കാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഐ.ടി. കമ്പനികളിൽ, പ്രത്യേകിച്ച് ടെക്നോപാർക്കിലെ ഒരു വിഭാഗം കമ്പനികളിൽ നിന്നും യാതൊരു മാനദണ്ഡവുമില്ലാതെ ജീവനക്കാരെ പിരിച്ചു വിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) നിയമവിരുദ്ധമായ പിരിച്ചുവിടലുകൾ നിയന്ത്രിക്കാനും ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ കേൾക്കുവാനും മറ്റുമായി ഐ.ടി. ജീവനക്കാർക്ക് മാത്രമായി ക്ഷേമനിധി ബോർഡ് അടിയന്തിരമായി രൂപീകരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ഡി) ഐ.ടി. കമ്പനികളിലെ തൊഴിൽ പ്രശ്നങ്ങൾ രമ്യമായും നീതിപൂർവ്വമായും ചർച്ച ചെയ്ത് പരിഹരിയ്ക്കാൻ 2008-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച പ്രത്യേക സമിതി പുനഃസംഘടിപ്പിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; ഈ സമിതിയിൽ ആരൊക്കെ അംഗങ്ങളാണെന്ന് വിശദമാക്കാമോ;

(ഇ) സ്വകാര്യ ഐ.ടി. കമ്പനികളെ നിയന്ത്രിച്ച് നിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(എഫ്) പരിശീലന കോഴ്സ് നടത്തി ജോലി നൽകുമെന്ന് വാഗ്ദാനം ചെയ്യുന്ന തട്ടിപ്പുകമ്പനികൾക്ക് എതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്, കെ.എസ്.ഐ.ടി.-ഐ.എൽ. എന്നീ കമ്പനികളിലായി ഏകദേശം 86900 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ടെക്നോപാർക്കിലോ മറ്റ് ഐ.ടി. പാർക്കിലോ ഐ.ടി. കമ്പനികളിൽ നിന്നും യാതൊരു മാനദണ്ഡവുമില്ലാതെ ജീവനക്കാരെ പിരിച്ചുവിടുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ടെക്നോപാർക്കിലെ കമ്പനികൾ വിദേശത്ത് നിന്നുള്ള

സമയബന്ധിതമായ പ്രോജക്ടുകൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നവയാണ്. കമ്പനികൾക്ക് ലഭ്യമാകുന്ന പ്രോജക്ടുകൾക്കനുസരിച്ച് യോഗ്യതയുള്ള ജീവനക്കാരെ പ്രോജക്ടുകൾ പൂർത്തിയാക്കുംവരെയുള്ള നിശ്ചിത കാലാവധിയ്ക്ക് കരാർ വ്യവസ്ഥയിലാണ് നിയമിക്കാറുള്ളത്. ഇതുസംബന്ധിച്ചുള്ള വിഷയങ്ങളിൽ ടെക്നോപാർക്ക് നേരിട്ട് ഇടപെടാറില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരും ഐ.ടി. ഇൻഡസ്ട്രി ലീഡേഴ്സുമായി 13-11-2008-ൽ നടന്ന മീറ്റിംഗിനെത്തുടർന്ന് 26-11-2008-ൽ ഐ.ടി. മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിലേയ്ക്ക് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എറണാകുളം ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലേബർ കമ്മീഷണർ, മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസ് ഡയറക്ടർ, ശ്രീ. സതീഷ് ബാബു (ഇൻ ആപ്പ് ഇൻഫർമേഷൻ ടെക്നോളജീസ്), ശ്രീ. നന്ദകുമാർ (സൺടെക് ബിസിനസ്സ് സൊല്യൂഷൻസ്) എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. അതിനെത്തുടർന്ന് ഐ.ടി. മേഖലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച കരട് കേരള ഇൻഫർമേഷൻ ടെക്നോളജി എംപ്ലോയീസ് (പ്ലേസ്മെന്റ്, റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ്, കീഷൻ ഓഫ് സർവ്വീസ് ആന്റ് വെൽഫെയർ) ബിൽ 2009 സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഐ.ടി. പാർക്കുകളിലെ ഐ.ടി. കമ്പനികൾ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവയാണ്. കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ പാർക്കുകൾക്ക് കഴിയുകയില്ല. എങ്കിലും തൊഴിൽ ചൂഷണം, തട്ടിപ്പ്, അനധികൃതമായ കരാർ വ്യവസ്ഥകൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിനായി പാർക്കുകളും കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ സേവന വേതന വ്യവസ്ഥകൾ ഉൾപ്പെട്ട നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഐ.ടി. പാർക്കുകളിലെ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ പാർക്കുകൾ സ്വീകരിക്കുന്നുണ്ട്.

(എഫ്) ഐ.ടി. പാർക്കുകളിലെ കമ്പനികളിൽ തൊഴിൽ ചൂഷണവും തട്ടിപ്പും തടയുന്നതിനായി കമ്പനികളും പാർക്കുകളുമായുള്ള കരാറിൽ നിയമാനുസൃതമായ എല്ലാ സേവനവേതന വ്യവസ്ഥകളും പാലിക്കണമെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. ടെക്നോപാർക്കിലെ കമ്പനികളിൽ പരിശീലന കോഴ്സ് നടത്തി ജോലി നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന തട്ടിപ്പ് കമ്പനികൾക്കെതിരെ ശക്തമായ നടപടികൾ ടെക്നോപാർക്ക് സ്വീകരിച്ചിട്ടുണ്ട്.

## പാകിസ്ഥാൻ സംഘത്തിന്റെ നുഴഞ്ഞുകയറ്റം

85 (86) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ വെബ് സൈറ്റുകളിൽ പാകിസ്ഥാൻ സംഘത്തിന്റെ നുഴഞ്ഞുകയറ്റം ഉണ്ടായെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സർക്കാർ ഐ.ടി. വകുപ്പുകളെ സജ്ജമാക്കുമോ;

(സി) നിലവിൽ ഇത്തരം നുഴഞ്ഞുകയറ്റങ്ങൾ കണ്ടെത്താൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചിരിക്കുന്നത്;

(ഡി) ഇത്തരം മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരത്തിലുള്ള നുഴഞ്ഞുകയറ്റങ്ങൾ തടയാൻ ഐ.ടി. വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി&ഡി) കേരള സർക്കാരിന്റെ സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - കേരള (സേർട്ട്-കെ) എന്ന സൈബർ സുരക്ഷാ വിഭാഗത്തെയാണ് നിയോഗിച്ചിരിക്കുന്നത്. സെർട്ട്-കെയിൽ സൈബർ സുരക്ഷാ മേഖലയിൽ പ്രാവീണ്യവും പ്രവൃത്തിപരിചയവുമുള്ള സെക്യൂരിറ്റി എഞ്ചിനീയർമാരുടെ വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇവർക്ക് കാലികമായ പരിശീലന ക്ലാസ്സുകളും നൽകി വരുന്നുണ്ട്.

## ജനസാന്ത്വന ഫണ്ട്

86 (87) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 'ജന സാന്ത്വനം പദ്ധതി'-യുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി മുഖേന നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 31-10-2016-ലെ ജി.ഒ.(പി) 165/2016/ധന പ്രകാരം 'മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്' എന്ന പദ്ധതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 4-1-2017-ലെ ജി.ഒ.(പി)1/2007/ധന ഉത്തരവ് പ്രകാരം 'മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടി'-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഇതൊടൊപ്പം അനുബന്ധം* ചെയ്തിട്ടുണ്ട്.)

(ബി) ആരോഗ്യം, വിദ്യാഭ്യാസം, പൊതുസ്ഥാപനങ്ങളുടെ പുനരുദ്ധാരണം, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പുനരധിവാസം, കഷ്ടത അനുഭവിക്കുന്ന കുട്ടികൾ, വൃദ്ധർ, അനാഥർ എന്നിവരുൾപ്പെട്ട എല്ലാ പൗരന്മാർക്കും ഈ പദ്ധതിയിലേയ്ക്ക് ധനസഹായത്തിന് സമർപ്പിക്കാം. നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) സാമ്പത്തിക, ആരോഗ്യപ്രശ്നങ്ങളാൽ വഴിമുട്ടിയവർ, പാർശ്വവൽക്കരിക്കപ്പെട്ട കഷ്ടത അനുഭവിക്കുന്നവർ, (ശോചനീയാവസ്ഥയിലായ പൊതുജനോപകാര സ്ഥാപനങ്ങളുടെ പുനരുദ്ധാരണം) എന്നിവയെല്ലാമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(ഡി) നിർമ്മാണം/അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവയ്ക്ക് പരമാവധി മൂന്നരലക്ഷം രൂപയും വൃദ്ധജനങ്ങൾ, പുറംപോക്കിൽ താമസിക്കുന്നവർ എന്നിവരുടെ പുനരധിവാസത്തിന് പരമാവധി രണ്ട് ലകഷം രൂപയും, സാമ്പത്തിക പ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിയവർക്ക് സമാശ്വാസമായി പരമാവധി ഒരു ലക്ഷം രൂപയും മറ്റ് സമാശ്വാസ ധനസഹായമായി പതിനായിരം രൂപയുമാണ് നൽകുന്നത്. മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ മാത്രമേ മേൽ പരിധിയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടുതൽ തുക അനുവദിക്കുകയുള്ളൂ.

**ധനസഹായം**

87 (88) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി തൃശ്ശൂർ ജില്ലയിൽ നിന്നും നാളിതുവരെ ആകെ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്;

(സി) തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും ഇനി എത്ര അപേക്ഷകളിൻമേൽ റിപ്പോർട്ട് ലഭിക്കാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളിൻമേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 1200 അപേക്ഷകളിന്മേൽ റിപ്പോർട്ട് സമർപ്പിക്കാനുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചികിത്സാ ധനസഹായം**

88 (89) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം താലൂക്കിൽ എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്?

(ബി) വില്ലേജ് തിരിച്ച് തുക എത്രയെന്ന് വ്യക്തമാക്കാമോ?

(സി) അനുവദിച്ച മുഴുവൻ തുകയും അപേക്ഷകർ കൈപ്പറ്റിയിട്ടുണ്ടോ?

(ഡി) ചികിത്സാ ധനസഹായം കൈപ്പറ്റാത്തവരുടെ പേര് വിവരം

ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കോതമംഗലം താലൂക്കിൽ 1,08,38,800 രൂപ (ഒരു കോടി എട്ട് ലക്ഷത്തി മുപ്പത്തി എട്ടായിരത്തി എണ്ണൂറ് രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി-ഡി) വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

89 (90) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കപ്പെട്ടിട്ടും ആയത് വിതരണം ചെയ്യാത്ത എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കാറില്ല.

**ജനസാന്ത്വന ഫണ്ടിൽ നിന്നുള്ള ധനസഹായം**

90 (91) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യന്ത്രിയുടെ ജനസാന്ത്വന ഫണ്ടിൽ നിന്ന് ഏതെല്ലാം ആവശ്യങ്ങൾക്കാണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ജനസാന്ത്വന ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതെന്നും, അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാമെന്നും, അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യം, വിദ്യാഭ്യാസം, ആശുപത്രി ചെലവുകൾ, ശോചനീയാവസ്ഥയിലായ പൊതുസ്ഥാപനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പുനരധിവാസം മുതലായവയ്ക്കാണ് ജനസാന്ത്വന നിധിയിൽ

നിന്ന് ധനസഹായം നൽകുന്നത്. വിശദമായ വിവരങ്ങൾക്ക് 4-1-2017-ലെ ജി.ഒ. (പി)1/2017/ധന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ, വൃദ്ധജനങ്ങൾ, അനാഥമായ കുടുംബങ്ങൾ, കുട്ടികൾ തുടങ്ങി ബുദ്ധിമുട്ട് അനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ജനസാന്ത്വനഫണ്ടിൽ നിന്ന് സഹായം ലഭ്യമാകും. 6-2-2017-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം റേഷൻകാർഡ്/ അധാർകാർഡ്, ബാങ്ക് അക്കൗണ്ട്, ബുക്കിന്റെ ആദ്യപുറം എന്നിവ ഉൾക്കൊള്ളിച്ച് അപേക്ഷ നൽകാം. അപേക്ഷകൾ മുഖ്യമന്ത്രിക്ക് നേരിട്ടോ, ധനകാര്യവകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ജില്ലാകളക്ടർ എന്നിവർക്കോ സമർപ്പിക്കാവുന്നതാണ്.

### ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

91 (92) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ താലൂക്കിലെ നിലമ്പൂർ, കരുളായി, അമരമ്പലം, ചുങ്കത്തര, കുറുമ്പലങ്ങോട്, പോത്തുകല്ല്, മൂത്തേടം, എടക്കര, വഴിക്കടവ് എന്നീ വില്ലേജുകളിൽ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്; എത്ര രൂപയാണ് ധനസഹായം അനുവദിച്ചത്; വ്യക്തമാക്കാമോ;

(ബി) 2017 മാർച്ച് 31 വരെ മേൽ വില്ലേജുകളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വില്ലേജ് തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

### മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം

92 (93) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അരൂർ കുമ്പളം കായലിലേക്ക് വാഹനം മറിഞ്ഞ് അഞ്ച് നേപ്പാളികളും ഒരു മലയാളിയും മരിക്കാനിടയായ സംഭവത്തിൽ, മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെട്ട് അരൂർ എം. എൽ. എ. നൽകിയ അപേക്ഷയിന്മേൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; ആയതിനുള്ള ധനസഹായം എത്ര രൂപാവീതം അനുവദിച്ചിട്ടുണ്ട്; അത് അവരുടെ ബന്ധുക്കൾക്ക് കൈമാറിയോ; എങ്കിൽ തുക എന്നാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

അരൂർ കുമ്പളം കായലിലേയ്ക്ക് വാഹനം മറിഞ്ഞ് നാല് നേപ്പാളികളും ഒരു മലയാളിയും മരിക്കാനിടയായ സംഭവത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

93 (94) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പേരിൽ ഒരു ധനസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത ഫണ്ടിൽനിന്ന് എന്തെല്ലാം ആവശ്യങ്ങൾക്കാണ് ധനസഹായം നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും ആയത് ലഭിച്ചതിന് ശേഷവുമുള്ള ഭരണപരമായ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 31-10-2016-ലെ ജി.ഒ.(പി) നമ്പർ165/2016/ധന പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

പൊതുജനോപകാര സാമൂഹികോന്നമന ജീവകാരുണ്യ പദ്ധതികൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അടിസ്ഥാന ആവശ്യങ്ങൾ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്.

(ബി) വെള്ളപേപ്പറിൽ അപേക്ഷ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആധാർ കാർഡ്/റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ ആദ്യപുറം എന്നിവയുടെ കോപ്പികൾ ഉൾക്കൊള്ളിക്കണം.

മുഖ്യമന്ത്രിക്ക് നേരിട്ടോ, ധനകാര്യ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ എന്നിവർക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി/മന്ത്രിസഭയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹമായ ധനസഹായം അനുവദിച്ചുനൽകുന്നതാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി**

94 (95) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള ചികിൽസാ സഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്കുള്ള പരിധി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്ന സഹായം എത്രയും വേഗം രോഗികൾക്ക് എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു വ്യക്തിക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർക്ക് 2,000 രൂപയിൽ നിന്ന് 10,000 രൂപയായും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി മൂന്ന് ലക്ഷം രൂപയിൽനിന്ന് പത്തുലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചികിത്സാ ധനസഹായം**

95 (96) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമായി നാളിതുവരെ എന്തുതുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ചികിത്സാ സഹായം അനുവദിച്ച് മാസങ്ങൾ കഴിഞ്ഞാണ് പ്രസ്തുത തുക അപേക്ഷകർക്ക് ലഭിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന രോഗികൾക്ക് അനുവദിക്കുന്ന തുക എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചികിത്സാ സഹായത്തിന് ലഭിച്ച അപേക്ഷകളിൽ ഉത്തരവായ എത്രയെണ്ണത്തിൽ ഇനി ധനസഹായം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 105,63,30,899 (നൂറ്റിഅഞ്ച് കോടി അറുപത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റൊൻപത് രൂപ മാത്രം)

(ബി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി&ഡി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽത്തന്നെ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാകളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ചികിത്സാ സഹായത്തിന് ലഭിച്ച അപേക്ഷകളിൽ തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും തുക അനുവദിച്ച എല്ലാ അപേക്ഷകൾക്കും സർക്കാരിന്റെ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായ ധനസഹായം നൽകിയിട്ടുണ്ട്. തിരുവനന്തരപുരം ജില്ലയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനസഹായം ഉത്തരവായതിൽ 96 കേസ്സുകളിൽ ധനസഹായം വിതരണം ചെയ്യുന്നതിന് ബാക്കിയുണ്ട്. ടി 96 കേസ്സുകളിലും ആവശ്യമായ സൂക്ഷ്മപരിശോധന നടത്തി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനും വിതരണം ചെയ്യാനാവാത്ത സാഹചര്യമുണ്ടെങ്കിൽ സർക്കാരിനെ അറിയിക്കുവാനും ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിരസിക്കപ്പെട്ട അപേക്ഷകൾ**

96(97) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട ധനസഹായം ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇക്കാലയളവിൽ നിരസിക്കപ്പെടുകയുണ്ടായി എന്നറിയിക്കുമോ?

ഉത്തരം

(എ-ഡി) അനുബന്ധം (1,2.3.4) ആയി ചേർത്തിരിക്കുന്നു.*

**ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക**

97 (98) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഇതുവരെ എത്രപേർക്ക് ധനസഹായമനുവദിച്ചിട്ടുണ്ട്; എത്ര തുക ഇതുവരെ അനുവദിച്ചു ; ജില്ല തിരിച്ചുള്ള വിവരം വിശദമാക്കാമോ;

(ബി) ദുരിതാശ്വാസനിധി കൈകാര്യം ചെയ്യുന്ന നടപടികളിൽ സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം; ഇതിന്റെ ഗുണഫലങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനംകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ക്യാൻസർ, കിഡ്നി, കരൾ സംബന്ധമായ അസുഖങ്ങൾക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു വ്യക്തിക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർക്ക് 2,000 രൂപയിൽ നിന്ന് 10,000 രൂപയായും റവന്യൂ മന്ത്രിക്ക് 5,000 രൂപയിൽനിന്ന് 25,000 രൂപയായും മുഖ്യമന്ത്രിക്ക് 1,00,000 രൂപയിൽ നിന്ന് 3,00,000 രൂപയായും ഉയർത്തിയിട്ടുണ്ട്. കൂടാതെ ജില്ലാകളക്ടർമാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരുമാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി മൂന്ന് ലക്ഷം രൂപയിൽനിന്ന് പത്തുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഓൺലൈൻ സംവിധാനം വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് താലൂക്ക് അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനത്തിന്റെ കാര്യക്ഷമത ആനുകാലികമായി അവലോകനം ചെയ്തുവരുന്നുണ്ട്.

**ജനസാന്ത്വന നിധിയുടെ മാനദണ്ഡങ്ങൾ**

98 (99) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനനിധിയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) മാനദണ്ഡങ്ങൾ തയ്യാറായിട്ടില്ലെങ്കിൽ പതിനായിരക്കണക്കിന് സ്ത്രീകൾ ജില്ലാ കളക്ടേറ്റുകളിലും, താലൂക്ക് ഓഫീസുകളിലും ഇതിനായുള്ള അപേക്ഷ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകാൻ മണിക്കൂറുകൾ ക്യൂവിൽ നിന്ന് ദുരിതം അനുഭവിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനസാന്ത്വനനിധി സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുവാൻ സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഡി) ജനസാന്ത്വന നിധിയിൽ നിലവിൽ എന്ത് തുക ഉണ്ടെന്നും ഇതിൽ എത്ര തുക ചെലവാക്കിയെന്നും വിശദമാക്കാമോ;

(ഇ) മുഖ്യമന്ത്രിയുടെ ദുരിതശ്വാസനിധിയിൽ നിന്നും ഇതിനകം സഹായം ലഭിച്ചവർക്ക് ജനസാന്ത്വനനിധിയിൽ നിന്നും വീണ്ടും ധനസഹായം നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, പുനരധിവാസം എന്നീ മേഖലകളിൽ അടിയന്തരമായി ധനസഹായം ആവശ്യമുള്ള ഏതൊരു പൗരനും ഈ ഫണ്ടിൽ നിന്നുള്ള ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യുന്നതിനും പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കളക്ടറേറ്റുകളിലും താലൂക്കുകളിലും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ടുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജനസാന്ത്വനഫണ്ടുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 6-2-2017-ൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖ തയ്യാറാക്കുവാൻ ഈ മേഖലയിൽ വിദഗ്ദ്ധരായ ശ്രീ. വി. എം. ജിതേന്ദ്രൻ (മുൻ ഡയറക്ടർ, സാമൂഹ്യനീതി), ശ്രീ. കേശവൻ നായർ (സാനിട്ടേഷൻ മിഷൻ), ശ്രീ. സജിത് എം. എസ്. എന്നിവരെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) ജനസാന്ത്വനനിധിയിൽ നിലവിൽ ഇതിനായി ആരംഭിച്ച അക്കൗണ്ട്

നമ്പർ 40341101023114 (കേരള ഗ്രാമീൺ ബാങ്ക്, തിരുവനന്തപുരം മെയിൻ ബ്രാഞ്ച്) Rs.2,25,47,360 (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തേഴായിരത്തി മുന്നൂറ്റി അറുപത്) രൂപ നിക്ഷേപമായിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നതേയുള്ളൂ. ആയതിനാൽ ഈ നിധിയിൽ നിന്ന് തുക ചെലവാക്കിയിട്ടില്ല.

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം ലഭിച്ചവർക്ക് ജനസാന്ത്വനനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല.

**ശബരിമല എയർപോർട്ട്**

99 (100) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കും നാട്ടുകാർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന എയർപോർട്ട് ശബരിമലയ്ക്ക് സമീപം സ്ഥാപിക്കും എന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എയർപോർട്ട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് പത്തനംതിട്ട, കോട്ടയം ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങൾ സംബന്ധിച്ച റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിയമ നടപടികളിൽപ്പെടാതെ സംസ്ഥാന സർക്കാരിന് നേരിട്ട് ഏറ്റെടുക്കാൻ കഴിയുന്ന സ്ഥലം ഇവയിൽ ഏതൊക്കെയാണ്;

(ഡി) അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെ; അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന നടപടി എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കുമെന്നും; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കേണ്ടിവരികയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാപഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ശബരിമല എയർപോർട്ട് പദ്ധതിയുടെ ഒരു അവലോകനയോഗം 04-4-17-ൽ കൂടുകയുണ്ടായി. പ്രസ്തുത അവലോകനയോഗത്തിൽ ശബരിമല എയർപോർട്ട് പദ്ധതിക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ജില്ലാ കളക്ടർ പത്തനംതിട്ട, ജില്ലാ കളക്ടർ കോട്ടയം തുടങ്ങിയവരുൾപ്പെട്ട നാലംഗ ഉദ്യാഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം 7-4-17-ൽ പത്തനംതിട്ട ജില്ലയിലെയും കോട്ടയം ജില്ലയിലെയും വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഏരുമേലി തെക്ക്, മണിമല എന്നീ വില്ലേജുകളിൽപ്പെട്ട ചെറുവള്ളി, വെള്ളനാടി, പ്രൊപ്പോസ് തുടങ്ങിയ എസ്റ്റേറ്റുകളും പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ അരുവാപ്പുലം വില്ലേജിലെ കല്ലേലി എസ്റ്റേറ്റ്, മലയാലപ്പുഴ വില്ലേജിലെ കുമ്പള എസ്റ്റേറ്റ്, റാന്നി-പെരുനാട് വില്ലേജിലെ ളാഹ എസ്റ്റേറ്റ് തുടങ്ങിയവയാണ് പരിശോധിച്ചത്. ഉദ്യോഗസ്ഥ സംഘത്തിന്റെ സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ഡി) അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുകയോ തുക നിശ്ചയിക്കുകയോ ചെയ്തിട്ടില്ല.

**വിമാനത്താവള നിർമ്മാണ പ്രവൃത്തികൾ**

100 (101) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന്റെ വിവിധ പ്രവൃത്തികൾക്കായി ആകെ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുകയാണ് ഭരണാനുമതി

നൽകിയതെന്നും ഓരോ പ്രവൃത്തിയുടെ പേരും തുകയും സഹിതം വിശദമാക്കുമോ;

(സി) ഇത്തരത്തിൽ ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഭരണാനുമതി നൽകിയതിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**വിമാനത്താവളത്തിന് ഭൂമി**

101 (102) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിനായി ഇതിനോടകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിനും ഭാവി വികസന പദ്ധതികൾക്കുമായി ഇനിയും എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതായ ഭൂമി ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഭൂമിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നോഡൽ ഏജൻസിയായ കിൻഫ്ര മുഖാന്തരം 710.8072 ഹെക്ടറും ഗവൺമെന്റ് നേരിട്ട് 77.8057 ഹെക്ടറും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി നേരിട്ട് 4.2590 ഹെക്ടറും ഉൾപ്പെടെ 792.8719 ഹെക്ടർ ഭൂമി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനായി ഏറ്റെടുത്തിട്ടുണ്ട്.

(ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്കുവേണ്ടി 1012.1457 ഹെക്ടറിൽ (2500 ഏക്കർ) ഭൂമി ഏറ്റെടുത്തു നൽകണമെന്നാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിൽ 792.8719 ഹെക്ടർ ഭൂമി ഏറ്റെടുത്തുക്കഴിഞ്ഞു. ബാക്കി 219.2738 ഹെക്ടർ ഭൂമി ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(സി) അലൈൻമെന്റിൽ ഉൾപ്പെടാവുന്ന ഏകദേശം 165.0797 ഹെക്ടർ ഭൂമി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി കണ്ടെത്തിയിട്ടുണ്ട്.

(ഡി)

| | |
|---|---|
| ഡ്രെയിനേജിനുവേണ്ടി - മട്ടന്നൂർ മുനിസിപ്പാലിറ്റിയിലും കീഴല്ലൂർ ഗ്രാമപഞ്ചായത്തിലുമായി | -7.28 ഹെക്ടർ |
| കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റത്തിനുവേണ്ടി - പഴശ്ശി വില്ലേജ് മട്ടന്നൂർ ദേശം | -4.8765 ഹെക്ടർ |
| 3050 മീറ്ററിൽനിന്നും 3400 മീറ്ററിലേക്ക് റൺവേ ദീർഘിപ്പിക്കുന്നതിന് - കീഴല്ലൂർ വില്ലേജ് കാനാട് & കീഴല്ലൂർ ദേശം, പഴശ്ശി വില്ലേജ് മട്ടന്നൂർ ദേശം | -30.56 ഹെക്ടർ (75.5 ഏക്കർ) |
| എമർജൻസി റോഡിനുവേണ്ടി - കീഴല്ലൂർ വില്ലേജ് | -0.2514 ഹെക്ടർ |

3400-ൽ നിന്നും 4000 മീറ്ററിലേക്ക് റൺവേ ദീർഘിപ്പിക്കുന്നതിന് പെഗ്മാർക്കിംഗ് നടന്നിട്ടില്ല.

(ഇ) ഡ്രെയിനേജ് ആവശ്യാർത്ഥം ആദ്യ 5 തോടുകളുടെ നിർമ്മാണത്തിനുള്ള 0.8068 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള എസ്.എൽ.ഇ.സി. അംഗീകാരം ലഭിക്കുകയും പ്രതിഫലത്തുക അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. രജിസ്ട്രേഷൻ നടപടി നിയമോപദേശം ലഭ്യമാവുന്ന ക്രമത്തിൽ ആരംഭിക്കുന്നതാണ്. ഡ്രെയിനേജ് ആവശ്യാർത്ഥം രണ്ടാം ഘട്ടത്തിൽ 6 തോടുകളുടെ നിർമ്മാണത്തിനുള്ള 1.5012 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉഭയകക്ഷി ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കി നിൽക്കുന്ന 5 തോടുകളുടെ റിക്വസിഷൻ ലഭിക്കുകയും ഫോറം 4 വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

കാറ്റഗറി 1 ലൈറ്റിംഗ് ആവശ്യാർത്ഥം മാനേജിംഗ് ഡയറക്ടർ കിൻഫ്ര സമർപ്പിച്ച റിക്വിസിഷൻ അനുസരിച്ച് എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമുള്ള ഫോറം 4 പ്രസിദ്ധീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി നിൽക്കുന്ന ഭൂമിക്കുവേണ്ടിയുള്ള റിക്വിസിഷൻ നോഡൽ ഏജൻസിയായ കിൻഫ്രയിൽ നിന്നും ലഭ്യമാകുന്ന ക്രമത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**പരസ്യങ്ങൾക്കുള്ള തുക**

102 (103) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൂറ് ദിവസം പൂർത്തിയാക്കിയത് സംബന്ധിച്ചുള്ള പരസ്യങ്ങൾക്ക് എന്ത് തുക ചെലവഴിച്ചെന്ന് വിവിധ വകുപ്പുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി)ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഏതൊക്കെ പത്രങ്ങളിലാണ് പി.ആർ.ഡി. പരസ്യം നൽകിയത്; ഇതിനായി എന്ത് തുക നൽകി; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുക വീതം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ദേശീയപാതകളിലും മറ്റ് പ്രധാന റോഡുകളുടെ ഇരുവശങ്ങളിലും ഹോർഡിംഗുകൾ വഴി ഇത് സംബന്ധിച്ച പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടോ;

(ഇ) ഏത് ഏജൻസിയേയാണ് ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയത്; ഇതിന് ടെണ്ടർ ക്ഷണിച്ചിരുന്നോ; ഇതിനായി എന്ത് തുക ചിലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാത്തരം പരസ്യങ്ങൾക്കുമായി 3,81,11,730 രൂപ (മൂന്ന് കോടി എൺപത്തിയൊന്ന് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റി മുപ്പത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനകത്തും പുറത്തുമായി പി.ആർ.ഡി. വഴി പരസ്യം നൽകിയ പത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി *ചേർത്തിരിക്കുന്നു. പത്രങ്ങൾക്കായി 1,13,02,893 രൂപ (ഒരു കോടി പതിമൂന്ന് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. ഓൺലൈൻ - 1,25,390 രൂപ (TDS കിഴിച്ച്) ദൃശ്യം - 79,58,197 രൂപ (TDS കിഴിച്ച്) ശ്രവ്യം - 7,86,639 രൂപ (TDS കിഴിച്ച്)

(ഡി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന ഏജൻസികളെ താൽപ്പര്യപത്രം ക്ഷണിച്ച് തെരഞ്ഞെടുത്തു.

| | |
|---|---|
| ഐശ്വര്യ അഡ്വർടൈസിംഗ് | 6,47,260 രൂപ |
| ചിത്ര പെയിന്റേഴ്സ് | 5,23,613 രൂപ |
| മധു അഡ്വർടൈസിംഗ് | 1,95,615 രൂപ |
| ജെ.കെ. ആർട്സ് | 4,49,387 രൂപ |

## സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ട പരസ്യം

103 (104) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ സത്യപ്രതിജ്ഞയും രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഏതൊക്കെ പത്രങ്ങളിലാണ് പി.ആർ.ഡി. പരസ്യം നൽകിയത്; ഇതിനായി എന്ത് തുക നൽകി; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ദൃശ്യ- ശ്രവണ മാധ്യമങ്ങളിലൂടെ പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുക വീതം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ സത്യപ്രതിജ്ഞയും രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും പരസ്യം നൽകിയ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

മലയാള മനോരമ, മാതൃഭൂമി, ചന്ദ്രിക, ക്രൈംസ്റ്റോറി, ദേശാഭിമാനി, ജനറൽ, ജനയുഗം, ജന്മഭൂമി, കേരളകൗമുദി, ദീപിക, കേരളകൗമുദി ഫ്ലാഷ്, മാധ്യമം, മംഗളം, രാഷ്ട്രദീപിക, സിറാജ്, മെട്രോവാർത്ത, കലാപ്രേമി, കാരവൽ (മലയാളം), കേരളരാജ്യം, കേരനാട്, കലാകൗമുദി, കേരള ഹെറാൾഡ്, കേരള വാർത്ത, ലേറ്റസ്റ്റ്, പ്രഹേളിക, ന്യൂസ് കേരള, പടയണി, പ്രഭാതവാർത്ത, പ്രദീപം, പൗരൻ, സായാഹ്നകൈരളി, സായാഹ്നശബ്ദം, സതേൺസ്റ്റാർ, സ്വതന്ത്രമണ്ഡപം, തനിമ, തലസ്ഥാനവാർത്ത, ഉത്തരദേശം (മലയാളം) വർത്തമാനം, വേണാട് കൗമുദി, വേണാട് പത്രിക, മലയാള മഹിമ, മക്തബ്, ഭാരതപത്രിക, ഗദ്ദിക, ന്യൂ ഏജ്, സുദിനം, തുറന്ന കത്ത്, തൃശ്ശിവപേരൂർ എക്സ്പ്രസ്, ജന്മദേശം, കേരളഭൂഷണം, പീപ്പിൾസ് റിവ്യൂ, ക്രൈം, തനിനിറം, ടെലഗ്രാഫ്, ബിഗ് ന്യൂസ്, വീക്ഷണം,

മലബാർ വാർത്ത, സായാഹ്നം, ജന്മദേശം, സൗത്ത് ഇന്ത്യ ന്യൂസ്, കർമ്മശക്തി, തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ, ദി ഹിന്ദു (കേരള പേജ്), ഡെക്കാൺ ക്രോണിക്കിൾ (കേരള പേജ്), ടൈംസ് ഓഫ് ഇന്ത്യ (കേരള പേജ്),ബിസിനസ്സ് ലൈൻ (കേരള പേജ്) ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ബിസിനസ്സ് സ്റ്റാൻഡേർഡ്, തീക്കതിർ, ദിനകരൻ, ഹോസാഡിഗന്ധ, വിജയകർണ്ണാടക, വാർത്താഭാരതി, ട്രിനിറ്റി മിറർ, ഇന്ത്യൻ എക്സ്പ്രസ്, ടൈംസ് ഓഫ് ഇന്ത്യ, എക്കണോമിക് ടൈംസ്, ദി ഹിന്ദു, ഹിന്ദുസ്ഥാൻ ടൈംസ്.

ഇതുമായി ബന്ധപ്പെട്ട് ഡിസ്പ്ലേ ഇനത്തിൽ വിവിധ പത്രമാധ്യമങ്ങൾക്കായി 34,74,692 രൂപ (മുപ്പത്തിനാല് ലക്ഷത്തി എഴുപത്തിനാലായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിരണ്ട്) ചെലവഴിച്ചിട്ടുണ്ട്.

(ബി) ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ പരസ്യം നൽകിയിട്ടുണ്ട്. ദൃശ്യ-ശ്രവണ മാധ്യമങ്ങൾക്ക് 70,08,972 രൂപയുടെ (എഴുപത് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ട്) പരസ്യങ്ങളാണ് നൽകിയത്.

**പ്രവാസി കേരളീയകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

104 (105) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതം അനുഭവിക്കുന്ന പ്രവാസി മലയാളികളെ തിരികെ എത്തിക്കുന്നതിന് പ്രവാസി കേരളീയകാര്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ നഷ്ടപ്പെട്ട് ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്നവരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) വിദേശത്ത് മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും ഗുരുതരമായ അപകടങ്ങളിൽപ്പെട്ടവരെ ആശുപത്രികളിൽ എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിൽ തുടരവെ ജോലി സംബന്ധമായ പ്രശ്നം നേരിടുന്നവർ, തൊഴിൽ ദാതാവുമായി തർക്കങ്ങളിലോ കോടതി വ്യവഹാരങ്ങളിലോ അകപ്പെട്ടവർ, മനഃപൂർവ്വമല്ലാത്ത കാരണങ്ങളാൽ രേഖകൾ നഷ്ടപ്പെട്ടവർ എന്നിവരിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പ്രശ്നപരിഹാരം നടത്തി അവരെ തിരികെ എത്തിക്കാൻ കേരളീയ പ്രവാസികാര്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിദേശത്ത് ആവശ്യമുള്ള നിയമപരമായ രേഖകൾ തയ്യാറാക്കുന്നതിനായി പ്രവാസിയുടെ നാട്ടിലുള്ള ബന്ധുക്കൾക്ക് ആവശ്യമായ ഉപദേശങ്ങളും ഈ വകുപ്പിൽനിന്നും നൽകിവരുന്നുണ്ട്. മനഃപൂർവ്വമല്ലാത്ത കാരണങ്ങളാൽ വിദേശത്ത് നിയമപ്രശ്നം നേരിടുന്നവരെ സഹായിക്കുവാനായി ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് ഉപയോഗിച്ച് ഇന്ത്യൻ എംബസ്സി അർഹതയുള്ള കേസ്സുകളിൽ പ്രാഥമിക നിയമസഹായം ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ സ്വന്തം കുറ്റം കൊണ്ടല്ലാതെ വിദേശത്ത് അനധികൃതമായി താമസിക്കേണ്ടി വരുന്നവർക്ക് ശിക്ഷ ലഭിച്ചാൽ 1000 അമേരിക്കൻ ഡോളർ വരെയുള്ള തുക പിഴയടയ്ക്കുന്നതിനും എംബസ്സി മുഖേന പദ്ധതി നിലവിലുണ്ട്. ഇന്ത്യക്കാർ ജയിൽ മോചനത്തിനായി ചെറിയ പിഴ അടയ്ക്കേണ്ട സാഹചര്യം ഉണ്ടായാൽ 2500 അമേരിക്കൻ ഡോളർ വരെയുള്ള തുക എംബസ്സി നൽകി സഹായിക്കും. നിവൃത്തിയില്ലാത്ത ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് ഉപയോഗിച്ച് എംബസ്സി നാട്ടിലേയ്ക്ക് വിമാന ടിക്കറ്റ് എടുത്തുനൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. തന്റേതല്ലാത്ത കാരണങ്ങളാൽ നീണ്ട ജയിൽശിക്ഷ അനുഭവിച്ച് മോചിതരായവർക്ക് നാട്ടിലേയ്ക്കുള്ള ടിക്കറ്റെടുക്കാൻ കഴിയാതെ വന്നാൽ വിമാന ടിക്കറ്റ് നൽകുന്നതിനായി 'സ്വപ്നസാഫല്യം' എന്ന സംസ്ഥാന സർക്കാർ പദ്ധതിയും നിലവിലുണ്ട്. കൂടാതെ കാലാകാലങ്ങളിൽ വിദേശ രാജ്യങ്ങളിൽ പൊതുമാപ്പുകൾ പുറപ്പെടുവിക്കുമ്പോൾ പ്രവാസികളുടെ സുരക്ഷിതമായിട്ടുള്ള മടങ്ങി വരവിനായി ആവശ്യമായ തുടർ നടപടികൾ ഇന്ത്യൻ എംബസ്സി മുഖാന്തരവും കേന്ദ്ര വിദേശകാര്യ മന്ത്രാലയം മുഖേനയും ഈ വകുപ്പിൽനിന്നും സ്വീകരിച്ചുവരുന്നു.

(ബി) ലേബർ ക്യാമ്പുകളിൽ മലയാളികൾ കഷ്ടപ്പാടുകൾ അനുഭവിക്കുന്നതായി വിവരം ലഭിച്ചാൽ എംബസ്സി ഉദ്യോഗസ്ഥരും പ്രവാസികളായ സാമൂഹിക - സന്നദ്ധ പ്രവർത്തകരും പ്രസ്തുത ക്യാമ്പുകൾ സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആവശ്യമായ ഇടപെടൽ നടത്തി അവരുടെ മോചനം സാദ്ധ്യമാക്കുന്നതിനും മറ്റ് തൊഴിൽ സമ്പാദിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൗദി അറേബ്യ ഇപ്പോൾ പ്രഖ്യാപിച്ച പൊതുമാപ്പ്മൂലം

തിരികെ വരേണ്ടി വരുന്നവരുടെ വിമാന ടിക്കറ്റെടുത്ത് നാട്ടിലെത്തിക്കുന്നതിന് കേന്ദ്ര സർക്കാരിനോടും സൗദി എംബസ്സിയോടും 19-4-2017-ൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) വിദേശത്തുവച്ച് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കൾ ആവശ്യപ്പെടുന്നപ്രകാരം ഇന്ത്യൻ എംബസ്സിയുടെ സഹായത്തോടെ മൃതദേഹവും മറ്റ് അനുബന്ധ വസ്തുക്കളും അടിയന്തരമായി നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വളരെ നിർദ്ധനരായ പ്രവാസി മലയാളികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് നിബന്ധനകൾക്ക് വിധേയമായി വഹിക്കുന്നതിനായി 'കാരുണ്യം', 'എമർജൻസി റിപാട്രിയേഷൻ ഫണ്ട്' എന്നീ പദ്ധതികൾ ഉപയോഗിച്ചുവരുന്നു. ഗുരുതരമായ അപകടങ്ങളിൽപ്പെട്ട് നാട്ടിലെത്തുന്നവർക്ക് വൈദ്യസഹായം ആവശ്യമുള്ള പക്ഷം വിമാനത്താവളങ്ങളിൽ വിദഗ്ദ്ധ പരിചരണം ഉൾപ്പെടെയുള്ള ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനായുള്ള പദ്ധതി ഈ വർഷത്തെ ബജറ്റിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ**

105 (106) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിലവിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിന്നും അതിന്റെ അംഗങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിന്റെ നിലവിലെ ആസ്തി എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യം വിതരണം ചെയ്ത വകയിൽ എത്ര തുക ചെലവഴിച്ചു; 30-11-2009 മുതൽ 31-3-2017 വരെയുള്ള കണക്ക് വെളിപ്പെടുത്താമോ;

(ഇ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം ഉൾപ്പടെയുള്ള ചെലവുകൾക്കായി 30-11-2009 മുതൽ 31-3-2017 വരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിലവിൽ 1,61,100 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അംഗങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 18371 |
| 2 | കൊല്ലം | 23614 |
| 3 | പത്തനംതിട്ട | 8409 |
| 4 | ആലപ്പുഴ | 13172 |
| 5 | കോട്ടയം | 4368 |
| 6 | ഇടുക്കി | 846 |
| 7 | എറണാകുളം | 5646 |
| 8 | തൃശ്ശൂർ | 11870 |
| 9 | പാലക്കാട് | 7746 |
| 10 | മലപ്പുറം | 15127 |
| 11 | കോഴിക്കോട് | 22173 |
| 12 | വയനാട് | 1285 |
| 13 | കണ്ണൂർ | 24103 |
| 14 | കാസർഗോഡ് | 4370 |

(ബി) ബോർഡിൽ നിന്നും നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

<u>പെൻഷൻ:</u>

അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപയും ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും ഓരോ കൽപിത അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപയും പ്രവാസിക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചുവരുന്നുണ്ട്. അഞ്ച് വർഷത്തിൽ

കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി നൽകി വരുന്നുണ്ട്.

<u>കുടുംബ പെൻഷൻ:</u>

(എ) ഒരു അംഗം പെൻഷന് അർഹത നേടിയതിനുശേഷം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസം കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപത് ശതമാനമായിരിക്കും.

<u>മരണാനന്തര ധനസഹായം:</u>

പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അമ്പതിനായിരം രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കൽപിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായമായി നൽകിവരുന്നുണ്ട്.

<u>ചികിത്സാ ധനസഹായം:</u>

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെയും കൽപിതാംഗങ്ങളുടെയും ചികിത്സയ്ക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നുണ്ട്.

<u>വിവാഹ ധനസഹായം:</u>

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽനിന്ന് ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽകൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

<u>പ്രസവാനുകൂല്യം:</u>

തുടർച്ചയായി രണ്ട് വർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാംഗത്തിന് പ്രസവത്തിന് 3000 രൂപ അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു അംഗത്തിന് രണ്ടിൽകൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ഗർഭം അലസൽ സംഭവിച്ചിട്ടുള്ള കല്പിതാംഗം ഒഴികെയുള്ള വനിതാംഗത്തിന് 2000 രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ട് തവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

<u>വിദ്യാഭ്യാസ ആനുകൂല്യം:</u>

രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള കൽപിതാംഗങ്ങൾ അടക്കമുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി 2014-15 അദ്ധ്യായന വർഷം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പരമാവധി 4000 രൂപയാണ് ഈ പദ്ധതിപ്രകാരം ലഭിക്കുന്ന ഗ്രാന്റ് തുക.

(സി) 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് കണക്കുകളനുസരിച്ച് ബോർഡിന്റെ ആസ്തി 101,14,84,439 രൂപയാണ്. 2016-17 വർഷത്തെ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ല.

(ഡി) 30-11-2009 മുതൽ 31-3-2017 വരെ ബോർഡിൽ നിന്നും അനുവദിച്ച ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഇ) 30-11-2009 മുതൽ 31-3-2017 വരെ ശമ്പളം ഉൾപ്പെടെയുള്ള ചെലവ്

| വർഷം | ചെലവ് |
|---|---|
| 2009-10 | 26,41,955.00 |
| 2010-11 | 54,84,179.50 |
| 2011-12 | 63,43,715.50 |
| 2012-13 | 80,78,367.00 |
| 2013-14 | 85,58,018.00 |
| 2014-15 | 88,93,712.00 |
| 2015-16 | 1,00,98,043.00 |
| 2016-17 | ഓഡിറ്റ് ചെയ്തിട്ടില്ല. |

## സാന്ദീപ് സഹജന് വിട്ടുതൽ ലഭ്യമാക്കാൻ നടപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

106 (107) <u>ശ്രീ. ജോൺ ഫെർണാണ്ടസ് </u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജിദ്ദയിലെ ബിഷ ജയിലിൽ ശിക്ഷ അനുഭവിക്കുന്ന എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ തോപ്പിൽ വീട്ടിൽ സഹജൻ മകൻ സാന്ദീപ് സഹജന് വിടുതൽ ലഭിക്കുന്നതിനായി നോർക്ക വഴി (2015-ൽ 4977/A3/ 2015/NORKA , 2017-ൽ 219/A3/2017/NORKA) സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഇക്കാര്യത്തിൽ സർക്കാരിൽ ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 8-10-2015-ൽ 4977/എ 3/2015/നോർക്ക-നമ്പർ പ്രകാരം ജിദ്ദയിലുള്ള ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിന് കത്തയയ്ക്കുകയും ആയതിന്റെ പകർപ്പ് പരാതിക്കാരന് നൽകുകയും ചെയ്തു.

15-3-2017-ൽ ബഹുമാനപ്പെട്ട കേരള നിയമസഭാ സാമാജികൻ ശ്രീ. ജോൺ ഫെർണാണ്ടസ് വഴി ലഭിച്ച ശ്രീ. സഹജന്റെ നിവേദനം പരിഗണിച്ച് സർക്കാർ 18-3-2017-ൽ വീണ്ടും 219/എ 3/2017/നോർക്ക-നമ്പർ പ്രകാരം പ്രസ്തുത വിഷയം സംബന്ധിച്ച് ജിദ്ദയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിനും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും കത്തയയ്ക്കുകയും വിവരം പരാതിക്കാരനേയും ബഹുമാനപ്പെട്ട നിയമസഭാ സാമാജികനേയും രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നു.

20-2-2017-ൽ കേരള പ്രവാസി സംഗമം സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് ശ്രീ. ടി. പി. ആന്റണി ഇക്കാര്യത്തിൽ സമർപ്പിച്ച നിവേദനത്തിന്മേൽ വീണ്ടും 17-4-2017-ൽ 300/എ 3/2017/നോർക്ക-നമ്പർ പ്രകാരം ജിദ്ദയിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിനും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും സർക്കാർ കത്തയയ്ക്കുകയും വിവരം പരാതിക്കാരനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽകത്തുകളുടെ വെളിച്ചത്തിൽ ജിദ്ദയിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിൽനിന്നും 20-4-2017-ൽ സർക്കാരിന് ലഭിച്ച വിവരമനുസരിച്ച് ശ്രീ. സന്ദീപ് സഹജനെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ജിദ്ദയിലെ കോടതി ശിക്ഷിച്ചതിന്റെ വെളിച്ചത്തിൽ ഇപ്പോൾ ബിഷ ജയിലിൽ തടവ് ശിക്ഷ അനുഭവിക്കുകയാണെന്നും 60,000 സൗദി റിയാൽ കെട്ടിവച്ചാൽ മാത്രമേ ശ്രീ. സന്ദീപിനെ മോചിപ്പിക്കാൻ കഴിയുകയുള്ളൂവെന്ന് സ്പോൺസർ അറിയിച്ചിട്ടുള്ളതായും കാണുന്നു. ഈ വിവരം 19-4-2017-ൽ ശ്രീ. സഹജനെ അറിയിച്ചിട്ടുണ്ട്.

**വിവിധ കേസ്സുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ**

107 (108) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധവകുപ്പുകൾ 2014 ജനുവരി 1-ന് മുമ്പ് വിവിധ കേസ്സുകൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത, തടഞ്ഞുവച്ച എത്ര വാഹനങ്ങൾ സർക്കാർ ഓഫീസ് പരിസരം, റോഡു പുറമ്പോക്കുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികളുടെ പറമ്പുകൾ എന്നിവിടങ്ങളിൽ ഇപ്പോഴും സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര വാഹനങ്ങൾ കേസ്സുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരാക്കേണ്ടവയാണെന്നതിന്റെ വിശദവിവരം നൽകാമോ;

(സി) കേസ്സുകൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങളിൽ ഏറ്റവും കൂടുതൽ കാലമായി കസ്റ്റഡിയിൽ ഉള്ളത് ഏതുവർഷം പിടിച്ചെടുത്തവയാണ്;

(ഡി) ഓരോ ഓഫീസിലും ഇതിന്റെ കണക്കുസൂക്ഷിക്കാനും മേൽ നടപടികൾ സ്വീകരിക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധമായി മേലാധികാരികളിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവിധ കേസ്സുകൾ/സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് 2014 ജനുവരി 1-ന് മുൻപ് സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ വകുപ്പുകൾ പിടിച്ചെടുത്ത/തടഞ്ഞുവച്ച 15475 വാഹനങ്ങൾ സർക്കാർ ഓഫീസ് പരിസരത്തിലും (പോലീസ് സ്റ്റേഷൻ പരിസരം ഉൾപ്പെടെ) 2894 വാഹനങ്ങൾ റോഡ് പുറമ്പോക്കിലും 1020 വാഹനങ്ങൾ മറ്റ് പൊതുസ്ഥാപനങ്ങളിലും 434 വാഹനങ്ങൾ സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും ഇപ്പോഴും സൂക്ഷിക്കുന്നുണ്ട്.

(ബി) ഇവയിൽ 15581 വാഹനങ്ങൾ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരാക്കേണ്ടവയാണ്.

(സി) കേസ്സുകൾ/സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത

വാഹനങ്ങളിൽ ഏറ്റവും കൂടുതൽ കാലമായി കസ്റ്റഡിയിലുള്ളത് 2013 വർഷം പിടിച്ചെടുത്തവയാണ്.

(ഡി) സ്റ്റേഷൻ ഹൗസ് ഓഫീസർമാരാണ് ഇതിന്റെ കണക്ക് സൂക്ഷിക്കാനും മേൽ നടപടികൾ സ്വീകരിക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ.

(ഇ) ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയും മറ്റ് ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും നൽകുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായി പാലിച്ചുവരുന്നു. വീഴ്ച വരുത്തിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഡി.ജി.പി. ഓഫീസിന് മുൻപിലുണ്ടായ അറസ്റ്റ്

108 (109) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) DGP ഓഫീസിന് മുൻപിൽ ജിഷ്ണുവിന്റെ മാതാവിനെയും കുടുംബാംഗങ്ങളെയും പോലീസ് തടഞ്ഞതിനെ തുടർന്നുണ്ടായ സംഭവത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടത് ആരെല്ലാമായിരുന്നു;

(ബി) അറസ്റ്റുചെയ്യപ്പെട്ടവർ ജിഷ്ണു പ്രണോയിയുടെ കുടുംബവുമായി ഗൂഢാലോചന നടത്തിയിട്ടുണ്ട് എന്നുള്ള എന്തെങ്കിലും റിപ്പോർട്ടുകൾ പോലീസിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ഉപയോഗിച്ചാണ് കേസെടുത്തിട്ടുള്ളത്;

(ഡി) അറസ്റ്റുചെയ്യപ്പെട്ടവരുമായി യാതൊരു ബന്ധവുമില്ലെന്ന് ജിഷ്ണു പ്രണോയിയുടെ മാതാവ് പറഞ്ഞിട്ടും ഇവർക്കെതിരെ അതിശക്തമായ വകുപ്പുകൾ ഉപയോഗിച്ച് കേസെടുക്കുവാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പോലീസ് ആസ്ഥാനത്തിന് മുമ്പിൽ 5-4-2017-ന് മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ നടത്തിയ സമരത്തിലേയ്ക്ക് നുഴഞ്ഞുകയറിയത് സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/2017 u/s 120(B), 143, 147, 149, 283, 353, IPC & Sec.39 r/w 121 of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ പ്രതികളായി (1) കെ. എം. ഷാജഹാൻ, S/o മുഹമ്മദാലി, (2) മിനി, D/o സാവിത്രി, (3) ഷാജിർഖാൻ, S/o ഹനീഫ, (4) ശ്രീകുമാർ, S/o സുധാകരൻ (5) ഹിമവൽ മഹേശ്വര ഭദ്രാനന്ദ S/o ഹേമചന്ദ്രൻ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. കേസ്സ് അന്വേഷണാവസ്ഥയിലാണ്.

(സി) ഇവർക്കെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ

552/2017 u/s 120(B), 143, 147, 149, 283, 353, IPC & Sec. 39 r/w 121 of KP Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഈ കേ,സ്സിലെ 1 മുതൽ 5 വരെ പ്രതികൾ കൃത്യസ്ഥലത്ത് ഹൗജരുണ്ടായിരുന്നതായും ഇവർ ഗതാഗത തടസ്സം സൃഷ്ടിച്ചതിനാലും പോലീസുദ്യോഗസ്ഥരുടെ ഔദ്യോഗിക ഡ്യൂട്ടി തടസ്സപ്പെടുത്തിയതിനാലുമാണ് ഇവർക്കെതിരെ കേസെടുത്ത് വിശദമായ അന്വേഷണം നടത്തുന്നത്.

**മന്ത്രിമാർ പ്രതികളായിട്ടുള്ള കൊലക്കേസ്സുകൾ**

109 (110) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ ആരെങ്കിലും പ്രതികളായിട്ടുള്ള കൊലകേസ്സ് നിലവിലുണ്ടോ; എങ്കിൽ ആരൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം കൊലകേസ്സുകളിലാണ് ഇവർ പ്രതികളായിട്ടുള്ളത്;

(സി) കൊലക്കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി മന്ത്രി പ്രതിയായിട്ടുള്ള ഒരു കേസ്സ് നിലവിലുണ്ട്.

(ബി) ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 118/1982 u/s143, 147, 148, 149, 307,302, IPC & Sec.3 of 25(i)(a) of Arms Act പ്രകാരമുള്ള കേസ്സ്.

(സി) പ്രസ്തുത കേസ്സ് ഇപ്പോൾ ബഹുമാനപ്പെട്ട Addl. Sessions Court, Adhoc II, Thodupuzha-ൽ വിചാരണയിലാണ്.

**ലൈംഗിക പീഡനക്കേസ്സുകൾ**

110 (111) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ രജിസ്റ്റർ ചെയ്ത ലൈംഗിക പീഡന കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(സി) എത്ര കേസ്സുകൾ കോടതിയിൽ എത്തിച്ച് വിചാരണ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ എത്ര; വെറുതെ വിട്ടവർ എത്ര;

(ഇ) ഇനിയും പിടികൂടാനുള്ള പ്രതികളെത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതി**

111 (112) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ്-സ്കൂൾ ക്യാമ്പസുകളെ ലഹരി വിമുക്തമാക്കുവാൻ നടപ്പിലാക്കിയ ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കിയതുമൂലം പ്രസ്തുത മേഖലകളിൽ ഉണ്ടായ പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ - കോളേജ് ക്യാമ്പസ്സുകളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം വളർത്തുന്നതിന് സെമിനാറുകളും, കൗൺസിലിംഗുകളും നടത്തുകയും ലഹരിയുടെ ദൂഷ്യവശങ്ങൾക്ക് വിധേയരായ വ്യക്തികളുടെ ദുരനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുകയും, വിദ്യാർത്ഥികളിലും, രക്ഷിതാക്കളിലും ലഹരി വിരുദ്ധ ചിന്താഗതി വളർത്തിയെടുക്കുക, പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, ലഹരി ഉപഭോഗം വഴി കുട്ടികളിൽ ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും അതിലൂടെ ഉണ്ടായേക്കാവുന്ന ക്രിമിനൽ വാസന എന്നിവ ഇല്ലായ്മ ചെയ്ത് മികച്ച അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) വിലയിരുത്തിയിട്ടുണ്ട്. സ്കൂൾ - കോളേജ് ക്യാമ്പസ്സുകളിൽ ലഹരി ഉപയോഗം കണ്ടെത്തുന്നതിനും ക്യാമ്പസ്സുകളെ ലഹരി വിമുക്തമാക്കുന്നതിനും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതിമൂലം സാധിച്ചിട്ടുണ്ട്. കൂടാതെ ഇവയുടെ വിൽപ്പന തടയുന്നതിനും വിൽപ്പനക്കാരെ പിടികൂടുന്നതിനും കുറ്റക്കാരെ കർശന നിയമ നടപടികൾക്ക് വിധേയരാക്കുന്നതിനും ഇതിനായി കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ സഹായം ആർജ്ജിക്കാനും കഴിയുന്നുണ്ട്.

**പോലീസ് കംപ്ലെയിന്റ് അതോറിറ്റി**

112 (113) ശ്രീ. എം. ഉമ്മർ:
ശ്രീ. സി.മമ്മൂട്ടി:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലിയിരുത്തുന്ന കാര്യത്തിൽ നിലവിൽ നിയമപരമോ സാങ്കേതികമോ ആയ എന്തെങ്കിലും തടസ്സമുണ്ടോ;വിശദമാക്കാമോ;

(ബി) പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെയുള്ള കേസ്സുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രയോജനം ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ അതോറിറ്റി റിപ്പോർട്ടുകൾ നടപ്പാക്കുന്നതുൾപ്പെടെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2011-ലെ കേരള പോലീസ് ആക്റ്റ് 110-ാം വകുപ്പിലാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ രൂപീകരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതോറിറ്റിയുടെ പ്രവർത്തനം സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തുന്നതിന് തടസ്സങ്ങളില്ല.

(സി) അതോറിറ്റി ശിപാർശ ചെയ്യുന്ന റിപ്പോർട്ടുകളിന്മേൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട യൂണിറ്റ് മേധാവികളും ഉചിതമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

113 (114) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

പൊൻമുടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പാർട്ടി ഓഫീസും കടമുറികളും കത്തിച്ച സംഭവം

114 (115) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി എസ്.എം. ഹൈസ്കൂളിന് സമീപം പാർട്ടി ഓഫീസും കടമുറികളും കത്തിച്ച സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ നടന്ന ഗൂഢാലോചനയെ കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രതികളെ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; പ്രതികൾക്കെതിരെ കുറ്റപത്രം എന്ന് സമർപ്പിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറായി എ.കെ.ജി. വായനശാലയും, തൊട്ടടുത്ത കടമുറികളും സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടം കത്തി നശിച്ചത് സംബന്ധിച്ചുള്ള കേസ്സ് (മുനമ്പം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 985/15) ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈം നമ്പർ 09/CR/OCW-II/EKM/2016 പ്രകാരം 20-2-2016 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി നാളിതുവരെ 108 സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും, സംശയിക്കപ്പെടുന്നവരുടെ മൊബൈൽ ഫോൺ കോൾ വിവരങ്ങൾ ശേഖരിച്ചും കൃത്യസ്ഥലത്തുനിന്നും ശേഖരിച്ച വസ്തുക്കളുടെ സാമ്പിൾ ശാസ്ത്രീയ പരിശോധനയ്ക്ക് തിരുവനന്തപുരം

ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് അയച്ചും വൈദ്യുതി/അഗ്നിശമനം എന്നീ വിഭാഗങ്ങളിൽനിന്നും റിപ്പോർട്ടുകൾ വാങ്ങിയും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ ചെറായി എ.കെ.ജി. വായനശാലയും, തൊട്ടടുത്ത കടമുറികളും സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടം കത്തിനശിച്ചതുമായി ബന്ധപ്പെട്ട് കൃത്യമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഈ കേസ്സിലേയ്ക്ക് സംശയിക്കുന്നവരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടി സംഭവം സംബന്ധിച്ച് നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെപ്പറ്റി വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി നടത്തിവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ കണ്ടെത്താനായിട്ടില്ല. പ്രതികളെ കണ്ടെത്തുകയും തുടർന്ന് കേസ്സിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതുമാണ്.

**ഹർത്താലിൽ നടന്ന അക്രമ സംഭവങ്ങൾ**

115 (116) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-3-2017 ന് രാത്രി കാസർഗോഡ് പഴയ ചൂരി ജുമാ മസ്ജിദിലെ മദ്രസാ അദ്ധ്യാപകൻ റിയാസ് മൗലവി കൊല ചെയ്യപ്പെട്ടതിനെ തുടർന്ന് പിറ്റേ ദിവസം കാസർഗോഡ് നടന്ന ഹർത്താലിൽ അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെ ഏതൊക്കെ രീതിയിലുള്ള അക്രമ സംഭവങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ അക്രമസംഭവങ്ങളോട് അനുബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശം നൽകാമോ;

(ഡി) ഓരോ കേസ്സിലും ഉൾപ്പെട്ട പ്രതികളുടെ എണ്ണവും ഇതുവരെ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) വലിയ ആൾക്കൂട്ടത്തിനിടയിൽ നടത്തുന്ന അക്രമങ്ങളിൽ യഥാർഥ പ്രതികളെ കണ്ടെത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1) വിദ്യാനഗർ പോലീസ് സ്റ്റേഷൻ പരിധിയിൽ ചട്ടംകുഴി എന്ന സ്ഥലത്ത് സുധാകരൻ എന്നയാളെ അടിച്ച് പരിക്കേൽപ്പിച്ച സംഭവം 2) ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിൽ മാവിനക്കട്ട എന്ന സ്ഥലത്ത് പോലീസിന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം നിന്നത് സംബന്ധിച്ച ഒരു സംഭവം 3) ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിൽ മരപ്പനടുക്ക എന്ന സ്ഥലത്ത് ഇബ്രാഹിം ഖലീൽ എന്നയാളെ അടിച്ച് പരിക്കേൽപ്പിച്ച സംഭവം 4) മൊഗ്രാലിൽ വാഹനം തകർത്ത് ഒരാളെ ഗുരുതരമായി പരിക്കേൽപ്പിച്ചതും ഹൊസങ്കടിയിൽ റോഡ് ഗതാഗതം തടസ്സപ്പെടുത്തിയതുമായ സംഭവം 5) കാസർഗോഡ് ഹർത്താൽ അനുകൂലികൾ വ്യാപാര സ്ഥാപനങ്ങൾക്കുനേരെയും സ്വകാര്യ/സർക്കാർ വാഹനങ്ങൾക്കുനേരെയും കല്ലെറിഞ്ഞ് നാശനഷ്ടം ഉണ്ടാക്കുകയും റോഡിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ള സംഭവങ്ങൾ.

(സി&ഡി) ഈ സംഭവങ്ങളോടനുബന്ധിച്ച് 37 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) മേൽപ്പറയുന്ന കേസ്സുകളെല്ലാം അന്വേഷണാവസ്ഥയിലാണ്. ആയതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ല.

**സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള കുറ്റകൃത്യങ്ങൾ**

116 (117) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ റിപ്പോർട്ട് ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കേസ്സുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണമെത്ര;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടവരുടേയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടേയും എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ റിപ്പോർട്ട് ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ കേസ്സിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം 677181.

(സി) ഈ കേസ്സുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം 635980. ഇനി അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം 41201.

**ഡി.ജി.പി. ഓഫീസിന് മുമ്പിലെ സമരം**

117 (118) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.പി. ഓഫീസിന് മുൻപിൽ സമരം ചെയ്യുവാൻ പാടില്ല എന്നത് സംബന്ധിച്ച് സർക്കാരിന്റെയോ, ആഭ്യന്തര വകുപ്പിന്റെയോ എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇങ്ങനെയുള്ള ഉത്തരവ് ഇല്ലാ എങ്കിൽ എന്തുകൊണ്ടാണ് ഡി .ജി.പി. ഓഫീസിലേയ്ക്ക് വന്ന ജിഷ്ണു പ്രണോയിയുടെ മാതാവിനെയും, കുടുംബാംഗങ്ങളേയും തടയുവാനും അവർക്കെതിരെ അതിക്രമം നടത്തുവാനും പോലീസ് നടപടി സ്വീകരിച്ചത്; പ്രസ്തുത നടപടി ആരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർക്കെതിരെയുള്ള പോലീസ് നടപടികളെ സംബന്ധിച്ച് ഏതെങ്കിലും ഉന്നത പോലീസ് ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**യു.എ.പി.എ. നിയമ പ്രകാരം കേസ്സുകൾ**

118 (119) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ യു.എ.പി.എ. നിയമപ്രകാരം എത്ര വിചാരണത്തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റിമാന്റ് പ്രതികളും NIA-യുടെ അന്വേഷണത്തിലുള്ള കേസ്സുകളിൽ ഉൾപ്പെട്ട വിചാരണ തടവുകാരും ഒഴികെ വിവിധ യു.എ.പി.എ. കേസ്സുകളിലായി 4 വിചാരണ തടവുകാരുണ്ട്.

(ബി) 28 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ ചട്ടപ്രകാരമാണോ ചുമത്തിയതെന്ന കാര്യം പരിശോധിച്ചുവരുന്നു.

**യു.എ.പി.എ. നിയമപ്രകാരം കേസ്സ്**

119 (120) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്കെതിരെ യു.എ.പി.എ. അനുസരിച്ച് കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പനുസരിച്ച് കേസ്സെടുത്ത എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; അവരിൽ എത്രപേർ ജയിൽ മോചിതരായെന്നും ഇനി എത്രപേരെ അറസ്റ്റ് ചെയ്യാൻ ബാക്കി ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) യു.എ.പി.എ. പ്രകാരം കഴിഞ്ഞ സർക്കാർ എത്രപേർക്കെതിരെ കേസ്സ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവരും പിടികൂടാൻ ബാക്കിയുള്ളവരും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) യു.എ.പി.എ. പ്രകാരം കേസ് രജിസ്റ്റർ ചെയ്യപ്പെട്ടവർ ഇനിയും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) ഏത് സാഹചര്യത്തിലും എന്ത് കുറ്റം ചെയ്തതിന്റെ പേരിലുമാണ് ഒരാൾക്കെതിരെ യു.എ.പി.എ ചുമത്തുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) യു.എ.പി.എ. ശിപാർശ ചെയ്യേണ്ടതാരാണെന്നും അന്തിമ തീരുമാനമെടുക്കേണ്ടതാരാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 106 പേർക്കെതിരെ യു.എ.പി.എ. അനുസരിച്ച് കേസ്സെടുത്തതിൽ 32 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരിൽ ചിലർ ജാമ്യത്തിൽ പുറത്തിറങ്ങിയിട്ടുണ്ട്. ഇനി 74 പേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

(സി&ഡി) യു.എ.പി.എ. പ്രകാരം കഴിഞ്ഞ സർക്കാർ 644 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ഇതിൽ 124 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരിൽ ചിലർ ഒന്നിലധികം കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. ചില കേസ്സുകളിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നോ അവർ ആരൊക്കെയാണെന്നോ തിരിച്ചറിയാൻ സാധിക്കാത്തതുകൊണ്ട് അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. മറ്റുള്ളവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(ഇ) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്ന സംഘടനകൾ/വ്യക്തികൾ എന്നിവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുക എന്നതാണ് യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയാണ് പ്രസ്തുത നിയമപ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നത്. വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് പ്രസ്തുത കുറ്റം ഏത് നിയമത്തിന്റെ പരിധിയിൽ വരുന്നുവെന്ന് നിശ്ചയിക്കുന്നത്.

(എഫ്) യു.എ.പി.എ. കേസ്സ് രജിസ്റ്റർ ചെയ്യുന്നത് ജില്ലാ പോലീസ് മേധാവിയുടെ മുൻകൂട്ടിയുള്ള അനുമതിയോടെയാണ്.

**ആയുധ പരിശീലനം**

120 (121) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര പരിസരങ്ങളിൽ ആർ.എസ്.എസ്. പോലുള്ള സംഘടനകൾ നടത്തിവരുന്ന ശാഖകളിൽ ചിലയിടത്ത് ആയുധ പരിശീലനം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ;ഇത് സംബന്ധിച്ച കേസ്സുകളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ശാഖാ പ്രവർത്തനങ്ങളും ആയുധ പരിശീലനങ്ങളും തടയാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കരട് നിയമ രൂപം തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ-സി) ആരാധനാലയങ്ങളിൽ ആയുധപരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ആരാധനാലയങ്ങളിൽ ആയുധ പരിശീലനം നിയന്ത്രിക്കുന്നതിന് കേരള പോലീസ് ആക്ട് 2011-ൽ ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതാണ്.

**വാഹനാപകടങ്ങൾ**

121 (122) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന അപകടങ്ങളിൽ പ്രതിവർഷം എത്ര മരണം, പരിക്ക്, നാശനഷ്ടം എന്നിവ ഉണ്ടാകുന്ന എന്നതിന്റെ കണക്ക് ശേഖരിക്കാറുണ്ടോ;

(ബി) അപകടകാരണങ്ങളെക്കുറിച്ചുള്ള വിവരം ഓരോ കേസ്സിലും പ്രത്യേകം രേഖപ്പെടുത്താറുണ്ടോ; എങ്കിൽ അപകട കാരണം കണ്ടെത്തുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) വാഹനാപകടങ്ങൾ സംഭവിക്കുമ്പോൾ വാഹനം ഓടിച്ചിരുന്നയാൾ മദ്യപിച്ചിരുന്നോയെന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ 2016-ൽ എത്ര വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അപകടങ്ങളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്നും പരിക്കേറ്റവർ എത്രയെന്നും ഉണ്ടായനാശനഷ്ടങ്ങളുടെ കണക്ക് എത്രയാണെന്നും മദ്യപാനം കൊണ്ടുണ്ടായ അപകടങ്ങളുടെ എണ്ണം എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന അപകടങ്ങളിൽ പ്രതിവർഷം മരണപ്പെടുന്നവരുടെയും പരിക്ക് പറ്റുന്നവരുടെയും കണക്കുകൾ ശേഖരിക്കാറുണ്ട്. എന്നാൽ വാഹനാപകടങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കുകൾ ശേഖരിക്കാറില്ല.

(ബി) ഉണ്ട്. അപകടം നടന്ന കൃത്യസ്ഥലം പരിശോധിച്ചും സാക്ഷികളെ കണ്ട് ചോദിച്ചും അപകടം പറ്റിയ വാഹനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെക്കൊണ്ട് പരിശോധിപ്പിച്ചും ഫോറൻസിക് പരിശോധന നടത്തിയും കൂടാതെ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ സഹായത്തോടെയും അപകടകാരണം കണ്ടെത്താറുണ്ട്.

(സി) വാഹനാപകടങ്ങൾ സംഭവിക്കുമ്പോൾ വാഹനം ഓടിച്ചിരുന്നയാൾ തത്സമയം അറസ്റ്റിലാകുന്ന സാഹചര്യത്തിൽ അയാൾ മദ്യപിച്ചിരുന്നോയെന്ന് ബ്രീത്ത് അനലൈസർ, അൽകോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്താലും വൈദ്യപരിശോധനയിലൂടെയും പരിശോധിച്ചുവരുന്നുണ്ട്.

(ഡി) 2016-ൽ 39420 വാഹനാപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 4287 പേർ മരണമടയുകയും 44108 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിൽ 190 കേസ്സുകൾ മദ്യപിച്ച് വാഹനം ഓടിച്ചതിൽ സംഭവിച്ച അപകടങ്ങളാണ്. അപകടങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിക്കാറില്ല.

**പൊതുനിരത്തുകളിലെ പ്രകടനം**

122(123) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതു നിരത്തുകളിൽ പ്രകടനം നടത്തിയ എത്ര പേർക്കെതിരെ കേസ്സ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുനിരത്തുകളിൽ പ്രകടനം നടത്തിയ 60079 പേർക്കെതിരെ കേസ്സ്സെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ എണ്ണം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങൾ**

123 (124) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായ കേസ്സുകൾ എത്ര;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകൾ എത്ര;

(സി) സ്വകാര്യ മേഖലയിലെ തൊഴിൽ സ്ഥലങ്ങളിൽ നിന്ന് ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടവ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് നാളിതുവരെ 67 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായ കേസ്സുകൾ 13 എണ്ണമാണ്.

(ബി) സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം - 35.

(സി) സ്വകാര്യ മേഖലയിലെ തൊഴിൽ സ്ഥലങ്ങളിൽ നിന്നും 30 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അനന്തു അശോകന്റെ കൊലപാതകം**

124 (125) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വയലാർ വി.ആർ.വി.എം. ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥി അനന്തു അശോകന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രതികളിൽ ആർ.എസ്.എസ്.-മായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ ആരെല്ലാമാണ്; പേരു വിവരം വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പ്രതികൾക്കെതിരെ കേസ്സ് എടുത്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ആസൂത്രിതമായ കൊലപാതകം ആണ് എന്നത് കണക്കിലെടുത്ത് കൊലപാതകികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ച ഊർജ്ജിത നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രായപൂർത്തിയാകാത്ത 7 കുട്ടികളുൾപ്പെടെ 17 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ടി കേസ്സിലെ അറസ്റ്റ് ചെയ്ത 17 പ്രതികളും ആർ.എസ്.എസ്.-മായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്ന് വെളിവായിട്ടുണ്ട്. ടിയാന്മാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ശ്രീക്കുട്ടൻ, S/o രമേശൻ, 2. ബാലമുരളി, S/o വേണുഗോപാൽ, 3. ഹരികൃഷ്ണൻ, S/o മോഹനൻ, 4. സംഗീത്, @ കണ്ണൻ, S/o ഉദയൻ, 5. മിഥുൻ, S/o മധു, 6. അനന്ദു, S/o സതീഷ്, 7. ദീപക്, S/o ധനവാൻ, 8. രാഹുൽ @ മനു, S/o രഘു, 9. ഉണ്ണികൃഷ്ണൻ, S/o ഉദയൻ, 10. അതുൽസുക്കർനോവ്, S/o സുക്കർനോവ് എന്നിവരും പ്രായപൂർത്തിയാകാത്ത 1. വിശാഖ്, S/o വിനോദ്, 2. അജിത്, S/o രാജേന്ദ്രൻ, 3. അരുൺ, S/o രാജേന്ദ്രൻ, 4. അഖിൽ, S/o രാജേന്ദ്രൻ, 5. അമൽ, S/o സതീശൻ, 6. അച്ചു, S/o സന്തോഷ്, 7. ബിപിൻ ബാബു, @ ചന്ദു S/o ബാബു.

(സി) ചേർത്തല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 939/17/u/s 143, 147, 149, 120(b), 302 IPC എന്നീ വകുപ്പുകൾപ്രകാരമാണ് കേസ്സ് എടുത്തിട്ടുള്ളത്.

(ഡി) ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും, പ്രതികൾ സഞ്ചരിച്ചിരുന്ന വാഹനങ്ങൾ, വസ്തുങ്ങൾ എന്നിവ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുള്ളതും ശാസ്ത്രീയമായി തെളിവുകൾ ശേഖരിക്കുന്നതിലേയ്ക്കായി ഫിംഗർപ്രിന്റ് എക്സ്പെർട്ട്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളതുമാണ്.

**ശ്രീ.ടി.പി. സെൻകുമാറിനെ നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ്**

125 (126) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. റ്റി. പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അദ്ദേഹത്തെ മാറ്റിയത് മന്ത്രിസഭയുടെ അംഗീകാരത്തോടെ യായിരുന്നോ; എങ്കിൽ ഏത് ദിവസം ചേർന്ന മന്ത്രിസഭായോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച മന്ത്രിസഭാ യോഗത്തിന്മേലുള്ള നോട്ടിന്റെയും, മന്ത്രിസഭാതീരുമാനത്തിന്റെയും പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-6-2016-ൽ.

(ബി) അതെ. 1-6-2016-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ.

(സി) മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അനുബന്ധമായി* വച്ചിട്ടുണ്ട്.

### വിവാഹമോചന കേസ്സുകൾ

126 (127) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുടുംബ കോടതികളിൽ എത്ര വിവാഹ മോചന കേസ്സുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ; 2016 ജനുവരി മുതൽ 2016 ഡിസംബർ വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

31-3-2017 വരെ 18745 വിവാഹമോചന കേസ്സുകൾ നിലവിലുണ്ട്. 2016 ജനുവരി മുതൽ 2016 ഡിസംബർ വരെ 19693 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

### വനിതാ ഡയറക്ടറെ ആക്രമിച്ച സംഭവം

127 (128) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷയുടെ ഭാഗമായി ഈ സർക്കാർ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ബി) മാർച്ച് 30-ാം തീയതി കേരള സർവ്വകലാശാല സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടർ ആയ വനിതാ ജീവനക്കാരിയെ വധിക്കുമെന്ന് ഒരു സംഘടനയുടെ ഒരു പറ്റം വിദ്യാർത്ഥികൾ ഭീഷണിപ്പെടുത്തുകയും ഓഫീസിൽ തടഞ്ഞു വയ്ക്കുകയും, ഇവരെ ദേഹോപദ്രവം ഏൽപ്പിക്കുകയും മൂത്രമൊഴിക്കാൻപോലും ഈ സ്ത്രീയെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കാതിരുന്ന പീഡനത്തെ കുറിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; ടി വനിതാ ഡയറക്ടറുടെ പേര് വെളിപ്പെടുത്തുമോ;

(സി) ഇതിനെതിരെ മുഖ്യമന്ത്രിക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പരാതി നൽകിയിട്ട് നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ഏത് വിദ്യാർത്ഥി സംഘടനയാണ് ഈ ക്രൂരകൃത്യം ചെയ്തതെന്നാണ് ഇവരുടെ പരാതിയിൽ പറയുന്നത്;

(ഇ) കേരളാ യൂണിവേഴ്സിറ്റിയിലെ ഒരു സിൻഡിക്കേറ്റംഗം ആണ് ഈ ക്രൂരകൃത്യത്തിന് വിദ്യാർത്ഥികൾക്ക് നേതൃത്വം കൊടുത്തതെന്ന് അറിയുന്നതിനാൽ ഈ സിൻഡിക്കേറ്റംഗം ആരെന്ന് പേരു സഹിതം വിശദമാക്കുമോ;

(എഫ്) ഈ വനിതാ ഡയറക്ടറെ ആക്രമിച്ചവർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിക്കുവാൻ ഈ സർക്കാർ തയ്യാറാകുമോ; ഏതെങ്കിലും പ്രതികളെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽക്കൂടി ടി കൺട്രോൾ റൂം ഉടൻ ആരംഭിക്കുന്നതാണ്. ഉടനെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. ഇതിലേയ്ക്ക് കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-18-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസുദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10.30-നും ഉച്ചയ്ക്ക് 1.00 മണിക്കും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാകാത്ത ആത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ

സാധിച്ചില്ലെങ്കിൽ ആയത് അടുത്തുവരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യാഗസ്ഥ സ്ത്രീകളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതും പരിഹരിക്കുവാൻ കഴിയുന്നവ അപ്പോൾത്തന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്.

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ച് വരുന്നുണ്ട്. ഇതുകൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിച്ചുവരുന്നു.

(ബി) 30-3-2017 തീയതിയിൽ കേരള സർവ്വകലാശാല സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടരായ വനിതാ ജീവനക്കാരിയെ ഒരു സംഘടനയുടെ ഒരു കൂട്ടം വിദ്യാർത്ഥികൾ ഭീഷണിപ്പെടുത്തുകയും തടഞ്ഞുവയ്ക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അയതിലേയ്ക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 448/17 u/s 342, 294(b), 323, 324, 506(i), 383 &34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേരള സർവ്വകലാശാല സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ ഡോ. റ്റി. വിജയലക്ഷ്മിയാണ് ടി വനിതാ ഡയറക്ടർ.

(സി) കേരള സർവ്വകലാശാല സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടർ ഡോ. റ്റി. വിജയലക്ഷ്മിയെ ഒരു സംഘം വിദ്യാർത്ഥികൾ ഭീഷണിപ്പെടുത്തുകയും തടഞ്ഞുവയ്ക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് ലഭിച്ച പരാതി പ്രകാരം മേൽപ്പറഞ്ഞ സംഭവത്തിലേയ്ക്ക് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ 448/17 u/s 342, 294(b), 323, 324, 506(i), 383 & 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) എസ്.എഫ്.ഐ. വിദ്യാർത്ഥി സംഘടന എന്ന് പരാതിയിൽ പരാമർശിച്ചിട്ടുണ്ട്.

(ഇ) ഇത്തരത്തിൽ ലഭിച്ച പരാതി അന്വേഷണത്തിലാണ്. പരാതിയുടെ നിജസ്ഥിതി വെളിവാകാത്തതിനാൽ ഇപ്പോൾ വിശദാംശം നൽകാൻ കഴിയില്ല.

(എഫ്) വനിതാ ഡയറക്ടറെ ആക്രമിച്ചതിലേയ്ക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷനനിൽ ഉചിത മാർഗ്ഗേന ലഭിച്ച പരാതിയ്ക്ക് ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രൈം നമ്പർ 448/17 u/s 342, 294(b), 323, 324, 506(i), 383 &34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ കേസ്സിലേയ്ക്ക് പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

**പോലീസ് ലാത്തിച്ചാർജ്ജ്**

128 (129) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രക്ഷോഭങ്ങൾക്കുനേരെ പോലീസ് ലാത്തിച്ചാർജ്ജോ ടിയർഗ്യാസ് ഷെൽ പ്രയോഗമോ ജലപീരങ്കി പ്രയോഗമോ നടത്തിയിട്ടില്ല. എന്നാൽ ചില സംഘടനകളോ/രാഷ്ട്രീയ പാർട്ടികളോ നടത്തിയിട്ടുള്ള പ്രതിഷേധ സമരങ്ങൾ/ പ്രക്ഷോഭ പരിപാടികൾ എന്നിവ അക്രമാസക്തമായപ്പോൾ ആയതിനെ നിയന്ത്രണ വിധേയമാക്കുന്നതിനും ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി പോലീസ് 2 തവണ ലാത്തിച്ചാർജ്ജും, 8 തവണ ടിയർഗ്യാസ് ഷെൽ പ്രയോഗവും 25 തവണ ജലപീരങ്കി പ്രയോഗവും നടത്തിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതായ ആരോപണമുണ്ടായ രണ്ട് സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നില്ലെന്ന പരാതി

129 (130) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി തർക്കത്തെത്തുടർന്ന് എതിർ കക്ഷികൾ കയ്യേറ്റം ചെയ്യുകയും സ്ത്രീയെന്ന പരിഗണന നൽകാതെ പണിക്കാരുടെ മുന്നിൽ വച്ച് പരസ്യമായി ചീത്ത വിളിക്കുകയും ചെയ്ത സംഭവത്തിൽ ശ്രീമതി. രത്നമ്മ, സുഭദ്രാസദനം, കട്ടേല, ശ്രീകാര്യം ബഹു. മുഖ്യമന്ത്രിക്ക് eptn.2013/2017 പ്രകാരം E പെറ്റീഷൻ നൽകുകയും ഇതേ ആവശ്യം ഉന്നയിച്ച് ഡി.ജി.പി.-ക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും തിരുവനന്തപുരം വനിതാ പോലീസ് സ്റ്റേഷനിലും ptn no. 67/2017 dtd. 22/3/2017-ൽ നൽകിയ പരാതിയിൽ പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതിക്കാരിയുടെ മൊഴി പോലീസ് എടുത്തിട്ടുണ്ടോ; ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; ശ്രീകാര്യം പോലീസ് എന്ത് തുടർ നടപടി സ്വീകരിച്ചു;

(സി) ഈ പരാതിയിൽ FIR രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; എന്നാണ് FIR രജിസ്റ്റർ ചെയ്തത്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ശ്രീകാര്യം പോലീസ് കുറ്റക്കാരെ ചോദ്യം ചെയ്തിട്ടുണ്ടോ; ഈ കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രീമതി രത്നമ്മ, സുഭദ്രാസദനം, കട്ടേല, ശ്രീകാര്യം എന്നയാൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും നൽകിയ പരാതികളിന്മേലുള്ള അന്വേഷണത്തിൽ പരാതികക്ഷി മനഃപൂർവ്വം നിർമ്മാണ പ്രവർത്തനങ്ങൾ തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി അതിരുകെട്ടാൻ വാനം കുഴിച്ചതിൽ പരാതികക്ഷി കിടന്നതായും ആയത് പരാതിക്കാരിയുടെ എതിർകക്ഷി ക്യാമറയിൽ പകർത്തിയത് അന്വേഷണത്തിന്റെ ഭാഗമായി പോലീസ് കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. വഴിക്കായി ഉപയോഗിക്കുന്ന ഒരു സെന്റ് സ്ഥലം പരാതിക്കാരിയുടെ എതിർകക്ഷികൾ വാങ്ങാത്തതിലുള്ള വിരോധം നിമിത്തമാണ് ഇത്തരത്തിൽ ഒരു പരാതി നൽകാൻ ഇടയായതെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പരാതിക്കാരി പരാതിയിൽ പറയുന്ന കാര്യങ്ങളൊന്നുംതന്നെ സംഭവിച്ചിട്ടില്ലായെന്ന് വെളിവായതിനാൽ മറ്റ് നിയമ നടപടികൾ ഒന്നുംതന്നെ മേൽ പരാതികളിന്മേൽ പോലീസ് സ്വീകരിച്ചിട്ടില്ല.

ശ്രീമതി രത്നമ്മ, തിരുവനന്തപുരം സിറ്റി വനിതാ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി (പെറ്റീഷൻ നമ്പർ 67/Ptn/17) വനിതാ പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽ വസ്തു സംബന്ധമായ തർക്കമായതിനാൽ കോടതി മുഖാന്തരം പരിഹാരം കാണുവാൻ പരാതിക്കാരിയോട് നിർദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) 29-3-2017-ന് വനിതാ പോലീസ് ഉദ്യോഗസ്ഥ പരാതിക്കാരിയുടെ വിലാസത്തിൽ പോയി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. മൊഴി രേഖപ്പെടുത്തുവാൻ കാലതാമസം ഉണ്ടായിട്ടില്ല. അന്വേഷണത്തിൽ പരാതി സംഗതി കെട്ടിച്ചമച്ചതായതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) അന്വേഷണത്തിൽ പരാതി സംഗതി കെട്ടിച്ചമച്ചതായതിനാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല. പരാതിയുടെ മറുപടി ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ നിന്നും തപാൽ മാർഗ്ഗം ആവലാതിക്കാരിക്ക് അയച്ചു നൽകിയിട്ടുണ്ട്.

**ചെറായി എ. കെ. ജി. ലൈബ്രറി കത്തിച്ച സംഭവം**

130 (131) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി എ.കെ.ജി. ലൈബ്രറി കത്തിച്ച സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സംഭവത്തിൽ ഉൾപ്പെട്ടവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കുറ്റം ചുമത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അന്വേഷണത്തിന്റെ ഇതുവരെയുള്ള പുരോഗതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ചെറായി എ.കെ.ജി. വായനശാലയും തൊട്ടടുത്ത കടമുറികളും സ്ഥിതിചെയ്യുന്ന ഇരുനില കെട്ടിടം കത്തി നശിച്ചത് സംബന്ധിച്ചുള്ള കേസ്സ് (മുനമ്പം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 985/15) ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈം നമ്പർ 09/CR/OCW-II/EKM/2016 പ്രകാരം 20-2-2016-മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി നാളിതുവരെ 108 സാക്ഷികളുടെ മൊഴി

രേഖപ്പെടുത്തിയിട്ടുള്ളതും, സംശയിക്കപ്പെടുന്നവരുടെ മൊബൈൽ ഫോൺ കോൾ വിവരങ്ങൾ ശേഖരിച്ചും കൃത്യസ്ഥലത്തുനിന്നും ശേഖരിച്ച വസ്തുക്കളുടെ സാമ്പിൾ ശാസ്ത്രീയ പരിശോധനയ്ക്ക് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് അയച്ചും വൈദ്യുതി/അഗ്നിശമനം എന്നീ വിഭാഗങ്ങളിൽ നിന്നും റിപ്പോർട്ടുകൾ വാങ്ങിയും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ ചെറായി എ.കെ.ജി. വായനശാലയും തൊട്ടടുത്ത കടമുറികളും സ്ഥിതിചെയ്യുന്ന ഇരുനില കെട്ടിടം കത്തി നശിച്ചതുമായി ബന്ധപ്പെട്ട് കൃത്യമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഈ കേസ്സിലേയ്ക്ക് സംശയിക്കുന്നവരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ u/c Fire Occurrence പ്രകാരമാണ് കേസ്സിന്റെ അന്വേഷണം നടന്നുവരുന്നത്.

**ദുരൂഹ മരണം**

131 (132) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്രപേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ, കൊല്ലപ്പെട്ടനിലയിലോ, ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്ത കേസ്സുകൾ സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ചവർ ആത്മഹത്യ ചെയ്യുകയോ കൊല്ലപ്പെടുകയോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുകയോ ചെയ്ത സംഭവം ഉണ്ടായിട്ടില്ല.

(ബി) ബാധകമല്ല.

**പിങ്ക് പോലീസ്**

132 (133) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിങ്ക് പോലീസ് സംവിധാനം തുടരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അതിന്റെ കാരണം

വിശദമാക്കുമോ;

(ബി) വാഹനമുപയോഗിച്ച് തെരുവുകളിൽ ചുറ്റുന്നതിനല്ലാതെ ടി സംവിധാനത്തിൽ മറ്റെന്തെങ്കിലും പ്രയോജനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പിങ്ക് പോലീസ് സംവിധാനം എത്ര പേർ ഇതേവരെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നിലനിർത്തുന്നതിനായി വകുപ്പിൽ നിന്ന് സമ്മർദ്ദം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി പിങ്ക് പട്രോൾ ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും അവർക്ക് എതിരെയുണ്ടാകുന്ന അതിക്രമങ്ങൾക്കും പരാതികൾക്കും അതിവേഗം പോലീസിന്റെ ഇടപെടൽ സാധ്യമാക്കുന്നതിനുവേണ്ടിയാണ് പിങ്ക് പോലീസ് സംവിധാനം സംസ്ഥാനത്ത് ആരംഭിച്ചത്.

(ബി) വാഹനമുപയോഗിച്ച് പിങ്ക് പോലീസ്, പട്രോളിംഗാണ് നടത്തിവരുന്നത്. അതുവഴി സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ലഭ്യമാക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) പിങ്ക് പോലീസ് സംവിധാനം വഴി 2470 പേർക്ക് ഫോൺ മുഖാന്തരവും 617 പേർക്ക് പട്രോളിംഗിനിടയിൽ നേരിട്ടും പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ സർക്കാർ വളരെ ഗൗരവമായി കാണുന്നതുകൊണ്ടാണ് ഇത്തരമൊരു പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയത്. മറ്റ് സമ്മർദ്ദങ്ങളൊന്നും ഇക്കാര്യത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജിഷ്ണു പ്രണോയിയുടെ മരണം**

133 (134) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതിനോടനുബന്ധിച്ച കേസ്സിൽ എത്ര പ്രതികളെ

ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) പ്രതികളുടെ പേരു വിവരവും അവർക്കെതിരെ ചുമത്തിയ വകുപ്പുകളും വ്യക്തമാക്കുമോ;

(സി) കേസ്സിൽ എത്ര പ്രതികൾ ഇതിനകം മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്; അവരുടെ പേരു വിവരവും അവർക്കെതിരെ ചുമത്തിയ വകുപ്പുകളും വ്യക്തമാക്കുമോ; ഇനി എത്ര പ്രതികളെ പിടികൂടാനുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേസ്സുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയെ സമീപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനടിസ്ഥാനമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരണപ്പെട്ടത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ19/17 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ 5 പ്രതികളാണുള്ളത്. മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ബാക്കിയുള്ള നാല് പ്രതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യം നേടി. ടി കെസ്സിലെ പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. 1. കൃഷ്ണദാസ്, S/o പി. കെ. ദാസ് (Chairman, Nehru Group of Institutions) 2. സഞ്ജിത്ത് കെ.വി. @ കണ്ണൻ, S/o കെ.പി. വിശ്വനാഥൻ (PRO, Nehru College of Engineering and Research Centre, Pambadi, Thrissur District) 3. ശക്തിവേൽ, S/o കുപ്പുസ്വാമി (Vice Principal, Nehru College of Engineering and Research Centre, Pambadi, Thrissur District) 4. പ്രവീൺ സി.പി, S/o പ്രഭാകരൻ (Asst. Professor, Nehru College of Engineering and Research Centre, Pambadi, Thrissur District) 5. ദിപിൻ, S/o ദിലീപ് കുമാർ (Asst. Professor, Nehru College of Engineering and Research Centre Pambadi, Thrissur District).

ഇതുസംബന്ധിച്ച് കേസ്സിന്റെ ആദ്യഘട്ടത്തിൽ u/s174 Cr.PC പ്രകാരം അസ്വാഭാവിക മരണത്തിനാണ് കേസ്സ് രജിസ്റ്റർ ചെയ്തിരുന്നത്. കേസ്സിന്റെ തുടരന്വേഷണത്തിൽ സെക്ഷൻ 120(b), 384, 306, 323, 465, 468, 471, 201 r/w 34 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടുള്ളതിനാൽ ടി സെക്ഷനുകൾ ഉൾപ്പെടുത്തി അന്വേഷണം നടത്തിവരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളായി മറ്റാരും ഉൾപ്പെട്ടിട്ടുള്ളതായി അറിയാൻ

കഴിഞ്ഞിട്ടില്ല.

(ഡി) ടി കേസ്സിലെ ഒന്നാം പ്രതിയ്ക്ക് മുൻകൂർ ജാമ്യം അനുവദിച്ചതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതും അപ്പീൽ അപേക്ഷ ബഹുമാനപ്പെട്ട കോടതി നിരസിച്ചിരുന്നതുമാണ്.

**ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണം**

134 (135) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട് പഴയന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ19/17 കേസ്സിന്റെ അന്വേഷണത്തിനായി സംസ്ഥാന പോലീസ് മേധാവിയുടെ 11-1-2017-ലെ D5/6117/2017 PHQ ഉത്തരവ് പ്രകാരം ശ്രീമതി കിരൺ നാരായൺ ഐ.പി.എസ്.-ന്റെ കീഴിൽ പ്രത്യേക സംഘത്തെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കേസ്സിന്റെ വാദത്തിനായി അഡ്വക്കേറ്റ് സി. പി. ഉദയഭാനുവിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി 21-2-2017-ലെ സ.ഉ. (സാധാ) നമ്പർ440/17/ആഭ്യന്തരം പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രതികളുടെ പേരിൽ Look Out Circular പുറപ്പെടുവിക്കുകയും പ്രതികളെ കണ്ടെത്തുന്നതിന് പത്രപ്പരസ്യം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു. പ്രതികളുടെ പേരിൽ Wanted Notice പതിച്ച് പ്രസിദ്ധപ്പെടുത്തി. പ്രതികളെ പിടിക്കാൻ സഹായിക്കുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ചു. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും മറ്റുമായി സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയെ ഉൾപ്പെടുത്തി വിവിധ പോലീസ് സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

കേസ്സിലെ അഞ്ച് പ്രതികളിൽ 3-ാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ബാക്കിയുള്ള 4 പ്രതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽനിന്നും മുൻകൂർ ജാമ്യം നേടി. കേസ്സിലെ ഒന്നാം പ്രതിയായ കൃഷ്ണദാസിന് മുൻകൂർ ജാമ്യം അനുവദിച്ചതിനെതിരെ സർക്കാർ സുപ്രീം

കോടതിയിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ടി അപ്പീൽ അപേക്ഷ ബഹുമാനപ്പെട്ട കോടതി നിരസിക്കുകയുണ്ടായി.

ജിഷ്ണു പ്രണോയിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പത്തുലക്ഷം രൂപ 12-1-2017-ലെ ജി.ഒ.(എം. എസ്.) നമ്പർ 15/2017/റവ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

**പോലീസ് സേനയിലെ ഒഴിവുകൾ**

135 (136) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ടെന്നതിന്റെ തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സിവിൽ പോലീസ് ഓഫീസർ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് ഈ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പോലീസ് സേനയിലെ വിവിധ തസ്തികകളിലായി നികത്തപ്പെടാനുള്ള ഒഴിവുകളുടെ (പുതിയ തസ്തിക അനുവദിച്ചതുൾപ്പെടെ) തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകൾ |
|---|---|
| ഡ്രൈവർ | 42 |
| എ.പി.എസ്.ഐ. | 8 |
| സി.പി.ഒ. | 1252 (2017-ലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ) |
| സി.പി.ഒ(സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | 54 |
| ഡബ്ല്യൂ.സി.പി.ഒ. | 433 (എൻ.ജെ.ഡി. ഉൾപ്പെടെ) |
| ഡബ്ല്യൂ.സി.പി.ഒ(സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | 21 |
| ഐ.ആർ.ബറ്റാലിയൻ പി.സി. | 177 |
| എസ്.ഐ. (കെ.സി.പി.) | 93 (എൻ.ജെ.ഡി.) |

| | |
|---|---|
| ടെക്നിക്കൽ പി.സി. | 179 |
| മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ. | 3 |

മേൽപ്പറഞ്ഞ ഒഴിവുകളെല്ലാം (ടെക്നിക്കൽ പി.സി. ഒഴികെ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവിധ ബറ്റാലിയനുകളിലായി 21-6-2016-ന് നിലവിൽ വന്ന സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമോ അഥവാ ഒരു വർഷത്തിനകം അവസാനമായി നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെ ആയിരിക്കും. 2017 ഡിസംബർ വരെയുള്ള കോൺസ്റ്റബിൾമാരുടെ പ്രതീക്ഷിത ഒഴിവുകൾ പരിശീലന തസ്തികകളായി കണക്കാക്കി നിയമനം നടത്തുന്ന കാര്യത്തിൽ അനുമതിയ്ക്കായി പി.എസ്.സി.-ക്ക് കത്ത് നൽകിയിട്ടുണ്ട്.

## സ്ത്രീ പീഡന കേസ്സുകൾ

136 (137) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത്, പോലീസുകാർ പ്രതികളായ എത്ര സ്ത്രീ പീഡനക്കേസ്സുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ പോലീസുകാർ പ്രതികളായ എത്ര ബലാൽസംഗ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസുകാർ പ്രതികളായ 39 സ്ത്രീപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതേ കാലയളവിൽ പോലീസുകാർ പ്രതികളായ 8 ബലാൽസംഗ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഫാക്കൽറ്റികളുടെ നിയമനം

137 (138) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ::
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് ട്രെയിനിങ്ങ് ഫാക്കൽറ്റികളുടെ നിയമന രീതിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഫാക്കൽറ്റികളുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, നിയമന കാലഘട്ടം എന്നിവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ജനശ്രദ്ധ ഏറെ നേടിയിട്ടുള്ള കേസ്സുകളിൽ പോലും ശാസ്ത്രീയമായി കുറ്റമറ്റ അന്വേഷണ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കുന്നതിൽ ഉണ്ടാകുന്ന പിഴവുമൂലം സാങ്കേതികത്വത്തിന്റെ പേരിൽ വളരെയധികം പണം ചെലവിട്ട് പിടിക്കപ്പെടുന്ന പ്രതികൾ രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രശ്നം പരിഹരിക്കുന്നതിന് ക്രിമിനൽ /സിവിൽ കേസ്സുകളിൽ 15 വർഷമെങ്കിലും നടത്തിപ്പ പരിചയം ഉള്ള അതീവ പ്രഗൽഭരായ അഭിഭാഷകരുടെ സേവനം ഫാക്കൽറ്റി നിയമന മാനദണ്ഡത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ജിഷ്ണു പ്രണോയിയുടെ മരണം

138 (139) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയിയുടെ മരണം സംബന്ധിച്ച് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിൽ ആരെയെല്ലാമാണ് പ്രതി ചേർത്തിരുന്നത്; അവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) പോസ്റ്റ്മോർട്ടം റിപ്പോർട്ട്, രാസപരിശോധനാഫലം ഇവയുടെ അടിസ്ഥാനത്തിൽ മരണകാരണം എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പാമ്പാടി നെഹ്റു കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് റിസർച്ച് സെന്ററിൽ ഒന്നാം സെമസ്റ്റർ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയ് KTU പരീക്ഷ പെട്ടെന്ന് പുനഃക്രമീകരിച്ചതുമൂലം അന്യ സംസ്ഥാനത്തുള്ളവരും, വിദേശത്ത് പോയവരുമായ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് വിദ്യാർത്ഥികളെ ദ്രോഹിക്കുന്നതരത്തിലുള്ള ഇത്തരം പ്രവണതയ്ക്കെതിരെ വാട്ട്സ് ആപ്പ്, ഇ-മെയിൽ, ഓൺലൈൻ പെറ്റീഷൻ, മീഡിയ എന്നിവ മുഖാന്തരവും മറ്റും പ്രതികരിക്കുകയും ആയതിന് നേതൃത്വം നൽകുകയും ചെയ്തതിലുള്ള വിരോധത്താലും ടിയാൻ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് കോളേജിലെ ഇത്തരം പ്രവർത്തികൾക്കെതിരെ ശബ്ദമുയർത്തിയാൽ മാനേജ്മെന്റിന്റെ വിദ്യാർത്ഥികളോടുള്ള നിയമവിരുദ്ധമായ പ്രവർത്തികൾ ചോദ്യം ചെയ്യപ്പെടുമെന്നുള്ള ആശങ്കയാലും കേളേജിന്റെ നടത്തിപ്പിൽ മാനേജ്മെന്റിന്റെ തന്നിഷ്ടപ്രകാരമുള്ള പ്രവർത്തികൾ ചോദ്യം ചെയ്യപ്പെടുമെന്നുള്ള ധാരണയാലും ജിഷ്ണു പ്രണോയ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെമേൽ മാനേജ്മെന്റ് സ്വീകരിച്ചുവരുന്ന ഗൂഢാലോചനയുടെ ഭാഗമായി ജിഷ്ണു പ്രണോയിയെ മാനസികമായും ശാരീരികമായും തളർത്തി നിർവീര്യമാക്കണമെന്നുള്ള ഉദ്ദേശ്യത്തോടും കരുതലോടും കൂടി പ്രതികൾ ഗൂഢാലോചന നടത്തി 6-1-2017-ന് വൈകുന്നേരം 2 മണിമുതൽ 5 മണിവരെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടന്ന ഒന്നാം സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് ഫിസിക്സ് പരീക്ഷ എഴുതിക്കൊണ്ടിരിക്കെ മരണപ്പെട്ട ജിഷ്ണു പ്രണോയ് മുൻവശത്തിരിക്കുന്ന കുട്ടിയിൽ നിന്നും പരീക്ഷയുടെ ഉത്തരങ്ങൾ കോപ്പിയടിച്ചുവെന്ന് സത്യവിരുദ്ധമായും കളവായും ആരോപിച്ച് ക്ലാസ് റൂമിലെ ഇൻവിജിലേറ്ററായിരുന്ന നാലാം പ്രതിയായ പ്രവീൺ സി.പി.-യും പരീക്ഷാ ഹാളിലേക്ക് കടന്നുവന്ന അഞ്ചാം പ്രതി ദിപിനും ചേർന്ന് ജിഷ്ണു പ്രണോയിയെ സ്പീക്കിംഗ് ടേബിളിനടുത്തേയ്ക്ക് വിളിച്ചുവരുത്തി ഒന്നുകിൽ ആൻസർ ഷീറ്റ് വെട്ടുക അല്ലെങ്കിൽ മൂന്ന് സെമസ്റ്റർ ഡീബാർ ചെയ്യുമെന്ന് വളരെ പരുഷമായി പറഞ്ഞ് ഭീഷണിപ്പെടുത്തുകയും കോപ്പിയടിച്ചിട്ടില്ലെന്ന് കരഞ്ഞ് പറഞ്ഞിട്ടും ജിഷ്ണു പ്രണോയിയെ ആൻസർ പേപ്പർ മുഴുവനായി നിർബന്ധിച്ച് പേനകൊണ്ട് വെട്ടികളയുകയും കൈകൊണ്ട് ദേഹത്ത് പിച്ചി

ശാരീരികമായി ദേഹോപദ്രവമേൽപ്പിക്കുകയും തുടർന്ന് രണ്ടാം പ്രതി സഞ്ജിത്ത് കെ.വി. മൂന്നാം പ്രതിയായ ശക്തിവേലിനോട് നിർദ്ദേശിച്ച പ്രകാരം മരണപ്പെട്ട ജിഷ്ണു പ്രണോയിയെ കൂടുതൽ മാനസികമായി തകർക്കാൻ മൂന്നാം പ്രതി ചെയ്യാത്ത കുറ്റത്തിന് ജിഷ്ണു പ്രണോയിയെ വീണ്ടും കുറ്റപ്പെടുത്തുകയും ഡീബാർ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും രണ്ട് ബ്ലാങ്ക് പേപ്പറുകളിൽ ഒപ്പിടുവിച്ച് വാങ്ങുകയും ചെയ്തതിലും കോപ്പിയടിച്ചുവെന്നതിന് യാതൊരു തെളിവുമില്ലെങ്കിലും മൂന്ന് സെമസ്റ്റർ നഷ്ടപ്പെട്ടാൽ തന്റെ ജിവിതവും വിദ്യാഭ്യാസവും തകർന്നുപോകുമെന്ന് പറഞ്ഞ് കരഞ്ഞ് കാലുപിടിച്ച് കേണപേക്ഷിച്ചിട്ടും ടിയാനെതിരെ നടപടി സ്വീകരിക്കുമെന്ന് ഭീഷണിപ്പെടുത്തിയതുമൂലമുള്ള മനോവിഷമം കാരണം ജിഷ്ണു പ്രണോയി 6-1-2017-ന് വൈകിട്ട് 6.30-നും 6.45-നും ഇടയ്ക്കുള്ള ഏതോ സമയത്ത് പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് മെൻസ് ഹോസ്റ്റലിലെ ഒൻപതാം നമ്പർ റൂമിലെ ബാത്ത് റൂമിലെ വടക്ക് ഭാഗം ചുമരിലുള്ള ഇരുമ്പുകൊണ്ടുള്ള ഹുക്കിൽ തോർത്ത് ഉപയോഗിച്ച് കെട്ടിതൂങ്ങി മരണപ്പെടാൻ ഇടയാക്കിയിട്ടുള്ളതാണെന്ന് അന്വേഷണത്തിൽ വെളിവാകുന്നുണ്ട്. മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ അവസ്ഥ കണ്ടില്ലെന്ന് നടിച്ച് ടിയാനെ ഇങ്ങനെ വിട്ടുകഴിഞ്ഞാൽ മനോവിഷമമുണ്ടായി ആത്മഹത്യയടക്കമുള്ള സംഗതികളിൽ ഏർപ്പെട്ട് ജീവന് ഭീഷണിയുണ്ടാകുമെന്ന് പൂർണ്ണ അറിവുണ്ടായിട്ടും പ്രതികൾ കുറ്റകരമായി പ്രവർത്തിച്ചതായി വെളിവായിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച കേസ്സിന്റെ ആദ്യഘട്ടത്തിൽ u/s 174 Cr.PC പ്രകാരം അസ്വാഭാവിക മരണത്തിനാണ് കേസ്സ് രജിസ്റ്റർ ചെയ്തിരുന്നത്. കേസ്സിന്റെ തുടരന്വേഷണത്തിൽ സെക്ഷൻ 120(b), 384, 306, 323, 465, 468, 471, 201 r/w 34 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടുള്ളതിനാൽ മേൽപ്പറയുന്ന സെക്ഷനുകൾ കേസ്സിൽ കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നു. ടി കേസ്സിലെ പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. കൃഷ്ണദാസ്, S/o പി. കെ. ദാസ് (Chairman, Nehru Group of Institutions) 2. സഞ്ജിത്ത് കെ.വി. @ കണ്ണൻ, S/o കെ.പി. വിശ്വനാഥൻ (PRO Nehru College of Engineering and Research Centre, Pambadi, Thrissur District) 3. ശക്തിവേൽ, S/o കുപ്പുസ്വാമി (Vice Principal, Nehru College of Engineering and research Centre, Pambadi) 4. പ്രവീൺ സി.പി. S/o പ്രഭാകരൻ (Asst Professor, Nehru College of Engineering and Research Centre, Pambadi) 5. ദിപിൻ, S/o ദിലീപ് കുമാർ (Asst. Professor, Nehru College of Engineering and Research Centre, Pambadi)

(സി) ജിഷ്ണു പ്രണോയ് കെട്ടിത്തൂങ്ങിയാണ് മരണപ്പെട്ടിട്ടുള്ളതെന്ന് പോസ്റ്റുമാർട്ടം സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. രാസപരിശോധനാ ഫലത്തിലുള്ള അന്വേഷണം നടന്നുവരുന്നു.

**അദ്ധ്യാപകന്റെ കൊലപാതകം**

139 (140) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അടുത്തകാലത്ത് മദ്രസ അദ്ധ്യാപകനെ കൊലപ്പെടുത്തിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രതികളെ എല്ലാവരെയും പിടികൂടിയിട്ടുണ്ടോയെന്നും പ്രതികൾക്ക് ഏതെങ്കിലും സംഘടനയുമായോ രാഷ്ട്രീയ പാർട്ടിയുമായോ ബന്ധമുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) മേൽ കൊലപാതകവുമായി ബന്ധപ്പെട്ട് ഗൂഢാലോചന അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20-3-2017-ന് ഉദ്ദേശ്യം രാത്രി 12 മണിയോടുകൂടി കാസർഗോഡ് പഴയ ചൂരി ജുമാമസ്ജിദിലെ മദ്രസ അദ്ധ്യാപകൻ ടി.എസ്. മുഹമ്മദ് റിയാസ് എന്നയാൾ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 210/17 u/s 450, 302 r/w 34 IPC & added section 102(1), 153(A) IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ 1. ആജേഷ് എന്ന അപ്പു, S/o സുബ്രഹ്മണ്യൻ, 2. നിഥിൻ എന്ന ചെത്തിരി, S/o ശിവൻ, 3. അഖിലേഷ് എന്ന അഖിൽ, S/o സുരേഷ് എന്നിവർ പ്രതികളായിട്ടുള്ളതും ടി പ്രതികളെ അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടിയാന്മാർ ജുഡീഷ്യൽ കസ്റ്റഡിയിലുള്ളതുമാണ്.

(സി) ടി കേസ്സിലെ 3 പ്രതികളേയും 23-3-2017-ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി പ്രതികൾ ആർ.എസ്.എസ്. അനുഭാവികളാണെന്ന് അന്വേഷണത്തിൽ

വെളിവായിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച കേസ്സിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമേ ഗൂഢാലോചനയുൾപ്പെടെയുള്ള കാര്യങ്ങൾ വെളിവാകുകയുള്ളൂ.

**ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ നടത്തിയ സമരം**

140 (141) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ പോലീസ് ആസ്ഥാനത്തിന് മുമ്പിൽ നടത്തിയ സമരത്തിന്റെ ഭാഗമായുണ്ടായ സംഘർഷത്തിൽ കെ.എം.ഷാജഹാൻ, ഷാജിർഖാൻ, മിനി, ശ്രീകുമാർ, ഹിമവൽ ഭദ്രാനന്ദ തുടങ്ങിയവർക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് എടുത്തിട്ടുള്ളത്; ഇവർക്കെതിരെ ഗൂഢാലോചനക്കുറ്റം ചുമത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് അടിസ്ഥാനമായ വസ്തുതകൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇവർക്കെതിരെ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 552/17 u/s 143, 147, 149, 283, 353, 120(B) IPC & Sec. 39 r/w 121 of KP Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികൾക്കെതിരെ ഗൂഢാലോചനാ കുറ്റം ചുമത്തിയിട്ടുണ്ട്. കേസ്സ് അന്വേഷണാവസ്ഥയിലായതിനാൽ മറ്റ് വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**സുരക്ഷാ നിബന്ധനകൾ**

141 (142) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ആസ്ഥാനം അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ച് പ്രത്യേക ഉത്തരവ് ഇറക്കിയത് എന്നാണ്;

(ബി) ഈ സമയത്തെ കേരള മുഖ്യമന്ത്രി ആരായിരുന്നു;

(സി) അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ച പോലീസ് ആസ്ഥാന പരിസരത്ത് പ്രകടനങ്ങളോ സമരങ്ങളോ അനുവദനീയമാണോ; എന്തെല്ലാം സുരക്ഷാ നിബന്ധനകളാണ് ഉത്തരവിലുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഉത്തരവ് ഇറങ്ങിയതിനുശേഷം അത് ലംഘിക്കുന്ന തരത്തിൽ പ്രകടനങ്ങളോ സമരമോ ധർണ്ണയോ സംഘം ചേരലോ പോലീസ്

ആസ്ഥാനത്തിന് മുന്നിൽ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പോലീസ് ട്രെയിനിംഗ്**

142 (143) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പോലീസ് ട്രെയിനിംഗിൽ പരിഷ്കരണം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിഷ്കരണങ്ങൾ ആണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

ഉണ്ട്. കേരള പോലീസിലെ എസ്.ഐ. (ജി.ഇ.)മാരുടെയും പോലീസുകാരുടെയും അടിസ്ഥാന പരിശീലനത്തിന്റെ സിലബസ് പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ശ്രീ. ടി.പി. സെൻകുമാറിനെ മാറ്റിയ നടപടി**

143 (144) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മേധാവിയായിരുന്ന ശ്രീ. ടി. പി സെൻകുമാറിനെ പ്രസ്തുത സ്ഥാനത്ത് നിന്നും മാറ്റിയത് കഴിവില്ലാത്ത ആളാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും, ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം സംരക്ഷിക്കുന്നതിനും വേണ്ടിയായിരുന്നോ;

(ബി) അദ്ദേഹത്തെ പ്രസ്തുത സ്ഥാനത്ത് നിന്നും നീക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ് ;

(സി) ജിഷാ വധക്കേസും, പുറ്റിങ്ങൽ വെടിക്കെട്ടപകടവും കൈകാര്യം ചെയ്തതിൽ പോലീസ് മേധാവിയെന്ന നിലയിൽ ശ്രീ. റ്റി. പി. സെൻകുമാറിന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചകൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) കുണ്ടറയിലും, വാളയാറിലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തിനിരയായി മരണപ്പെട്ട സംഭവങ്ങളുടെ അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയുടെ ഉത്തരവാദിത്വം പ്രസ്തുത കേസ്സുകൾ അന്വേഷിച്ച സർക്കിൾ ഇൻസ്പെക്ടർ റാങ്കിലും, അതിനുതാഴെയുമുള്ള ഉദ്യോഗസ്ഥരുടെ മാത്രം വീഴ്ചയായിരുന്നോ; പ്രസ്തുത അന്വേഷണത്തിലുണ്ടായ

വീഴ്ചയിൽ നിലവിലെ സംസ്ഥാന പോലീസ് മേധാവിക്ക് ഉത്തരവാദിത്വമുണ്ടോ;

(ഇ) മേല്പറഞ്ഞ കേസ്സുകളിൽ പോലീസ് നടത്തിയ അന്വേഷണം ജനങ്ങളിൽ പോലീസിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഒന്നായിരുന്നു എന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) 2011-ലെ കേരള പോലീസ് ആക്ടിലെ വകുപ്പ് 97(2) (e) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ശ്രീ. ടി.പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്ന് മാറ്റിയത്.

(ബി) 1-6-2016-ൽ.

(സി) പെരുമ്പാവൂർ ജിഷ കൊലപാതക കേസ്സിലും പരവൂർ പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിലും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചകളും അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും പകരം അവരെ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശംപോലും അവഗണിച്ചുകൊണ്ട് നിലപാട് സ്വീകരിച്ചതും പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സമ്മതിക്കാതെ ജില്ലാ ഭരണകൂടത്തിന്റെയും മറ്റ് വകുപ്പുകളുടെയും പേരിൽ പ്രത്യാരോപണം നടത്തിയതുമാണ് പ്രധാനമായും കണ്ടെത്തിയ വീഴ്ചകൾ.

(ഡി) രണ്ട് കേസുകളിലും അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. അതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് ഉത്തരവാദിത്വമുണ്ടായിരുന്നോ എന്ന കാര്യം പരിശോധിച്ചിട്ടില്ല.

(ഇ) കേസന്വേഷണം നടക്കുമ്പോൾ ജനങ്ങളിൽ പോലീസിനുള്ള വിശ്വാസം വർദ്ധിപ്പിക്കുന്ന തരത്തിലായിരിക്കണം അന്വേഷണമെന്ന് നിർബന്ധം വയ്ക്കാനാവില്ല. എന്നാൽ കേസന്വേഷണം ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം നഷ്ടപ്പെടുന്ന തരത്തിൽ ആകാതിരിക്കാൻ അന്വേഷണ ഉദ്യോഗസ്ഥരും പോലീസിന്റെ തലപ്പത്തുള്ളവരും ശ്രദ്ധിക്കേണ്ടതുണ്ട്.

**പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ**

144 (145) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മണൽ കടത്തുമായും വിവിധ കേസ്സുകളും മറ്റുമായും ബന്ധപ്പെട്ടു പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എത്ര എണ്ണം കെട്ടിക്കിടപ്പുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത് പോലീസ് സ്റ്റേഷനുകളിലും മറ്റുള്ള സ്ഥലങ്ങളിലും ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നടപടികൾ പൂർത്തിയാക്കി വാഹനങ്ങൾ ഒഴിവാക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി അനധികൃതമായി മണൽ കടത്തിയതിനും മറ്റ് വിവിധ കേസ്സുകളിലും ഉൾപ്പെട്ട് 1825 വാഹനങ്ങൾ സൂക്ഷിച്ച് വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. കേസ്സിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഉടമസ്ഥരില്ലാത്തതുമായ 37 വാഹനങ്ങൾ 10-3-2017, 30-3-2017 തീയതികളിലായി ഇ-ലേലം ചെയ്തിട്ടുണ്ട്.

**സൈബർ കുറ്റകൃത്യങ്ങൾ**

145 (146) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(സി) ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 283 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം 202. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം ജില്ല | 63 |
| കൊല്ലം സിറ്റി | 12 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 5 |
| കോട്ടയം | 11 |
| ഇടുക്കി | 3 |
| എറണാകുളം | 36 |
| തൃശ്ശൂർ | 21 |
| പാലക്കാട് | 5 |
| മലപ്പുറം | 13 |
| കോഴിക്കോട് | 14 |
| വയനാട് | 5 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 3 |
| ആകെ | 202 |

(സി) ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ സൈബർ സംബന്ധമായ 231 കേസ്സുകളുടെ അന്വേഷണത്തിന് വിവിധ അന്വേഷണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. എന്നാൽ കേസ്സുകൾ അന്വേഷണത്തിനായി ഹൈടെക് ക്രൈം എൻക്വയറി സെല്ലിന് കൈമാറിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ**

146 (147) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ അനധികൃത മണലുൾപ്പെടെ കസ്റ്റഡിയിലെടുത്ത 100 കണക്കിന് വാഹനങ്ങൾ വർഷങ്ങളായി

മഴയും വെയിലുമേറ്റ് നശിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടികൾ വിലവരുന്ന ഇത്തരം വാഹനങ്ങൾ കനത്ത വില ഈടാക്കി ഉടമകൾക്ക് തിരികെ നൽകിയോ അല്ലെങ്കിൽ ഓക്ഷൻ നടത്തിയോ സർക്കാരിന് മുതൽ കൂട്ടാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേസ്സിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഉടമസ്ഥരില്ലാത്തതുമായ 37 വാഹനങ്ങൾ 10-3-2017, 30-3-2017 തീയതികളിലായി ഇ-ലേലം ചെയ്തിട്ടുണ്ട്. കേസ്സുകളിലുൾപ്പെട്ട, പിടിച്ചെടുത്ത വാഹനങ്ങൾ കനത്ത വില ഈടാക്കി തിരികെ നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥകളില്ല.

**പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ**

147 (148) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ പോലീസ് സേനക്ക് എതിരെ ഉയർന്നു വന്നിട്ടുള്ള പരാതികൾ പോലീസ് കംപ്ലെയിന്റ് അതോറിറ്റി പരിശോധിക്കുന്നുണ്ടോ;

(ബി) ഇത്തരത്തിൽ പരാതികൾ ഉള്ള എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ അതോറിറ്റി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്;

(സി) പൊതുജനങ്ങൾ അതോറിറ്റിക്ക് നൽകുന്ന പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചു; ഇതിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതോറിറ്റി നിലവിൽ വന്ന 2012 മുതൽ 18-4-2017 വരെ ആകെ 101 പരാതികളിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരായി നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) പൊതുജനങ്ങൾ അതോറിറ്റിക്ക് നൽകുന്ന പരാതികളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 707 പരാതികൾ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. അതിൽ 17 കേസ്സുകളിൽ നടപടിക്ക് സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

## നഗരൂർ പോലീസ് സ്റ്റേഷൻ

148 (149) ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പുതിയ പോലിസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഇനി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനം സ്ഥലം ലഭ്യമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) നഗരൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) നഗരൂർ ഗ്രാമപഞ്ചായത്ത് വക കൃഷിഭവൻ കെട്ടിടത്തിന്റെ മുകളിലത്തെ നില നഗരൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് താൽക്കാലികമായി വിട്ടുനൽകാമെന്ന് ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നഗരൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## പോലീസ് കംപ്ലെയിന്റ് അതോറിറ്റി

149 (150) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റി നിലവിൽ വന്നശേഷം

എത്ര പരാതികൾ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ടെന്നും എത്ര പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) എത്രയെണ്ണത്തിൽ മേൽ നടപടി ശിപാർശ ചെയ്തിട്ടുണ്ടെന്നതും അവയിൽ എത്രയെണ്ണത്തിൽ ശിപാർശ ചെയ്ത നടപടി ബന്ധപ്പെട്ടവർ സ്വീകരിച്ചിട്ടുണ്ടെന്നതും സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ശിപാർശകളിന്മേൽ ഒരു നടപടിയും സ്വീകരിക്കാത്ത എത്ര കേസ്സുകളുണ്ടെന്നും, ആർക്കൊക്കെ എതിരെയുള്ള ശിപാർശകളാണ് നടപ്പാക്കാതിരുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റി നിലവിൽ വന്നശേഷം ലഭിച്ച 2888 പരാതികളിൽ 2509 പരാതികൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(ബി) തീർപ്പാക്കിയ പരാതികളിൽ 101 എണ്ണത്തിൽ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്. 18 പരാതികളിന്മേൽ സംസ്ഥാന പോലീസ് മേധാവി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ലഭിച്ച എല്ലാ ശിപാർശകളിന്മേലും സംസ്ഥാന പോലീസ് മേധാവി ഉചിതമായ നടപടികൾ സ്വീകരിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയവയിൽ നടപടി നടത്തി വരുന്നു.

**സത്യവാങ്മൂലം**

150 (151) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നക്സൽ വർഗ്ഗീസ് കൊടും കുറ്റവാളിയാണെന്നും, പോലീസുമായുള്ള ഏറ്റുമുട്ടലിലാണ് അദ്ദേഹം കൊല്ലപ്പെട്ടതെന്നും സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സത്യവാങ്മൂലം നൽകുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) മേല്പറഞ്ഞ സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ സർക്കാർ ഉറച്ച് നിൽക്കുന്നുണ്ടോ; ഇല്ലെങ്കിൽ പുതുക്കിയ സത്യവാങ്മൂലം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാലത്തെ പോലീസ് രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് സത്യവാങ്മൂലത്തിൽ നൽകിയിരുന്നത്.

(സി) ഇല്ല. പുതിയ സത്യവാങ്മൂലം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**മുഖ്യമന്ത്രിക്കെതിരായ പരാമർശം**

151 (152) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ മാധ്യമങ്ങൾ വഴി മുഖ്യമന്ത്രിക്കെതിരെയോ മറ്റു മന്ത്രിമാർക്കെതിരെയോ ഏതെങ്കിലും തരത്തിലുള്ള പരാമർശം നടത്തിയ പ്രായപൂർത്തിയാകാത്ത എത്രപേർക്കെതിരെ കേസ്സെടുക്കുകയും അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് ;

(ബി) സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും വിദ്യാർത്ഥികൾക്കും ഏതെല്ലാം തരത്തിലുള്ള ബോധവത്കരണമാണ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യ മാധ്യമങ്ങൾ വഴി മുഖ്യമന്ത്രിക്കെതിരെയോ മറ്റ് മന്ത്രിമാർക്കെതിരെയോ ഏതെങ്കിലും തരത്തിലുള്ള പരാമർശം നടത്തിയ പ്രായപൂർത്തിയാകാത്ത ഒരാൾക്കെതിരെ (വിതുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 319/17) കേസ്സെടുക്കുകയും അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്ന കുട്ടികൾക്കും വിദ്യാർത്ഥികൾക്കും സൈബർ രംഗത്തെ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നതിലേയ്ക്കായി ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖാന്തരം ബോധവൽക്കരണ ക്ലാസ്സുകളും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ മുഖേന വ്യാപകമായ ബോധവൽക്കരണ പ്രചരണവും നടത്തി വരുന്നുണ്ട്.

**പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവർത്തനം**

152 (153) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലെയിൻറ് അതോറിറ്റിയുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് പ്രയോജനമാകാത്തവിധം അപഹാസ്യമാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത അതോറിറ്റി എത്ര പരാതികൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പോലീസുകാർക്കെതിരെ നടപടി ശിപാർശ ചെയ്ത് കൊണ്ട് എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പോലീസുകാർക്ക് എതിരായുള്ള തീർപ്പുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 369 പരാതികളിൽ സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17 കേസ്സുകളിൽ പോലീസുകാർക്കെതിരെ നടപടി ശിപാർശ ചെയ്തിട്ടുണ്ട്. ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്ന കേസ്സുകളിൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളും മറ്റ് നിയമനടപടികളും ബന്ധപ്പെട്ട നിയമന അധികാരികൾ സ്വീകരിച്ചുവരുന്നു.

(ഡി) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് മെച്ചപ്പെട്ട പ്രവർത്തനമാണ് അതോറിറ്റി നടത്തി വരുന്നത്. ഇതിലേയ്ക്കായി ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായി പോലീസ് സേനയ്ക്ക് പുറത്തുള്ള ഒരാളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**പുതിയ പോലീസ് സ്റ്റേഷൻ**

153 (154) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനാപുരം നിയോജകമണ്ഡലത്തിലെ പനവൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ പനവൂർ എന്ന സ്ഥലവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ**

154 (155) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദുമ നിയോജകമണ്ഡലത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസ്സുകളുടെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദുമ നിയോജക മണ്ഡലത്തിൽ 52 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 47 എണ്ണം അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ബാക്കി 5 കേസ്സുകളിന്മേൽ അന്വേഷണം നടന്നുവരുന്നു.

**ലാവ്‌ലിൻ കേസ്**

155 (156) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്‌ലിൻ കേസ്സിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത കേസ്സിൽ ആരെയെല്ലാമാണ് കുറ്റവിമുക്തരാക്കിയത്;

(സി) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെയുള്ള കേസ് എന്നതും കേസിലെ സെക്ഷനും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു റിവിഷൻ ഹർജി മാത്രമാണ് നിലനിൽക്കുന്നത്.

(ബി) ലാവ്‌ലിൻ കേസിൽ , 6-ാമത്തെ പ്രതിയായ ക്ലോസ് ട്രെൻഡൽ, 9-ാമത്തെ പ്രതിയായ M/s SNC ലാവ്‌ലിൻ ഇവരെയൊഴിച്ച് മറ്റെല്ലാവരെയും കുറ്റവിമുക്തരാക്കിയിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം 6,9 പ്രതികൾക്ക് എതിരെ പ്രത്യേകം കേസ് നിലവിലുള്ളതാണ്. (CC No. 2/2013)

(സി) 1. Section 120 B of IPC

Section 420 of IPC

2. Section 13(1) (d) r/w

Section 13(2) of the Prevention of Corruption Act.

**ട്രാഫിക് നിയമ ലംഘനം**

156 (157) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ട്രാഫിക് നിയമ ലംഘനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ട്രാഫിക് നിയമ ലംഘനത്തെ തുടർന്ന് എത്ര പേർക്ക് പിഴ ചുമത്തിയെന്ന് വ്യക്തമാക്കുമോ;ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം (25-5-2016 മുതൽ 15-4-2017 വരെ) ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട് 3,59,456 (മൂന്ന് ലക്ഷത്തി അൻപത്തൊൻപതിനായിരത്തി നാന്നൂറ്റി അൻപത്തിയാറ്)

കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ട്രാഫിക് നിയമ ലംഘനത്തെ തുടർന്ന് 52,36,083 (അൻപത്തി രണ്ട് ലക്ഷത്തി മുപ്പത്തിയാറായിരത്തി എൺപത്തി മൂന്ന്) പേർക്ക് പിഴ ചുമത്തുകയും ഈ ഇനത്തിൽ 72,23,69,000 (എഴുപത്തിരണ്ട് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി അറുപത്തൊൻപതിനായിരം) രൂപ ഈടാക്കിയിട്ടുണ്ട്.

**വാളകത്ത് പോലീസ് സ്റ്റേഷൻ**

157 (158) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് പരിധിയിൽപ്പെടുന്ന വാളകത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വാളകത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉള്ളന്നൂർ പഞ്ചായത്ത് വക സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്ന ഭരണസമിതി തീരുമാനം ആഭ്യന്തരവകുപ്പിന് കൈമാറിയിരുന്നോ;

(സി) വാളകത്തിന് ഏറ്റവും അടുത്തായി സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്നും അവ വാളകത്ത് നിന്നും എത്ര കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വാളകത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി പി. അയിഷാ പോറ്റി നൽകിയ നിവേദനത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവി കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) കൊട്ടാരക്കര പോലീസ് സ്റ്റേഷൻ - 12 കി.മീ.

അഞ്ചൽ പോലീസ് സ്റ്റേഷൻ - 15 കി.മീ.

ചടയമംഗലം പോലീസ് സ്റ്റേഷൻ - 18 കി.മീ.

## കവർച്ച-ഭവനഭേദനക്കേസ്സുകൾ

158 (159) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പകൽ സമയത്ത് നടന്ന കവർച്ച - ഭവനഭേദനക്കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയെന്നും എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ എത്രയെന്ന് ചുവടെ ചേർക്കുന്നു:

25-5-2016 to 18-4-2017

| | |
|---|---|
| DACOITY CASES | - 55 |
| ROBBERY CASES | - 692 |

(ബി) പകൽ സമയത്ത് നടന്ന കവർച്ച, ഭവനഭേദന കേസ്സുകൾ എത്രയെന്ന് ചുവടെ ചേർക്കുന്നു:

25-5-2016 to 18-4-2017

| | |
|---|---|
| DACOITY CASES | 33 |
| ROBBERY CASES | 488 |
| HB THEFT BY DAY | 533 |

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയെന്നും എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നുമുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | അറസ്റ്റ് ചെയ്ത പ്രതികളുടെ | അറസ്റ്റ് |
|---|---|---|

| | എണ്ണം | ചെയ്യപ്പെടാനുള്ളവരുടെ എണ്ണം |
|---|---|---|
| DACOITY CASES | 179 | 82 |
| ROBBERY CASES | 669 | 261 |
| HB THEFT BY DAY | 408 | 106 |

**ഓൺലൈൻ തട്ടിപ്പ്**

159 (160) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് 58 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ ഒരു കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഒരു കേസ് FAD ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കേസ്സുകളെല്ലാം തന്നെ അന്വേഷണാവസ്ഥയിലാണ്.

**കേസുകളെ സംബന്ധിച്ച വിശദാംശങ്ങൾ**

160 (161) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാക്കിയുള്ള കേസ്സുകളെ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഒരു മാസം പിന്നിട്ട കേസ്സുകൾ എത്ര?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കന്നുകാലി കച്ചവടക്കാർ**

161 (162) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ കന്നുകാലി കച്ചവടക്കാർക്കെതിരെയും, ക്ഷീര കർഷകർക്കെതിരെയും സംഘപരിവാർ സംഘടനകളോട് ആഭിമുഖ്യമുള്ള ഗോസംരക്ഷണ പ്രവർത്തകർ ആക്രമണം നടത്തിയതിന്റെ ഭാഗമായി ഏഴോളം പേർ കൊല്ലപ്പെട്ടതായി വന്ന മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നടക്കുന്ന ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിയ്ക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കാനും, വർഗ്ഗീയ സംഘടനകളെ നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് ജാഗ്രത പുലർത്തി വരുന്നുണ്ട്. എല്ലാ മേഖലകളിലും സ്പെഷ്യൽ ബ്രാഞ്ച് ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ നിരീക്ഷണവും പട്രോളിംഗും ശക്തമാണ്.

**പൊട്ടുകുളം ബേബിയുടെ ദുരൂഹമരണം**

162 (163) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മോനിപ്പള്ളി പൊട്ടുകുളം വീട്ടിൽ ബേബിയുടെ ദുരൂഹ മരണത്തെക്കുറിച്ച് നടന്നുവരുന്ന അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ബേബിയുടെ മരണം കൊലപാതകമാണെന്ന് ചൂണ്ടിക്കാട്ടി രൂപീകരിച്ച

ആക്ഷൻ കൗൺസിൽ ആവശ്യപ്പെട്ടതുപ്രകാരം കേസ് അന്വേഷണത്തിന് ഏറ്റവും കാര്യക്ഷമമായി നേതൃത്വം നൽകിയ ഡിവൈ.എസ്.പി. ശ്രീ. രാജുവിനെ ഉൾപ്പെടുത്തി അന്വേഷണ സംഘം പുനഃക്രമീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ബേബി പൊട്ടുകുളത്തിന്റെ ദുരൂഹ മരണം കൊലപാതകമാണെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽ മോനിപ്പള്ളി പൊട്ടുകുളം വീട്ടിൽ ബേബിയുടെ ദുരൂഹ മരണം സംബന്ധിച്ച് കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 231/2014 എന്ന കേസ്, ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ക്രൈം നമ്പർ 200/സി.ആർ./2014 ആയി റീനമ്പർ ചെയ്ത് 15-11-2014 മുതൽ അന്വേഷണം നടത്തിവരുന്നു. നിരവധി സാക്ഷികളെ കണ്ടുചോദിച്ചും മൊഴികൾ രേഖപ്പെടുത്തിയും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) മുമ്പ് ഈ കേസ്സുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിരുന്ന പോലീസ് ഇൻസ്പെക്ടർ ശ്രീ. വി. കെ. രാജു നിലവിൽ തൃശ്ശൂർ സിറ്റിയിൽ പ്രവൃത്തിയെടുത്തുവരുന്നു. ശ്രീ. വി. കെ. രാജുവിന് അന്വേഷണ ചുമതല നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ആക്ഷൻ കൗൺസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 7-6-2016-ൽ സമർപ്പിച്ച നിവേദനം ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ടി കേസ് ക്രൈംബ്രാഞ്ച് വിഭാഗം എച്ച്.എച്ച്.ഡബ്ല്യു.-2, ഡിവൈ.എസ്.പി. ശ്രീ. കെ. എ. ശശിധരന്റെ നേതൃത്വത്തിലാണ് നിലവിൽ അന്വേഷണം നടത്തിവരുന്നത്. നിലവിൽ ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നതിനാൽ ശ്രീ. രാജുവിനെ ഉൾപ്പെടുത്തി അന്വേഷണ സംഘം പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) നാളിതുവരെയുള്ള അന്വേഷണത്തിൽ ബേബി പൊട്ടുകുളത്തിന്റെ ദുരൂഹമരണം കൊലപാതകമാണെന്ന് കണ്ടെത്തിയിട്ടില്ല.

**പോലീസ് സ്റ്റേഷൻ**

163 (164) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച സ്ഥലം മാറ്റണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2017-18 വർഷത്തെ ബജറ്റിൽ മേൽപറമ്പയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) സ്ഥലം എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള അനന്തര നടപടികൾ കാസർഗോഡ് ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**അതിക്രമങ്ങൾ**

164 (165) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് വരുന്നു.

**കൊലചെയ്യപ്പെട്ട കേസ്സുകൾ**

165 (166) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ ഇനിയും പിടികൂടാനുണ്ട്; വ്യക്തമാക്കുമോ;

(സി) കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചവ എത്രയെന്നും അന്വേഷണം പൂർത്തിയാക്കാത്തവ എത്രയെന്നും ഈ കേസ്സുകളിൽ അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒറ്റയ്ക്ക് താമസിക്കുന്നവർ കൊലചെയ്യപ്പെട്ട 5 കേസ്സുകൾ റിപ്പോർട്ടുകൾ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് 9 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരാളെ ഇനിയും പിടികൂടാനുണ്ട്.

(സി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചവ-2, അന്വേഷണം പൂർത്തിയാക്കാത്തവ-3, അറസ്റ്റ് ചെയ്യപ്പെടേണ്ടവർ -1.

**സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ**

166 (167) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ പീഡനത്തിന് വിധേയരായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച കേസ്സുകൾ, വിചാരണ

പൂർത്തിയാക്കിയ കേസ്സുകൾ എന്നിവ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസ്സുകളിൽ എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 200 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 89 കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) വിചാരണ പൂർത്തിയായ കേസ്സുകളൊന്നും തന്നെയില്ല.

**പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ**

167 (168) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ ആക്രമിക്കപ്പെടുകയുണ്ടായെന്നും കൊല ചെയ്യപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ ആത്മഹത്യ ചെയ്യുകയുണ്ടായെന്നും ഇതിൽ സ്ത്രീകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള എത്ര ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് വരുന്നു.

**ഡിവൈ.എസ്.പി. ഓഫീസ്**

168 (169) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഡി.വൈ.എസ്.പി. ആഫീസ് ആരംഭിക്കുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുവേണ്ടി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയെ സംസ്ഥാന പോലീസ് മേധാവി ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വാഹനങ്ങളുടെ അമിത വേഗം**

169 (170) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിൽ വാഹനങ്ങളുടെ മരണപാച്ചിൽമൂലം ഇതര വാഹനയാത്രക്കാർക്കും കാൽനടക്കാർക്കും അപകടഭീതിയില്ലാതെ സഞ്ചരിക്കാനാവില്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ബൈക്കുകളിൽ മദ്യപിച്ചും മൂന്നുപേർ വീതവും , ആഡംബരകാറുകളിലെ മദ്യപസംഘവും രാത്രികാലങ്ങളിൽ നഗരവീഥികൾ കൈയടക്കി അസഹനീയ ശബ്ദമുണ്ടാക്കിയും അമിത വേഗത്തിലും യാത്രക്കാർക്കും പരിസരവാസികൾക്കും ഭീഷണിയായി നടത്തുന്ന ജൈത്രയാത്ര തടയാൻ പോലിസിനോ മോട്ടോർ വാഹനവകുപ്പിനോ സാധിക്കാത്തത് ജനങ്ങളിൽ ആശങ്കയുണർത്തുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം കാണുമോ;

(സി) പോലീസ് ഹെഡ് ക്വാർട്ടേഴ്സിന് മുന്നിലൂടെ പോലും ഇത്തരക്കാർ അമിതശബ്ദഘോഷത്തോടെ അമിതവേഗതയിൽ പാഞ്ഞ് അപകടങ്ങളുണ്ടാക്കിയിട്ടും നടപടി സ്വീകരിക്കാനാവാത്ത സാഹചര്യം പരിശോധിച്ച് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. വാഹനങ്ങളുടെ മരണപ്പാച്ചിൽ നിയന്ത്രിക്കുന്നതിനായി ആശ്യമായ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് ഗതാഗതം

നിയന്ത്രിച്ചുവരുന്നു. ഇതിനുപുറമേ കുറ്റക്കാരായി കാണുന്ന അമിത വേഗതക്കാരെ കയ്യോടെ പിടികൂടി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം നഗരത്തിൽ മദ്യപിച്ച് വാഹനമോടിക്കുന്ന വാഹന ഡ്രൈവർമാർക്കെതിരെ Sec. 279 IPC & 185 of MV Act പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബൈക്കുകളിൽ മൂന്നുപേർ വീതം യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വാഹനം തടഞ്ഞുനിർത്തി വാഹനം ഓടിച്ച ഡ്രൈവർമാർക്കെതിരെ Sec. 279 IPC & 128 (1) r/w 177 of MV Act പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുറ്റകരമായ രീതിയിൽ വാഹനമോടിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**ക്വട്ടേഷൻ ഗുണ്ടാ സംഘങ്ങൾ**

170 (171) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ക്വട്ടേഷൻ ഗുണ്ടാ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്വട്ടേഷൻ ഗുണ്ടാ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി&സി) ബാധകമല്ല.

**മദ്രസ അദ്ധ്യാപകന്റെ കൊലപാതകം**

171 (172) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് പഴയ ചൂരി ജുമാ മസ്ജിദിലെ മദ്രസ അദ്ധ്യാപകൻ കൊല

ചെയ്യപ്പെട്ട കേസ്സിൽ എത്ര പ്രതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) കേസ്സിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഈ പൈശാചിക കൊലപാതകത്തിന് പ്രതികളെ പ്രേരിപ്പിച്ച കാരണമെന്തായിരുന്നു എന്ന് വ്യക്തമായിട്ടുണ്ടോ;

(ഇ) ഈ കേസ്സിലെ പ്രതികൾ മുമ്പ് ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എടുത്ത കേസ്സിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് പഴയ ചൂരി ജുമാ മസ്ജിദിലെ മദ്രസ അദ്ധ്യാപകൻ ടി. എസ്. മുഹമ്മദ് റിയാസ് എന്നയാൾ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 210/17 u/s 450, 302 r/w 34 IPC & added section 102(1), 153(A) IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ 1) ആജേഷ് എന്ന അപ്പു, S/o. സുബ്രഹ്മണ്യൻ 2) നിഥിൻ എന്ന ചെത്തിരി, S/o. ശിവൻ, 3) അഖിലേഷ് എന്ന അഖിൽ, S/o. സുരേഷ് എന്നിവർ പ്രതികളായിട്ടുള്ളതും ടി പ്രതികളെ അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടിയാന്മാർ ജുഡീഷ്യൽ കസ്റ്റഡിയിലുമാണ്.

(സി) ടി കേസ്സിലെ 3 പ്രതികളെയും 23-3-2017 തീയതി അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾക്ക് മുസ്ലീം സമുദായത്തിൽപ്പെട്ടവരോടുള്ള വർഗ്ഗീയ വിരോധമാണ് കൊലപാതക കാരണമായി വെളിവായിട്ടുള്ളത്.

(ഇ) ഈ കേസ്സിലെ ഒന്നും രണ്ടും പ്രതികൾ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 377/16 u/s 324, 308 r/w 34 IPC, Cr. No. 378/16 u/s 326, 308 r/w 34 IPC, Cr. No. 248/17 u/s 379 IPC എന്നീ കേസ്സുകളിൽ പ്രതികളാണ്. ടി കേസ്സുകളെല്ലാം അന്വേഷണാവസ്ഥയിലാണ്. ഈ കേസ്സിലെ മൂന്നാം പ്രതി കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 343/16 u/s 143, 147, 148, 323, 324, 435, r/w 149 IPC എന്ന കേസ്സിലെ പ്രതിയാണ്.

**ആത്മഹത്യ ചെയ്തവരുടെ എണ്ണം**

172 (173) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്ത്രീകൾ എത്ര എന്നും കുട്ടികൾ എത്ര എന്നും വെളിപ്പെടുത്താമോ ;

(സി) സാമ്പത്തിക പ്രയാസം, കുടുംബപ്രശ്നങ്ങൾ, കടക്കെണി, പീഡനങ്ങൾ എന്നീ കാരണങ്ങൾമൂലം ആത്മഹത്യ ചെയ്യപ്പെട്ടവരുടെ എണ്ണം പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് 6026 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 1348 സ്ത്രീകളും (18 വയസ്സിനുമുകളിൽ) 229 കുട്ടികളും (18 വയസ്സിനുതാഴെ ആൺകുട്ടികളും പെൺകുട്ടികളും) ഉണ്ട്.

(സി) സാമ്പത്തിക പ്രയാസംമൂലം 405 പേരും കുടുംബ പ്രശ്നങ്ങളെത്തുടർന്ന് 2416 പേരും കടക്കെണിയിൽപ്പെട്ട് 14 പേരും പീഡനങ്ങൾ കാരണം 101 പേരും ആത്മഹത്യ ചെയ്തിട്ടുണ്ട്.

**കൊലപാതകങ്ങൾ**

173 (174) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; ആയതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയെണ്ണം; കൊല്ലപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധം വിശദമാക്കാമോ;

(ബി) ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 294 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതിൽ രണ്ട് വീതം സി.പി.ഐ.(എം), മുസ്ലീം ലീഗ് പ്രവർത്തകരും ഒരു മുൻ സി.പി.ഐ.(എം) പ്രവർത്തകനും, ഏഴ് ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരുമുൾപ്പെടെ പന്ത്രണ്ട് എണ്ണം രാഷ്ട്രീയ കാരണങ്ങളാലുണ്ടായ കൊലപാതകങ്ങളാണ്.

(ബി) ഗുണ്ടാ ആക്രമണവുമായി ബന്ധപ്പെട്ട് നാല് കൊലപാതകങ്ങളും മത സ്പർദ്ധയുമായി ബന്ധപ്പെട്ട് രണ്ട് കൊലപാതകങ്ങളും ധനാപഹരണവുമായി ബന്ധപ്പെട്ട് പത്ത് കൊലപാതകങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ മാഫിയ ആക്രമണം എന്ന കൊലപാതക കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

**കൊലപാതകങ്ങൾ**

174 (175) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; അവയിൽ സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിവരുടെ എണ്ണം പ്രത്യേകം നൽകാമോ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചു; എത്ര കേസ്സുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്; ഇവയിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(ഡി) എത്ര കേസ്സുകളിൽ അന്വേഷണം സി.ബി.ഐ.യ്ക്ക് വിടുകയുണ്ടായി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 294 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. അവയിൽ 69 സ്ത്രീകളും 179 പുരുഷന്മാരും 36 കുട്ടികളുമുണ്ട്.

(ബി) ഈ കേസ്സുമായി ബന്ധപ്പെട്ട് 81 പ്രതികളെ ഇനിയും പിടികൂടുവാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിൽ 143 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കേസ്സുകളൊന്നും തന്നെ വിചാരണ പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രതികളാരും തന്നെ ശിക്ഷിക്കപ്പെട്ടിട്ടില്ല.

(ഡി) സി.ബി.ഐ.-യ്ക്ക് വിട്ട കേസ്സുകളൊന്നും തന്നെയില്ല.

**ട്രാഫിക് പോലീസ് സ്റ്റേഷൻ**

175 (176) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ നിരവധി വാഹനാപകടങ്ങൾ നടക്കുന്ന ആറ്റിങ്ങലിൽ പ്രത്യേക ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആറ്റിങ്ങലിലെ ഗതാഗതക്കുരുക്കും, വാഹനാപകടങ്ങളും നിയന്ത്രിക്കുന്നതിന് പ്രത്യേക പട്രോളിങ് വാഹനം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങലിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് കാണിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനം സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.

(ബി) ആറ്റിങ്ങലിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും നിയന്ത്രിക്കുന്നതിന് നിലവിൽ 2 കൺട്രോൾ റൂം വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു.

**ആയുധ പരിശീലനം**

176 (177) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളിലെ ആയുധ പരിശീലനവും, ചില ഫാസിസ്റ്റ് മാഫിയ സംഘങ്ങൾ ആരാധനാലയങ്ങൾ പിടിച്ചെടുത്ത്, വൻ വർഗ്ഗീയ കലാപം നടത്താൻ ഇടയുണ്ടെന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം മുൻ കരുതലുകൾ സ്വീകരിച്ചുവരുന്നു;

(ബി) ഫാസിസ്റ്റ് ഭീകരപ്രവർത്തനം സംസ്ഥാനത്ത് നാളിതുവരെ നിലനിൽക്കുന്ന സമാധാന അന്തരീക്ഷത്തിന് ഉണ്ടാക്കിയേക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വർഗ്ഗീയ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസിന്റെയും രഹസ്യാന്വേഷണ വിഭാഗത്തിന്റെയും നിരീക്ഷണവും പോലീസ് പട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്. രഹസ്യ വിവരങ്ങൾ ശേഖരിച്ചും മതസൗഹാർദ്ദ യോഗങ്ങൾ നടത്തിയും കുറ്റകൃത്യങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ക്രമസമാധാന ഭംഗമുണ്ടാക്കിയേക്കാവുന്ന ഏത് പ്രവർത്തനവും ഗൗരവമായി തന്നെ കണക്കിലെടുക്കുന്നുണ്ട്.

(സി) ആരാധനാലായങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലും മറ്റും പ്രതിലോമ പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാനായി രഹസ്യാന്വേഷണ വിഭാഗം പ്രത്യേകം നിരീക്ഷണം നടത്തി വരുന്നുണ്ട്. ഇത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൊതു ജനങ്ങൾക്കിടയിൽ മതസൗഹാർദ്ദവും സഹിഷ്ണുതാ മനോഭാവവും വളർത്തുന്നതിനായി പോലീസിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ജനമൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തി വരുന്ന സെമിനാറുകളിലും ക്ലാസ്സുകളിലും മറ്റും വർഗ്ഗീയത ഇല്ലായ്മ ചെയ്യുന്നതിനും മത സൗഹാർദ്ദം വളർത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

**ട്രാഫിക് പോലീസ് സ്റ്റേഷൻ**

177 (178) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിൽ ട്രാഫിക്ക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

മാവേലിക്കരയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രത്യേക ശിപാർശ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ചിട്ടില്ല.

## കുറ്റകൃത്യങ്ങളുടെ കണക്ക്

178 (179) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ രാഷ്ട്രീയ കൊലപാതകങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിച്ച് വരുന്നകാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; കുട്ടികൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമാക്കുമോ;

(സി) പെൺകുട്ടികൾക്കും വനിതകൾക്കുമെതിരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; ഇതിൽ എത്ര കേസ്സുകളിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇത്തരം കേസ്സുകളിൽ കുറ്റക്കാർക്കെതിരെ കർശന നടപടിയും പരമാവധി ശിക്ഷയും ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടികൾക്കെതിരെയും സ്ത്രീകൾക്കെതിരെയുമുള്ള പീഡനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. താമസിയാതെ തന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ റൂമുമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്. 2017-18-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്തുതല സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10.30-നും ഉച്ചയ്ക്ക് 1.00 മണിക്കും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാവാത്ത അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചില്ലെങ്കിൽ ആയത് അടുത്തുവരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കുകയും അപ്പോൾ പരിഹരിക്കുവാൻ കഴിയുന്നവ ഉടൻതന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്. ഇതിനുപുറമേ കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ POCSO, IPC എന്നീ നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികൾക്ക് നേരെയുണ്ടായ ലൈംഗിക പീഡനങ്ങൾ സംബന്ധിച്ച് (Rape with Murder, Rape 354, 507, 377 IPC & POCSO Act cases etc.) 2260 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പീഡനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട 13005 കേസ്സുകളിൽ 10103 കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിലെ പ്രതികൾക്കെതിരെ കാര്യക്ഷമമായ അന്വേഷണം നടത്തി

കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുവാൻ വേണ്ട നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളുടെയും സ്ത്രീകളുടെയും പീഡനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ ഇതോടൊപ്പം ചുവടെ ചേർക്കുന്നു:

സ്ത്രീകൾക്കെതിരെയുള്ള (പെൺകുട്ടികൾ ഉൾപ്പെടെ) പീഡനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദവിവരം (25-5-2016 മുതൽ 18-4-2017 വരെ)

| കേസ്സുകളുടെ എണ്ണം | പ്രതികളായിട്ടുള്ളവരുടെ എണ്ണം | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം |
|---|---|---|---|
| 13005 | 17269 | 12651 | 4618 |

കുട്ടികൾക്കെതിരെയുള്ള പീഡനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദവിവരം (25-5-2016 മുതൽ 18-4-2017 വരെ)

| കേസ്സുകളുടെ എണ്ണം | പ്രതികളായിട്ടുള്ളവരുടെ എണ്ണം | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം |
|---|---|---|---|
| 2625 | 2954 | 2953 | 361 |

**ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം**

179 (180) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമ കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി)അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ

സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമവുമായി ബന്ധപ്പെട്ട് 8847 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിൽ 3874 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കാനുണ്ട്.

(സി) ഈ കേസ്സുകളിൽ 337 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

**അതിക്രമക്കേസ്സുകളിലെ പ്രതികൾ**

180 (181) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമക്കേസ്സുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം, കേസ്സുകൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ, ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണവും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമ കേസ്സുകളിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം, കേസ്സുകൾ തിരിച്ച് താഴെപ്പറയുന്നു:

| Sl. No. | Crime Heads | Total no. of cases on Atrocities against women in category wise | Total no. of accused |
|---|---|---|---|
| 1 | RAPE | 1574 | 1698 |
| 2 | 354 IPC | 3757 | 4357 |
| 3 | 509 IPC | 297 | 340 |
| 4 | KIDNAPPING | 162 | 209 |
| 5 | 304 (B) | 16 | 34 |
| 6 | 498 (A) | 3098 | 5668 |
| 7 | OTHERS | 4101 | 4963 |
| Total | | 13005 | 17269 |

(ബി) ഇതിൽ ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം 12651 ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം 4618.

**സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ**

181 (182) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്തെ സ്ത്രീകൾക്കെതിരെയുള്ള എത്ര അതിക്രമക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാത്സംഗങ്ങൾ, മാനഭംഗപ്പെടുത്തലുകൾ, മറ്റ് പീഡനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ വിവിധ അതിക്രമങ്ങളെത്തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെ എണ്ണം പ്രത്യേകമായി ലഭ്യമാക്കുമോ;

(ഡി) ഈ കേസ്സുകളിലെല്ലാമായി ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 13005 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാത്സംഗങ്ങൾ, മാനഭംഗങ്ങൾ, മറ്റ് പീഡനങ്ങൾ <u>തുടങ്ങിയവ സംബന്ധിച്ച് ഇനം തിരിച്ചുള്ള</u> കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

| Crime Heads | No. of case registered |
|---|---|
| Murder | 91 |
| Rape | 1574 |
| Molestation | 3757 |
| Kidnapping | 162 |
| 304 (B) IPC | 16 |
| 509 IPC | 297 |
| 498 (A) IPC | 3098 |
| Others | 4010 |
| Total | 13005 |

(സി) ഈ കാലയളവിൽ വിവിധ അതിക്രമങ്ങളെത്തുടർന്ന് 91 സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ട്.

(ഡി) ഈ കേസ്സുകളിലെല്ലാമായി ഇതുവരെ 12651 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇനി അറസ്റ്റ് ചെയ്യപ്പെടാനായി 4618 പേരുമുണ്ട്.

**വധഭീഷണി**

182 (183) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മയ്യനാട് വലിയമഠം ഭാഗം കനാൽ പുറമ്പോക്ക് താമസക്കാരൻ പട്ടികജാതിക്കാരനായ ശിവകുമാറിനും കുടുംബത്തിനും നേരെ വധഭീഷണി ഉണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ശിവകുമാറിനെയും കുടുംബത്തെയും കുടിയൊഴിപ്പിക്കാൻ വേണ്ടിയാണ് ഭീഷണിപ്പെടുത്തുന്നതെന്ന ആവലാതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് പ്രസ്തുത പട്ടികജാതി കുടുംബത്തിന് സംരക്ഷണം നൽകാൻ നിർദ്ദേശം നൽകുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി-ഡി) ഇതുസംബന്ധിച്ച് കൊട്ടിയം പോലീസ് സ്റ്റേഷൻ Cr.No. 968/17/u/s 3(1) (s) of SC/ST POA Amendment Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഇപ്പോൾ ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷിച്ചുവരുന്നു. പ്രസ്തുത കേസ്സിനാധാരമായ പരാതിയിൽ പറയുന്ന ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷണത്തിൽ വെളിവായാൽ മാത്രമേ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ടിയാളുടെ കുടുംബത്തിനാവശ്യമായ സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**പോലീസുകാർക്കെതിരായ പരാതികൾ**

183 (184) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരാതികളുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർ പീഡിപ്പിക്കപ്പെടുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർഭയമായി പരാതികൾ പറയാനും ആർക്കും പോലീസ് സ്റ്റേഷനുകളിൽ എത്താനും കഴിയും എന്ന സ്ഥിതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരാതിക്കാരുടെ മൊബൈൽ ഫോൺ പിടിച്ചെടുക്കലും പോക്കറ്റിലെ പണം തട്ടിയെടുക്കലും സ്ത്രീകളെ ഫോണിൽ വിളിച്ച് അസഭ്യം പറയലും ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ പോലീസുകാരിൽ നിന്നുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പോലീസുകാർക്കെതിരെ ഉണ്ടാകുന്ന ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കാനും മേൽനടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്ത്രീകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നിർഭയമായി വരുവാനുള്ള സൗകര്യം നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുള്ളതും ഓരോ പോലീസ് സ്റ്റേഷനുകളിലും ഒരു പബ്ലിക് റിലേഷൻ ഓഫീസറെ നിയമിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമേ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക് എന്നിവ പോലീസ് സ്റ്റേഷനുകളിൽ സജ്ജമാക്കിയിട്ടുണ്ട്.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരാതിക്കാരായി വരുന്നവരുടെ മൊബൈൽ ഫോൺ പിടിച്ചെടുക്കൽ, പോക്കറ്റിലെ പണം തട്ടൽ, സ്ത്രീകളെ ഫോണിൽ വിളിച്ച് അസഭ്യം പറയൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ**

184 (185) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു; തട്ടിക്കൊണ്ടുപോയ കുട്ടികളിൽ എത്ര പേരെ ഇനിയും കണ്ടെത്താനുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ലൈംഗിക പീഡനത്തെ തുടർന്നും അല്ലാതെയും എത്ര കുട്ടികൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കുട്ടികളെ തട്ടിക്കൊണ്ടുപോയ 142 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 142 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 165 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തട്ടിക്കൊണ്ടുപോയ കുട്ടികളിൽ ഇനി ഒരു കുട്ടിയെ കണ്ടെത്താനുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(ബി) കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച 1671 പരാതികൾ ലഭിച്ചിട്ടുണ്ട്. 1671 കേസ്സുകൾ രജിസ്റ്റർ ചെയ്തു. ഇതിൽ 1627 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) ലൈംഗിക പീഡനത്തെത്തുടർന്ന് കുട്ടികളാരും തന്നെ കൊല്ലപ്പെട്ടിട്ടില്ല.

**ലൈംഗികാതിക്രമങ്ങളിൽ മരിച്ച സ്ത്രീകൾ**

185 (186) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ലൈംഗികാതിക്രമങ്ങളിൽ കൊല്ലപ്പെട്ട സ്ത്രീകളുടെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും എണ്ണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രത്യേകം ലഭ്യമാക്കുമോ;

(ബി) ഈ കേസ്സുകളിൽ ഇനിയും അന്വേഷണം പൂർത്തിയാകാത്തവ എത്രയെന്ന് വ്യക്തമാക്കുമോ; അന്വേഷണത്തിന്റെ ഭാഗമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്ര;

(സി) വിചാരണ പൂർത്തിയായ കേസ്സുകൾ എത്ര; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലൈംഗികാതിക്രമങ്ങളെ തുടർന്ന് രണ്ട് സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളാരും തന്നെ ഇത്തരത്തിൽ കൊല്ലപ്പെട്ടിട്ടില്ല.

(ബി) ഇനിയും അന്വേഷണം പൂർത്തിയാകാത്ത ഒരു കേസ്. പ്രതികളെ അറസ്റ്റ് ചെയ്യാനായി ബാക്കിയില്ല.

(സി) ഈ കേസ്സുകളിൽ വിചാരണ പൂർത്തിയായവ ഇല്ല.

**അതിക്രമങ്ങൾ**

186 (187) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും, ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെ എണ്ണവും ലഭ്യമാക്കുമോ;

(സി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയവ എത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; വിചാരണ പൂർത്തിയാക്കിയവ എത്ര; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും വിട്ടയക്കപ്പെട്ടവരുടെ എണ്ണവും എത്രയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**അതിക്രമങ്ങൾ തടയുന്നതിന് നടപടി**

187 (189) <u>ശ്രീ. എ. എം. ആരിഫ്:</u>

ശ്രീ. ഡി. കെ. മുരളി:

ശ്രീ. എം. നൗഷാദ്:

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി താലൂക്കുതല വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ ബറ്റാലിയൻ എന്നിവ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) വനിതാ പോലീസ് ഓഫീസർമാരുടെ പഞ്ചായത്തുതല സന്ദർശനം, ലൈംഗിക അക്രമികളുടെ പബ്ലിക് രജിസ്റ്റർ തുടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിനായുള്ള പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-1-2017-ലെ ജി.ഒ.(എം.എസ്.) 15/2017/ആഭ്യ. നമ്പർ ഉത്തരവ് പ്രകാരം വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സിറ്റികളിലും കണ്ണൂരിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റുജില്ലകളിൽക്കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി താലൂക്കുതല വനിതാ പോലീസ് സ്റ്റേഷനുകൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വനിതാ പോലീസ് ഓഫീസർമാരുടെ പഞ്ചായത്തുതല സന്ദർശനം നടപ്പിലാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈംഗികാതിക്രമങ്ങളുടെ പബ്ലിക് രജിസ്റ്റർ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ നിരവധി സ്ത്രീ സുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അവയിലേറ്റവും പ്രധാനപ്പെട്ടതാണ് സ്ത്രീ സ്വയം സുരക്ഷാ പരിശീലന പരിപാടി. ഇതിന്റെ ഭാഗമായി

കേരളത്തിലെ മുഴുവൻ വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിക്കഴിഞ്ഞു. ഇവർ റസിഡന്റ്സ് അസോസിയേഷനുകളും കുടുംബശ്രീ യൂണിറ്റുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകി വരുന്നു. കൂടാതെ, സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകാനായി കാലാകാലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

**ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിന് നടപടി**

188 (190) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ഏറിവരുന്ന സാഹചര്യത്തിൽ ആയതിനെ ചെറുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) POCSO (Protection of Children from Sexual Offences Act) ആക്ട് സംബന്ധിച്ച് ദൃശ്യ, ശ്രാവ്യ, പത്ര മാധ്യമങ്ങളിലൂടെയും മറ്റും വ്യാപക ബോധവത്കരണം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പോക്സോ നിയമ പ്രകാരം എടുത്ത കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്നതിനേക്കാൾ വളരെ കൂടുതലാണ് ശിക്ഷിക്കപ്പെടാതിരിക്കുന്ന കേസ്സുകൾ എന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽകൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ

ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്. 2017-18-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസുദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10.30-നും ഉച്ചയ്ക്ക് 1.00 മണിക്കും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാവാത്ത അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചിട്ടില്ലെങ്കിൽ ആയത് അടുത്തുവരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കുകയും അപ്പോൾ പരിഹരിക്കുവാൻ കഴിയുന്നവ ഉടൻതന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്. ഇതിനുപുറമേ കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ പോക്സോ, ഐ.പി.സി. എന്നീ നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ , കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി.

(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെയും പോക്സോ നിയമം സംബന്ധിച്ചുള്ള അറിവും നൽകുന്നതിനായി ജനമൈത്രി പോലീസ് പദ്ധതിയിലൂടെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും സ്കൂളുകൾ, കോളേജുകൾ, റസിഡൻഷ്യൽ അസോസിയേഷൻ മുഖേനയും വ്യാപകമായ ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

(സി) കുട്ടികൾക്കെതിരെ നടന്ന പീഡനങ്ങൾക്ക് പോക്സോ നിയമപ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചുവരുന്നുണ്ട്. ഇതിൽ വിചാരണ പൂർത്തിയായ കേസ്സുകളിൽ കൂടുതലും ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്ത്രീപീഡനക്കേസ്സുകൾ

189 (191) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സ്ത്രീപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനകേസ്സുകൾ എത്ര; ഇക്കാര്യത്തിലുള്ള കൺവിക്ഷൻ റേറ്റ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കൺവിക്ഷൻ റേറ്റ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1574 സ്ത്രീ പീഡന കേസ്സുകൾ (Rape cases) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസ് ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറയുന്നവയിൽ 905 കേസ്സുകൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡന കേസ്സുകളാണ്. കൺവിക്ഷൻ റേറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Year | Convicted | Acquitted | Conviction Rate |
|---|---|---|---|
| 2015 | 51 | 44 | 53.68 |
| 2016 | 34 | 122 | 21.79 |

(സി) 2015, 2016 വർഷത്തിലെ Crime in India കണക്കുപ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനക്കേസ്സുകളിൽ 2015-നെ അപേക്ഷിച്ച് 2016-ൽ കൺവിക്ഷൻ റേറ്റ് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## എം.എൽ.എ. നൽകിയ കത്ത്

190 (192) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 124-ാം നമ്പർ ചോദ്യത്തിന് ലഭിച്ച തെറ്റായ ഉത്തരം പരിശോധിക്കണമെന്ന് കാണിച്ച് 5-12-2016 ൽ കോട്ടക്കൽ എം.എൽ.എ. ആഭ്യന്തര സെക്രട്ടറിയ്ക്കും ചീഫ്

സെക്രട്ടറിയ്ക്കും നൽകിയ കത്തിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ മുഴുവൻ വിവരങ്ങളും കോപ്പികളും ലഭ്യമാക്കുമോ;

(ഡി) 5-12-2016-ന് നൽകിയ കത്തിന് നാളിതുവരെയായി എം.എൽ.എ.യ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ; ഇക്കാര്യത്തിലുള്ള വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) 14-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-9-2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം പരിശോധിക്കണമെന്നുള്ള കത്ത് ലഭിക്കുകയുണ്ടായി. സാധാരണയായി ഭരണവകുപ്പിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും ശേഖരിച്ചതിനുശേഷമാണ് നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി തയ്യാറാക്കുന്നത്. ഇത്തരത്തിൽ പോലീസ് മേധാവിയിൽനിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മറുപടിയാണ് കഴിഞ്ഞ സമ്മേളനത്തിൽ നൽകിയിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയും അന്വേഷണവും നടത്തിയതിൽ പോലീസിന്റെ ഭാഗത്തുനിന്നും സമർപ്പിച്ച വിവരത്തിലെ പിഴവാണ് ഇതിന് കാരണമായിട്ടുള്ളതെന്ന് വെളിപ്പെടുകയുണ്ടായി. തുടർന്ന് വകുപ്പിന്റെ 22-4-2017-ലെ നമ്പർ100421/എസ്.സി13/2016/ആഭ്യന്തരം കത്തുപ്രകാരം വിശദമായ മറുപടി ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അയച്ചുനൽകിയിട്ടുണ്ട്. നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിലേയ്ക്കാവശ്യമായ വിവരങ്ങളിൽ വസ്തുതാപരമായ പിഴവ് വന്ന ചേരാനിടയായ സംഭവം സർക്കാർ ഗൗരവകരമായി കാണുകയും ബന്ധപ്പെട്ടവർക്ക് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

**വിജിലൻസ് കേസ്സ്**

191 (193) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിലെ മുൻമന്ത്രിമാർ, മന്ത്രിമാർ എന്നിവരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് കേസ് എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എത്ര കേസ്സുകൾ അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ട് ; കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഓരോ കേസ്സിലും കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഓരോ അന്വേഷണത്തിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിലെ മുൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജനെതിരെ വി.സി.01/2017/എസ്.ഐ.യു.-2 എന്ന വിജിലൻസ് കേസ് നടന്നുവരുന്നു. കോടതി ഉത്തരവ് പ്രകാരം സ്റ്റേയിലാണ്.

(ബി) ഒന്ന്. ശ്രീ. ഇ. പി. ജയരാജനെതിരെയുള്ള കേസ്സ് അന്വേഷണ ഘട്ടത്തിലാണ്.

(സി&ഡി) കുറ്റപത്രം തയ്യാറാക്കിയിട്ടില്ല. വി.സി.01/2017/എസ്.ഐ.യു.-2 നമ്പർ കേസ് അന്വേഷണ വേളയിൽ കോടതി ഉത്തരവ് പ്രകാരം സ്റ്റേയിലാണ്.

**വി. എ. അരുൺകുമാറിനെതിരായ വിജിലൻസ് കേസ്**

192 (194) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കയർഫെഡ് എം.ഡി. ആയിരിക്കെ സർക്കാരിന് നഷ്ടം വരുത്തിയെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസ്സിൻെറ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. വി. എ. അരുൺ കുമാർ കയർ ഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ചേർത്തലയിലെ വെയർ ഹൗസ് നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വി.സി.03/2014/എസ്.സി.റ്റി. നമ്പർ വിജിലൻസ് കേസ്

രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(ബി) സർക്കാരിന് നഷ്ടം വരുത്തിയെന്ന ആരോപണം വി.സി.03/2014/എസ്.സി.റ്റി./സി.ആർ.എഫ്.ഡി. നമ്പർ വിജിലൻസ് കേസ്സിൽ അന്വേഷിച്ചിട്ടുണ്ട്.

(സി) സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേസ് അന്വേഷണത്തിലാണ്.

**പരീക്ഷാനടത്തിപ്പിലെ പാളിച്ചകൾ**

193 (195) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ക്രമക്കേടുകളല്ലാതെ മറ്റ് തരത്തിലുള്ള ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് വിജിലൻസിന് അധികാരമുണ്ടോ;

(ബി) ഇല്ലെങ്കിൽ എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഹയർസെക്കണ്ടറി ജ്യോഗ്രഫി, ജേർണലിസം ,ഹിന്ദി ചോദ്യപേപ്പറുകളെ സംബന്ധിച്ചും ഗുരുതരമായ ആരോപണം ഉയർന്ന് വന്നിട്ടും അതിനെക്കുറിച്ച് അന്വേഷണം നടത്താത്തതെന്താണ്; ചോദ്യപേപ്പർ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയ അദ്ധ്യാപക സംഘടനയായ കെ.എസ്.റ്റി.എ.-യുടെ ഇക്കാര്യത്തിലുള്ള പങ്ക് അന്വേഷിക്കുമോ;

(ഡി) ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി പരീക്ഷാനടത്തിപ്പിലെ പാളിച്ചകളെ സംബന്ധിച്ച ജ്യുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടുമോ?

ഉത്തരം

(എ) അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ ക്രമക്കേടുകളും വിജിലൻസ് അന്വേഷിക്കാറുണ്ട്.

(ബി) 20-3-2017-ൽ നടത്തിയ എസ്.എസ്.എൽ.സി. ഗണിത ശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പർ ഒരു സ്വകാര്യ സ്ഥാപനം പുറത്തിറക്കിയ ചോദ്യങ്ങളുമായി സാമ്യമുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പൊതു

വിദ്യാഭ്യാസ സെക്രട്ടറി ഒരു അന്വേഷണം നടത്തുകയും ചോദ്യകർത്താവും സ്വകാര്യ സ്ഥാപനവും തമ്മിലുള്ള ബന്ധം കൂടുതൽ അന്വേഷണത്തിലൂടെ മാത്രമേ തെളിയിക്കാൻ കഴിയുകയുള്ളൂവെന്ന് റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത്.

(സി) 25000-ത്തോളം വിദ്യാർത്ഥികൾ എഴുതിയ ഒന്നാം വർഷ ഭൂമിശാസ്ത്ര ചോദ്യപേപ്പർ സംബന്ധിച്ച് വന്നിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. മുൻ വർഷങ്ങളിലെ ചോദ്യപേപ്പറും അദ്ധ്യാപകർ ക്ലസ്റ്ററുകൾ വഴി തയ്യാറാക്കിയ ധാരാളം മാതൃകാ ചോദ്യങ്ങളും ഡി.എച്ച്.എസ്.ഇ. പോർട്ടലിൽ ലഭ്യമാണ്. ആയതുകൊണ്ട് തന്നെ ചോദ്യപേപ്പർ തമ്മിലുള്ള സമാനത എല്ലാ കാലത്തെ ചോദ്യപേപ്പറുകളിലും കാണാനാവുന്നതാണ്. അതിൽ അസ്വാഭാവികതയൊന്നുമില്ലെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

5000-ത്തോളം വിദ്യാർത്ഥികൾ എഴുതിയ രണ്ടാം വർഷ ജേർണലിസം ചോദ്യപേപ്പറിൽ 17 മാർക്കിന്റെ ചോദ്യങ്ങൾ പാഠഭാഗത്തിന് പുറത്ത് നിന്നാണെന്ന പരാതിയും ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്. ചോദ്യം തയ്യാറാക്കിയ വ്യക്തിയോട് വിശദീകരണം തേടുകയും ടിയാളെ മേലിൽ ഇത്തരം ചുമതലകളിൽനിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഹിന്ദി ചോദ്യപേപ്പറിൽ ഏതാനും അക്ഷര തെറ്റുകൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

ഹയർ സെക്കണ്ടറി പൊതു പരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുവാൻ ഒരു കാലത്തും അദ്ധ്യാപക സംഘടനകളെ ചുമതലപ്പെടുത്താറില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**വിജിലൻസ് അന്വേഷണം**

194 (196) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻമുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദന്റെ മകൻ ശ്രീ വി.എ. അരുൺകുമാറിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് വിജിലൻസിന് നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ശ്രീ വി.എ. അരുൺകുമാറിനെ ഐ.സി.ടി. അക്കാദമി ഡയറക്ടറായി നിയമിച്ചതിനും ഐ.എച്ച്.ആർ.ഡി.യിൽ സ്ഥാനക്കയറ്റം നല്കിയതിനും പിന്നിൽ ക്രമക്കേട് ഉണ്ട് എന്ന വി.ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള ആരോപണങ്ങളിന്മേൽ രേഖാമൂലമുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം നടത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട ആവശ്യമില്ല.

(സി) ശ്രീ. വി. ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ വി.ഇ.02/12/എസ്.ഐ.യു.-II നമ്പരായി ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വി.സി. 01/15/എസ്.ഐ.യു.-II നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

**വിജിലൻസ് ഡയറക്ടർ നൽകിയ റിപ്പോർട്ട്**

195 (197) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ വധക്കേസ്സിൽ ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കുന്നതിൽ വീഴ്ചയുണ്ടായെന്നും, കേസ് കോടതിയിൽ നിലനിൽക്കില്ലായെന്നും വിജിലൻസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം ഒരു റിപ്പോർട്ട് നൽകുവാനുണ്ടായ സാഹചര്യം എന്താണെന്നും ഇതിനുള്ള അധികാരം വിജിലൻസിനുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ജിഷ വധക്കേസ്സിൽ പ്രതിഭാഗം അഭിഭാഷകർ ഈ റിപ്പോർട്ട് കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പ്രതിക്കായി വിടുതൽ ഹർജി നൽകുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) ജിഷയുടെ ഘാതകനെ അറസ്റ്റ് ചെയ്യുവാനായത് വൻ നേട്ടമായി ഉയർത്തിക്കാട്ടിയ ആഭ്യന്തര വകുപ്പിന് വിജിലൻസിന്റെ ഈ റിപ്പോർട്ട് തിരിച്ചടിയായോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഡോ. വിജയലക്ഷ്മി നൽകിയ പരാതി**

196 (198) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല സ്റ്റുഡന്റ്സ് സർവ്വീസസ് ഡയറക്ടർ, ഡോ.വിജയലക്ഷ്മിയോട് സ്ത്രീത്വത്തെ അപമാനിക്കും വിധം പെരുമാറുകയും, വധഭീഷണി മുഴക്കുകയും ചെയ്ത സിൻഡിക്കേറ്റ് അംഗത്തിനും, എസ്.എഫ്.ഐ. നേതാക്കൾക്കുമെതിരെ അവർ നൽകിയ പരാതി ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; വ്യക്തമാക്കുമോ;

(ബി) മാനസിക പീഡനവും വധഭീഷണിയും ശാരീരിക ഉപദ്രവവും പരാതിയിൽ ഉന്നയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രതികൾക്കെതിരെ ജാമ്യമില്ലാ കുറ്റം ചുമത്തി ക്രിമിനൽ കേസ്സെടുക്കുന്നതിൽ വീഴ്ചയുണ്ടായത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സർവ്വകലാശാല സ്റ്റുഡന്റ്സ് സർവ്വീസസ് ഡയറക്ടർ, ഡോ. റ്റി. വിജയലക്ഷ്മിയെ 3-3-2017-ന് എസ്.എഫ്.ഐ. നേതാക്കൾ തടഞ്ഞുവയ്ക്കുകയും ഭീഷണിപ്പെടുത്തുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതായുള്ള പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 448/2017 u/s 342, 294(b), 323, 324, 506(i), 353 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) നിലവിൽ പ്രതികൾക്കെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**ഡോ. ജേക്കബ് തോമസിനെതിരെ നടപടി**

197 (199) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡി.ജി.പി.യായി പ്രവർത്തിച്ച ഡോ. ജേക്കബ് തോമസിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 6-1-2016-നോ അതിനുശേഷമോ ചീഫ് സെക്രട്ടറിയ്ക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഇതിന്മേൽ ചീഫ് സെക്രട്ടറി എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഏത് തീയതിക്കാണ് ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചത്; ഇതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഇതിന്മേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വിഷയത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്ന് 6-1-2016- ന് കത്ത് നൽകിയതിനെ തുടർന്നുള്ള ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം, നടപടി സ്വീകരിക്കേണ്ട ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഡി.ജി.പി.-യായി നിയമിക്കാൻ കാരണം എന്താണ്;

(എഫ്) പോർട്ട് ഡയറക്ടറായിരിക്കെ ജേക്കബ് തോമസ് നടത്തിയ അഴിമതിക്കെതിരെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണത്തെ തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു+.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി-ഇ) ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇക്കാര്യം വിശദമാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകിയിട്ടുമുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചട്ടപ്രകാരമാണ് ടിയാനെ വിജിലൻസ് ഡി.ജി.പി.-യായി നിയമിച്ചത്.

(എഫ്) ധനകാര്യ പരിശോധനാവിഭാഗം തുറമുഖ ഡയറക്ടറേറ്റിൽ 2014, 2015 വർഷങ്ങളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് തുറമുഖ വകുപ്പിന്റെ പരിശോധനയിലാണ്.

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് വകുപ്പ് പരിശോധിച്ചു വരികയാണ്.

**പുനർ നിയമനം**

198 (200) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച ഉദ്യോഗസ്ഥർക്ക് പുനർ നിയമനം നൽകരുതെന്ന് വിജിലൻസ് ഡയറക്ടറായിരുന്ന ശ്രീ. ജേക്കബ് തോമസ് സർക്കാരിന് കത്ത് നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആവശ്യപ്പെട്ട പ്രകാരമാണോ മുൻ വിജിലൻസ് ഡയറക്ടർ ഇത്തരം ഒരു കത്ത് നൽകിയത്; അല്ലെങ്കിൽ ഇത്തരം കത്ത് അയയ്ക്കുവാനുണ്ടായ സാഹചര്യമെന്താണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല. 'Zero Tolerance to Corruption' എന്ന സർക്കാർ നയം നടപ്പാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായാണ് കത്ത് സർക്കാരിന് സമർപ്പിച്ചത്.

**വിജിലൻസ് നടപടി ക്രമങ്ങൾ**

199 (201) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസിന്റെ പ്രവർത്തനത്തെ കേരള ഹൈക്കോടതി വിമർശിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേസ്സുകളുടെ വിസ്താരവേളയിലായിരുന്നു പ്രസ്തുത പരാമർശങ്ങൾ എന്നറിയിക്കാമോ ;

(ബി) വിജിലൻസ് നടപടികളിൽ അതിരുവിട്ട അരാജകത്വമെന്ന് കേരള

ഹൈക്കോടതി വിമർശിക്കുവാനുണ്ടായ സാഹചര്യമെന്താണ്; ഈ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നടപടിക്രമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 8-3-2017-ലെ ഡബ്ല്യൂ.പി.(സി.) 30853/16-ന്മേലുള്ള ഉത്തരവിലും ഒ.പി.(സി.ആർ.എൽ.) നമ്പർ 83/2017-ലും, ഐ.എ.നമ്പർ 242/2017-ലും കോടതി പരാമർശമുണ്ടായിട്ടുണ്ട്. കൂടാതെ കണ്ണൂർ സ്കൂൾ യുവജനോത്സവത്തിൽ വിധികർത്താക്കൾക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത വിഷയത്തിലും മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന് എതിരായ കേസ്സും പരിഗണിക്കവേ ഹൈക്കോടതിയുടെ പരാമർശങ്ങളുണ്ടായിട്ടുണ്ട്.

(ബി) ഒ.പി.(സി.ആർ.എൽ.) നമ്പർ 83/2017, ഐ.എ. നമ്പർ 242/2017 എന്നീ കേസ്സുകൾ പരിഗണിക്കവെയാണ് ടി പരാമർശമുണ്ടായത്.

**സ്പോർട്സ് ലോട്ടറി അഴിമതി കേസ്**

200 (202) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ലോട്ടറി അഴിമതി കേസ്സിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് റ്റി. പി. ദാസനെ പ്രതിയാക്കി വിജിലൻസ് കേസ്സെടുക്കുകയുണ്ടായോ; അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്യുവാൻ വിജിലൻസ് കണ്ടെത്തിയ കുറ്റങ്ങൾ എന്തെല്ലാമാണ്;

(ബി) സ്പോർട്സ് ലോട്ടറി വില്പനയിലൂടെ എത്ര കോടി രൂപ സമാഹരിച്ചു; അതിൽ എത്ര കോടിരൂപ സ്പോർട്സ് വികസനത്തിന് ഇതിനകം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. റ്റി. പി. ദാസൻ, മുൻ സെക്രട്ടറി ശ്രീ. ജി. ജെ. ടൈഗ്ഗി, ഐ.എഫ്.എസ്. എന്നിവരെ ഒന്നും രണ്ടും പ്രതികളാക്കി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്പോർട്സ്

ലോട്ടറിയുടെ വിതരണവുമായി ബന്ധപ്പെട്ടാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ബി) സ്പോർട്സ് ബമ്പർ ലോട്ടറി വില്പനയിലൂടെ ആകെ 29,44,79,800 രൂപ സമാഹരിച്ചിട്ടുണ്ട്. ടി തുകയിൽ നിന്ന് 20 ശതമാനം ഡിസ്കൗണ്ട് നിരക്കും ചെലവുകളും കഴിച്ച് 9,35,12,453 രൂപ അറ്റാദായമായി ലഭിക്കുകയുണ്ടായി. പ്രസ്തുത തുക സ്പോർട്സിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പിനും അസോസിയേഷനുകൾക്ക് ഗ്രാന്റ് നൽകുന്നതിനുമായി വിനിയോഗിച്ചു.

**സർക്കാർ സർവ്വീസിലെ അഴിമതി**

201 (203) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ UDF സർക്കാരിലെ മന്ത്രിമാരിൽ അഴിമതി കേസ്സുകളിൽ ഉൾപ്പെട്ട് വിജിലൻസ് അന്വേഷണം നേരിടുവരും കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുമായവർ ആരെല്ലാമെന്നും ഏതെല്ലാമാണ് കേസ്സുകൾ എന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ജുഡീഷ്യൽ അന്വേഷണം ഉൾപ്പെടെ എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചു, എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചു, ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകൾ ഇനിയും സമർപ്പിക്കാനുണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ലഭ്യമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളിൽ നിന്നും കുറ്റക്കാരായി കണ്ടെത്തിയവർ ആരെല്ലാം എന്നും എന്തെല്ലാം നടപടികളാണ് നാളിതുവരെ അവർക്കെതിരെ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) അനുബന്ധമായി (എ & ബി) ചേർത്തിരിക്കുന്നു*.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**വിജിലൻസിന് ലഭിച്ച പരാതികൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

202 (204) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച പരാതികളിന്മേൽ ക്യൂ.വി. 16/16 റ്റി.വി.എം പ്രകാരം നടത്തിയ ത്വരിതാന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വി.സി 1/17/റ്റി.വി.എം എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത കേസിലെ പ്രധാന ആരോപണങ്ങൾ എന്തൊക്കെയാണെന്നും പ്രതികൾ ആരൊക്കെ യാണെന്നും വ്യക്തമാക്കുമോ;

(സി) ഇതിലെ പ്രതികൾ ഏതൊക്കെ പദവികൾ വഹിച്ചിരുന്നു എന്നും, ഇപ്പോൾ ഏതൊക്കെ പദവികൾ വഹിക്കുന്നു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്പോർട്സ് ലോട്ടറിയുടെ വിതരണവുമായി ബന്ധപ്പെട്ട വരുമാനത്തിൽ വന്ന കുറവ് കണ്ടെത്തിയ തുൾപ്പെടെയുള്ള ക്രമക്കേടുകളാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച പരാതികളിന്മേൽ ക്യു.വി. 16/16/റ്റി.വി.എം. പ്രകാരം നടത്തിയ ത്വരിതാന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ.

(ബി) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. റ്റി. പി. ദാസൻ, മുൻ സെക്രട്ടറി ശ്രീ. ജി. ജെ. ടൈഗ്ഗി, ഐ.എഫ്.എസ്. എന്നിവർ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് സ്പോർട്സ് ലോട്ടറി വിറ്റതിലൂടെ ലഭിച്ച തുകയിൽ തിരിമറി നടത്തി എന്നതാണ് കേസ്സിനാസ്പദമായ സംഗതി.

(സി) ആരോപണ സമയത്ത് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന ശ്രീ. റ്റി. പി. ദാസൻ നിലവിൽ പ്രസ്തുത പദവി വഹിക്കുന്നു. ശ്രീ. ജി. ജെ. ടൈഗ്ഗി, ഐ.എഫ്.എസ്. ആരോപണ സമയത്ത് സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായിരുന്നു. 29-2-2016-ൽ സർവ്വീസിൽ നിന്നും വിരമിച്ചു.

**വിജിലൻസിന്റെ ത്വരിതാന്വേഷണം**

203 (205) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ ഇതുവരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നു. കോടതി നിർദ്ദേശപ്രകാരം എത്ര

മന്ത്രിമാർക്കെതിരെ അന്വേഷണം ആരംഭിക്കുകയുണ്ടായി. പരാതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ കേസ്സുകളിൽ ത്വരിതാന്വേഷണം പൂർത്തിയായി; അന്വേഷണത്തിൽ ഏതെങ്കിലും മന്ത്രിമാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രി കൊലക്കേസ്സിൽ പ്രതിയാണോ; വിശദാംശം നൽകുമോ;

(ഡി) കൊലക്കേസ്സിൽ പ്രതിയായ വ്യക്തി മന്ത്രിയായി തുടരുന്നത് നിഷ്പക്ഷ അന്വേഷണത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) മുൻ മന്ത്രി ശ്രീ. ഇ. പി. ജയരാജനെതിരെ ക്യു.വി. 20/16/എസ്.ഐ.യു.2 നമ്പരായി സത്വരാന്വേഷണം നട<u>ത്തു</u>കയും അതിനുശേഷം വി.സി.01/2017/എസ്.ഐ.യു.2 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് ഇപ്പോൾ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

തിരുവനന്തപുരം വിജിലൻസ് കോടതിയുടെ സി.എം.പി.1246/16 നമ്പർ ഉത്തരവ് പ്രകാരം മന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയ്ക്കെതിരെ ഒരു ത്വരിതാന്വേഷണം (ക്യു.വി.74/16/എസ്.ഐ.യു.1) നട<u>ത്തു</u>കയുണ്ടായി. ശ്രീ. റഹീം തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തിയത്. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. ആരോപണം തെളിഞ്ഞിട്ടില്ല.

ശ്രീമതി മേഴ്സിക്കുട്ടി അമ്മയ്ക്കെതിരെ KSCDC, CAPEX, Matsyafed എന്നിവിടങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചതിൽ അഴിമതിയുണ്ടെന്ന ശ്രീ. ഷാജഹാന്റെ പരാതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 2-ൽ ഒരു ത്വരിതാന്വേഷണം നടന്നുവരുന്നു.

(സി&ഡി) വൈദ്യുതി വകുപ്പുമന്ത്രി പ്രതിയായിട്ടുള്ള ഒരു കേസ് നിലവിലുണ്ട്. കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുകഴിഞ്ഞു.

**ബന്ധുവിന് ഭൂമി അനുവദിച്ച കേസ്**

204 (206) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്സിന്റെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ

ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസ്സിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ടി വിഷയവുമായി ബന്ധപ്പെട്ട വി.സി.നമ്പർ 01/12/കെ.എസ്.ഡി. നമ്പർ കേസ്സിന്റെ അന്വേഷണം പൂർത്തിയായി. കേസ്സിന്റെ തുടർ നടപടികളിൽ ഹൈക്കോടതി സ്റ്റേ നിലവിലുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാകയാൽ വിവരങ്ങൾ നൽകാൻ കഴിയുകയില്ല.

## സ്ത്രീധനപീഡനം സംബന്ധിച്ച കേസ്സുകൾ

205 (208) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്ത്രീധനപീഡനം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീധനത്തിന്റെ പേരിൽ ജീവൻ അപഹരിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കൂടുതൽ സ്ത്രീധനമരണം റിപ്പോർട്ട് ചെയ്തത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീധനപീഡനം സംബന്ധിച്ച് 3392 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ സ്ത്രീധന പീഡനത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെട്ട (498 (A) IPC, 304 (B) IPC) 29 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) സ്ത്രീധന പീഡനംമൂലം ഏറ്റവും കൂടുതൽ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളത് തിരുവനന്തപുരം ജില്ലയിലാണ്.

## കോർട്ട് കോംപ്ലക്സ്

206 (209) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുഖേന ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള പ്ലാൻ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ബഹുനില മന്ദിരങ്ങൾക്ക് എൻ.ഒ.സി.**

207 (210) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻ സർക്കാരിന്റെ കാലത്ത് ഫയർഫോഴ്സിന്റെ എൻ.ഒ.സി.-ക്ക് അപേക്ഷ നൽകിയിരുന്ന എത്ര അനധികൃത ബഹുനില മന്ദിരങ്ങൾക്ക് എൻ.ഒ.സി. നല്കിയിട്ടുണ്ട്; ഇവ ഓരോന്നിന്റെയും വിശദവിവരം നല്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുമതി നിഷേധിച്ചിരുന്നവ ഇവയിൽ എത്രയെണ്ണമുണ്ട്;

(സി) ഇവയ്ക്ക് എൻ.ഒ.സി. നല്കിയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനധികൃതമായ യാതൊരു ബഹുനില കെട്ടിടങ്ങൾക്കും ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. അനുവദിച്ചിട്ടില്ല. ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റ്/സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നൽകുന്നത് അതാത് പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാനുകൾ പ്രകാരമാണ്. സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ (ഫൈനൽ) നൽകുന്നത് സൈറ്റ് എൻ.ഒ.സി. എടുത്തതോ നിർമ്മാണം പൂർത്തീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാനുകൾക്കാണ്. ആകയാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത യാതൊരു ബഹുനില കെട്ടിടങ്ങൾക്കും വകുപ്പിൽ നിന്ന് എൻ.ഒ.സി. അനുവദിച്ചിട്ടില്ല. മുൻപ് വിവിധ സുരക്ഷാ കാരണങ്ങളാൽ താൽക്കാലികമായി അപേക്ഷ നിരസിക്കുകയും 9-2-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ45/2016/ആഭ്യന്തരം അടിസ്ഥാനത്തിൽ കെ.എം.ബി.ആർ., കെ.പി.ബി.ആർ., എൻ.ബി.സി. എന്നിവയിലെ ചട്ടങ്ങൾ ഉൾപ്പെടുത്തി വകുപ്പ് ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് വീണ്ടും അപേക്ഷ

സമർപ്പിച്ച ബഹുനില കെട്ടിടങ്ങൾക്ക് വകുപ്പിൽ നിന്ന് പരിശോധിച്ച് എൻ.ഒ.സി. അനുവദിക്കുകയുമാണുണ്ടായത്.

(ബി&സി) ബാധകമല്ല.

**അനധികൃത ഫ്ലാറ്റുകൾക്ക് നൽകിയ എൻ.ഒ.സി.**

208 (211) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരത്തേ ചുമതല വഹിച്ചിരുന്ന ഫയർ & റസ്ക്യൂ കമാന്റന്റ് ജനറൽമാർ എൻ.ഒ.സി. നൽകാതിരുന്ന അനധികൃത ഫ്ലാറ്റുകൾക്ക് കമാന്റന്റ് ജനറലിന്റെ ഒഴിവിൽ ചാർജ്ജ് ഏറ്റെടുത്ത ടെക്നിക്കൽ ഡയറക്ടർ നിയമവിരുദ്ധമായി എൻ.ഒ.സി. നൽകിയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ബി) മുമ്പ് തടഞ്ഞുവച്ചതും ഇപ്പോൾ എൻ.ഒ.സി. നൽകിയതുമായ ഫ്ലാറ്റുകൾ ഏതൊക്കെയെന്ന് ജില്ലതിരിച്ച് ഫ്ലാറ്റിന്റെയും ഫ്ലാറ്റ് ഉടമയുടെയും പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഫ്ലാറ്റുകൾക്ക് കൊടുത്ത ഓരോ എൻ.ഒ.സി.യുടെയും കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ വന്ന മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ അത് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇന്റേണൽ വിജിലൻസ് അന്വേഷിച്ചുവരികയാണ്.

(ബി) വ്യവസ്ഥകൾ പ്രകാരമുള്ള ഫ്ലാറ്റുകൾക്ക് എൻ.ഒ.സി. നൽകുന്നുണ്ട്. മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയിലെ ചട്ടങ്ങൾ, നാഷണൽ ബിൽഡിംഗ് കോഡിലെ ചട്ടങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന ബഹുനില കെട്ടിടങ്ങൾക്കാണ് ഫയർ & റെസ്ക്യൂ വകുപ്പിൽനിന്ന് പരിശോധിച്ച് എൻ.ഒ.സി. നൽകി വരുന്നത്. പരിശോധനാവേളയിൽ അപാകത കണ്ടെത്തുന്ന അപേക്ഷകൾ മടക്കി അയയ്ക്കുകയും അപാകത പരിഹരിച്ച് വീണ്ടും അപേക്ഷ സമർപ്പിക്കുമ്പോൾ

പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിക്കുന്നവയ്ക്ക് എൻ.ഒ.സി. നൽകുകയുമാണ് ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(സി) ബാധകമല്ല.

**ഫയർ സ്റ്റേഷൻ**

209 (212) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയനാട് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലപരിമിതികൾ ഉള്ള ചെങ്ങന്നൂരിലെ ഫയർ സ്റ്റേഷൻ അവിടെ നിന്നും ചെറിയനാട് ഫയർ സ്റ്റേഷനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തേക്ക് മാറ്റുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് അംഗീകരിച്ചിട്ടുള്ള മുൻഗണനാപ്പട്ടികയിൽ ചെറിയനാട് ഉൾപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഫയർ സ്റ്റേഷൻ**

210 (213) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചുവരുന്ന ചാലക്കുടി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി മുനിസിപ്പാലിറ്റി ഇതിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് പുതിയ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി ഫയർ സ്റ്റേഷന് കൂടുതൽ വാഹനങ്ങളും, ഉപകരണങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിലേക്കായി

മുകുന്ദപുരം താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ435/1, 437/1, 437/2-ൽ ഉൾപ്പെട്ട 1.4812 ഹെക്ടർ സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയത് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ചാലക്കുടി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ആവശ്യകത പരിശോധിച്ച് ചാലക്കുടി നിലയത്തിന് നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്.

**മട്ടന്നൂർ ഫയർ സ്റ്റേഷൻ**

211 (214) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മട്ടന്നൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുവാൻ കഴിയുന്ന തരത്തിൽ മട്ടന്നൂർ ഫയർ സ്റ്റേഷൻ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സമർപ്പിച്ചിട്ടുള്ളത് പൂർണ്ണമല്ല. മട്ടന്നൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ സഹിതമുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ**

212 (215) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നഗരസഭയ്ക്കും എറണാകുളം ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ നഗരസഭ വക, മൂവാറ്റുപുഴ താലൂക്ക്, വെള്ളൂർകുന്നം വില്ലേജ് സർവ്വേ നമ്പർ841/12-ൽപ്പെട്ട വകുപ്പിന് വിട്ടുനൽകിയ 15 സെന്റ് സ്ഥലത്ത് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ 350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സർക്കാർ പരിശോധിച്ചുവരുന്നു.

**ഫയർ ഫോഴ്സിന്റെ എൻ.ഒ.സി.**

213 (216) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലാറ്റുകളും ബഹുനില മന്ദിരങ്ങളും നിർമ്മിക്കുന്നതിന് ഫയർഫോഴ്സിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത എൻ.ഒ.സി. ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) 2016 മേയ് 31-ന ശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര ബഹുനില കെട്ടിടങ്ങൾക്കും ഫ്ലാറ്റുകൾക്കുമാണ് എൻ.ഒ.സി. നൽകിയിയുള്ളത്; അവയുടെ വിശദ വിവരം നൽകുമോ;

(ഡി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ മുൻ ഫയർഫോഴ്സ് മേധാവികൾ അനുമതി നൽകാതിരുന്ന കെട്ടിടങ്ങൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും ബഹുനില കെട്ടിടങ്ങൾക്ക് എൻ.ഒ.സി. അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 9-2-2016-ലെ സ.ഉ. (എം.എസ്.) നമ്പർ45/2016/ആഭ്യന്തരം, പ്രകാരം കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ, നാഷണൽ ബിൽഡിംഗ്

കോഡ് എന്നിവയിലെ ചട്ടങ്ങൾ ഉൾപ്പെടുത്തി ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റാൻഡിംഗ് ഉത്തരവ് നമ്പർ1/2016, അഡണ്ടം ട സ്റ്റാൻഡിംഗ് ഉത്തരവ് നമ്പർ1/2016, How to apply and get " Certificate of Approval" for buildings from the Department of Fire & Rescue Services എന്നിവ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2016 മേയ് 31-നുശേഷം സംസ്ഥാനത്ത് ഇതുവരെ പണി പൂർത്തിയാക്കിയ 580 വിവിധ ഗണത്തിൽപ്പെട്ട ബഹുനില കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്ന് എൻ.ഒ.സി. അനുവദിച്ചിട്ടുണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

(ഡി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത യാതൊരു ബഹുനില കെട്ടിടങ്ങൾക്കും ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്ന് എൻ.ഒ.സി. അനുവദിച്ചിട്ടില്ല. വിവിധ സുരക്ഷാ കാരണങ്ങളാൽ താൽക്കാലികമായി അപേക്ഷകൾ നിരസിക്കുകയും 9-2-2016-ലെ സ.ഉ.(എം.എസ്.) നമ്പർ45/2016/ആഭ്യന്തരം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ., കെ.പി.ബി.ആർ., എൻ.ബി.സി. എന്നിവയിലെ ചട്ടങ്ങൾ ഉൾപ്പെടുത്തി ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് വീണ്ടും അപേക്ഷ സമർപ്പിച്ച ബഹുനില കെട്ടിടങ്ങൾക്ക് വകുപ്പിൽ നിന്ന് പരിശോധിച്ച് എൻ.ഒ.സി. അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ഫയർ സ്റ്റേഷൻ**

214 (217) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർസ്റ്റേഷൻ നിലവിലില്ലാത്ത കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പരിയാരം മെഡിക്കൽ കോളേജ് പരിസരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ പഴയങ്ങാടിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മാടായിപ്പാറയിൽ റീ-സർവ്വേ നമ്പർ23/1 എ 2-ൽപ്പെട്ടതും തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ളതുമായ 50 സെന്റ് ഭൂമി വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്. പരിയാരം മെഡിക്കൽ കോളേജിന്റെ ലൈബ്രറിയായി ഉപയോഗിച്ചിരുന്ന പഴയ കെട്ടിടം ഫയർ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടി കെട്ടിടത്തിൽ ഫയർ

സ്റ്റേഷന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും അഗ്നിശമന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഗ്യാരേജ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് പരിയാരം മെഡിക്കൽ കോളേജ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശിക്ഷായിളവിന് ശിപാർശ ചെയ്ത തടവുകാർ**

215 (218) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിറവിയുടെ 60-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ജയിൽ വകുപ്പ് ശിക്ഷായിളവിന് ശിപാർശ ചെയ്ത തടവുകാരുടെ എണ്ണം എത്രയാണ്;

(ബി) ശിപാർശ പട്ടികയിൽ റ്റി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെ; വിശദമാക്കുമോ;

(സി) കാരണവർ കേസ്സിലെ പ്രതി ഷെറീൻ, അപ്രാണി കൃഷ്ണകുമാർ വധക്കേസിലെ പ്രതി ഓംപ്രകാശ്, കല്ലുവാതുക്കൽ മദ്യദുരന്തകേസ്സിലെ പ്രതികൾ എന്നിവർ ജയിൽവകുപ്പിന്റെ ശിപാർശ പട്ടികയിൽ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) ചന്ദ്രബോസ് വധക്കേസിലെ പ്രതി മുഹമ്മദ് നിഷാം ശിപാർശ ചെയ്യപ്പെട്ടവരിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം എന്തായിരുന്നു?

ഉത്തരം

(എ) 2262

(ബി) ജയിലിൽ നിന്നു അയച്ചു കിട്ടിയ പട്ടികയിലുണ്ടായിരുന്നു. കെ. സി. രാമചന്ദ്രൻ, കുഞ്ഞനന്തൻ, സിജിത് @ അണ്ണൻ സിജിത്, മനോജൻ @ ട്രൗസർ മനോജൻ, റഫീക് പി.വി., അനൂപ്, മനോജ് കുമാർ @ കിർമാണി മനോജ്, സുനിൽ കുമാർ @ കൊടി സുനി, രജീഷ് ടി. കെ., മുഹമ്മദ് ഷാഫി, ഷിനോജ്

(സി) പട്ടികയിലുണ്ടായിരുന്നു.

(ഡി) ഉണ്ടായിരുന്നു. സ്പെഷ്യൽ റെമിഷൻ നൽകുന്നതിന് നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരം മുഹമ്മദ് നിഷാം പരിഗണിക്കപ്പെടാൻ അർഹനായതിനാലാണ് ടിയാനെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ മുഹമ്മദ് നിഷാമിനെ സർക്കാർ തലത്തിൽ ഗവർണർക്ക് ശിപാർശ ചെയ്ത ലിസ്റ്റിൽനിന്നും ഒഴിവാക്കി.

**ജയിൽ ശിക്ഷ**

216 (219) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിക്ഷാകാലാവധി പൂർത്തിയാക്കും മുമ്പ് ജയിൽ ശിക്ഷ അനുഭവിക്കുന്നവരെ മോചിപ്പിക്കുന്നതിന് ജയിൽ ഉപദേശക സമിതി ശിപാർശ

നല്കുന്നതിന്റെ നടപടിക്രമവും മാനദണ്ഡവും എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ചില പ്രത്യേക കുറ്റകൃത്യങ്ങൾക്ക് ശിക്ഷ അനുഭവിക്കുന്നവർക്ക് ശിക്ഷാകാലയിളവ് അനുവദിക്കാൻ പാടില്ലെന്ന് വ്യക്തമാക്കി സുപ്രീം കോടതി നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നിർദ്ദേശത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ജയിൽ ഉപദേശകസമിതിയുടെ ശിപാർശ പ്രകാരം വിട്ടയച്ചവരിലും വിട്ടയയ്ക്കാനുള്ള ശിപാർശ നിലവിലുള്ളവരിലും മേൽ സുപ്രീംകോടതി നിർദ്ദേശത്തിൽ സൂചിപ്പിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്തവർ എത്രപേരുണ്ടെന്നും അവരുടെ പേരു വിവരവും ചെയ്ത കുറ്റവും സംബന്ധിച്ച വിശദവിവരവും നല്കുമോ?

<u>ഉത്തരം</u>

(എ) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ 462 മുതൽ 470 വരെയുള്ള ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമാണ് ജയിൽ ഉപദേശക സമിതികൾ പ്രവർത്തിക്കുന്നതും ശിപാർശ നൽകുന്നതും (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 48/2014 നമ്പർ കേസിലെ 23-7-2015-ലെ ഉത്തരവനുസരിച്ച് താഴെപ്പറയുന്ന വിഭാഗത്തിലുള്ള ജീവപര്യന്തം തടവുകാർക്ക് ശിക്ഷായിളവ് (ക്രിമിനൽ നടപടി നിയമ സംഹിതയിലെ 432 വകുപ്പ് പ്രകാരമുള്ള റെമിഷൻ, 433 വകുപ്പ് പ്രകാരമുള്ള കമ്മ്യൂട്ടേഷൻ എന്നിവ) അനുവദിക്കരുതെന്ന് നിർദ്ദേശമുണ്ടായിരുന്നു.

ജീവിതാവസാനംവരെ തടവിൽ കഴിയണമെന്ന് പ്രത്യേകം വിധിച്ചിട്ടുള്ള കേസ്സുകൾ.

ഒരു നിർദ്ദിഷ്ട കാലയളവ് ശിക്ഷ പൂർത്തിയാകാതെ ശിക്ഷായിളവിന് പരിഗണിക്കരുതെന്ന് പ്രത്യേകം വിധി പ്രഖ്യാപിച്ചിട്ടുള്ള ജീവപര്യന്തം കേസ്സുകൾ.

സി.ബി.ഐ. പോലുള്ള കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തി ശിക്ഷിക്കപ്പെട്ടിട്ടുള്ള ജീവപര്യന്തം കേസ്സുകൾ.

ഏതെങ്കിലും കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലോ ഇന്ത്യൻ ശിക്ഷാ നിയമം 376 വകുപ്പ് പ്രകാരമോ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കേസ്സുകൾ.

ശിക്ഷായിളവിന് (remission/commutation) അപേക്ഷ സമർപ്പിക്കപ്പെടാതിരിക്കുകയും മറിച്ച് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളോ അധികൃതരോ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വമേധയാ പരിഗണിക്കുന്ന കേസ്സുകൾ.

എന്നാൽ രാഷ്ട്രപതിക്ക് ഭരണഘടനയുടെ 72-ാം അനുച്ഛേദ പ്രകാരവും ഗവർണർക്ക് ഭരണഘടനയുടെ 161-ാം അനുച്ഛേദ പ്രകാരവും മേൽ വിഭാഗം തടവുകാരെ അകാല വിടുതൽ അനുവദിച്ച് വിട്ടയയ്ക്കുന്നതിന് യാതൊരു വിലക്കുകളുമില്ല.

(സി) മേൽ സുപ്രീംകോടതി നിർദ്ദേശത്തിൽ സൂചിപ്പിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്ത തടവുകാരെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിലോ അതിന് ശേഷമോ ജയിൽ ഉപദേശക സമിതി ശിപാർശ പ്രകാരം വിട്ടയച്ചിട്ടില്ല.

## തടവുശിക്ഷയിൽ ഇളവ്

217 (220) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റ്റി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി കൊടി സുനി, കിർമാണി മനോജ് എന്നിവർ വാടക കൊലയാളികളാണെന്ന് ഹൈക്കോടതിയുടെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ രാഷ്ട്രീയ ആക്രമണ കേസ്സിലെ പ്രതികളെന്ന പരിഗണനയിൽ ഇവർക്ക് തടവുശിക്ഷയിൽ ഇളവ് നൽകുന്നതിനായി ജയിൽ വകുപ്പ് ശിപാർശ നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റ്റി. പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ ഹൈക്കോടതി വിധികളൊന്നും പുറപ്പെടുവിച്ചിട്ടുള്ളതായി അറിവില്ല.

(ബി) ബാധകമല്ല.

## രണ്ടാം ഗ്രേഡ് അറ്റൻഡന്റ് തസ്തിക

218 (221) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഗവ. പ്രസ്സിലെ രണ്ടാം ഗ്രേഡ് അറ്റൻഡന്റ് തസ്തിക നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഏതെങ്കിലും നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത സ്റ്റേ ഉത്തരവ് എന്ന് മുതൽ ഉള്ളതാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്റ്റേ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അച്ചടി വകുപ്പിൽ വയനാട് ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് അറ്റൻഡന്റ് തസ്തിക നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് 11-12-2009 മുതൽ നിലവിലുണ്ട്.

(ബി) പ്രസ്തുത സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അച്ചടി വകുപ്പ്**

219 (222) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അച്ചടി വകുപ്പിന് മറ്റ് വകുപ്പുകളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നും എത്ര രൂപ ലഭിക്കുവാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അച്ചടി വകുപ്പിന് മറ്റ് വകുപ്പുകളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നും 2016 ജൂൺ മുതൽ 2017 ഫെബ്രുവരി വരെ ഓരോ മാസവും എത്ര രൂപ വീതം ലഭിക്കുവാനുണ്ടെന്നു വ്യക്തമാക്കാമോ;

(സി) അച്ചടി വകുപ്പിന് ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അച്ചടി വകുപ്പിന് മറ്റ് വകുപ്പുകളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നും അച്ചടിക്കൂലിയിനത്തിൽ 7,53,23,645 രൂപ ലഭിക്കാനുണ്ട്.

(ബി) അച്ചടി വകുപ്പിന് മറ്റ് വകുപ്പുകളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നും 2016 ജൂൺ മുതൽ 2017 ഫെബ്രുവരി വരെ ലഭിക്കുവാനുള്ള അച്ചടിക്കൂലിയിനത്തിൽ വരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2016 ജൂൺ | 49,97,858 |
| 2016 ജൂലൈ | 35,65,714 |
| 2016 ആഗസ്റ്റ് | 1,52,40,168 |
| 2016 സെപ്റ്റംബർ | 1,28,20,721 |
| 2016 ഒക്ടോബർ | 18,84,636 |
| 2016 നവംബർ | 1,06,80,597 |
| 2016 ഡിസംബർ | 70,00,810 |
| 2017 ജനവരി | 45,73,297 |
| 2017 ഫെബ്രുവരി | 45,59,844 |

(സി) അച്ചടി വകുപ്പിന് ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിന് സർക്കാർ തലത്തിൽ അവലോകനം നടത്തുകയും അച്ചടിക്കൂലി ഒടുക്കുന്നതിന് വീഴ്ചവരുത്തിയ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും**

220 (223) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ അച്ചടി വകുപ്പിൽ മെഷിനറികളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉപകരണങ്ങളും മെഷിനറികളും വാങ്ങിയതിന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനുമുൻപുള്ള എൽ.ഡി.എഫ്. സർക്കാർ എത്ര രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അച്ചടി വകുപ്പിന് യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 6,51,60,323 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 291 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 595.1 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും**

221 (224) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകൾ വഴി 2011 മുതൽ ഓരോ വർഷവും അച്ചടിച്ച കലണ്ടർ, ഡയറി, ഓർമ്മക്കുറിപ്പ് എന്നിവയുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഇവ യഥാസമയം വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണ കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) കലണ്ടർ, ഡയറി, ഓർമ്മക്കുറിപ്പ് എന്നിവ സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ പ്രസ്സുകൾ വഴി 2011 മുതൽ ഓരോ വർഷവും അച്ചടിച്ച കലണ്ടർ, ഡയറി, ദിനസ്മരണ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 2015 വർഷത്തെ ഡയറി, കലണ്ടർ, ദിനസ്മരണ എന്നിവ ചില വകുപ്പുകൾ യഥാസമയം കൈപ്പറ്റാത്തതിനാൽ ഇവയുടെ ഏതാനും പകർപ്പുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. 2015-ലെ ഡയറി, കലണ്ടർ, ദിനസ്മരണ എന്നിവയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം നടത്തുകയും ആവശ്യപ്പെട്ട വിവരങ്ങൾ വിജിലൻസിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

**പ്രസ്സുകളുടെ സമഗ്ര നവീകരണം**

222 (225) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഷൊർണ്ണൂർ സർക്കാർ പ്രസ്സ് ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സർക്കാർ മേഖലയ്ക്കാവശ്യമായ എല്ലാ അച്ചടി ജോലികളും ഏറ്റെടുത്ത് നിർവ്വഹിക്കുന്ന രീതിയിൽ സർക്കാർ പ്രസ്സുകളെ സമഗ്രമായി നവീകരിക്കുന്നതിന് ഈ സർക്കാർ എത്ര തുക ചെലവഴിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണവും അനുബന്ധ കാര്യങ്ങളും സംബന്ധിച്ച വിശദമായ പഠനം നടത്തി സാദ്ധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. രാജേന്ദ്ര കുമാർ അനയത്ത് ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**സൂപ്രണ്ടുമാരുടെ തസ്തിക**

223 (226) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്രസ്സുകളുടെ ഭരണസംവിധാനവുമായി ബന്ധപ്പെട്ട് സൂപ്രണ്ട്,ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് എന്നിവരുടെ എത്ര വീതം തസ്തികകൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) ഈ തസ്തികകളിൽ ഓരോന്നിലും ആളെ നിയമിച്ചിട്ടുണ്ടോ; ഇനി എത്രപേരെ നിയമിക്കാനുണ്ട്;

(സി) തിരുവനന്തപുരത്തെ ഗവൺമെന്റ് പ്രസ്സിന്റെ ചുമതല സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; ഇവിടത്തെ ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഗവൺമെന്റ് പ്രസ്സുകളിലേയ്ക്ക് ആവശ്യമായ മെഷീനുകളും മറ്റ് അനുബന്ധ യന്ത്രസാമഗ്രികളും വാങ്ങുന്നതിന് ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ടോ; കമ്മിറ്റിയുടെ ഘടന സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് പ്രത്യേക കമ്മിറ്റി നിലവിലുണ്ടോ; ഇല്ലെങ്കിൽ

രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പർച്ചേയ്സ് കമ്മിറ്റിയുടെ നടപടികൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്രസ്സുകളുടെ ഭരണസംവിധാനവുമായി ബന്ധപ്പെട്ട് സൂപ്രണ്ടിന്റെ ഒരു തസ്തികയും ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് എന്നിവരുടെ പത്ത് തസ്തികകൾ വീതവും നിലവിലുണ്ട്.

(ബി) അച്ചടി വകുപ്പിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ ഒരാളെയും അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ 5 പേരെയും നിയമിക്കാനുണ്ട്. മറ്റെല്ലാ തസ്തികകളിലും ആളെ നിയമിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്തെ ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ ചുമതലകൾ മൂന്ന് ഡെപ്യൂട്ടി സൂപ്രണ്ടുമാർക്കായി ചുവടെപ്പറയുന്ന പ്രകാരം വിഭജിച്ച് നൽകിയിരിക്കുന്നു.

<u>ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)</u>: തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ എസ്റ്റാബ്ലിഷ്മെന്റ്, പ്രസ്സിലെ പൊതുഭരണ ചുമതല.

<u>ഡെപ്യൂട്ടി സൂപ്രണ്ട് (എസ്&എസ്)</u>: തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ ജനറൽ സ്റ്റോർ, സ്റ്റോക്ക് & സ്റ്റോഴ്സിന്റെ ചുമതല.

<u>ഡെപ്യൂട്ടി സൂപ്രണ്ട് (കോൺഫിഡൻഷ്യൽ)</u>: തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ കോൺഫിഡൻഷ്യൽ സെക്ഷന്റെ മേൽനോട്ടം.

(ഡി)ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്-ചെയർമാനായും ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, മണ്ണന്തല, ഡെപ്യൂട്ടി സൂപ്രണ്ട് (എസ്&എസ്), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, ചീഫ് വർക്ക്ഷോപ്പ് ഫോർമാൻ, ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം എന്നിവർ അംഗങ്ങളായും ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് പ്രത്യേക കമ്മിറ്റി നിലവിലില്ല. ആവശ്യമെങ്കിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) ഇല്ല.

**ജലപാത**

224 (227) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം - കൊല്ലം കനാലിന്റെ 74.18 കി.മീ. വരുന്ന ജലപാത പൂർണ്ണമായും ഉപയോഗക്ഷമമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ ഇനി മൊത്തം എത്ര തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) 2005-2010 കാലഘട്ടത്തിൽ ഈ കനാൽ ഗതാഗത യോഗ്യമാക്കുന്നതിന് കരാറെടുത്തവർ കോടിക്കണക്കിന് രൂപ വില വരുന്ന മണൽ കടത്തിക്കൊണ്ടുപോയതിനിടയാക്കിയ ഗുരുതര വീഴ്ചയെക്കുറിച്ച് അന്വേഷണമെന്തെങ്കിലും നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 74.18 കി.മീ. ദൂരമുള്ള കോവളം-കൊല്ലം ജലപാതയിൽ 27.50 കി.മീ. നീളം ഗതാഗത യോഗ്യമാണ്. 11.3 കി.മീ. ഭാഗികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭാഗത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കനാൽ ആഴംകൂട്ടി പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പാർവ്വതീ പുത്തനാർ ഉൾപ്പെടെ 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുള്ള സർവ്വേ ജോലികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളും, 1.10 കി.മീ. നീളം വരുന്ന വർക്കല തുരങ്കങ്ങൾ 14 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങളും ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) പാർവ്വതീ പുത്തനാറും വർക്കല തുരങ്കങ്ങളുമൊഴികെ കനാൽ ഭാഗം ഗതാഗത യോഗ്യമാക്കുന്നതിന് 35 കോടി രൂപ ആവശ്യമായി വരും.

(സി) ചെളിയും മാലിന്യങ്ങളും കലർന്ന മണലാണ് കനാലിൽ നിന്നും ലഭിക്കുന്നത്. ഇതിന് വില നിശ്ചയിച്ച് അപ്രകാരമുള്ള വിലയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലേക്കുള്ള റോയൽറ്റിയും കരാറുകാർ അടച്ച് ഗേറ്റ് പാസ് വാങ്ങിയാണ് കൊണ്ടുപോകുന്നത്. 19-5-2008-ലെ സ.ഉ.(ആർ.ടി.) നമ്പർ20/2008/സി.എസ്.ഐ.എൽ.ഡി. പ്രകാരമാണ് ഇപ്രകാരം വിലയും

റോയൽറ്റിയും ഈടാക്കുന്നത്. 2008-ന് മുമ്പുള്ള ഏതാനും പ്രവൃത്തികൾക്ക് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയിരുന്നു.

**സ്വകാര്യ വാഹനങ്ങൾ**

225 (228) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം സർക്കാർ ഓഫീസുകളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ എല്ലാ വകുപ്പുകളും കൂടി എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുവെന്നും പ്രതിമാസം എത്ര തുക ഇതിനായി വേണ്ടിവരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) സ്വകാര്യ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കേരളത്തിലെ ബോർഡുകളും കോർപ്പറേഷനുകളും**

226 (229) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ബോർഡുകളും കോർപ്പറേഷനുകളും പ്രവർത്തിക്കുന്നുണ്ട്; ഈ സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും നല്കാമോ; പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണത്തിനായി പ്രതി മാസം എത്ര രൂപ ചെലവാകാറുണ്ട്; സ്ഥാപനങ്ങൾ തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ; ഇതിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**കായ്ഫലങ്ങളുടെ ലേലം**

227 (230) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഓഫീസുകൾ,

സ്കൂളുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ പരിസരത്തെ മരങ്ങളിലെ കായ്ഫലങ്ങൾ പൊതുലേലം ചെയ്തതിൽ നിന്ന് എത്ര തുക ട്രഷറിയിൽ അടയ്ക്കപ്പെട്ടു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ജില്ലകളിൽ ഏറ്റവും കൂടുതൽ ലേലത്തുക ലഭിച്ച സ്ഥാപനമേതാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**താലൂക്ക് ആശുപത്രി**

228 (231) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കരുവേലിപ്പടി ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ചിട്ടുള്ളത്;

(ബി) അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൊച്ചി നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വിവിധ സിവിൽ വർക്കുകൾ 70 ലക്ഷം.
2. വിവിധ ഉപകരണങ്ങൾ, ഫർണിച്ചറുകളുകൾ 32 ലക്ഷം.
3. വിവിധ ഇലക്ട്രിക്കൽ വർക്കുകൾ 10 ലക്ഷം.

**ആർദ്രം ആരോഗ്യ മിഷൻ**

229 (232) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന "ആർദ്രം "ആരോഗ്യ മിഷന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പൊതുജനാരോഗ്യ മേഖലയിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം ലക്ഷ്യങ്ങളാണ് സർക്കാർ മുന്നോട്ട് വെയ്ക്കുന്നത് എന്നത് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആരോഗ്യ രംഗത്ത് പൊതുമേഖലയുടെ ശക്തമായ തിരിച്ചുവരവും ശക്തിപ്പെടുത്തലും വഴി സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ മേഖലയെ പുനഃസംഘടിപ്പിക്കാനും പ്രാഥമിക ചികിത്സാ രംഗത്തിന് മുൻഗണന നൽകുവാനും ദ്വിതീയ ത്രിതീയ ആരോഗ്യ രംഗത്തെ എല്ലാ തലത്തിലും രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് ആർദ്രം ദൗത്യം ലക്ഷ്യമിടുന്നത്.

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്രപരവുമായ സേവനം ഉറപ്പാക്കുക.
- ജില്ലാതല/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോക്കോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നിവയാണ്.

**ആർദ്രം പദ്ധതി**

230 (233) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ആർദ്രം മിഷന്റെ ആഭിമുഖ്യത്തിൽ ആശുപത്രികളിലെ രോഗപരിചരണവും സേവനങ്ങളും വ്യക്തമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ഡി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി അത്യാവശ്യം വേണ്ട പോസ്റ്റുകൾ സൃഷ്ടിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ&ബി)

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും

സൗഹാർദ്ദപരവുമായ സേവനം നൽകുക.

- ജില്ലാതല/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോക്കോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക.

(സി) ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റ് സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി മുഖാന്തിരം നടക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപകരണങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ തന്നെ ആരോഗ്യ വകുപ്പിന് കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപയും തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 7 കോടി രൂപയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കുന്നതിനായി 17.85 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 20 കോടി രൂപയും ആശുപത്രികളിൽ രോഗീ സൗഹൃദമാക്കുന്നതിന് 15 കോടി രൂപയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് 23 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ജില്ലാ താലൂക്കുതല ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി.-കളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഘട്ടംഘട്ടമായി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായും തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണിൽ നിശ്ചിത മാനദണ്ഡങ്ങളോടെ മാറ്റം വരുത്തുന്നതിനുള്ള സ്റ്റാന്റൈഡൈസേഷൻ പ്രൊപ്പോസൽ പരിഗണനയിലാണ്.

**ഇ-ഹെൽത്ത് രജിസ്റ്റർ**

231 (234) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് രജിസ്റ്റർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ അത് നടപ്പിലാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇ-ഹെൽത്ത് രജിസ്റ്റർ നടപ്പിലാക്കുക വഴി എന്തെല്ലാം സൗകര്യങ്ങൾ രോഗികൾക്ക് ലഭ്യമാകും എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഇ-ഹെൽത്ത് പദ്ധതിയാണ്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 25-ന് തിരുവനന്തപുരം പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ നടന്നു. തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിക്കുക വഴി ഒരു രോഗിക്ക് സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രികളിലും തുടർ ചികിത്സയ്ക്ക് സൗകര്യം ലഭിക്കുന്നു. പ്രാഥമികമായ ആരോഗ്യ വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമായതിനാൽ അപ്രതീക്ഷിതമായി വൈദ്യസഹായം വേണ്ട ഘട്ടം വരുമ്പോൾ വളരെയേറെ സമയലാഭം ലഭിക്കുകയും ചെയ്യും. ആശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട സേവനം രോഗിക്ക് ലഭിക്കുന്നു. ടെസ്റ്റ് റിസൾട്ടുകൾ അപ്പപ്പോൾ ഡോക്ടർമാരുടെ കമ്പ്യൂട്ടറിൽ ലഭിക്കുന്നതിനാൽ കാലതാമസം ഒഴിവാകുന്നു.

സാംക്രമിക രോഗങ്ങളുടെ ഉത്ഭവത്തെ യഥാസമയം കണ്ടെത്തി അതിന്റെ വ്യാപനത്തെ യഥാവസരംതന്നെ നിയന്ത്രിക്കാൻ കഴിയുന്നു. ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കാലേകൂട്ടിത്തന്നെ നടത്താൻ പദ്ധതി സഹായകമാകും. ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ പദ്ധതി നടപ്പിലാകുന്നതോടെ ലഭിക്കുകയും ചെയ്യുന്നു.

കൂടുതൽ ശ്രദ്ധയും പരിചരണവും വേണ്ടവർക്ക് അതനുസരിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടറിൽ നിന്നും ആരോഗ്യ പ്രവർത്തകർക്ക് ലഭിക്കുന്ന സംവിധാനവുമുണ്ട്. ഗർഭിണികളായ സ്ത്രീകൾക്ക് കൃത്യമായ ഇടവേളകളിൽ നൽകേണ്ട നിർദ്ദേശങ്ങൾ, കുട്ടികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പുകൾ എന്നിവ ഉദാഹരണം.

എഴുത്തുകുത്തുകളും രജിസ്റ്ററുകളും ഒഴിവാകുന്നതുവഴി ആരോഗ്യ പ്രവർത്തകർക്ക് ജോലി ഭാരം ലഘൂകരിച്ച് കൂടുതൽ സമയം സേവന മേഖലയിൽ ശ്രദ്ധിക്കാൻ കഴിയുന്നു. ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോക്ക് നിലവാരം മനസ്സിലാക്കി അവ തീരുന്ന മുറയ്ക്ക് സംഭരിക്കാൻ സാധിക്കുന്നു.

വിവിധ ക്ഷേമ പരിരക്ഷകളും അവയുടെ സാമ്പത്തിക വിനിമയ നടപടികളും കൂടുതൽ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കും.

## ഇ.സി.ജി. ടെക്നീഷ്യന്മാരുടെ നിയമനം

232 (235) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ യോഗ്യതയുള്ള ഇ.സി.ജി ടെക്നീഷ്യൻമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽ 874000/എച്ച്2/2016/ആ.കു.വ. എന്ന നമ്പരിൽ ഒരു ഫയൽ നിലവിലുണ്ടോ;

(ബി) ഈ ഫയൽ ആരംഭിക്കുന്നത് ആരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(സി) ഈ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമായി അറിയിക്കുമോ;

(ഡി) ഇ.സി.ജി ടെക്നീഷ്യന്മാരുടെ ഒഴിവുകൾ/ആവശ്യകത സംബന്ധിച്ച് 14 ജില്ലകളിൽ നിന്നും ഡി.എം.ഒ മാർ നൽകിയ വിവരം അറിയിക്കാമോ;

(ഇ) ഈ വിഷയത്തിൽ ഡി.എച്ച്.എസ്സി ൽ നിന്ന് സ്വീകരിച്ച നടപടികൾ എന്തെന്നും, ഇതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്തെന്നും

അറിയിക്കുമോ;

(എഫ്) ഡി.എം.ഒ.- മാരിൽ നിന്നും ലഭിച്ച വിവരങ്ങൾ സർക്കാരിനെ അറിയിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) ഈ ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും അവർ ഫയലിൽ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങളും അറിയിക്കുമോ; ജനപ്രതിനിധികൾ മുഖേന നൽകുന്ന നിവേദനങ്ങളിൽ അന്തിമ തീരുമാനം സ്വീകരിക്കേണ്ട തലത്തിൽ ഫയൽ എത്തിക്കാതെ ഫയൽ പൂഴ്ത്തിവച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സ്വീകരിച്ച വിവരം അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. എം. സ്വരാജ് എന്നീ എം.എൽ.എ.-മാർ വഴി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 14 ജില്ലകളിൽ നിന്നും ഇ.സി.ജി. ടെക്നീഷ്യന്മാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ജില്ലാ മെഡിക്കൽ ഓഫീസർമാർ ലഭ്യമാക്കിയിട്ടുള്ളത്.

(ഇ) ജില്ലാ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിലും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാലതാമസമുണ്ടായിട്ടില്ല.

(എഫ്) ഡി.എം.ഒ.-മാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചു.

(ജി) ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പ്ലാനിംഗ് സെക്ഷനിലെ ക്ലാർക്ക് മുതൽ അഡീഷണൽ ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഫയൽ പൂഴ്ത്തിവച്ചതായി സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകൾ

233 (236) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകൾ എവിടെയെല്ലാമാണുള്ളത്; വ്യക്തമാക്കുമോ; പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കായി സർക്കാർ ആവശ്യപ്പെട്ട പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ഡയറക്ടർ സമർപ്പിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) ആർദ്രം മിഷനിൽ ഉൾപ്പെടുത്തി എത്ര ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടിട്ടുള്ളത്;

(ഡി) ആയതിൽ എത്ര തസ്തികകൾ നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഇ.സി.ജി. ടെക്നിഷ്യന്മാർ ലഭ്യമല്ലാത്ത ആശുപത്രികളിൽ ആരാണ് ഇവരുടെ ജോലി നിർവ്വഹിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പിന് കീഴിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലും ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തിക നിലവിലുണ്ട്.

1. തിരുവനന്തപുരം.
2. ആലപ്പുഴ
3. കോട്ടയം
4. തൃശ്ശൂർ
5. കോഴിക്കോട്
6. മഞ്ചേരി

7. ഇടുക്കി

8. കൊല്ലം

ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 84 തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിന് കീഴിൽ 84 തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ഡി) സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഇ.സി.ജി. ടെക്നീഷ്യന്മാരുടെ അഭാവത്തിൽ പരിശീലനം സിദ്ധിച്ച മറ്റ് ജീവനക്കാരാണ് പ്രസ്തുത ജോലി നിർവ്വഹിക്കുന്നത്. ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികയില്ലാത്ത പ്രധാന ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേന ഇ.സി.ജി. ടെക്നീഷ്യന്മാരെ നിയമിക്കാറുണ്ട്.

**എച്ച്.വൺ-എൻ.വൺ പനി**

234 (237) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.വൺ-എൻ.വൺ. പനി വ്യാപകമായി പടരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എച്ച്.വൺ-എൻ.വൺ. പനി ബാധിച്ച് സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(സി) വിവിധ ആശുപത്രികളിൽ ഇത്തരം പനി ബാധിച്ച് എത്ര പേർ ചികിത്സയിലുണ്ട്;

(ഡി) ഈ രോഗത്തിന്റെ പ്രതിരോധത്തിനായി ആരോഗ്യവകുപ്പ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 21 പേർ.

(സി) ജനുവരി 1 മുതൽ ഏപ്രിൽ 23 വരെ 113 പേർ ചികിത്സയിലുണ്ടായിരുന്നു.

(ഡി) 2017 വർഷത്തിന്റെ തുടക്കത്തിൽ ആദ്യത്തെ രണ്ട് മാസങ്ങളിൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ എച്ച്1 എൻ1-ന്റെ ഒരു നേരിയ

വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നേരിട്ടും അവലോകന യോഗങ്ങളിലുമായി നൽകി. ഇതിനായി ജില്ലകളിൽ ജില്ലാ പര്യവേക്ഷണ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി. ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ കാലയളവിൽ രണ്ട് തവണകളായി ജനങ്ങൾക്കും ഡോക്ടർമാർക്കും വേണ്ടി ജാഗ്രതാ പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചു. സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സയ്ക്ക് ആവശ്യമായ ഒസൽറ്റാമിവിർ (OSELTAMIVIR) മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻവേണ്ടി ആശുപത്രികളിലും കെ.എം.എസ്.സി.എൽ. വഴിയുമുള്ള നടപടികൾ സ്വീകരിച്ചു. ചികിത്സ നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗ രേഖകൾ എല്ലാ മാർഗ്ഗങ്ങളിൽക്കൂടിയും പുനർ വിതരണം നടത്തുകയും ആരോഗ്യ വകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി മുതലായ ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ, ഐ.സി. സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. രോഗത്തിന്റെ സ്ഥിതിനിലവാരവും സംസ്ഥാനത്തെ അവസ്ഥയും ദൈനംദിനമായി വിലയിരുത്താൻ വേണ്ട അധിക നിർദ്ദേശങ്ങൾ പരിഗണിക്കാനും എച്ച്1 എൻ1 സംസ്ഥാന കൺട്രോൾ റൂം ദിവസവും പ്രവർത്തിച്ചുവരുന്നു.

ഗർഭിണികൾക്കുള്ള പ്രത്യേക ഹൈറിസ്ക് പരിഗണിച്ചുകൊണ്ട് ആഴ്ചയിൽ 3 തവണ അവരുടെ ആരോഗ്യം വിലയിരുത്താനും വേണ്ടിവന്നാൽ അടിയന്തര ചികിത്സ നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ജനങ്ങൾക്കുള്ള സംശയ നിവാരണത്തിനും സേവന സഹായങ്ങൾക്കും വേണ്ടി "ദിശ" എന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പ് കോൾ സെന്റർ (0471-2552056 അല്ലെങ്കിൽ 1056 ടോൾഫ്രീ) വഴി സംവിധാനങ്ങൾ നിലവിൽ വരുത്തി.

എച്ച്1 എൻ1 ചികിത്സ നൽകാനാവശ്യമുള്ള പുനർ പരിശീലനം ഡോക്ടർമാർക്ക് ജില്ലാ മെഡിക്കൽ ആഫീസർ തലത്തിലും പരിഭ്രാന്തി കൂടാതെ കാര്യക്ഷമമായി ഈ അവസ്ഥ നേരിടാൻ ആവശ്യമായ അറിവ് നൽകാൻ ടി.വി., റേഡിയോ, പത്രമാധ്യമങ്ങളിൽ കൂടിയുള്ള ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.

വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് എച്ച്1 എൻ1 കൂടുതൽ വരുന്ന സാഹചര്യമുള്ളവർക്ക് നൽകുന്നതിനുള്ള സംവിധാനങ്ങളും സജ്ജീകരിക്കുന്നുണ്ട്.

**ആശ്വാസ കിരൺ പദ്ധതി**

235 (238) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരൺ പദ്ധതി പ്രകാരം രോഗികളെ സംരക്ഷിക്കുന്നവർക്ക് നൽകുന്ന പ്രതിമാസ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ;

(ബി) ടി പദ്ധതി പ്രകാരം പ്രതിമാസം കൃത്യമായി തുക ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശ്വാസ കിരൺ പദ്ധതി പ്രകാരം കൃത്യമായി പ്രതിമാസം സഹായം ലഭിക്കുന്നത് സർക്കാർ ഉറപ്പുവരുത്തുമോ ?

ഉത്തരം

(എ) 21-10-2016-ലെ സ.ഉ.(എം.എസ്.)നമ്പർ51/2016/സാ.നീ.വ. പ്രകാരം ആശ്വാസ കിരണം പദ്ധതി മുഖേന നൽകിവരുന്ന പ്രതിമാസ ധനസഹായം 600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016 ആഗസ്റ്റ് 31 വരെ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ അപാകതകൾ പരിഹരിച്ച് ലഭ്യമായതും ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതുമായ അപേക്ഷകർക്കും 2011 മുതൽ 2016 മേയ് വരെ സാമൂഹ്യ സുരക്ഷാ മിഷൻ ഓഫീസിലും കോഴിക്കോട് റീജിയണൽ ഓഫീസിലും ഇതുവരെ ധനസഹായം കൊടുക്കാതിരുന്ന 23804 പേരുടെ അപേക്ഷകൾ തീർപ്പാക്കി ആകെ 90251 പേർക്ക് 2016 മാർച്ച് മുതൽ 2017 മാർച്ച് വരെയുള്ള ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം കൃത്യമായി ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് മുടക്കം കൂടാതെ നിശ്ചിത കാലാവധിക്കുള്ളിൽ വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആശ്വാസ കിരണം പദ്ധതി അപേക്ഷകൾ ഓൺലൈനിലൂടെ സ്വീകരിക്കുന്നതിനും ധനസഹായം സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുവേണ്ട സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികളും

സ്വീകരിച്ചുവരുന്നു.

**വഴിയോര കച്ചവടം**

236 (239) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോര കച്ചവടക്കാർ പലഹാരങ്ങൾ മൂടാതെ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇങ്ങനെ പലഹാരം വിൽക്കുന്നത് നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പാകപ്പെടുത്തിയ ഭക്ഷ്യസാധനങ്ങൾ മലിനപ്പെടുത്താതെ വിൽക്കുവാൻ സർക്കാർ സമഗ്രമായ നിയമം കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണതകൾ നിയന്ത്രിക്കുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷാ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ കർശനമാക്കുന്നതോടൊപ്പം വഴിയോര കച്ചവടക്കാർക്കും ഇതിനെപ്പറ്റി അവബോധന ക്ലാസ്സുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

(ബി) ഇപ്പോൾ നിലവിലുള്ള ഭക്ഷ്യഗുണനിലവാര നിയമം 2006-ൽ ഇതിനെപ്പറ്റി സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. അതിനാൽ ഒരു പുതിയ നിയമത്തിന്റെ ആവശ്യകതയില്ല.

**സൈക്കോസോഷ്യൽ സർവ്വീസസ് കൗൺസിലർമാർ**

237 (240) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് ആവശ്യമായ വിദ്യാഭ്യാസയോഗ്യത എന്തെന്ന് അറിയിക്കുമോ;

(ബി) ഇവരുടെ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ആരെല്ലാം നിവേദനങ്ങൾ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിവേദനങ്ങളിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) നിവേദനങ്ങൾ ,വകുപ്പിലേയ്ക്ക് അയച്ചുപോലും നൽകാതെ കെട്ടിവെച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിവേദനങ്ങൾ ലഭിച്ച തീയതികൾ അറിയിക്കുമോ;

(ഇ) സമയബന്ധിതമായി നിവേദനങ്ങളിൽ നടപടി സ്വീകരിക്കാത്തതിന് കാരണം എന്തെന്ന് അറിയിക്കുമോ;

(എഫ്) ഇങ്ങനെ ലഭിച്ച നിവേദനങ്ങളിന്മേൽ നടപടി എടുക്കാത്തവരുടെ പേരും തസ്തികയും അറിയിക്കുമോ; പഞ്ചദിന ചട്ടം പാലിക്കാതെ കാലതാമസം വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വിവരം അറിയിക്കുമോ?

ഉത്തരം

(എ) സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ വിദ്യാഭ്യാസ യോഗ്യത എം.എസ്.ഡബ്ല്യൂ./എം.എ. സൈക്കോളജിയാണ്.

(ബി) സ്കൂൾ കൗൺസിലർമാരുടെ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചുവടെ പറയുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്:

1. കണ്ണൂർ എം.പി. ശ്രീമതി പി. കെ. ശ്രീമതി മുഖാന്തരം സമർപ്പിച്ച അപേക്ഷ.
2. അഡ്വ. എം. സ്വരാജ് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷ.
3. ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷ.
4. കേരള സ്കൂൾ കൗൺസിലേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനം
5. ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആന്റ് കൗൺസലേഴ്സ് സമർപ്പിച്ച നിവേദനം
6. സ്കൂൾ കൗൺസിലേഴ്സ് യൂണിയൻ, കണ്ണൂർ സമർപ്പിച്ച നിവേദനം

കൂടാതെ മറ്റ് ചില നിവേദനങ്ങളും ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിവേദനങ്ങൾ റിപ്പോർട്ടിനായി സാമൂഹ്യനീതി ഡയറക്ടർക്ക് കൈമാറുകയും സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുമുണ്ടായി. സൈക്കോ സോഷ്യൽ സർവ്വീസ് നടപ്പാക്കാൻ ഉദ്ദേശിച്ച മറ്റ് സ്കൂളുകളിൽക്കൂടി പദ്ധതി നടപ്പിലാക്കിയശേഷം ക്ലിനിക്കുകളുടെ പ്രവർത്തനം, കൗൺസിലർമാരായി നിയമിതരായവരുടെ യോഗ്യത എന്നിവ പരിശോധിച്ചശേഷം ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം സാമൂഹ്യ നീതി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) 27-11-2016, 22-11-2016, 26-11-2016, 30-11-2016, 3-12-2017, 17-2-2017, 18-2-2017 തുടങ്ങിയ തീയതികളിൽ ഇത് സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ഇ&എഫ്) 2-12-2016-ൽ ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചിട്ടുണ്ട്. പഞ്ചദിന ചട്ടം പാലിച്ചിട്ടുണ്ട്.

**ആശ്രിത നിയമനം**

238 (241) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതുതീയതി വരെ അപേക്ഷിച്ചവർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള മാനദണ്ഡം എന്താണ്?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള 186 അപേക്ഷകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 22 അപേക്ഷകളുമുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ 21-5-2012-ലെ അപേക്ഷയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 18-4-2016-ലെ അപേക്ഷയും ഡ്രഗ്സ് കൺട്രോളർ വകുപ്പിൽ 16-3-2016-ലെ അപേക്ഷയും നിയമനം നൽകിയിട്ടുണ്ട്.

(സി) 24-5-1999-ലെ സ.ഉ.(പി) നമ്പർ12/1999/പി&എ.ആർ.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആകെയുണ്ടാകുന്ന ഒഴിവുകളുടെ അഞ്ച് ശതമാനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമാണ് നിയമനം നൽകി വരുന്നത്.

**സുനാമി ഇറച്ചി**

239 (242) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് നിന്നും അതിർത്തിയായ പാറശ്ശാല വഴി തലസ്ഥാന നഗരിയിലെത്തുന്ന അസുഖം ബാധിച്ചതും ചത്തതുമായ കോഴികളിൽ നിന്നുള്ള സുനാമി ഇറച്ചി വ്യാപകമായി ഹോട്ടലുകളിലും ബേക്കറികളിലും ഉപയോഗിക്കുന്നത് സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എത്ര പരിശോധനകൾ തലസ്ഥാന നഗരങ്ങളിലെ ഹോട്ടലുകളിൽ ഒരു വർഷം നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഇത്തരം ഇറച്ചിയോ ഇറച്ചി ചേർത്ത ഭക്ഷണ പദാർത്ഥങ്ങളോ കഴിച്ച് ദുരന്തങ്ങളുണ്ടാകുമ്പോഴല്ലാതെ പീരിയോഡിക്കൽ പരിശോധനകൾ നടക്കുന്നില്ലെന്ന വസ്തുത പരിഗണിച്ചും ഭക്ഷ്യ സുരക്ഷ കണക്കിലെടുത്തും അടിയന്തര പരിശോധനകൾ നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തമിഴ്നാട്ടിൽനിന്നും അതിർത്തിയായ പാറശ്ശാല വഴി അസുഖം ബാധിച്ചതും ചത്തതുമായ കോഴികളിൽ നിന്നുള്ള ഇറച്ചി ഹോട്ടലുകളിലും ബേക്കറികളിലും വ്യാപകമായി ഉപയോഗിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാർ ഏകദേശം 912 പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പീരിയോഡിക്കലായി എല്ലാ ഭക്ഷ്യ ഉല്പാദക വിതരണ വില്പന കേന്ദ്രങ്ങളിലും പരിശോധന നടത്തുകയും ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്.

**ഭക്ഷ്യ വിഷബാധ**

240 (243) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം സി.ആർ.പി.എഫ്. ക്യാമ്പിൽ നാനൂറിലധികം പേർക്ക് ഭക്ഷ്യവിഷബാധയുണ്ടായത് രാസവസ്തുക്കൾ ചേർത്ത മത്സ്യത്തിൽ നിന്നാണെന്ന

റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളിൽ പരിശോധന ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) രാസവസ്തുക്കൾ ചേർത്ത മത്സ്യ മാംസങ്ങളും, പച്ചക്കറി, പാൽ എന്നിവയും വിൽക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാവകുപ്പിന് നിർദ്ദേശം നൽകുമോ;

(സി) രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും രാസവസ്തുക്കൾ ചേർക്കുന്ന വ്യാപാരികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യ മാർക്കറ്റുകളിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. ഓപ്പറേഷൻ 'സാഗർറാണി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് കേരള സംസ്ഥാനമൊട്ടാകെ മത്സ്യ മാർക്കറ്റുകളിലും മത്സ്യബന്ധന കേന്ദ്രങ്ങളിലും പരിശോധന നടത്തി ഏകദേശം 420-ഓളം സാമ്പിൾ ശേഖരിച്ച് കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബുകളിലും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ നിശ്ചിത ഇടവേളകളിൽ തുടർച്ചയായ പരിശോധനകളും നടത്തുന്നതാണ്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. രാസവസ്തുക്കൾ ചേർത്ത മത്സ്യ മാംസങ്ങളും പച്ചക്കറി, പാൽ എന്നിവ വിൽക്കുന്നവർക്കുമെതിരെ തുടർച്ചയായി പരിശോധന നടത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ ലബോറട്ടറികളിൽ അയച്ച് പരിശോധന നടത്തുന്നു. ഇപ്രകാരം ലബോറട്ടറികളിൽ നിയമപ്രകാരം അനാലിസിസിനുവേണ്ടി അയച്ച മത്സ്യ സാമ്പിളുകളിൽ രാസവസ്തുക്കൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ചില നിരീക്ഷണ സാമ്പിളുകളിൽ രാസ വസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മത്സ്യബന്ധനം നടത്തുന്നവർക്കും വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

**മഴക്കാല രോഗങ്ങൾ**

241 (245) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മഴക്കാല രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മുൻകാലങ്ങളിലും ഇത്തരത്തിൽ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മാരക രോഗങ്ങൾ ഉൾപ്പെടെ മഴക്കാലരോഗങ്ങൾ പടർന്ന് പിടിക്കുന്നത് പ്രത്യേകമായി പരിശോധിക്കുമോ;

(സി) മലിനജലം കെട്ടികിടക്കുന്ന സ്ഥലങ്ങളും മാലിന്യം കുന്നുകൂടുന്ന സ്ഥലങ്ങളും കണ്ടെത്തി അവിടെ നിന്ന് രോഗങ്ങൾ പകരാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുവാൻ തയ്യാറാകുമോ;

(ഡി) മഴക്കാല രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ സംസ്ഥാനത്ത് ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഇ) മഴക്കാല രോഗങ്ങൾ തടയുവാനും അത് സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ നടത്തുവാനും ഇതര ഏജൻസികളുടെ സഹായം തേടാറുണ്ടോ;

(എഫ്) എൻ.ആർ.എച്ച്.എം. -ൽ ഇതിന് പ്രത്യേക ഫണ്ട് മാറ്റിവച്ചിട്ടുണ്ടോ; 2016-17 വർഷത്തിൽ മഴക്കാല രോഗങ്ങൾക്ക് എത്ര തുക എൻ... ആർ. എച്ച്. എം. മാറ്റിവെച്ചു; എത്ര തുക ചെലവാക്കി; എത്ര തുക ബാക്കി ഉണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും, ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. മഴക്കാലം വരുന്നതിന് മുൻപേ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളേയും, ശുചിത്വമിഷനേയും, ഇതര വകുപ്പുകളേയും ഒത്തൊരുമിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കിവരുന്നു. രോഗം, രോഗ നിരീക്ഷണം, കൊതുകുനിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ

നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗ പകർച്ച തടയുന്നതിനുള്ള കൊതുകുനശീകരണ പ്രവർത്തനങ്ങളും (ഉറവിട നശീകരണം), വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ വയറിളക്കം രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.-ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും, കൃഷിപ്പണി ചെയ്യുന്നവർക്കും, തൊഴിലുറപ്പ് ജോലികളിൽ ഏർപ്പെടുന്നവർക്കും ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികയും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്. പകർച്ചവ്യാധി മൂലമുള്ള മരണം തടയുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ എല്ലാ ഡോക്ടർമാർക്കും നൽകിയിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷന്റെയും സഹകരണത്തോടെ മാലിന്യ സംസ്കരണത്തിനും പകർച്ചവ്യാധികളെ പ്രതിരോധിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ മരുന്നുകൾ ആരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ഇ) തേടാറുണ്ട്.

(എഫ്) വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം. 19.531 കോടി രൂപ അനുവദിച്ചിരുന്നു. ഇത് 19531 വാർഡുകൾക്ക് 10000 രൂപ വീതം 2016-17 സാമ്പത്തിക വർഷത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്താൻ ജില്ലകൾക്ക് നൽകിയിരുന്നു. ഇതിൽ 18.3594 കോടി രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്. ബാക്കി 1.1716 കോടി രൂപ വാർഡുകളിൽ നീക്കിയിരുപ്പുണ്ട്.

**കാരുണ്യ പദ്ധതി**

242 (246) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്വകാര്യ ആശുപത്രികളിലാണ് രോഗികൾക്ക് ചികിത്സ ലഭിക്കുന്നതെന്നും, ഏതെല്ലാം രോഗങ്ങൾക്കാണ് ഓരോ ആശുപത്രിയിലും ചികിത്സ നൽകുന്നതെന്നും വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ട ചില സ്വകാര്യ ആശുപത്രികൾ തുക കുടിശ്ശിക ആയതിനാൽ ഇപ്പോൾ ഈ പദ്ധതി പ്രകാരമുള്ള ചികിത്സ നൽകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല. സ്വകാര്യ ആശുപത്രികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 2016 ഡിസംബർ 31 വരെയുള്ള ന്യൂനതകളില്ലാത്ത എല്ലാ ക്ലെയിമുകൾക്കും തുക അനുവദിച്ചിട്ടുണ്ട്.

**ആരോഗ്യ മേഖലയുടെ പുനഃസംഘടന**

243 (247) <u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ മേഖലയെ നവീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം നൽകുമോ;

(ബി) വിവിധ വിഭാഗം ജീവനക്കാരുടെ ചുമതലകൾ പുനഃക്രമീകരിച്ച് സേവന മേഖലകൾ, വിശേഷിച്ച് നേഴ്സിംഗ് സേവനം, കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പുതിയ നേഴ്സിംഗ് നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആർദ്രം മിഷന്റെ വിജയകരമായ നടത്തിപ്പിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പങ്കും വ്യക്തമാക്കാമോ; നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&സി) സംസ്ഥാനത്തെ ആരോഗ്യ മേഖലയെ നവീകരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലുമാണ് ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനർക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കും. വാർഡ്തല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റ് സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി മുഖാന്തരം നടക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപകരണങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ തന്നെ ആരോഗ്യ വകുപ്പിന് കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപയും തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 7 കോടി രൂപയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കുന്നതിനായി 17.85 കോടി രൂപയും 2017-18 സാമ്പത്തികവർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 20 കോടി രൂപയും ആശുപത്രികളിൽ രോഗീ സൗഹൃദമാക്കുന്നതിന് 15 കോടി രൂപയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് 23 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ജില്ലാ താലൂക്കതല ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട 170 പി.എച്ച്.സി.-കളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണിൽ നിശ്ചിത മാനദണ്ഡങ്ങളോടെ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ നഴ്സിംഗ് നയം സർക്കാരിന്റെ പരിഗണനയിലില്ല.

**ചിറ്റൂർ താലൂക്ക് ആശുപത്രി**

244 (248) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രി വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ഏത് ഘട്ടത്തിലാണ്; ഇത് സംബന്ധിച്ച് ഇതേവരെ ചെയ്തിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കുറവ് പരിഹരിക്കുന്നതിന് ഈ ഗവ. സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം മിഷന്റെ ഭാഗമായുള്ള സമഗ്ര വികസനത്തിന് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക് ആശുപത്രിയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവിടെ സിവിൽ വർക്കിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 1015.37 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. കൂടാതെ ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ ഫസ്റ്റ് ഫെയ്സിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള 44 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്.

(സി) ജീവനക്കാരുടെ അഭാവമുള്ള സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റാന്റൈഡസേഷൻ ഓഫ് ഹെൽത്ത് കെയർ സ്ഥാപനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആരോഗ്യ കേന്ദ്രങ്ങൾ**

245 (249) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ പ്രത്യേക ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ആദിവാസി മേഖലയിൽ പ്രത്യേക ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**കാരുണ്യ ബെനവലന്റ് പദ്ധതി**

246 (250) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(ബി) പാവപ്പെട്ട രോഗികൾക്ക് വളരെ സഹായകരമാകുന്ന ഈ പദ്ധതിയുടെ നിലവാരം ഉയർത്തി, ഫണ്ട് നൽകി ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാരുണ്യ പദ്ധതിക്ക് എത്ര കോടി രൂപ സഹായം നൽകിയിട്ടുണ്ട്; തുകയും തീയതിയും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ കാരുണ്യ പദ്ധതി പ്രകാരം ഹൃദയത്തിൽ സ്റ്റെന്റ് ഇടുന്നതിലേക്കായി എത്ര കോടി രൂപ ഈ സർക്കാർ നൽകിയിട്ടുണ്ട്; തുക ലഭ്യമാക്കിയ മെഡിക്കൽ കോളേജുകളുടെ പേരുകൾ, തുക, തീയതി എന്നിവ വെളിപ്പെടുത്തുമോ;

(ഇ) സ്റ്റെന്റിനും മറ്റുമുള്ള തുക മെഡിക്കൽ കോളേജുകൾക്ക് സർക്കാർ നൽകിയിട്ടുണ്ടെങ്കിലും ഈ തുക അവ ലഭ്യമാക്കിയ ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് നൽകാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക്, ജില്ലാതല കമ്മിറ്റി അംഗീകരിച്ച തുക, പ്രീ ആതറൈസേഷൻ മുഖേനയും, സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷിച്ച് ചികിത്സാ പാക്കേജ് അനുസരിച്ചുള്ള തുകയുടെ അനുമതി പത്രം മുഖേനയും ബന്ധപ്പെട്ട ആശുപത്രികളിൽ ചികിത്സ നൽകിവരുന്നു.

ഇതിനുപുറമേ ഡയാലിസിസ് രോഗികൾക്ക് ടൈം ഷെഡ്യൂൾ പ്രകാരവും ചികിത്സ നൽകിവരുന്നു. അതിനുപരി വൃക്ക രോഗികൾക്ക് നൽകിയിരുന്ന പരമാവധി 2 ലക്ഷം രൂപ ധനസഹായം ഇപ്പോൾ 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഹീമോഫീലിയ രോഗത്തിന് തുക പരിധിയില്ലാതെ ഫാക്ടർ വിതരണം ചെയ്തുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ധനസഹായ വിതരണത്തിനായി 20-9-2016-ന് 50 കോടി രൂപയും 23-11-2016-ന് 100 കോടി രൂപയും 25-2-2017-ന് 100 കോടി രൂപയും ഉൾപ്പെടെ ആകെ 250 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഹൃദയ ശസ്ത്രക്രിയയ്ക്കാണ് ചികിത്സിക്കുന്ന ഡോക്ടർമാർ രോഗിക്ക് നൽകുന്ന എസ്റ്റിമേറ്റ് അനുസരിച്ച് തുക വിതരണം ചെയ്യുന്നത്. അതിനാൽ സ്റ്റെന്റ് മാത്രം ഇടുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അത്യാവശ്യ മരുന്നുകൾ**

247 (251) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുമായും, സർക്കാർ ആശുപത്രികളുമായും ചേർന്നുള്ള കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമല്ല എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ചില മരുന്നുവിതരണ കമ്പനികളും, സ്വകാര്യ ഫാർമസികളും ചേർന്നുള്ള ഒത്തുകളിയാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ

പ്രവർത്തിച്ചുവരുന്ന റീട്ടെയിൽ മരുന്ന് വിപണന ശൃംഖലയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ. ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള മരുന്നുകൾ, മിതമായ രീതിയിൽ ആവശ്യക്കാരുള്ള മരുന്നുകൾ, നേരിയ രീതിയിൽ ആവശ്യക്കാരുള്ള മരുന്നുകൾ എന്നിങ്ങനെ മൂന്ന് ഗണങ്ങളിൽപ്പെടുത്തി, അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായ മരുന്ന് ലഭ്യത സാധ്യമാകുന്ന തരത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

**രാസവസ്തുക്കളുടെ ഉപയോഗം**

248 (252) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിശോധിക്കുന്നതിനും തടയുന്നതിനും ഫലപ്രദമായ സംവിധാനം നിലവിലുണ്ടോ എന്നും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫലപ്രദമായ സംവിധാനം നിലവിലുണ്ട്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നുവെന്ന വാർത്തയും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി സർക്കാർ 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ ഒരു കർമ്മ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് അവബോധന ക്ലാസ്സുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയുണ്ടായി. ഇതുകൂടാതെ മത്സ്യം, ഐസ് എന്നിവയുടെ 420 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും കൊച്ചിയിലെ

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും അയച്ച് പരിശോധിക്കുകയുണ്ടായി. ഈ പരിശോധനയിൽ ചില സാമ്പിളുകളിൽ സോഡിയം ബെൻസൊയെറ്റ്, ഫോർമാലിൻ തുടങ്ങിയവയുടെ സാന്നിദ്ധ്യം കണ്ടെത്തുകയുണ്ടായി. തുടർന്ന് മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതി**

249 (253) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃകാ പി.എച്ച്.സി.- കളാക്കി മാറ്റിയ പി. എച്ച് .സി.- കളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഏത് തരത്തിലാണ് ആരോഗ്യവകുപ്പ് നടത്തുന്നത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 28-3-2017-ലെ സ.ഉ.(ആർ.ടി.) 845/2017/ആ.കു.വ. പ്രകാരം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ തുടങ്ങുന്നതിന് 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവിടങ്ങളിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കുമുള്ള സമഗ്രമായ പരിശീലന പരിപാടികൾക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരികയാണ്.

(ബി) സാർവ്വത്രികവും, സൗജന്യവും, സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഓരോ കുടുംബത്തിനും നൽകുവാനാണ് ഫാമിലി ഹെൽത്ത് സെന്ററുകളിലൂടെ ഉദ്ദേശിക്കുന്നത്. പി.എച്ച്.സി.കളിലെ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രം എന്ന തലത്തിലേയ്ക്ക് കൊണ്ടുവരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും സാധാരണ ചികിത്സാ സേവനങ്ങൾക്കുവേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നത് ഒഴിവാക്കാനും സാധിക്കും. ഒരു കുടുംബത്തിന്റെ മുഴുവൻ ആരോഗ്യ ആവശ്യങ്ങൾക്കും ഉതകുന്ന പരിചരണം നൽകുവാൻ ആശുപത്രിയിലെ മറ്റ് ജീവനക്കാരെയും പ്രാപ്തരാക്കുക എന്നതും ഇതിലൂടെ ഉദ്ദേശിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെയാണ്. കുടുംബാരോഗ്യ കേന്ദ്രമാക്കി തെരഞ്ഞെടുത്ത

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഡോക്ടർമാർക്കും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനുമുള്ള പരിശീലന പരിപാടികൾക്കുള്ള തയ്യാറെടുപ്പുകളും നടന്നുവരുന്നു. 2017 ലോകാരോഗ്യ ദിനവുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സിനും "ഡിപ്രഷൻ" കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ വികസനം**

250 (254) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ആർദ്രം പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 22-4-2017-ലെ സ.ഉ.(MS)58/17/H&FWP പ്രകാരം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതി, ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം, സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ, ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം എന്നിവയാണ് ലക്ഷ്യമിടുന്നത്.

**ആർദ്രം മിഷൻ**

251 (255) <u>ശ്രീ. എസ്. ശർമ്മ:</u>

<u>ശ്രീ. പി. ഉണ്ണി:</u>

<u>ശ്രീ. ആർ. രാജേഷ്:</u>

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ വഴി ആരോഗ്യ രംഗത്ത് ഏത് വിധത്തിലുള്ള മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ;

(ബി) മിഷന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള ആതുര സേവന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ ഏതെല്ലാം തരത്തിലുള്ള മികവ്

വരുത്തുവാൻ ഉദ്ദേശിക്കുന്നു;

(സി) സ്ഥാപന നവീകരണത്തിന്റെയും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരുടെ നിയമനത്തിന്റെയും രൂപരേഖ, ഫണ്ടിന്റെ ലഭ്യത ഉൾപ്പെടെ അറിയിക്കാമോ?

<u>ഉത്തരം</u>

(എ)

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക.

(ബി) ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റ് സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി മുഖാന്തരം നടക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപകരണങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ തന്നെ ആരോഗ്യ വകുപ്പിന് കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപയും, തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 7 കോടി രൂപയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കുന്നതിനായി

17.85 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 20 കോടി രൂപയും, ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിന് 15 കോടി രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് 23 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട് 5257 തസ്തികകൾ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെ സൃഷ്ടിക്കുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**കുഷ്ഠവും മന്തും നിവാരണം ചെയ്യൽ**

252 (256) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠവും മന്തും നിവാരണം ചെയ്യുന്നതിനായി പ്രത്യേക കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ടോ, വിശദമാക്കാമോ;

(ബി) പ്രസ്തുത രോഗം പടരുന്നത് പ്രതിരോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്ന തുക വിനിയോഗിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ (പത്തനംതിട്ട, ഇടുക്കി, വയനാട് ഒഴികെ) 11 ജില്ലകളിലാണ് മന്തുരോഗ സാദ്ധ്യത കൂടുതലായി കണ്ടെത്തിയിട്ടുള്ളത്. ഈ ജില്ലകളിൽ 2004 മുതൽ മന്ത് രോഗ സമൂഹ ചികിത്സാ പരിപാടി നടത്തി വന്നതിന്റെ അടിസ്ഥാനത്തിൽ ഒമ്പത് ജില്ലകളിൽ (പാലക്കാട്, മലപ്പുറം ഒഴികെ) രോഗസംക്രമണ സാധ്യത കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. ഈ ഒമ്പത് ജില്ലകളിലും ആറ്-ഏഴ് വയസ്സ് പ്രായമുള്ള കുട്ടികളിൽ മന്ത് രോഗ സാദ്ധ്യതാ സർവ്വേ വിജയകരമായി പൂർത്തിയാക്കുകയും സമൂഹ ചികിത്സാ പരിപാടി നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലും മലപ്പുറം ജില്ലയിലെ അഞ്ച് തീരദേശ ബ്ലോക്കുകളിലും 2016-17 കാലഘട്ടത്തിൽ സമൂഹ ചികിത്സാ പരിപാടി നടത്തുകയുണ്ടായി. 2018 ഫെബ്രുവരി മാസത്തിൽ ഇവിടങ്ങളിൽ എം.ഡി.എ.

നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലും ജില്ലാ വെക്ടർ നിയന്ത്രണ യൂണിറ്റുകൾ വഴിയും, ഫീൽഡ് സ്റ്റേഷൻ വഴിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയും, തദ്ദേശ വാസികളിൽ രാത്രികാല രക്തപരിശോധനാ ചികിത്സയും, പ്രകടമായ മന്ത് രോഗമുള്ളവർക്ക് അവരുടെ അവശതയും വൈകല്യവും കുറയ്ക്കുവാനുള്ള പരിചരണ മാർഗ്ഗങ്ങളും (മോർബിഡിറ്റി മാനേജ്മെന്റ്) എല്ലാ ജില്ലാ/ജനറൽ ആശുപത്രികൾ വഴി നടത്തിവരുന്നു. പുരുഷന്മാരിലെ വൃഷ്ണ സഞ്ചിയിലെ വീക്കം നീക്കം ചെയ്യുന്നതിനുള്ള ഓപ്പറേഷൻ എല്ലാ ജില്ല/ജനറൽ ആശുപത്രിയിലും നടത്തിവരുന്നു. 2017-ൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട എഴുപത് താലൂക്ക് ആശുപത്രികളിൽ ഇതിനുവേണ്ട സൗകര്യം ഒരുക്കുന്നതിലേയ്ക്കായുള്ള പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുവാനായി തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി ദേശീയ കുഷ്ഠരോഗ പരിപാടി കാര്യക്ഷമമായി നടന്നുവരുന്നു. കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്തെ സുസ്ഥിര വികസന ലക്ഷ്യം 2020-ഓടുകൂടി കൈവരിക്കാൻവേണ്ടി കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കുഷ്ഠരോഗത്തിന്റെ പ്രിവിലൻസ് നിരക്ക് പതിനായിരത്തിൽ ഒന്നിന് താഴെയായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കുഷ്ഠരോഗം കണ്ടുപിടിക്കുന്നതിനും, ചികിത്സിക്കുന്നതിനുമുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. കുഷ്ഠരോഗത്തെ ചികിത്സിക്കുന്നതിനുള്ള മരുന്ന് സംസ്ഥാനത്തിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. കൂടാതെ കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രോഗികളുടെ എണ്ണം താരതമ്യേന കൂടുതലുള്ള ഗോത്രമേഖലയിലും നഗര ചേരികളിലും താമസിക്കുന്നവരെയും ഇതര സംസ്ഥാന തൊഴിലാളികളെയും പരിശോധിക്കുന്നതിനുള്ള പ്രവർത്തന തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും അങ്കണവാടികളിലെയും കുട്ടികളെ 2017-18 വർഷത്തിൽ ത്വക്ക് രോഗ പരിശോധന നടത്തുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനം നടത്തിവരുന്നു.

മന്ത് രോഗം പ്രതിരോധിക്കുന്നതിനുവേണ്ടി വീടുകൾ തോറും കയറി നടത്തിവരുന്ന രാത്രികാല രക്ത പരിശോധന, സ്റ്റാറ്റിക് ക്ലിനിക്കുകളിൽ നടത്തുന്ന രാത്രികാല രക്തപരിശോധന, മന്ത് രോഗികൾക്ക് നൽകിവരുന്ന ചികിത്സ തുടങ്ങിയവയും, കൈകാലുകൾ, മറ്റ് ശരീരഭാഗങ്ങളിലുണ്ടാകുന്ന നീരും വീക്കവും കണ്ടുപിടിക്കുക MMC (Morbidity Management Clinic) വഴി മന്ത് രോഗാതുരത കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും പരിശീലന പ്രവർത്തനങ്ങളും നടത്തിവരുന്നു.

കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളിൽ രാത്രികാല രക്ത പരിശോധന നടത്തി അവർക്ക് അടിയന്തരമായി ചികിത്സ നൽകുന്ന പ്രത്യേക പരിപാടിയും ആരോഗ്യ വകുപ്പ് നടത്തിവരുന്നു.

ജില്ല/ജനറൽ ആശുപത്രികളിലും ആഴ്ചയിൽ ഒരു നിശ്ചിത ദിവസം രാത്രികാലങ്ങളിൽ 8-11 മണി വരെ സ്റ്റാറ്റിക് ക്ലിനിക്കുകളും പകൽ സമയത്ത് മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

രോഗസംക്രമണ സാദ്ധ്യതാ സർവ്വേ വിജയകരമായി പൂർത്തിയാക്കിയ ഒമ്പത് ജില്ലകളിൽ പോസ്റ്റ് എം.ഡി.എ. സർവ്വയലൻസിന്റെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്ത പരിശോധന, 5 മുതൽ 9 വയസ്സുവരെ പ്രായമായ കുട്ടികളിലെ രാത്രികാല രക്തപരിശോധന, കൊതുകിന്റെ സാന്ദ്രതാ സർവ്വേ, കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ, മന്ത് രോഗികൾക്ക് അവരുടെ അവശത കൂടാതിരിക്കുവാനുള്ള പരിചരണ മാർഗ്ഗങ്ങൾ എന്നിവ നടത്തിവരുന്നു.

(സി) കാലതാമസമുണ്ടായിട്ടില്ല.

**ഡയാലിസിസ് യൂണിറ്റ്**

253 (257) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയായ നാദാപുരത്തെ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലില്ല.

(ബി) ബാധകമല്ല.

**ഡോക്ടർ തസ്തികകൾ**

254 (258) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണുള്ളത്;ഡിപ്പാർട്ട്മെന്റ് തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം ഡോക്ടർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്

എന്ന് വ്യക്തമാക്കാമോ;(ഡിപ്പാർട്ട്മെന്റ് തിരിച്ച്)

(സി) ഒഴിവുള്ള ഡോക്ടർ തസ്തികകൾ അടിയന്തിരമായി നികത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>സ്പെഷ്യാലിറ്റി വിഭാഗം അനുവദിക്കപ്പെട്ടിട്ടുള്ളത്</u>

| | | |
|---|---|---|
| കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) | - | 2 |
| ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | - | 1 |
| കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) | - | 2 |
| ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽ) | - | 1 |
| കൺസൾട്ടന്റ് (ഗൈനക്കോളജി) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) | - | 1 |

<u>അഡ്മിനിസ്ട്രേറ്റീവ് ജനറൽ കേഡർ</u>

| | | |
|---|---|---|
| സൂപ്രണ്ട് | - | 1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 4 |
| ഡെന്റൽ അസിസ്റ്റന്റ് സർജൻ | - | 1 തസ്തികയും നിലവിലുണ്ട്. |

(ബി) കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-1, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-1, സൂപ്രണ്ടിന്റെ തസ്തിക എന്നിവ ഒഴിഞ്ഞുകിടക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർദ്രം പദ്ധതി**

255 (259) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

1. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്രപരവുമായ സേവനം ഉറപ്പാക്കുക.
2. ജില്ല/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
4. രോഗികൾക്ക് പ്രോട്ടോക്കോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
5. 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക.

(ബി) 28-3-2017-ലെ സ.ഉ.(സാധാ) 845/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ

കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ആർദ്രം മിഷന്റെ ഭാഗമായി ജില്ല/ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിലായി 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ആരോഗ്യ വകുപ്പിന്റെ 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും 44 താലൂക്കതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി വഴി നടന്നുവരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2000 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യത്തിനുള്ള ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ഇവിടെ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും കൂടി 510 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് 2210-3-103-90 ശീർഷകത്തിൽ 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സ്റ്റാഫ് പാറ്റേൺ

256 (260) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ ആവശ്യമായ തസ്തികകൾ അനുവദിച്ച് നിയമനം നടത്തുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

### <u>ഉത്തരം</u>

(എ&ബി) പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

## നിയമനിർമ്മാണം

257 (261) <u>ശ്രീ. ബി. സത്യൻ :</u>

<u>ശ്രീ. കെ. വി.അബ്ദുൾ ഖാദർ :</u>

<u>ശ്രീ. ആന്റണി ജോൺ :</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില നിയന്ത്രണരീതി അറിയിക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളിൽ നിന്ന് അവശ്യ മരുന്ന് വില നിയന്ത്രണ ലിസ്റ്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള വില തന്നെയാണോ മരുന്നുകൾക്ക് ഈടാക്കുന്നതെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളതെന്ന് അറിയിക്കാമോ;

(സി) ഹൃദ്രോഗ ചികിത്സയ്ക്കുള്ള സ്റ്റെന്റ്, വില നിയന്ത്രണ പട്ടികയിൽ പെടുത്തിയതിനെ തുടർന്ന് സ്വകാര്യ ആശുപത്രികൾ ചികിത്സാ ചെലവ് ഉൾപ്പെടെയുള്ള മറ്റു ചാർജ്ജുകൾ വർദ്ധിപ്പിച്ച് രോഗികളെ ചൂഷണം ചെയ്യുന്നതായ വാർത്തയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്തിയിരുന്നോ;

(ഡി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷണ വിധേയമാക്കാനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഔഷധങ്ങളുടെ ഉപയോഗവും ആവശ്യകതയും അനുസരിച്ച് അവയെ അവശ്യമരുന്ന് പട്ടികയിൽ (നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻസ്) ഉൾപ്പെടുത്തുന്നതിനും, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരം ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ.)-യിൽ നിക്ഷിപ്തമാണ്. മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. ദേശീയ ഔഷധ നയത്തിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (ഡി.പി.സി.ഒ.) 2013 പ്രകാരം മാർക്കറ്റ് ബെയ്സ്ഡ് പോളിസിയെ ആസ്പദമാക്കിയാണ് എൻ.പി.പി.എ. അവശ്യമരുന്നുകളുടെ വില നിയന്ത്രിച്ചു വരുന്നത്. ഒരു ശതമാനമോ അതിന് മുകളിലോ മാർക്കറ്റ് ഷെയറുള്ള വിവിധ മരുന്ന് നിർമ്മാതാക്കളുടെ മരുന്ന് ബ്രാൻഡുകളുടെ ശരാശരി വില കണക്കാക്കിയാണ് മരുന്നുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) നിശ്ചയിക്കുന്നത്. അടിസ്ഥാന വിലയോടൊപ്പം അതാത് സംസ്ഥാനങ്ങളിലെ പ്രാദേശിക നികുതി കൂടി ഉൾപ്പെടുത്തി നിർമ്മാതാക്കൾക്ക് മരുന്നുകളുടെ

പരമാവധി വില്പന വില (എം.ആർ.പി.) നിശ്ചയിക്കാവുന്നതാണ്. അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (നോൺ-ഷെഡ്യൂൾഡ് ഫോർമുലേഷൻസ്) നിർമ്മാതാക്കൾ അവരുടെ ഉല്പന്നത്തിന്റെ വില സ്വയം നിശ്ചയിച്ചുറപ്പിച്ച് എൻ.പി.പി.എ.-യുടെ അംഗീകാരം ലഭ്യമാക്കിയതിനുശേഷം വിപണനം ചെയ്യുന്നതാണ് നിലവിലെ രീതി. ടി ഉല്പന്നങ്ങളുടെ വിലയിൽ വർഷംതോറും 10 ശതമാനം വർദ്ധനവ് നടത്താമെന്ന് ഡി.പി.സി.ഒ. നിഷ്കർഷിക്കുന്നുണ്ട്.

(ബി) എൻ.പി.പി.എ. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്ന് വിൽക്കുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഇത്തരത്തിൽ പരിശോധന നടത്തുകയും നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്നുവെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. വില നിയന്ത്രണം മറികടന്ന് നിർമ്മാതാക്കൾ മരുന്നുകൾ വിപണിയിലിറക്കുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നുണ്ട്. നിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ വകുപ്പ് എൻ.പി.പി.എ.-യെ അറിയിക്കുകയും അധികമായി ഈടാക്കിയ വില സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ എൻ.പി.പി.എ. സ്വീകരിക്കുന്നുമുണ്ട്. ഇത്തരത്തിൽ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ എഴുപത് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻ.പി.പി.എ.-യെ അറിയിച്ചിട്ടുണ്ട്. നിയമം ലംഘിച്ച് മരുന്നുകൾക്ക് അധികവില ഈടാക്കുന്ന വ്യാപാരികൾ/സ്വകാര്യ ആശുപത്രികൾക്കെതിരെ അവശ്യവസ്തു നിയമ പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ അഞ്ച് കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നിലവിലുണ്ട്.

(സി) ചികിത്സയ്ക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി, സ്റ്റെന്റിന്റെ വിലക്കുറവുമൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ ആശുപത്രികളിലെ സമീപകാലത്തെ ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ നിരക്കുകൾ കൂടി പരിശോധിക്കുവാൻ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/നഴ്സിംഗ് ഹോമുകൾ/ക്ലിനിക്കുകൾ എന്നിവ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി

സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊറോണറി സ്റ്റെന്റിന്റെ വില നിയന്ത്രണം പ്രാബല്യത്തിൽ വന്നുകഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത ഉല്പന്നങ്ങളുടെ സുഗമമായ വിതരണ ഉപഭോഗം ഉറപ്പുവരുത്തുന്നതിലേയ്ക്കായും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പ്രസ്തുത ഉല്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിലേയ്ക്കായും സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (Essential Commodities Act) അനുശാസിക്കുന്ന പ്രകാരം നടപടി എടുക്കുന്നതാണ്. കൂടാതെ വില നിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതാണ്. കൂടാതെ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (www.nppaindia.in) ഫാർമജൻ സമാധാൻ എന്ന ലിങ്കിൽ സ്റ്റെന്റുകളുടെ വിലനിയന്ത്രണം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

(ഡി) സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിനായുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## ഏകീകൃത ഫീസ് സംവിധാനം

258 (262) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മിക്കവാറും സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, ക്ലിനിക്കുകൾ, സ്കാനിംഗ് സെന്ററുകൾ, വന്ധ്യതാരോഗ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ ഏകീകൃത ഫീസ് സംവിധാനം ഇല്ലെന്നതും, ഗവൺമെന്റ് ആശുപത്രികളിലെ സമാന ചികിത്സാ സംവിധാനത്തിന് ഈടാക്കുന്നതിന്റെ പലമടങ്ങ് ചികിത്സാ ഫീസും മറ്റുമായി ഈടാക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും, ഫീസും മറ്റും കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ ഹൃദയ രോഗ ചികിത്സയ്ക്കുള്ള സ്റ്റെന്റിന്റെ വില ഗണ്യമായി കുറച്ചപ്പോൾ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ മറ്റ് ചെലവുകൾ കൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കിടത്തി ചികിത്സ**

259 (263) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പദവിയുയർത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിനുള്ള താമസം എന്താണെന്നു വിശദമാക്കുമോ;

(സി) കിടത്തിചികിത്സ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 31-8-2013-ലെ സ.ഉ.(എം.എസ്.)നമ്പർ374/2013/ആ.കു.വ. പ്രകാരം കോടഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹിക ആരോഗ്യ കേന്ദ്രമാക്കി പദവി ഉയർത്തിയിട്ടുണ്ട്.

(ബി & സി) സാമൂഹികാരോഗ്യ കേന്ദ്രമാക്കി പദവി ഉയർത്തിയെങ്കിലും ഒരു സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ മാതൃകയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ അധിക ജീവനക്കാരുടെ തസ്തിക നിലവിലില്ല.

**ഡയാലിസിസ് യൂണിറ്റ്**

260 (264) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ മാന്ദ്യ വിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തിയ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ യൂണിറ്റ് എപ്പോൾ പ്രവർത്തന സജ്ജമാകും; വിശദമാക്കാമോ?

<u>ഉത്തരം</u>

പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി പ്രൊപ്പോസൽ കെ.എം.എസ്.സി.എൽ.-ന് സമർപ്പിച്ചിട്ടുണ്ട്. 2018 ജനുവരി മാസത്തോടുകൂടി ഡയാലിസിസ് സെന്ററിന്റെ പണി പൂർത്തിയാക്കി ആശുപത്രിക്ക് കൈമാറുന്നതാണ്.

**നിയമനങ്ങൾ**

261 (265) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിൽ പുതുതായി ഡോക്ടർമാർ, അനുബന്ധ പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) താലൂക്ക് ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ള ഈ സ്ഥാപനത്തിൽ കിടത്തിച്ചികിത്സയ്ക്ക് ആവശ്യമായ ഡോക്ടർമാരോ അനുബന്ധ പാരാമെഡിക്കൽ സ്റ്റാഫോ ഇല്ലാത്തതുമൂലം പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ 12 അധിക ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും ഡോക്ടർമാരുടെ അഭാവത്താൽ 24 മണിക്കൂർ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നില്ല. എന്നാൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## ആർദ്രം പദ്ധതി

262 (266) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(സി) 2017-18 വർഷത്തെ ബജറ്റിൽ ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകൾ മുഖേന കോങ്ങാട് മണ്ഡലത്തിലേയ്ക്കായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 1. രോഗീ സൗഹൃദ ആശുപത്രികളായി മാറ്റുക.

2. ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുക.

3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക.

4. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ തുടങ്ങുക.

5. നഴ്സിംഗ് മേഖല ശക്തിപ്പെടുത്തുക.

6. 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക.

(ബി&സി) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന നവകേരള മിഷന്റെ നാല് ഘടകങ്ങളിൽ ഒന്നാണ് ആർദ്രം മിഷൻ. ഗവൺമെന്റ് ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയും ലക്ഷ്യമിട്ട് ആരംഭിച്ച ആർദ്രം മിഷൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിടുന്നു. ഈ മിഷന്റെ ആദ്യഘട്ടത്തെ പ്രവർത്തനത്തിൽ കോങ്ങോട് മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രമാണ് കല്ലാടിക്കോട് (kalladikode) പ്രാഥമികാരോഗ്യ കേന്ദ്രം. ഇതിലേയ്ക്കുള്ള പ്രവർത്തനമെന്ന നിലയിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ

അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

**ഹെൽത്ത് ഇൻസ്പെക്ടർ**

263 (267) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ആയി ജോലി ചെയ്ത് വരികെ മരണമടഞ്ഞ ശിവദാസൻ. പി. പി.-യുടെ മകൻ അശ്വിൻ ശിവദാസിന്റെ ആശ്രിത നിയമനത്തിന്റെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) നിയമനം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് വരെ ആയെന്നുള്ളത് അറിയിക്കാമോ;

(സി) നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവായ 186 പേരിൽ 82-ാമത്തെ ആളാണ് അശ്വിൻ ശിവദാസ്.

(സി) 2-9-2013-ലെ ജി.ഒ.(കൈ) നമ്പർ249/13/ജി.എ.ഡി. പ്രകാരം ആശ്രിത നിയമനത്തിനുള്ള ക്ലാർക്കുമാരുടെ നിയമനത്തിലായി 356 സൂപ്പർ ന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിക്കുകയുണ്ടായി. അതിൽ 113 സൂപ്പർ ന്യൂമററി തസ്തികകൾ ആരോഗ്യ വകുപ്പിനുവേണ്ടിയുള്ളതായിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയ ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾക്ക് അനുപാതമായി ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

**ലാബുകളുടെ പ്രവർത്തനങ്ങൾ**

264 (268) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) പരിശോധനയ്ക്ക് സാമ്പിളുകൾ ഒരേ സമയം പല ലാബുകളിൽ

നല്കുന്നതിന്റെ ഫലം പലതരത്തിലുള്ളതാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) വ്യത്യസ്ത തരത്തിലുള്ള ഫലങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ലാബുകളിൽ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളുടെ ഗുണനിലവാരം, അളവ്, ജോലിചെയ്യുന്ന ജീവനക്കാരുടെ യോഗ്യത എന്നിവയ്ക്ക് സർക്കാർ മാനദണ്ഡം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാരുണ്യ ഫാർമസിയും ഡയാലിസിസ് സെന്ററും**

265 (269) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ 2017 മേയ് 31-ന് മുൻപായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബന്ധപ്പെട്ട ജനപ്രതിനിധിയുടെയോ ആശുപത്രി സൂപ്രണ്ടിന്റെയോ അപേക്ഷ ലഭിക്കുകയാണെങ്കിൽ ഫാർമസി ആരംഭിക്കുന്നതിനായുള്ള

സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കാവുന്നതാണ്.

(ബി) 2017 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാകുന്ന വിധത്തിലാണ് ഡയാലിസിസ് സെന്ററിന്റെ പണി നടന്നുവരുന്നത്.

## നിലമ്പൂർ ജില്ലാ ആശുപത്രി

266 (270) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടിന്റെ പ്രവൃത്തി സമയം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ആശുപത്രി സൂപ്രണ്ടുമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദനീയമാണോ;

(സി) നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ട് ആയിരുന്ന ഡോക്ടർ പി. സീമാമുവിനെതിരെ എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ 5 മണി വരെയാണ് സൂപ്രണ്ടിന്റെ പ്രവൃത്തി സമയം.

(ബി) നോൺ പ്രാക്ടീസ് അലവൻസ് വാങ്ങുന്ന ആശുപത്രി സൂപ്രണ്ട് ഉൾപ്പെടെയുള്ള ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് ചെയ്യാൻ പാടില്ല.

(സി) അച്ചടക്ക നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ഡി) അച്ചടക്ക നടപടിയുടെ ഭാഗമായി നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ടായിരുന്ന ഡോക്ടർ പി. സീമാമുവിനെ മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലേയ്ക്ക് സൂപ്രണ്ടായി സ്ഥലം മാറ്റുകയും ചട്ടപ്രകാരമുള്ള കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

## സ്പെഷ്യാലിറ്റി കാഡറിൽ തസ്തികകൾ

267 (271) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കാഡറിൽ എത്ര

തസ്തികകൾ അനുവദിച്ചിട്ടുണ്ട്; ഇവയിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; എങ്കിൽ ഉടൻ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഗൈനക്കോളജിസ്റ്റ്, കുട്ടികളുടെ വിഭാഗം, ഫിസിഷ്യൻ വിഭാഗം എന്നിവയിൽ എത്ര വീതം ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്; ഇവരുടെ പേരുവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കാഡറിൽ കൺസൾട്ടന്റിന്റെ 7 തസ്തികയും ജൂനിയർ കൺസൾട്ടന്റിന്റെ 17 തസ്തികയും അനുവദിച്ചിട്ടുണ്ട്. കൺസൾട്ടന്റിന്റെ 3 തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഗൈനക്കോളജി വിഭാഗത്തിൽ - 3

പീഡിയാട്രിക് വിഭാഗത്തിൽ - 3

ജനറൽ മെഡിസിൻ വിഭാഗത്തിൽ - 2 വീതം ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

പീഡിയാട്രിക്

ഡോ. ഹമീദ് സി.

ഡോ. ജലാലുദ്ദീൻ

ഡോ. ഷൗക്കത്തലി

ജനറൽ മെഡിസിൻ

ഡോ. കാജാഹസൻ

ഡോ. രാജി കൃഷ്ണൻ

ഗൈനക്കോളജി

ഡോ. ബുഷറ

ഡോ. ജാഫിൻ ഇസ്മയിൽ

ഡോ. ശ്രീജ വി.ഡി.

**കുമ്പളങ്ങി സാമൂഹ്യ ആരോഗ്യ കേന്ദ്രം**

268 (272) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ കുമ്പളങ്ങി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഏതെല്ലാം സ്പെഷ്യാലിറ്റി യൂണിറ്റുകളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുമ്പളങ്ങി സി.എച്ച്.സി.യിൽ പീടിയാട്രിക്, ഗൈനക് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകളും ഒരു ദന്തൽ സർജൻ, ഒരു അസിസ്റ്റന്റ് സർജൻ, ഒരു ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം മിഷന്റെ ഭാഗമായി പരിഗണിച്ചുവരുന്ന സ്റ്റാന്റേഡൈസേഷൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാഷ്വാലിറ്റി സേവനം**

269 (273) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിപ്പുറം സർക്കാർ ആശുപത്രിയിൽ അടിയന്തരമായി കാഷ്വാലിറ്റി സേവനം ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വൈപ്പിൻ ബ്ലോക്കിന്റെ പരിധിയിൽ കാഷ്വാലിറ്റി സേവനമുള്ള ഒരു താലൂക്കാശുപത്രിപോലുമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഗണിച്ച് മാലിപ്പുറം സർക്കാർ ആശുപത്രിയിൽ അടിയന്തരമായി കാഷ്വാലിറ്റി സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് താലൂക്ക് ആശുപത്രി മുതലുള്ള മേജർ ആരോഗ്യ സ്ഥാപനങ്ങളിലാണ് കാഷ്വാലിറ്റി സേവനം അനുവദിച്ചിട്ടുള്ളത്. ആർദ്രം മിഷന്റെ ഭാഗമായി സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ തസ്തിക സൃഷ്ടിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റേഡൈസേഷൻ ലിസ്റ്റിൽ മാലിപ്പുറം സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്.

## കാത്ത് ലാബ്

270 (274) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തത് ഏത് മാനദണ്ഡപ്രകാരമാണ്; വിശദമാക്കാമോ;

(ബി) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ ലഭ്യമാണോ;

(സി) എങ്കിൽ മഞ്ചേരി മെഡിക്കൽ കോളേജിലും കാത്ത് ലാബ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള പ്രായോഗിക തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രതിമാസം ശരാശരി 30 ഹാർട്ട് അറ്റാക്ക് രോഗികളെങ്കിലും ചികിത്സ തേടിയെത്തുന്ന ആശുപത്രിയായിരിക്കണം കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കുന്നത്. പ്രസ്തുത ആശുപത്രിയിൽ കുറഞ്ഞത് 3 കാർഡിയോളജിസ്റ്റുകളുടെ മുഴുവൻ സമയ സേവനവും ഉണ്ടായിരിക്കേണ്ടതാണ്.

(ബി-ഡി) 2016-17-ലെ ബജറ്റിലെ അനുബന്ധം 2-ൽ (മരാമത്ത് പണികൾ) മഞ്ചേരി മെഡിക്കൽ കോളേജിൽ " modern Cardiac Care Unit in Medical College, Manjeri (including equipments)" എന്ന പദ്ധതിക്കായി 5 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കെട്ടിട നിർമ്മാണം

271 (275) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി.- യുടെ പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയിട്ടും ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി

അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) കക്കാട് പി.എച്ച്.സി.-യുടെ പേര്,കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം, കാതിക്കുടം പി.ഒ. എന്നാക്കി മാറ്റുന്നതിനായുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാതിക്കുടം പി.എച്ച്.സി.-യുടെ ഒ.പി. ബിൽഡിംഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് പുതിയ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല വഹിക്കുന്നത്. പണി പൂർത്തീകരിക്കുന്നതിന് തടസ്സമായി വിജിലൻസ് കേസ് നിലനിൽക്കുന്നുണ്ട്. പണി പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) 30-11-2016-ലെ സ.ഉ.(എം.എസ്.) നമ്പർ3207/16/ആ.കു.വ. പ്രകാരം കക്കാട് പി.എച്ച്.സി.-യുടെ പേര് കാട്ടുകുറ്റി പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം, കാതിക്കുടം പി.ഒ. എന്ന് മാറ്റിയിട്ടുണ്ട്.

**അൾട്രാ സൗണ്ട് സ്കാനിംഗ്**

272 (276) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗത്തിൽ അൾട്രാ സൗണ്ട് സ്കാനിംഗ് 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്;

(ബി) ഈ സംവിധാനം ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയത് നടപ്പിലാക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗത്തിൽ 24 മണിക്കൂറും അൾട്രാ സൗണ്ട് സ്കാനിംഗ് പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്.

(ബി) മറ്റ് മെഡിക്കൽ കോളേജുകളിൽ മതിയായ ജൂനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന മുറയ്ക്ക് ആയത് നടപ്പിലാക്കുവാനുള്ള നടപടികൾ

സ്വീകരിക്കാവുന്നതാണ്.

## അരൂക്കുറ്റി സി.എച്ച്.സി.

273 (277) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി സി.എച്ച്.സി.-യോട് അനുബന്ധിച്ച് എത്ര ഏക്കർ ഭൂമിയാണ് നിലവിലുള്ളത്; ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് പണിതിട്ട് ഉപയോഗിക്കാതെ കിടന്ന് ജീർണ്ണിച്ച് നിലംപൊത്താറായ കെട്ടിടങ്ങൾ എത്ര സെന്റ് ഭൂമിയിലാണ് നിൽക്കുന്നത്;

(ബി) അരൂക്കുറ്റി വില്ലേജ് ആഫീസ് നിർമ്മിച്ചിരിക്കുന്നത് ആശുപത്രി വക സ്ഥലത്താണോ;

(സി) അരൂക്കുറ്റി ആശുപത്രിക്ക് മുൻവശം എത്രസെന്റ് ഭൂമിയാണ് ആശുപത്രിയുടെ വകയായിട്ടുള്ളത്; ഈ സ്ഥലമെല്ലാം പ്രയോജനപ്പെടുത്തി ആരോഗ്യ/ആയുഷ് വകുപ്പിന്റെ ഏതെങ്കിലും പദ്ധതി പഞ്ചകർമ്മ ചികിത്സാ സൗകര്യത്തോടെ ടൂറിസം പ്രാധാന്യമുള്ള ഈ സ്ഥലത്ത് നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) അരൂക്കുറ്റി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് 61.58 ആർ, 23.50 ആർ, 1-49.63 ആർ എന്നീ അളവുകളിലുള്ള ഭൂമി പല സ്ഥലങ്ങളിലായിട്ടാണുള്ളത്. ഡോക്ടർ ക്വാർട്ടേഴ്സ് ഉൾപ്പെടുന്ന സ്ഥലത്തിന്റെ വിസ്തൃതി 1.40 ഏക്കറാണ്.

(ബി) അല്ല.

(സി) അരൂക്കുറ്റി ആശുപത്രി സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിന്റെ ആകെ "വിസ്തൃതി" 01 ഹെക്ടർ 49 ആർസ് 63 ച.മീ. ആണ്.

## പേഷ്യന്റ്സ് സർവ്വീസ് സൊസൈറ്റി

274 (278) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ പേഷ്യന്റ്സ് സർവ്വീസ് സൊസൈറ്റിക്ക് അരി, പലവ്യഞ്ജനം, വസ്ത്രം തുടങ്ങിയ വകയിൽ നൽകുന്നതിനുള്ള തുക മാസങ്ങളായി കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ഉടൻ അനുവദിക്കുന്നതിനും കുടിശ്ശിക ഒഴിവാക്കി അതതു മാസം തുക വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള തുകയിൽ നിന്നും ടി ആശുപത്രിക്ക് അനുവദിക്കാവുന്ന ആനുപാതികമായ തുക ഘട്ടംഘട്ടമായി അനുവദിക്കുന്നതാണ്. ഈ മാസം (ഏപ്രിൽ) 4,00,000 (നാല് ലക്ഷം രൂപ) ടി ആശുപത്രിക്ക് അനുവദിക്കുകയുണ്ടായി. ബജറ്റിൽ ലഭ്യമായിരിക്കുന്ന തുക മതിയാകാതെ വരുന്ന സാഹചര്യത്തിൽ അധിക ധനാഭ്യർത്ഥനയിൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

275 (279) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മങ്കട കമ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സംബന്ധിച്ച് ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരുന്ന ഫയൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

(ബി) ആരോഗ്യ മേഖലയിലെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുള്ള നിർദ്ദേശങ്ങളിൽ/ശിപാർശകളിൽ മങ്കട കമ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, നിർദ്ദേശങ്ങളിൽ/ശിപാർശകളിൽ അംഗീകാരം നൽകിയാൽ, എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-സി) ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ മേഖലയിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അധിക തസ്തിക സൃഷ്ടിക്കുന്നതിന് ലഭിച്ചിട്ടുള്ള പ്രൊപ്പോസലിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ കൂട്ടത്തിൽ മങ്കട സി.എച്ച്.സി.-യും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രത്യേക പ്രൊപ്പോസൽ പരിഗണിക്കുന്നില്ല.

**വെങ്കിടങ്ങ് കുടുംബാരോഗ്യ കേന്ദ്രം**

276 (280) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് (പാടൂർ) പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുള്ള വിശദാംശം നൽകാമോ;

(ബി) ഇവിടേയ്ക്ക് ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകളാണ് പുതിയതായി സൃഷ്ടിക്കുന്നതെന്ന വിവരം ഇനം തിരിച്ച് നൽകാമോ?

ഉത്തരം

(എ&ബി) 28-3-2017-ലെ സ.ഉ.(സാധാ) നമ്പർ845/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 170 ഡോക്ടർ, 340 സ്റ്റാഫ് നഴ്സ് എന്നിവരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## പോസ്റ്റ്മോർട്ടം

277 (281) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരള നൽകിയതായി 17-10-2016 -ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ 2854-നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ള ഹർജിയുടെ ഉള്ളടക്കം എന്താണെന്ന് പഠിച്ചിട്ടുണ്ടോയെന്നും എങ്കിൽ വിശദാംശം നൽകാമോയെന്നും 14-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 6482 ചോദ്യത്തിൽ ഞാൻ ആരാഞ്ഞിരുന്നു. പ്രസ്തുത ഹർജിയുടെ കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസ്സിൽ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരളയ്ക്ക് വേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകൻ ആരായിരുന്നു; പ്രസ്തുത കേസ്സിൽ സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകൻ ആരായിരുന്നു; കോടതി ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ എന്നും ഞാൻ ചോദിച്ചിരുന്നു. വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി ലഭിച്ചത്. വിവരം ശേഖരിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ്ണ രൂപം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള മെഡിക്കോ - ലീഗൽ സൊസൈറ്റിക്ക് അധിക മനുഷ്യ വിഭവശേഷി, കൃത്രിമ വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കാതെ വൈകുന്നേരം 5.00 മണിക്കുശേഷം പോസ്റ്റ്മോർട്ടം ചെയ്യാൻ നിർബന്ധിക്കരുതെന്നാണ് ഡബ്ല്യു.പി.സി.33874/2015-ാം നമ്പർ ഹർജിയുടെ ഉള്ളടക്കം. ടി ഹർജിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) അഡ്വ. ജയശങ്കർ, അഡ്വ. മനു ഗോവിന്ദ് എന്നീ അഭിഭാഷകർ ഹർജിക്കാർക്ക് വേണ്ടിയും മുൻ സ്റ്റേറ്റ് അറ്റോർണി ശ്രീ. പി. വിജയരാഘവനെ പ്രതിനിധീകരിച്ച് മുൻഗവൺമെന്റ് പ്ലീഡർ ശ്രീ. പി. പി. പത്മാലയൻ സർക്കാരിന് വേണ്ടിയും പ്രസ്തുത കേസ്സിൽ ഹാജരായിട്ടുണ്ട്. കോടതി ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

കേസ്സിലെ എതിർ കക്ഷികളിൽ നിന്നും കേസ്സുമായി ബന്ധപ്പെട്ട പൂർണ്ണമായ വിവരങ്ങൾ ലഭിക്കുന്നതിൽ സംഭവിച്ച കാലതാമസമാണ് 'വിവരം ശേഖരിച്ചുവരുന്നു' എന്ന മറുപടി നൽകാൻ കാരണമായതെന്നതിനാൽ അതിന്റെ (ചോദ്യം 6482) പൂർണ്ണ മറുപടി താമസംവിനാ പ്രത്യേകം ലഭ്യമാക്കുന്നതാണ്.

## ഗുളികകൾ സൗജന്യമായി നൽകുന്നതിന് പദ്ധതികൾ

278 (282) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എച്ച്.സി. സബ് സെന്ററുകൾ വഴി ഡയബറ്റിസ്, പ്രഷർ, കൊളസ്ട്രോൾ രോഗികൾക്ക് ഗുളികകൾ സൗജന്യമായി നൽകുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കരടുനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി പ്രകാരം ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, കൊളസ്ട്രോൾ തുടങ്ങിയ രോഗങ്ങൾക്ക് സൗജന്യമായാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. വിദഗ്ദ്ധരുടെ സമിതി തയ്യാറാക്കിയ ചികിത്സാ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള മരുന്നുകളാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തുവരുന്നത്. ഈ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗജന്യ മരുന്ന് വിതരണം സബ് സെന്റർ തലംവരെ നൽകുന്നതിനായി ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും മരുന്നുകൾ സൗജന്യമായി അവർക്ക് പ്രാപ്യമായ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

(ബി) വിദഗ്ദ്ധ സമിതി തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയും ലഭ്യമാണ്. എന്നാൽ ഒരു പഞ്ചായത്തിന്റെ ഒരു കോണിൽ സ്ഥിതിചെയ്യുന്ന ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആ പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്ന അവശത അനുഭവിക്കുന്നതും ശയ്യാവലംബരുമായ നിരവധി രോഗികൾക്ക് അപ്രാപ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മരുന്ന് വിതരണം സബ് സെന്റർ തലത്തിലേയ്ക്ക് മാറ്റുവാനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് കൈക്കൊണ്ടു. മരുന്ന് ആവശ്യമുള്ള രോഗികളുടെ എണ്ണത്തിനാനുപാതികമായ സ്റ്റോക്ക് ഡോക്ടറുടെ നിർദ്ദേശ പ്രകാരം ഫാർമസിസ്റ്റിന്റെ പക്കൽ നിന്നും ഡിസ്പെൻസ് ചെയ്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ ഏൽപ്പിക്കുകയും സബ് സെന്ററിൽ വച്ച് മരുന്ന് വിതരണം ചെയ്യുന്നതിന് ജെ.പി.എച്ച്.എൻ.-മാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഡോക്ടറുടെ നിർദ്ദേശമില്ലാതെ മരുന്ന് നൽകുന്നതിനോ ഡോസ് വ്യത്യാസപ്പെടുത്തുന്നതിനോ മരുന്ന് മാറി നൽകുന്നതിനോ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന് അധികാരമുണ്ടായിരിക്കുന്നതല്ല.

**ലബോറട്ടറിക്ക് അക്രെഡിറ്റേഷൻ**

279 (283) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മരുന്നുകൾ ടെസ്റ്റ് ചെയ്യുന്നതിനുള്ള ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലബോട്ടറിക്ക് അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(ഡി) അക്രെഡിറ്റേഷൻ ലഭിക്കുന്നതുവരെ മരുന്നുകൾ ടെസ്റ്റ് ചെയ്യുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി

സർക്കാർ തലത്തിൽ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും, എറണാകുളത്ത് റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് നിലവിലുള്ളത്. തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ മരുന്ന് പരിശോധനാ ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ, സർക്കാർ തലത്തിൽ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിലും എറണാകുളം, തൃശ്ശൂർ ജില്ലകൾ കേന്ദ്രീകരിച്ച് സ്വകാര്യ മേഖലയിൽ മൂന്ന് മരുന്ന് പരിശോധനാ ലബോറട്ടറികളും നിലവിലുണ്ട്.

(ബി) ഇല്ല. രാജ്യത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നത് ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. ടി നിയമ വ്യവസ്ഥയിൽ ലബോറട്ടറികൾക്ക് യാതൊരുവിധ അക്രഡിറ്റേഷനും വേണമെന്ന് അനുശാസിക്കുന്നില്ല.

(സി) നിയമപ്രകാരം അക്രെഡിറ്റേഷൻ ആവശ്യമല്ലെങ്കിൽപ്പോലും ഗുണനിലവാര പരിശോധനയിൽ ഉന്നത നിലവാരം പുലർത്തുന്നതിലേയ്ക്കായി ലാബുകൾക്ക് അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എൻ.എ.ബി.എൽ. നിയമിക്കുന്ന മൂന്നാം കക്ഷി, ലബോറട്ടറി ഉപകരണങ്ങളുടെ കാലിബ്രേഷൻ, ടെസ്റ്റിംഗ് മെത്തേഡ്, വാലിഡേഷൻ, ഡോക്യുമെന്റേഷൻ, അനലിസ്റ്റുകളുടെ പ്രൊഫിഷ്യൻസി, റെഫറൻസ് മെറ്റീരിയലുകളുടെ സംഭരണം എന്നീ ശാസ്ത്രീയ സാങ്കേതിക വിലയിരുത്തലുകൾ നടത്തി ഓരോ ഘട്ടത്തിലും കണ്ടെത്തുന്ന അപാകതകൾ പരിഹരിച്ച ശേഷമാണ് അംഗീകാരം ലഭ്യമാക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തോടെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ള രണ്ട് ലബോറട്ടറികൾക്കും അക്രെഡിറ്റേഷൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ വേണമെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമത്തിൽ നിഷ്കർഷിക്കുന്നില്ല. ആയതുകൊണ്ടുതന്നെ പ്രസ്തുത അക്രഡിറ്റേഷൻ ലഭ്യമാകുന്നതുവരെ മരുന്നുകൾ ടെസ്റ്റ് ചെയ്യുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തേണ്ട അനിവാര്യതയില്ല.

**ആശുപത്രികളിലെ ചൂഷണം**

280 (284) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ആശുപത്രികളിലെത്തുന്ന രോഗികളിൽനിന്നും അമിത ചാർജ്ജ് ഈടാക്കുക, അനാവശ്യ ടെസ്റ്റുകൾ നിർദ്ദേശിക്കുക തുടങ്ങിയ വിവിധതരം ചൂഷണങ്ങൾ തടയുന്നതിന് ജില്ലകൾതോറും ഒരു സ്ഥിരം സംവിധാനമായി ഓരോ ഉന്നതതല കമ്മിറ്റി രൂപീകരിക്കാൻ നടപടി

സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിലെത്തുന്ന രോഗികളെ അനാവശ്യ ടെസ്റ്റുകൾ നടത്തി ഇല്ലാത്ത രോഗം ഉണ്ടെന്ന് വിധി എഴുതി ഇവരുടെ ജീവൻ തന്നെ അപകടത്തിലാക്കി ചൂഷണം നടത്തി വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർ മരുന്ന് കമ്പനികൾക്കുവേണ്ടി പ്രവർത്തിച്ച് കമ്മീഷൻ വാങ്ങിയും ടൂറുകൾ നടത്തിയും അനാവശ്യ മരുന്നുകൾ രോഗികൾക്ക് നൽകി കമ്പനികൾക്കും ആശുപത്രികൾക്കും അമിതവരുമാനം ഉണ്ടാക്കിക്കൊടുക്കുന്നതിന് എതിരെ എന്തൊക്കെ നടപടി സ്വീകരിയ്ക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ആശുപത്രികളിൽ അമിത ചാർജ്ജ് ഈടാക്കുന്നതായും അനാവശ്യ ടെസ്റ്റുകൾ നിർദ്ദേശിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വകാര്യ ആശുപത്രികളിൽ അമിത ചാർജ്ജ് ഈടാക്കുന്നതും അനാവശ്യ ടെസ്റ്റുകൾ നടത്തുന്നതും തടയുന്നതിന് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017-ന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡയാലിസിസ് യൂണിറ്റ്**

281 (285) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അവതാളത്തിലാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് അനുവദിച്ചിട്ടുള്ള കാരുണ്യ ഫണ്ടിന്റെ ഭാഗമായി തുക അനുവദിക്കുന്നുണ്ടോ;

(സി) ഡയാലിസിസ് ചുമതലയുള്ള ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച ഡി.എച്ച്.എസ്.-ന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)കെ.ബി.എഫ്.-ൽ നിന്നും ലഭിക്കുന്ന തുക ഈ ആശുപത്രിയുടെ കാരുണ്യ ഫണ്ടിലേയ്ക്ക് അനുവദിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

**ബയോ മെഡിക്കൽ മാലിന്യ സംസ്കരണം**

282 (286) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംസ്ഥാനത്ത് കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സ്വകാര്യമേഖലയിലുൾപ്പെടെ പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കാൻ പര്യാപ്തമായ വിധത്തിലുള്ള സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാന്തുരുത്തിയിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ 'IMAGE' എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. 'IMAGE'-ൽ സ്ഥാപിച്ചിട്ടുള്ള 5 ഇൻസിനറേറ്ററുകളുടെ മൊത്ത ശേഷി 1500 kg/hr, ഓട്ടോക്ലേവുകളുടെ മൊത്ത ശേഷി 900 litre/cycle, ഷ്രെഡ്ഡറുകളുടെ (shreder) മൊത്തശേഷി 900kg/hr എന്നിങ്ങനെയാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിലാണ് ടി സംവിധാനം പ്രവർത്തിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് ടി പ്ലാന്റിന്റെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചുവരുന്നു. നിലവിൽ 24 മണിക്കൂറും ടി സംവിധാനം നിരീക്ഷിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഒരു സർവൈലൻസ് വാൻ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിൽനിന്നും ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് 'IMAGE' എന്ന സ്ഥാപനം കൊണ്ട് മാത്രം കഴിയുന്നതല്ല. സംസ്ഥാനത്ത് കൂടുതൽ ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര വിഹിതമായി പരമാവധി ഒരു കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി പരമാവധി ഒരു കോടി രൂപയും ലഭ്യമാക്കി ബാക്കി തുക സ്വയം കണ്ടെത്തി ഇത്തരം പൊതു സംവിധാനം സ്ഥാപിക്കുന്നതിനായി തൽപ്പര കക്ഷികളിൽനിന്നും മലിനീകരണ നിയന്ത്രണബോർഡ് Expression of Interest (EOI) വിളിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. Kerala Enviro Infrastructure Limited (KEIL) എറണാകുളത്തെ പൊതു ഹസാർഡസ് വേസ്റ്റ് നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തിയിരിക്കുന്ന സ്ഥലത്തും, മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് കിനലൂർ എസ്റ്റേറ്റിലും പൊതു ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും സ്ഥാപനാനുമതി നേടിയിട്ടുണ്ട്. മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ് ഇതിനായി പാരിസ്ഥിതിക അനുമതിയും നേടിയിട്ടുണ്ട്. KEIL-ന് പാരിസ്ഥിതികാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

283 (287) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം എന്നാണ് അവസാനമായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ആശുപത്രികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സ തേടുന്ന രോഗികളുടെ വർദ്ധനവിന് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പുതിയതായി അനുവദിച്ചിട്ടുള്ള എക്സ്റേ, കാത്ത് ലാബ് എന്നിവ പോലുള്ള ആധുനിക സംവിധാനങ്ങൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ഡി) കെട്ടിടം, മെഷീനറി മുതലായ സൗകര്യങ്ങൾ ഉണ്ടായിട്ടും സ്ഥിരം സ്റ്റാഫ് ഇല്ലാതെ, ചികിത്സ നല്കാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായി സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം 2008-ൽ പുതുക്കി നിശ്ചയിച്ചുവെങ്കിലും അതനുസരിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി-ഡി) ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും ജില്ലയിൽ മാനദണ്ഡപ്രകാരമുള്ള ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുവാൻ ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യവകുപ്പിൽ മൂന്ന് വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആർദ്രം മാനദണ്ഡമനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

**ചികിത്സാ നിരക്കുകൾ**

284 (288) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി.എഫ്.തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ നിശ്ചയിക്കുന്നതിനും രോഗികളുടെ പരാതികൾ പരിശോധിക്കുന്നതിനും സർക്കാർ നിയന്ത്രണ അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചികിത്സാ നിരക്കുകൾ, ഓപ്പറേഷൻ നിരക്കുകൾ, ചികിത്സാ ഉപകരണങ്ങളുടെ വില വിവരങ്ങൾ തുടങ്ങിയവ ആശുപത്രികളിൽ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ

"കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡോക്ടർമാരുടെ ഒഴിവുകൾ

285 (289) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ട് അടക്കം എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ ഒഴിവുകൾ കാരണം ആശുപത്രിയുടെ പ്രവർത്തനത്തിൽ ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മൂന്ന് ഒഴിവുകൾ (സൂപ്രണ്ട്-1, കൺസൾട്ടന്റ്-2)

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജനറൽ ട്രാൻസ്ഫർ നടക്കുന്ന സമയത്ത് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കോ പ്രൊമോഷൻ മുഖേനയോ ഒഴിവുകൾ നികത്തുന്നതാണ്.

## ഓപ്പറേഷൻ തീയേറ്റർ

286 (290) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ ഓപ്പറേഷൻ തീയേറ്റർ ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് കാരണം നാളിതുവരെ പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓപ്പറേഷൻ തീയേറ്റർ പ്രവർത്തിപ്പിക്കുന്നതിന്

എത്ര ഡോക്ടർമാർ,/ജീവനക്കാർ ആവശ്യമാണ് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ തസ്തികകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ ഓപ്പറേഷൻ തീയേറ്റർ പ്രവർത്തിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ആരുടെയെല്ലാം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ 2012-ൽ നിർമ്മാണം പൂർത്തിയാക്കിയ ഓപ്പറേഷൻ തീയേറ്റർ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അപര്യാപ്തത ഉണ്ടായിരുന്നെങ്കിലും 2012 മുതൽ പൊതുജനങ്ങളുടെ സൗകര്യാർത്ഥം പ്രവർത്തിക്കുന്നുണ്ട്.

(ബി) ടി ഓപ്പറേഷൻ തീയേറ്ററിന്റെ സുഗമമായ പ്രവർത്തനത്തിന് സർജൻ, ഹെഡ്നേഴ്സ്, സ്റ്റാഫ്നേഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റൻഡന്റ് എന്നീ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്.

(സി) ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) തൃപ്പൂണിത്തുറ നിയമസഭാ സാമാജികൻ അഡ്വ. എം. സ്വരാജിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

**മെഡിക്കൽ കോളേജിലെ അസൗകര്യങ്ങൾ**

287 (291) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും അസൗകര്യങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ?

ഉത്തരം

തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേയ്ക്കും മികവിന്റെ കേന്ദ്രമായും ഉയർത്തുന്നതിന്റെ ഭാഗമായി ഡോക്ടർമാർ അടങ്ങിയ ഉദ്യോഗസ്ഥ സംഘം എയിംസ് സന്ദർശിക്കുകയുണ്ടായി. അവിടുത്തെ ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം നേരിട്ടുകണ്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം അടക്കമുള്ള മെഡിക്കൽ കോളേജിലെ ഒ.പി. വിഭാഗം പ്രസ്തുത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തീരുമാനമെടുക്കുകയും ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 'ആർദ്രം'

പദ്ധതിയുടെ ഭാഗമായി ഒ.പി. ബ്ലോക്ക് എയിംസ് മാതൃകയിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ആശുപത്രി രോഗി സൗഹാർദമാക്കുന്നതിനുള്ള നിരവധി പരിശീലന പരിപാടികൾ നടന്നു വരുന്നു. കൂടാതെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ ട്രെയിനിംഗ് സെന്റർ ആയി മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നു. ട്രോമോകെയറിന് വളരെയധികം പ്രാധാന്യം നൽകി പുതിയ അത്യാഹിത വിഭാഗം ഒരുക്കിവരുന്നു. ഇപ്പോഴുള്ള 3 ഓപ്പറേഷൻ തീയേറ്ററുകൾക്ക് പകരം 8 ഓപ്പറേഷൻ തീയേറ്റർ ഇതിലുണ്ടാകും.

മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനസജ്ജമായി വരികയാണ്. വിവിധ സ്പെഷ്യാലിറ്റികളുടെ തീവ്രപരിചരണ വിഭാഗങ്ങളാണ് പ്രധാനമായും ഈ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സമന്വയിപ്പിച്ചിരിക്കുന്നത്. വിപുലീകരിച്ച ആധുനിക മോർച്ചറി, വയോജനങ്ങളുടെ സമ്പൂർണ്ണ ചികിത്സയ്ക്കുള്ള ജെറിയാട്രിക് വിഭാഗം, അപകടങ്ങൾ സംഭവിച്ചവർക്കായി പോളിട്രോമാ ഐ.സി.യു., മൾട്ടി ഡിസിപ്ലിനറി ഐ.സി.യു., ഹൃദയ സംബന്ധമായ രോഗങ്ങൾക്ക് തീവ്രപരിചരണം നൽകാനുള്ള കാർഡിയാക് ഐ.സി.യു., ഹൃദയം, ശ്വാസകോശം എന്നിവ സംബന്ധമായ ഓപ്പറേഷൻ നടത്തുന്നതിനുള്ള കാർഡിയോ തൊറാസിക് ഓപ്പറേഷൻ തീയേറ്റർ-ഐ.സി.യു. എന്നിവയാണ് ഈ ബഹുനില മന്ദിരത്തിൽ സജ്ജമാക്കുന്നത്.

മെഡിക്കൽ കോളേജിലെ ഒ. പി.-യിലെത്തുന്ന രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒ.പി. സംവിധാനം നവീകരിച്ചുവരുന്നു. ഒ.പി.യിലെ 'ക്യൂ' സമ്പ്രദായം അവസാനിപ്പിച്ച് സാധാരണക്കാരനുകൂടി ഉപയോഗിക്കാൻ പറ്റുന്ന ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തും. ഇതോടെ അതിരാവിലെ വന്ന് കാത്തിരിക്കേണ്ട അവസ്ഥ മാറുകയും മുൻകൂട്ടി നിശ്ചയിച്ച് ഡോക്ടറെ കാണാൻ കഴിയുകയും ചെയ്യും. ഇതിന്റെ നെറ്റ് വർക്കിംഗ് ജോലികൾ പൂർത്തിയായിവരുന്നു . പരീക്ഷണാടിസ്ഥാനത്തിൽ ടോക്കൺ സംവിധാനവും, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വിശ്രമത്തിനായി പുതിയ കസേരകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഫാർമസി കൗണ്ടറും സി.റ്റി. സ്കാൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഇവയ്ക്കെല്ലാംപുറമേ വിദ്യാഭ്യാസം, ഗവേഷണം, രോഗപരിരക്ഷ, സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ്, മെഡിക്കൽ ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, ക്യാമ്പസ് റോഡ് വികസനവും പുനർനിർമ്മാണവും, മാനവശേഷി വികസനം എന്നിവയെ അടിസ്ഥാനമാക്കി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഒരു പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡയാലിസിസ് സെന്റർ**

288 (292) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയെ KMSCL ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഡയാലിസിസ് സെന്ററിനാവശ്യമായ ഉപകരണങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സിവിൽ വർക്കിന്റെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 2017 നവംബർ മാസത്തോടുകൂടി ഡയാലിസിസ് സെന്ററിന്റെ പണി പൂർത്തിയാക്കി ആശുപത്രിക്ക് കൈമാറാവുന്നതാണ്.

**ഭക്ഷ്യസുരക്ഷാ പരിശോധനകൾ**

289 (293) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ മിക്കതും ഗുണമേന്മയില്ലാത്തതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വിഷവസ്തുക്കളും മറ്റും ഉപയോഗിച്ചുണ്ടാക്കുന്നവയുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; ഭക്ഷ്യ വസ്തുക്കൾ, മത്സ്യം, പച്ചക്കറികൾ മുതലായവ വിറ്റഴിക്കുന്ന സ്ഥാപനങ്ങളിൽ എപ്പോഴൊക്കെയാണ് പരിശോധന നടത്താറുള്ളത്;

(സി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാവകുപ്പ് നടത്തിയ പരിശോധനകൾ, സ്ഥാപനങ്ങളുടെ വിശദാംശം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) എവിടെയെങ്കിലും പരാതികളോ മറ്റോ ഉണ്ടാവുമ്പോൾ മാത്രം നടത്തുന്ന പരിശോധനകൾ കൂടാതെ കൃത്യമായ ഇടവേളകളിൽ എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്ഥിരമായി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ എത്തിച്ച് പരിശോധന നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണമേന്മ ഇല്ലെന്ന് കണ്ടെത്തുന്ന ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യം, പച്ചക്കറികൾ മുതലായവ വിൽക്കുന്ന സ്ഥാപനങ്ങളിൽ സ്ഥിരമായി പരിശോധന നടത്തിവരുന്നു. ഇതുകൂടാതെ ചെക്ക് പോസ്റ്റുകളിൽക്കൂടി കടന്നുവരുന്ന വാഹനങ്ങളിൽനിന്നും പച്ചക്കറികളുടെ സാമ്പിളുകൾ പരിശോധിക്കാറുണ്ട്. ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ആഘോഷവേളകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന കർശനമാക്കിവരുന്നു.

(സി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാവകുപ്പ് വിവിധ ജില്ലകളിലായി 4110 (നാലായിരത്തി ഒരുന്നൂറ്റി പത്ത്) സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 512 |
| കൊല്ലം | - | 447 |
| പത്തനംതിട്ട | - | 123 |
| ആലപ്പുഴ | - | 420 |
| കോട്ടയം | - | 600 |
| ഇടുക്കി | - | 279 |
| എറണാകുളം | - | 961 |
| തൃശ്ശൂർ | - | 231 |
| പാലക്കാട് | - | 41 |
| മലപ്പുറം | - | 26 |
| കോഴിക്കോട് | - | 112 |
| വയനാട് | - | 158 |
| കണ്ണൂർ | - | 55 |

കാസർഗോഡ് - 145

സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ഭക്ഷ്യ സുരക്ഷാവകുപ്പ് കൃത്യമായ ഇടവേളകളിൽ, സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്.

**ഫ്ലൂറോസിസിന്റെ അമിത സാന്നിദ്ധ്യം**

290 (294) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഫ്ലൂറോസിസിന്റെ അമിതമായ സാന്നിദ്ധ്യം നിമിത്തം ആരോഗ്യ പ്രശ്നം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ചുള്ള പഠനത്തോടൊപ്പം ഇത് പരിഹരിക്കുവാൻ ദേശീയ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ സേവനം ആലപ്പുഴ ഉൾപ്പെടെയുള്ള ജില്ലകളിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അരൂർ മണ്ഡലത്തിലെ അറ്ഫ ചാരിറ്റബിൾ ട്രസ്റ്റ് ഈ നിലയിലുള്ള പ്രവർത്തനത്തിന് തങ്ങളെ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകിയിട്ടുണ്ടോ;

(ഡി) മറ്റ് സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലെങ്കിൽ നിസ്വാർത്ഥമായും സേവന തല്പരതയോടെയും പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ഈ നിലയിലുള്ള പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത് സഹായിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലെ കുടിവെള്ളത്തിൽ ഫ്ലൂറൈഡിന്റെ സാന്നിദ്ധ്യം കൂടുതലായതുകൊണ്ട് പല്ലുകളെ ബാധിക്കുന്ന ഡെന്റൽ ഫ്ലൂറോസിസ് എന്ന അസുഖം കാണുന്നുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ ദേശീയ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഫ്ലൂറോസിസ് (എൻ.പി.പി.സി.എഫ്) ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

## ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ഒഴിവുകൾ

291 (295) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഈ തസ്തികയ്ക്ക് പി.എസ്.സി. പരീക്ഷ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ പരീക്ഷ എഴുതി; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ശമ്പളം നിർണ്ണയിച്ചത് യോഗ്യതയ്ക്ക് അനുസരണമല്ല എന്ന പരാതി പരിഹരിക്കുന്നതിനും അനോമലി പരിഹരിക്കുന്നതിനും 568709/എച്ച്2/2016/ ആ.കു.വ. എന്ന നിലവിലുള്ള ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; ഈ ഫയലിൽ തീരുമാനം കൈക്കൊള്ളുവാനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; ഈ ഫയൽ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഒരു ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 14-3-2017-ന് ഓൺലൈൻ പരീക്ഷ നടത്തി പത്ത് പേർ പരീക്ഷയിൽ പങ്കെടുത്തു. റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്സ് കേരള അസോസിയേഷൻ (OTKA) -യുടെ നിവേദനം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ടിനയച്ചിരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫയലിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഫീസ് ഏകീകരിക്കാൻ നിയമനിർമ്മാണം

292 (296) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലബോറട്ടറികളിലും, ലാബുകളിലും വിവിധ ടെസ്റ്റുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) പരിശോധനാ ഫീസുകൾ ഏകീകരിക്കാൻ എന്തെങ്കിലും നിയമ

നിർമ്മാണം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വകാര്യ ലബോറട്ടറികളിലും, ലാബുകളിലും വിവിധ ടെസ്റ്റുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാസ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വികസന പ്രവർത്തനങ്ങൾ**

293 (297) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന വിശദ വിവരങ്ങൾ നൽകാമോ;

(ബി) പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ ; ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) മറുപടി അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പാരാമെഡിക്കൽ ഡിഗ്രി കോഴ്സായ ബാച്ചിലർ ഡിഗ്രി ഇൻ കാർഡിയോ വാസ്കുലർ ടെക്നോളജി (BCVT) തുടങ്ങുന്നതിനുള്ള അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

(സി) മറുപടി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**സ്വാശ്രയ മെഡിക്കൽ പ്രവേശനം**

294 (298) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ;

(ബി) മെഡിക്കൽ പ്രവേശനകാര്യത്തിൽ സുപ്രീംകോടതി വിധിയിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും, ഏകീകൃത ഫീസ് ഈടാക്കുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ അധ്യയനം മുടക്കാതിരിക്കുന്നതിന് അവലംബിക്കാനുദ്ദേശിക്കുന്ന മാർഗ്ഗമെന്തെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) NEET-UG 2017-ലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളതും കേരളത്തിലെ മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്നതുമായ വിദ്യാർത്ഥികളിൽനിന്നും സംസ്ഥാന റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച് രാജ്യത്തെ മെഡിക്കൽ/ഡെന്റൽ പ്രവേശനം ഏകീകൃത പ്രവേശന പരീക്ഷയായ നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (NEET-UG)-ലെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കണം.

(സി) 10-4-2017-ലെ 4246/Leg.H1/2017/Law വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2017-ലെ 6-ാം നമ്പർ ഓർഡിനൻസിലെ 11-ാം വകുപ്പിൽ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി കണക്കാക്കിയിട്ടുള്ളത് സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലം, മെഡിക്കൽ കോഴ്സിന്റെ സ്വഭാവം, ഭൂമിയുടെയും കെട്ടിടത്തിന്റെയും വില, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ/അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ/ ഉപകരണങ്ങൾ, മെഡിക്കൽ സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണത്തിനും പരിപാലനത്തിനുമുള്ള ചെലവുകൾ, മെഡിക്കൽ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വേണ്ട ന്യായമായ അധിക തുക, ബന്ധപ്പെട്ട മറ്റ് ഘടകങ്ങൾ എന്നിവയാണ്. ഏകീകൃത ഫീസ് ഈടാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ഹെൽത്ത് ഇൻസ്പെക്ടർ യോഗ്യതകൾ**

295 (299) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിന് നിലവിൽ ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഏതെല്ലാമാണ്;

(ബി) സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമിക്കാൻ പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഹെൽത്ത് ഡയറക്ടറേറ്റ് നടത്തിയ ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് പാസ്സായവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമനത്തിന് പരിഗണിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത കോഴ്സ് പാസായവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിന് പരിഗണിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക പ്രൊമോഷൻ തസ്തിക ആയതിനാൽ നേരിട്ട് നിയമനം നടത്താറില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 എന്ന ക്രമത്തിലാണ് പ്രൊമോഷൻ നടക്കുന്നത്. ആയതിനാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയുടെ യോഗ്യതയായ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് എന്നുള്ളത് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും ബാധകമാണ്.

(ബി) 8-7-2008-ലെ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ സ.ഉ.(അച്ച്) നമ്പർ344/2008/ആ.കു.വ. എന്ന ഉത്തരവനുസരിച്ച് പ്രസ്തുത ഉത്തരവ് തീയതി മുതൽ ഡി.എച്ച്.ഐ.സി. പാസ്സായവർക്കാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനം നടത്തുന്നത്. സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ പരിഗണിക്കുന്നില്ല.

(സി&ഡി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് നടത്തുന്ന ഡി.എച്ച്.ഐ.സി. പാസ്സായവരെയാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനത്തിന് പരിഗണിക്കുന്നത്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2. ഡി.എച്ച്.ഐ.സി. കോഴ്സ് പാസ്സായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി നിയമിതരായി വരുന്നവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പരിഗണിക്കാത്ത സാഹചര്യമില്ല.

**അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ**

296 (300) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പുകളിലായി അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഒഴിവുകൾ നികത്താത്തതുമൂലം സർക്കാർ മെഡിക്കൽ കോളേജുകൾക്ക്

എം.സി.ഐ. അംഗീകാരം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; നിയമന ശിപാർശ നൽകിയതായി അറിവുണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്താൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 270 ഒഴിവുകൾ

(ബി) ഇല്ല.

(സി) ഉണ്ട്. പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റാങ്ക് പട്ടിക നിലവിലുള്ളവയിലേയ്ക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനം**

297 (301) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഒഴിവുകൾക്കുവേണ്ടിയാണ് അപേക്ഷ ക്ഷണിച്ചത്;

(സി) നിയമന ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ സെലക്ഷൻ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) അദ്ധ്യാപകരുടെ അഭാവം മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ സെലക്ഷൻ ലിസ്റ്റ് അടിയന്തരമായി തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി നൽകിയിരിക്കുന്നു*.

(ഡി) തെരഞ്ഞെടുപ്പ് നടപടികൾ വേഗത്തിൽ പൂർത്തിയാക്കുവാനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രേഡ്-2 അറ്റന്റർമാരുടെ നിയമനം

298 (302) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഗ്രേഡ്-2 അറ്റന്റർമാരുടെ ഇന്റർവ്യൂ നടത്തിയിട്ടുണ്ടോ; ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) എത്ര ഒഴിവുകൾ നികത്താനാണ് ഇന്റർവ്യൂ നടത്തിയിട്ടുള്ളത്; പ്രസ്തുത ഒഴിവുകളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ എന്നറിയിക്കാമോ; സംവരണവിഭാഗങ്ങൾക്ക് നിശ്ചയിക്കപ്പെട്ടവരുടെ എണ്ണം, ജാതി, മതം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇന്റർവ്യൂവിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട എത്രപേർ പങ്കെടുത്തിട്ടുണ്ട്; ഇവരിൽ എത്രപേർക്ക് നിയമനം നൽകി; ഇതിലെ സംവരണക്രമം വ്യക്തമാക്കാമോ; പട്ടികവർഗ്ഗത്തിൽപ്പെട്ട ആരൊക്കെയാണ് റാങ്ക് പട്ടികയിൽ ഉള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 56 ഒഴിവുകൾ; സംവരണതത്വം പാലിക്കുന്നുണ്ട്.

| | |
|---|---|
| ഒ.ബി.സി. മുൻഗണന | 4 |
| ഒ.ബി.സി. മുൻഗണന ഇല്ലാത്തത് | 4 |
| പട്ടികജാതി മുൻഗണന | 2 |
| പട്ടികജാതി മുൻഗണന ഇല്ലാത്തത് | 1 |
| പട്ടിക വർഗ്ഗം മുൻഗണന | 1 |
| മുസ്ലീം മുൻഗണന | 2 |
| മുസ്ലീം മുൻഗണന ഇല്ലാത്തത് | 3 |
| എൽ.സി. ആംഗ്ലോ ഇന്ത്യൻ മുൻഗണന | 1 |
| ഹിന്ദു നാടാർ മുൻഗണന | 1 |
| എസ്.ഐ.യു.സി. നാടാർ മുൻഗണന | 1 |
| എസ്.ഐ.യു.സി. നാടാർ മുൻഗണന ഇല്ലാത്തത് | 1 |

| | |
|---|---|
| ഒ.എക്സ്. മുൻഗണന | 1 |
| ഒ.എക്സ്. മുൻഗണന ഇല്ലാത്തത് | 1 |
| മറ്റ് പിന്നോക്ക വിഭാഗം മുൻഗണന | 2 |
| മറ്റ് പിന്നോക്ക വിഭാഗം മുൻഗണന ഇല്ലാത്തത് | 2 |

(സി) 15 പേർ പങ്കെടുത്തിട്ടുണ്ട്;

ജയലക്ഷ്മി.പി, കന്നുകെട്ടിതെക്കേതിൽ പുത്തൻവീട്, മുടിയൂർക്കോണം പി.ഒ. ചെറിക്കൽ, പന്തളം എന്നയാൾക്ക് നിയമനം നൽകിയിട്ടുണ്ട്.

**വ്യാജ സൗന്ദര്യ വർദ്ധക ഉൽപ്പന്നങ്ങൾ**

299 (303) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങൾ ഉപയോഗിച്ച് ചർമ്മരോഗം ബാധിച്ച എത്ര സംഭവങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഡ്രഗ്സ് കൺട്രോൾ വിഭാഗം ഇത്തരം വ്യാജ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനെതിരെ ഇക്കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഈ കേസ്സുകളിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വ്യാജ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ചർമ്മരോഗം ബാധിച്ചത് സംബന്ധിച്ച പരാതികൾ ഒന്നുംതന്നെ കഴിഞ്ഞ ഒരു വർഷ കാലയളവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) കോസ്മെറ്റിക്സ് വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച്, മതിയായ രേഖകളില്ലാതെ സൗന്ദര്യവർദ്ധക വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെയും മിസ്ബ്രാൻഡഡ് ആയ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും നിയമം അനുശാസിക്കുന്ന നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പതിനൊന്ന് സ്ഥാപനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളുടെ പരിഗണനയിലാണ്.

## ഇംഗ്ലീഷ് മരുന്നുകളുടെ ഉപയോഗം

300 (304) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കായി ഇംഗ്ലീഷ് മരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഡോക്ടർമാരുടെ കുറിപ്പില്ലാതെ മരുന്നുകൾ ലഭ്യമാക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് മരുന്നുകളുടെ വിപണനവും ഉപയോഗവും സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ അന്വേഷണത്തിൽ അത്തരത്തിലുള്ള മരുന്നുകൾ നിയമാനുസൃതമല്ലാതെ വിൽപ്പന നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ള മരുന്നുകളെ ഷെഡ്യൂൾ എച്ച്1 എന്ന പ്രത്യേക പട്ടികയിൽ ഉൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രമെ ഇത്തരം മരുന്നുകൾ വിപണനം ചെയ്യാൻ പാടുള്ളൂ. കൂടാതെ ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമം നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനാവേളകളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത രജിസ്റ്ററുകൾ പരിശോധിക്കുകയും നിയമലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം

കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഷെഡ്യൂൾ എച്ച്, എച്ച്1, എക്സ് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന മരുന്നുകൾ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ മേൽനോട്ടത്തിൽ ഡോക്ടറുടെ കുറിപ്പടിക്ക് അനുസൃതമായി മാത്രമേ വിൽപ്പന നടത്താൻ പാടുള്ളൂ എന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് നിഷ്കർഷിക്കുന്നുണ്ട്. മേൽ നിബന്ധന പാലിക്കുന്നുണ്ടോയെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. കുറിപ്പടി പ്രകാരമല്ലാതെയുള്ള അനധികൃത വിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ലൈസൻസ് സസ്പെൻഷൻ, ലൈസൻസ് റദ്ദ് ചെയ്യൽ തുടങ്ങിയ വകുപ്പുതല നടപടികളും അനിവാര്യമാണെന്ന് കാണുന്നപക്ഷം നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവ നിയന്ത്രിക്കുന്നത് കേന്ദ്രനിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940-ഉം അതിനുകീഴിലുള്ള ചട്ടങ്ങൾ (1945) പ്രകാരവുമാണ്. ഔഷധ നിർമ്മാണ-വിതരണ-വ്യാപാരം സംബന്ധിച്ച് പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്.

**ഓൺലൈൻ വ്യാപാരം**

301 (305) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകളുടെ ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ലഹരിക്കായി ഉപയോഗിക്കുന്ന ഹാബിറ്റ് ഫോമിങ്ങ് മരുന്നുകൾ ഓൺലൈനിൽ സുലഭമായി ലഭ്യമാകുന്ന കാര്യം ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിൽ മരുന്നുൽപ്പാദകരെയും വിതരണക്കാരെയും നിയന്ത്രിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടം നിർമ്മിക്കുമോ;

(ഡി) ഓൺലൈൻ മരുന്ന് വ്യാപാരത്തിന് രജിസ്ട്രേഷൻ നൽകുന്നത് ആരാണ്; രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച രീതി വ്യക്തമാക്കുമോ;

(ഇ) ആന്റി ബാക്ടീരിയൽ മരുന്നുകൾ ഇപ്പോൾ ഇന്റർനെറ്റ് വഴി വിൽക്കുന്നുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ ഓൺലൈൻ മരുന്നുവ്യാപാരം നിയമാനുസൃതമാക്കി ക്കൊണ്ടുള്ള ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ല. ഓൺലൈൻ മരുന്നുവ്യാപാരം നിയന്ത്രണപരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി മഹാരാഷ്ട്ര, എഫ്.ഡി.എ. കമ്മീഷണർ ഡോ. ഹർഷ്ദീപ് കാമ്പ്ലെ, ഐ.എ.എസ്.-ന്റെ അദ്ധ്യക്ഷതയിൽ ഒരു ഉപസമിതി രൂപീകരിക്കുവാൻ 48-ാമത് ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്. ടി കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ഔഷധ വ്യാപാരം നിയമാനുസൃതം ആക്കുന്നതിനായുള്ള ഭേദഗതികൾ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ലും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ലും വരുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കർണ്ണാടക, മഹാരാഷ്ട്ര, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ മേൽവിലാസം രേഖപ്പെടുത്തിയിട്ടുള്ള വെബ്സൈറ്റുകളിൽനിന്നും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി വെബ്സൈറ്റുകൾ വഴി മരുന്നുവ്യാപാരം നടത്തിയിരുന്നു. ഏതാനും ഏജൻസികൾക്ക് (സ്നാപ്ഡീൽ, ആമസോൺ, ഫ്ലിപ്കാർട്ട്) എതിരെ സമീപകാലത്ത് ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോൾ അതോറിറ്റികൾ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത നടപടികളെത്തുടർന്ന് ഓൺലൈൻ മരുന്നുവ്യാപാരം സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുകയുണ്ടായി. കേരളത്തിൽ രജിസ്റ്റർ ചെയ്ത ഓൺലൈൻ മരുന്നുവ്യാപാരം നടത്തുന്ന ശൃംഖലകൾ ഒന്നുംതന്നെയില്ല. എന്നിരുന്നാലും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഏജൻസികളുടെ ഓൺലൈൻ ഔഷധ വ്യാപാര വെബ്സൈറ്റുകൾ ശ്രദ്ധയിൽപ്പെടുകയും ആയത് സംബന്ധിച്ച വിശദാംശങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റിയെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. നിലവിൽ മരുന്നുൽപ്പാദകരെയും വിതരണക്കാരെയും നിയന്ത്രിക്കുന്നതിന് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940-ന്

കീഴിൽ വ്യക്തമായ ചട്ടങ്ങൾ (ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945) നിർമ്മിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഓൺലൈൻ മരുന്നുവ്യാപാരം നിയമാനുസൃത മാക്കിക്കൊണ്ടുള്ള ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ ഓൺലൈൻ വ്യാപാരത്തിനായുള്ള ലൈസൻസ് അനുമതിയോ മറ്റ് രജിസ്ട്രേഷനുകളോ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നാളിതുവരെയായി നൽകിയിട്ടില്ല.

(ഇ) കേരളത്തിൽ രജിസ്റ്റർ ചെയ്ത് ഓൺലൈൻ മരുന്നുവ്യാപാരം നടത്തുന്ന ശൃംഖലകൾ ഒന്നും തന്നെയില്ല. എന്നിരുന്നാലും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഏജൻസികളുടെ ഓൺലൈൻ ഔഷധ വ്യാപാര വെബ്സൈറ്റുകൾ ശ്രദ്ധയിൽപ്പെടുകയും ആയത് സംബന്ധിച്ച വിശദാംശങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ലഘുപാനീയങ്ങളുടെ പരിശുദ്ധി**

302 (306) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതികഠിനമായ ചൂടുമൂലം ലഘുപാനീയങ്ങൾ ഉപയോഗിക്കാൻ നിർബന്ധിതരാകുന്ന സാധാരണക്കാർക്ക് കടകളിലൂടെ വില്പന നടത്തുന്ന ലഘുപാനീയങ്ങളുടെയും, ലഘുപാനീയ നിർമ്മാണ വസ്തുക്കളുടെയും പരിശുദ്ധി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എപ്പോഴെങ്കിലും പരിശോധനാവിധേയമാക്കിയിട്ടുണ്ടോ;

(ബി) പരിശോധനയിൽ കമ്പോളത്തിൽ ഇന്ന് ലഭ്യമായ ഏതൊക്കെ ലഘുപാനീയ നിർമ്മാണ വസ്തുക്കൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്ന് അവയുടെ പേരുവിവരം സഹിതം വെളിപ്പെടുത്താമോ;

(സി) ലബോറട്ടറി പരിശോധനാഫലം ഏതിന്റേതെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന രാസവസ്തുക്കളടങ്ങിയ ലഘുപാനീയനിർമ്മാണ വസ്തുക്കൾ പെട്ടിക്കടകളിൽ വരെ വില്പന നടത്തുന്ന ആപത്ക്കരമായ സ്ഥിതി വിശേഷത്തിന്റെ ഗൗരവം ഉൾക്കൊണ്ട്

അടിയന്തര പരിശോധനയ്ക്കും, തുടർനടപടികൾക്കും നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ലഘുപാനീയങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ ലഘുപാനീയനിർമ്മാണ വസ്തുക്കളുടെ പരിശോധന നടത്തിയിട്ടില്ല.

(ബി) ലഘുപാനീയ നിർമ്മാണ വസ്തുക്കൾ പരിശോധനയ്ക്ക് വിധേയ മാക്കിയിട്ടില്ല. എന്നാൽ കമ്പോളത്തിൽനിന്നും ലഭ്യമായിട്ടുള്ള ലഘുപാനീയങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

(സി) ലഘുപാനീയങ്ങളുടെ സാമ്പിളുകൾ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സുരക്ഷാവകുപ്പിന് കീഴിലായി പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധന നടത്തിയതിൽ കാർബോണേറ്റഡ് വാട്ടർ, ഫ്രൂട്ട് ഡ്രിങ്ക്, ടെണ്ടർ കോക്കനട്ട് വാട്ടർ എന്നീ സാമ്പിളുകളുടെ പരിശോധനാഫലത്തിന്റെ പകർപ്പ് ലഭ്യമായിട്ടുണ്ട്. ആയത് ഉള്ളടക്കം ചെയ്യുന്നു*.

(ഡി) അടിയന്തര പരിശോധനകൾക്കും തുടർ നടപടികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹോമിയോ ഡിസ്പെൻസറി**

303 (307) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം മുനിസിപ്പാലിറ്റിയിലെ അഗസ്ത്യൻമുഴിയിൽ ഹോമിയോ ഡിസ്പെൻസറിയുടെ സബ് സെന്റർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് വരുന്നു.

**സ്കാനിംഗ്**

304 (308) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ ഐരാണിമുട്ടം ഹോമിയോ മെഡിക്കൽ കോളേജിൽ സ്കാനിംഗ് നടത്താൻ മാസങ്ങളായി ഡോക്ടറില്ലാത്തതുമൂലം രോഗികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) അടിയന്തര ഓപ്പറേഷൻ ആവശ്യമുള്ള രോഗികൾപോലും ഡോക്ടറില്ലാത്തതിനാൽ സ്കാനിംഗ് നടത്താനാവാതെ, ഓപ്പറേഷൻ മുടങ്ങുന്ന അവസ്ഥയുള്ള കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന ആയിരക്കണക്കിന് രോഗികളുടെ ചികിത്സയ്ക്കുവേണ്ടി സ്കാനിംഗ് ഡോക്ടറെ അടിയന്തരമായി നിയമിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐരാണിമുട്ടം ഹോമിയോ മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ നടത്തുന്നില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**ഡേ കെയർ സംവിധാനം**

305 (309) ശ്രീ. രാജു എബ്രഹാം:
ശ്രീ. പി.ടി.എ. റഹീം:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം ഏറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവരുടെ കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) രക്ഷിതാക്കൾ രണ്ടുപേരും ജോലികളിൽ ഏർപ്പെടുന്നതിനാൽ പണി സ്ഥലത്ത് കൊണ്ടുവരുന്ന കുട്ടികളെ സംരക്ഷിക്കാൻ ഇവർക്ക് സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ഈ മേഖലകളിൽ ഡേ കെയർ സംവിധാനം ഉൾപ്പടെ ലഭ്യമാകുന്ന തരത്തിൽ ശിശു സംരക്ഷണ ശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം കുട്ടികൾക്ക് സമീപ പ്രദേശത്തുള്ള അങ്കണവാടികളിൽ പ്രവേശനം നൽകുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖലകളിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം ഏറിക്കൊണ്ടിരിക്കുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് ഇവരുടെ കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി അങ്കണവാടികൾ മുഖേനയുള്ള സേവനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി വിഷയം സംബന്ധിച്ച് തൊഴിലെടുക്കുന്ന രക്ഷിതാക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രക്ഷിതാക്കൾ രണ്ടുപേരും തൊഴിലിടങ്ങളിൽ പോകുമ്പോൾ കുട്ടികളുടെ സംരക്ഷണത്തിനായി ഡേ കെയർ സംവിധാനമൊരുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇത്തരം കുട്ടികൾക്ക് സമീപത്തെ അങ്കണവാടികളിൽ പ്രവേശനം നൽകുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ഒരു സർക്കുലർ നൽകിയിട്ടുണ്ട്. അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന എല്ലാ സേവനങ്ങളും ഇവർക്കും ലഭ്യമാക്കുന്നതാണ്.

**ചൈൽഡ് വെൽഫെയർ കമ്മിറ്റി**

306 (310) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി) കളുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്;

(ബി) കുടുംബത്തിനുള്ളിൽ അടുത്ത ബന്ധുവിന്റെ പീഡനമേൽക്കുന്ന കുട്ടിയെ സി.ഡബ്ല്യു.സി.-കൾ വീണ്ടും അതേ കുടുംബത്തിലേയ്ക്ക് തന്നെ അയക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ കുടുംബത്തിലേയ്ക്ക് തന്നെ തിരിച്ചയക്കുന്ന കുട്ടിയുടെ ജീവിതം പിന്നീട് എന്തായിത്തീരുന്നു എന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(ഡി) ഇത്തരം കുട്ടികളെ സ്ഥിരമായി സംരക്ഷിക്കാനും അവരുടെ ഭാവിജീവിതം മെച്ചപ്പെടുത്താനും സംവിധാനം ഒരുക്കുമോ?

<u>ഉത്തരം</u>

(എ) 2015 -ലെ ജുവനൈൽ ജസ്റ്റിസ് ആക്റ്റ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആണ് നിലവിൽ പ്രാബല്യത്തിലുള്ളത്. പ്രസ്തുത ആക്ടിന്റെ 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട ചുമതലകളും ഉത്തരവാദിത്വങ്ങളുമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ നിർവ്വഹിച്ചുവരുന്നത്. കൂടാതെ ടി വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം ഉപയോഗിച്ച് രൂപീകരിച്ചിട്ടുള്ള കേന്ദ്ര മാതൃകാചട്ടങ്ങളുടെ ചട്ടം 17-ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ അധിക ചുമതലകളും ഉത്തരവാദിത്വങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. അവയും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ നടപ്പിൽ വരുത്തുവാൻ ബാദ്ധ്യസ്ഥരാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നിയമം അനുശാസിക്കുന്ന വിധത്തിൽ സുശക്തമായ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ ഉത്തമ താൽപ്പര്യത്തിനെതിരാണെന്ന് ബോദ്ധ്യപ്പെടുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ ഉത്തരവുകൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തലത്തിൽ നിയമപ്രകാരം ചോദ്യം ചെയ്യപ്പെടുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ജെ.ജെ. ആക്ടിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്ന വിധത്തിൽ കുട്ടികളെ ഫോളോ അപ്പ് ചെയ്യുന്നതിനുള്ള സംവിധാനവും ആവശ്യമുള്ളവർക്ക് സ്ഥാപന സംരക്ഷണവും ആഫ്റ്റർ കെയർ സംവിധാനവും വകുപ്പ് എർപ്പെടുത്തിവരുന്നുണ്ട്.

(ഡി) സംവിധാനം നിലവിലുണ്ട്. നിർഭയ ഹോമുകളിൽ പീഡനത്തിനിരയായ പെൺകുട്ടികൾക്ക് സംരക്ഷണം നൽകിവരുന്നു.

**ആർദ്രം പദ്ധതി**

307 (311) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ആർദ്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ആർദ്രം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആർദ്രം മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) എല്ലാ ജില്ലകളിലും.

(ബി) തിരുവനന്തപുരം ജില്ലയിലെ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. ബാലരാമപുരം
2. അരുവിക്കര
3. കരകുളം
4. വാമനപുരം
5. ജഗതി ഡിസ്പെൻസറി
6. പള്ളിച്ചൽ
7. കടകംപള്ളി
8. കീഴാറ്റിങ്ങൽ
9. ചെമ്മരുതി
10. കിളിമാനൂർ
11. വട്ടിയൂർക്കാവ്
12. പൂഴനാട്
13. പരണീയം
14. ആമയ്യൽ
15. കോട്ടുകാൽ
16. തോന്നയ്ക്കൽ

(സി)

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ

സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ersure quality of care" എന്ന പദ്ധതി നടപ്പിലാക്കുക.

**ബാലാവകാശ കമ്മീഷൻ**

308 (312) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലാവകാശ കമ്മീഷനിൽ എത്ര അംഗങ്ങളുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ യഥാസമയം നികത്താത്തതുകൊണ്ട് സുപ്രീം കോടതി സംസ്ഥാന സർക്കാരിന് പിഴ ചുമത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് പിഴയിനത്തിൽ ഒടുക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളത്;

(സി) ഇത്തരം ഒഴിവുകൾ യഥാസമയം നികത്താത്തത് ജുവനൈൽ ജസ്റ്റിസ് നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അലംഭാവം വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ടോ; ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6 ഒഴിവുകൾ

(ബി) ഉണ്ട്., Rs. 50,000 (അൻപതിനായിരം രൂപ)

(സി) ഇല്ല. 2005-ലെ ബാലാവകാശ സംരക്ഷണ നിയമപ്രകാരമാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ 8-1-2017-ൽ ഒഴിവുവന്ന 6 അംഗങ്ങളുടെ ഒഴിവ് നികത്തുന്നതിനായി 2016 നവംബർ മാസം

യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ 154 അപേക്ഷകൾ പരിശോധിച്ച് അതിൽനിന്നും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരുടെ ഇന്റർവ്യൂ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമന നടപടികൾ രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായതിനാൽ നിയമന നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. സ്റ്റേ കാലാവധി കഴിഞ്ഞതിനാൽ നിയമന നടപടികൾ ഉടൻതന്നെ പൂർത്തിയാകുന്നതാണ്.

## സ്വകാര്യ ഹോസ്റ്റലുകൾ

309 (313) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾ, സ്ത്രീകൾ, വൃദ്ധജനങ്ങൾ എന്നിവരെ പാർപ്പിക്കുവാൻ വേണ്ടി സ്വകാര്യ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്വകാര്യ ഹോസ്റ്റലുകളിൽ അന്തേവാസികൾ പലതരത്തിലുള്ള പീഡനങ്ങൾ അനുഭവിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) സ്വകാര്യ ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) നിയമം ലംഘിക്കുന്ന ഹോസ്റ്റലുകളെ നിയന്ത്രിക്കുമോ; അമിതമായി അന്തേവാസികളെ താമസിപ്പിക്കുന്ന ഹോസ്റ്റലുകൾ നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവയ്ക്കായി ജസ്റ്റിസ് (റിട്ട.) രാമചന്ദ്രൻ നായർ സി.എൻ. അദ്ധ്യക്ഷനായി രണ്ടംഗങ്ങളുള്ള ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി സ്വകാര്യ വൃദ്ധസദനങ്ങൾ സന്ദർശനം

നടത്തിവരികയാണ്. വൃദ്ധ സദനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്ന് മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ് 2009 റൂൾ 18(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം 10-8-2016-ലെ സ.ഉ.(പി)നമ്പർ 10/2016/സാനീവ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നടപടികൾക്കായി ഓർഫനേജ് കൺട്രോൾ ബോർഡിന് നൽകിയിട്ടുണ്ട്. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള വനിതാഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ഹോസ്റ്റലുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നില്ല. എന്നാൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി പ്രകാരമുള്ള ഹോസ്റ്റലുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാകളക്ടർ ചെയർമാനായി ജില്ലാ വനിതാ ക്ഷേമസമിതി കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ താമസിക്കുന്ന ഏത് സ്ഥാപനവും അത് സ്വകാര്യ ഹോസ്റ്റൽ ആയാലും ജുവനൈൽ ജസ്റ്റിസ് നിയമം 2015 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ട്. ചില സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞ് ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ ഹൈക്കോടതി ജൂലൈ വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) ലഭിക്കുന്ന പരാതിയിന്മേൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്വകാര്യ ഹോസ്റ്റലുകളുടെ ദൈനംദിന പ്രവർത്തനം വകുപ്പ് മോണിറ്റർ ചെയ്യുന്നില്ല.

(ഡി) ജില്ലാ വനിതാ ക്ഷേമസമിതി കമ്മിറ്റിയുടെ മേൽനോട്ടം സ്വകാര്യ വനിതാ ഹോസ്റ്റലുകൾക്കുകൂടി ബാധകമാക്കി ഇതിനായി സർക്കാർതലത്തിൽ നടപടി സ്വീകരിക്കണമെന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**സ്വാവലംബൻ പദ്ധതി**

310 (314) ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. കെ. ആൻസലൻ:

ശ്രീ. കെ. ബാബു:

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗപരിമിതർക്കായി 'സ്വാവലംബൻ' എന്ന പേരിലുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിലുള്ള അംഗപരിമിതരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര രൂപയുടെ ആരോഗ്യ ഇൻഷ്വറൻസാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതെന്നും എത്ര വയസ്സുവരെയുള്ളവർക്ക് ഈ പദ്ധതിയിൽ ചേരുവാൻ സാധിക്കുമെന്നും അറിയിക്കുമോ;

(ഡി) ഇതിൽ വ്യക്തിഗത വിഹിതം എത്ര രൂപയാണെന്നും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അംഗപരിമിതരുടെ ഗുണഭോക്തൃവിഹിതം സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1995-ലെ അംഗപരിമിത ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള അന്ധത, കാഴ്ചക്കുറവ്, കേഴ്വിക്കുറവ്, കുഷ്ഠരോഗം ചികിത്സിച്ച് മാറിയവർ, മാനസിക രോഗം, ചലന വൈകല്യം, ബുദ്ധി മാന്ദ്യം എന്നീ ഏഴ് വിഭാഗങ്ങളിൽപ്പെട്ട അംഗപരിമിതരെയാണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പ്രതിവർഷം പരമാവധി 2 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായിട്ടായിരിക്കും ഒരു കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. 65 വയസ്സുവരെ പ്രായമുള്ള അംഗപരിമിതർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

(ഡി) ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാവുന്നതിന് വ്യക്തിഗത വിഹിതമായി 357 രൂപയാണ് അടയ്ക്കേണ്ടത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതം സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് പദ്ധതി**

311 (315) <u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>
<u>ശ്രീ. കെ.ഡി. പ്രസേനൻ:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2010-2011 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ഒരു പൈലറ്റ് പ്രോജക്ടായി 52 ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന. ടി പദ്ധതി സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു.

(ബി) തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവ കാലയളവിൽ ഉണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ഒരു പരിധിവരെ പരിഹരിക്കുന്നതിനും ഗർഭ-പ്രസവ കാലയളവിൽ സ്ത്രീക്കും കുഞ്ഞിനും ആവശ്യമായ പോഷണ പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണ് പ്രസ്തുത പദ്ധതി.

(സി) 19 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ രണ്ട് സജീവ ജനനത്തിന് 6,000 രൂപ ആനുകൂല്യമായി നൽകുന്നു. 3000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് ആനുകൂല്യം നൽകുന്നത്. സ്ത്രീകളുടെയും അവർ പ്രസവിക്കുന്ന കുഞ്ഞിന്റെയും ആരോഗ്യ-പോഷണ പരിചരണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾ (Anti natal chekup, Immunization, Consumption of IFA tablet, participation of village health nutrition programme, counselling session in infant young child practice) പാലിക്കപ്പെടുന്നതുവഴി ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും

ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു.

(ഡി) ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പദ്ധതിയിൽ ഗുണഭോക്താവിന് ആനുകൂല്യം നൽകുന്ന മുറയ്ക്ക് അങ്കണവാടി വർക്കർമാർക്ക് 200 രൂപയും ഹെൽപ്പർമാർക്ക് 100 രൂപയും ക്യാഷ് ഇൻസെന്റീവ് നൽകുകവഴി അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു.

**മാതൃകാ പദ്ധതികൾ**

312 (316) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾ വഴി നടത്തുന്ന മാതൃകാ പദ്ധതികൾ ഏതെല്ലാം; ആറ്റിങ്ങൽ മണ്ഡലത്തിൽ ഏതെല്ലാം അങ്കണവാടികൾ തെരഞ്ഞെടുത്തിട്ടുണ്ട്; എത്ര തുക നീക്കി വച്ചിട്ടുണ്ട്;

(ബി) അച്ഛനമ്മമാർ മരണമടഞ്ഞ കുട്ടികൾക്ക് ധനസഹായവും, വാർഷിക സ്കോളർഷിപ്പും നൽകുന്ന ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട്;

(സി) പദ്ധതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കുമോ;

(ഡി) എത്ര തുകയാണ് പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ളത്?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണത്തിന് കിളിമാനൂർ ഐ.സി.ഡി.എസ്. പ്രോജക്ടിലെ നഗരൂർ ഗ്രാമപഞ്ചായത്തിലെ 100-ാം നമ്പർ അങ്കണവാടിയെ തെരഞ്ഞെടുത്തിട്ടുള്ളതും ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി ആവശ്യത്തിലേയ്ക്കായി വകുപ്പ് വിഹിതമായി 16,73,894 രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മാതാവോ, പിതാവോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ നിർദ്ധനരായ ഗവ./എയ്ഡഡ് സ്കൂൾ/ കോളേജുകളിൽ ബിരുദം വരെ പഠിക്കുന്ന കുട്ടികൾക്ക് 'സ്നേഹപൂർവ്വം' പദ്ധതിപ്രകാരം വാർഷിക ധനസഹായം നൽകുന്നുണ്ട്.

(സി) 1. പഠിക്കുന്ന കുട്ടികൾ വെള്ളപേപ്പറിലുള്ള അപേക്ഷ ചുവടെപ്പറയുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

(i) ബി.പി.എൽ. റേഷൻ കാർഡിന്റെ പകർപ്പ്/ബി.പി.എൽ. സാക്ഷ്യപത്രം അഥവാ എ.പി.എൽ. ആണെങ്കിൽ, കുടുംബവാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിൽ 20,000 രൂപയിലും നഗരപ്രദേശങ്ങളിൽ 22,375 രൂപയിലും അധികരിക്കാത്തതാണെന്ന് കാണിക്കുന്ന റവന്യൂ അധികൃതരുടെ വരുമാന സർട്ടിഫിക്കറ്റ്.

(ii) മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ടതിന്റെ അംഗീകൃത മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

(iii) അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ്

(iv) കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർബാങ്കിംഗ് സംവിധാനമുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ നിലവിലുള്ള ജോയിന്റ് അക്കൗണ്ടിന്റെ പകർപ്പ്.

2. 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ കാര്യത്തിൽ മുകളിൽ സൂചിപ്പിച്ച രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ഓഫീസിൽ നേരിട്ട് അപേക്ഷ നൽകാവുന്നതാണ്.

3. എല്ലാ അദ്ധ്യയനവർഷങ്ങളിലും പ്രസ്തുത പദ്ധതിക്കായി ഓൺലൈനായി അപേക്ഷ ക്ഷണിക്കുമ്പോൾ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മുഖേന അർഹതയുള്ള അപേക്ഷകൾ ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ആയതിനുശേഷം ലഭിക്കുന്ന പ്രിന്റൗട്ട് സ്ഥാപനമേധാവിയുടെ ഒപ്പും സ്ഥാപനത്തിന്റെ സീലും സഹിതം സാമൂഹ്യ സുരക്ഷാമിഷന്റെ ആഫീസിൽ ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട അപേക്ഷകൾ അംഗീകരിച്ച് ധനസഹായം അവരുടെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ (ഡി.ബി.റ്റി.) ആയി നൽകുന്നു.

(ഡി) 2017-2018 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**അങ്കണവാടികളുടെ ഉന്നമനത്തിനായി പദ്ധതികൾ**

313 (317) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ 3 വർഷത്തിനുള്ളിൽ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

2. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും മാതൃകാ അങ്കണവാണികൾ നിർമ്മിച്ച് 3 തലമുറകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്ന നടപടികൾ നടന്നുവരുന്നു.

3. അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും അങ്കണവാടികൾ സോഷ്യൽ ആഡിറ്റിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അങ്കണവാടികളിൽ പ്രീസ്കൂൾ കരിക്കുലം പരിഷ്കരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ 30 തീമുകൾ ഉൾക്കൊള്ളുന്ന തീം ചാർട്ട് തയ്യാറാക്കി മുഴുവൻ അങ്കണവാടികളിലും ലഭ്യമാക്കുകയും തീം ചാർട്ട് കൈകാര്യം ചെയ്യുന്നതിന് അങ്കണവാടി പ്രവർത്തകർക്ക് പരിശീലനം നൽകുകയും 'അങ്കണത്തൈമാവ്' എന്ന പേരിൽ വർക്കർമാർക്ക് ഹാന്റ് ബുക്ക് ലഭ്യമാക്കുകയും ചെയ്തു. അങ്കണവാടികളിലെ മുഴുവൻ പ്രീസ്കൂൾ കുട്ടികൾക്കും വർക്ക് ബുക്ക് വിതരണം ചെയ്യുകയും വർക്ക് ബുക്ക് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി 'അങ്കണപ്പൂമഴ' എന്ന പേരിൽ വർക്കർമാർക്ക് ഹാന്റ് ബുക്ക് ലഭ്യമാക്കുകയും ചെയ്തു.

5. അങ്കണവാടികളിലെ കുട്ടികൾക്ക് അവരുടെ മാനസിക ശാരീരിക വളർച്ച വിലയിരുത്തുന്നതിനായി അസ്സസ്മെന്റ് കാർഡ്, പ്രീസ്കൂൾ പഠനം പൂർത്തിയാക്കുന്നവർക്ക് പ്രീ സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

6. ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യം റിയൽ ടൈം മോണിറ്റർ ചെയ്യുന്നതിന്റെ തുടക്കമെന്ന നിലയിൽ അട്ടപ്പാടി, മാനന്തവാടി

ബ്ലോക്കുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജാതക് ജനനി. പ്രസ്തുത പദ്ധതി പടിപടിയായി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് 3 വർഷംകൊണ്ട് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അങ്കണവാടികൾക്ക് സ്വന്തമായി ഭൂമി**

314 (318) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടികൾക്ക് സ്വന്തമായി ഭൂമി വിട്ട് നൽകിയവരുടെ ആശ്രിതർക്ക് ജോലി നൽകുമെന്ന വ്യവസ്ഥയിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനിയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി മല്ലികയ്ക്ക് ജോലി സ്ഥിരത നൽകാൻ നടപടികളുണ്ടാകുമോ; 1-12-2013 മുതൽ സ്ഥിരനിയമനത്തിൽ വർക്ക് ചെയ്യുന്ന ഇവർക്ക് ജോലിയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നീലേശ്വരം ഐ.സി.ഡി.എസ്.-ൽ അങ്കണവാടി ഹെൽപ്പറായി നിയമനം ലഭിച്ച ശ്രീമതി മല്ലികയുടെ നിയമനം അനധികൃതമാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ നിർദ്ദേശാനുസരണം നീലേശ്വരം ശിശു വികസന പദ്ധതി ഓഫീസർ ടിയാളെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു. എന്നാൽ ശ്രീമതി മല്ലിക ഇതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി മല്ലികയെ താൽക്കാലികമായി ജോലിയിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ടിയാളുടെ ജോലിസ്ഥിരത സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം**

315 (319) <u>ശ്രീമതി യു. പ്രതിഭ ഹരി:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. വി. ജോയി:</u>

<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം

നിർമ്മിച്ചു നൽകാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള സ്ഥലം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് 3 വർഷംകൊണ്ട് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ പുറമ്പോക്ക് ഭൂമി, ഉപേക്ഷിക്കപ്പെട്ട റോഡുകൾ, മറ്റു വകുപ്പുകളുടെ ഭൂമി, എന്നിവ വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് സംസ്ഥാന ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ, അങ്കണവാടിതല മോണിറ്ററിംഗ് ആന്റ് സപ്പോർട്ട് കമ്മിറ്റി അംഗങ്ങൾ, അങ്കണവാടി പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുടെ സഹായത്തോടെ സ്ഥലം കണ്ടെത്തി ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. നിലവിൽ ഇത്തരത്തിൽ 940 സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ വകുപ്പിന് കൈമാറേണ്ടതുണ്ട്. അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കുന്നവരുടെ ആശ്രിതർക്ക് അങ്കണവാടി പ്രവർത്തകരായി ജോലി നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ സ്കൂൾ കോമ്പൗണ്ടുകളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാനും നിലവിൽ വ്യവസ്ഥയുണ്ട്.

(സി) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് വരുന്നുണ്ട്. നിലവിൽ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 6,600 രൂപയിൽനിന്ന് 10,000 രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 5100 രൂപയിൽനിന്നും 7000 രൂപയായും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

**സൈക്കോ സോഷ്യൽ കൗൺസിലർമാർ**

316 (320) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാരെ GO(P)28/2016/Fin. ൽ

ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമോ നിവേദനമോ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ ഇവരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ;

(സി) എന്നത്തേക്ക് ഈ നടപടികൾ പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

**നെല്ല് സംഭരണം**

317 (321) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിളവെടുപ്പ് സമയത്ത് നെല്ല് സംഭരിക്കാത്തതുമൂലവും മുൻപ് സംഭരിച്ച നെല്ലിന്റെ വില നൽകാത്തതുമൂലവും കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്; കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾ പാലിക്കുന്ന നെല്ല് സംഭരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. ഗുണമേന്മാ ഘടകങ്ങളിൽ വ്യതിയാനം ഉണ്ടാകുന്നപക്ഷം പ്രസ്തുത നെല്ല് കർഷകർ ഉണക്കി പതിരുകളഞ്ഞ് ഗുണമേന്മയുള്ളതാക്കി മാറ്റുന്നതിന് വരുന്ന കാലതാമസം മാത്രമാണ് ഇക്കാര്യത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

2016-2017 സീസണിൽ സപ്ലൈകോ 18-4-2017 വരെ 3.98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകുവാനുള്ള 896.07 കോടി രൂപയിൽ 625.21 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു; ഇനി 270.86 കോടി രൂപ കുടിശ്ശികയുണ്ട്. നെല്ല് സംഭരിച്ചാലുടൻതന്നെ പണം നൽകുവാൻ കഴിയാത്തതുകൊണ്ട് കർഷകർക്ക് വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കേന്ദ്രത്തിൽ

നിന്ന് സംഭരണ വില ലഭിക്കുന്നതിൽ വരുന്ന കാലതാമസമാണ് യഥാസമയം പണം നൽകുവാൻ കഴിയാതെ വരുന്നത്. ഇത് പരിഹരിച്ച് സംഭരിച്ചാലുടൻ പണം ബാങ്കിൽനിന്നും ലഭ്യമാകത്തക്കവിധത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് ഉടൻതന്നെ നടപ്പിൽവരുന്നതാണ്.

**'വിശപ്പ് രഹിത' കേരളം പദ്ധതി**

318 (322) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി.എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവർണറുടെ കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന 'വിശപ്പ് രഹിത കേരളം' പദ്ധതി സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശപ്പ് രഹിത കേരളം പദ്ധതി ഉടനടി സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനുള്ള ത്വരിത നടപടികൾ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) ഈ വർഷത്തെ സംസ്ഥാനത്തെ ബജറ്റിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ റേഷൻ കാർഡുകളുടെ വിതരണം**

319 (323) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥനത്ത് പുതിയ റേഷൻ കാർഡുകളുടെ അച്ചടി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) റേഷൻ സംവിധാനം സുതാര്യമാക്കുന്നതിന്, റേഷൻ കാർഡിലും വിതരണ സംവിധാനത്തിലും എന്തൊക്കെ വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കാനും ആധാറുമായും ബാങ്ക് അക്കൗണ്ടുകളുമായും ബന്ധപ്പെടുത്താനും എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ കാർഡിന്റെ അച്ചടി ധ്രുതഗതിയിൽ നടന്നുവരികയാണ്. മേയ് മാസത്തോടുകൂടി വിതരണം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) എഫ്.സി.ഐ.-യിൽ നിന്നും സർക്കാർ നേരിട്ട് റേഷൻ സാധനങ്ങൾ എടുത്ത് വാതിൽപ്പടി വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

ഇ-പോസ് മെഷീനുകൾ ഉപയോഗിച്ചും ആധാർ ലിങ്ക് ചെയ്തുകൊണ്ടുള്ള ബയോമെട്രിക് സംവിധാനം ഉപയോഗിച്ചുകൊണ്ടും റേഷൻ സാധനങ്ങളുടെ വിതരണം കൂടുതൽ സുതാര്യമാക്കുന്നതാണ്. നാല് തരത്തിലുള്ള റേഷൻ കാർഡുകളാണ് നിലവിൽ വരുന്നത്. എ.എ.വൈ. കാർഡിന് മഞ്ഞ നിറവും മുൻഗണനാ കാർഡുകൾക്ക് പിങ്ക് നിറവും മുൻഗണനേതര സബ്സിഡി കാർഡുകൾക്ക് നീല നിറവും മുൻഗണനേതര കാർഡുകൾക്ക് വെള്ള നിറവുമാണ് ഉള്ളത്. എ.എ.വൈ. കാർഡുകൾക്ക് 35 കിലോ (28 കിലോ അരി 7 കിലോ ഗോതമ്പ്) റേഷൻ സാധനങ്ങളും മുൻഗണനാ വിഭാഗത്തിന് ആളൊന്നിന് 5 കിലോ (4 കിലോ അരി+1 കിലോ ഗോതമ്പ്) ഭക്ഷ്യധാന്യവും സൗജന്യമായും മുൻഗണനേതര സബ്സിഡി കാർഡുകൾക്ക് ആളൊന്നിന് 2 രൂപ നിരക്കിൽ 2 കിലോ ഭക്ഷ്യധാന്യവും മുൻഗണനേതര വിഭാഗത്തിന് ഏപ്രിൽ മാസം 8 കിലോ ഭക്ഷ്യധാന്യവുമാണ് (അരി 8.90 രൂപ നിരക്കിലും ഗോതമ്പ് 6.70 രൂപ നിരക്കിലും) വിതരണം നടത്തുന്നത്.

(സി) റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കാനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടില്ല. ഇ-പോസ് മെഷീനുകൾ ഉപയോഗിച്ച് ആധാർ ലിങ്കിലും കാർഡുടമകളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തുന്ന നടപടികളും നടന്നുവരുന്നു.

**പുതിയ റേഷൻ കാർഡ് വിതരണം**

320 (324) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഉപയോഗിച്ചു വരുന്ന റേഷൻ കാർഡ് ഏത് വർഷത്തിൽ അനുവദിച്ചതാണ്; നിലവിലെ റേഷൻ കാർഡിന് ഒരു പതിറ്റാണ്ടിലേറെ പഴക്കമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ റേഷൻ കാർഡ് വിതരണത്തിനായി ഈ വർഷം ഏതൊക്കെ തീയതികളായിരുന്നു നേരത്തെ നിശ്ചയിച്ചിരുന്നത്;

(സി) പുതിയ റേഷൻ കാർഡുകൾ എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകും എന്നാണ് ഇപ്പോൾ കരുതുന്നത്;

(ഡി) കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെ; വിശദമാക്കുമോ?

ഉത്തരം

(എ) 1-9-2009-ന് നിലവിൽ വന്ന റേഷൻ കാർഡിന് 8 വർഷത്തോളം പഴക്കമുണ്ട്.

(ബി) പുതിയ റേഷൻ കാർഡ് 2017 മാർച്ച് മാസത്തോടെ വിതരണം നടത്തുവാനായിരുന്നു നിശ്ചയിച്ചിരുന്നത്.

(സി) മേയ് മാസത്തോടുകൂടി വിതരണം പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത്.

(ഡി) പുതിയ റേഷൻ കാർഡുകൾ അച്ചടി പൂർത്തിയാക്കി ലാമിനേറ്റ് ചെയ്ത് സ്റ്റാപ്ലിംഗ് ജോലികൾ ചെയ്താണ് വിതരണം നടത്തേണ്ടത്. കൊല്ലം ജില്ലയിലെ 2 താലൂക്കുകളിലെ റേഷൻ കാർഡ് അച്ചടി പൂർത്തിയായി വിതരണത്തിന് ലഭിച്ചിട്ടുണ്ട്. മറ്റ് താലൂക്കുകളിലെയും മറ്റു ജില്ലകളിലെയും റേഷൻ കാർഡ് വിതരണത്തിനുള്ള ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**പുതിയ റേഷൻ കാർഡിന്റെ വില നിശ്ചയിക്കൽ**

321 (325) ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിന്റെ വിതരണം ഏതുഘട്ടത്തിലാണ്;

(ബി) പുതിയ റേഷൻ കാർഡിന്റെ വിതരണം ഏപ്രിലിൽ പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിൽ ഉണ്ടായ തടസ്സം എന്താണ്;

(സി) റേഷൻ കാർഡിന്റെ വില നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) റേഷൻ കാർഡുകളുടെ വിതരണം ആരംഭിക്കാത്തതിനാലും, പുതിയ റേഷൻ കാർഡ് ലഭ്യമാക്കുവാൻ സാധിക്കാത്തതിനാലും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് റേഷൻ കാർഡുകളുടെ വിതരണം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലെ റേഷൻ കാർഡുകളുടെ അച്ചടി പൂർത്തിയാക്കി ലഭിച്ചിട്ടുണ്ട്. മറ്റിടങ്ങളിലെ റേഷൻ കാർഡിന്റെ അച്ചടി പൂർത്തിയായിവരുന്നു. മേയ് മാസത്തോടുകൂടി സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിന്റെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊലൂഷൻ പ്രൊവൈഡർ ആയ സി-ഡിറ്റിനാണ് റേഷൻ കാർഡിന്റെ അച്ചടിയുടെ ചുമതല. പുറംചട്ട അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് ഉൾപേജുമായി കൂട്ടിച്ചേർത്ത് സ്റ്റാപ്പിൾ ചെയ്ത് ബന്ധപ്പെട്ട താലൂക്കുകളിൽ എത്തിക്കുന്നതിനുണ്ടായ കാലതാമസം കൊണ്ടാണ് ഏപ്രിൽ മാസത്തിൽ വിതരണം പൂർത്തിയാക്കാൻ കഴിയാത്തത്.

(സി) ഉണ്ട്. മുൻഗണനേതര വിഭാഗത്തിന് 100 രൂപ മുൻഗണനാ വിഭാഗത്തിന് 50 രൂപ ആദിവാസി വിഭാഗത്തിലെ മുൻഗണനാ വിഭാഗത്തിന് സൗജന്യം .

(ഡി) മേയ് മാസത്തോടുകൂടി റേഷൻ കാർഡുകളുടെ വിതരണം പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**നടപടിക്രമങ്ങൾ**

322 (326) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള

നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണ് നൽകിയിരുന്നത്;

(സി) പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് സംഭവിച്ച കാലതാമസത്തിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) പുതിയ റേഷൻ കാർഡ് സജ്ജമാക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ കാർഡുകളുടെ അച്ചടി പൂർത്തീകരിച്ചുവരുന്നു. മേയ് മാസത്തോടുകൂടി വിതരണം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഉൾപേജുകളുടെ അച്ചടി സർക്കാർ ഏജൻസിയായ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയേയും പുറം ചട്ടയുടെ അച്ചടിയും ലാമിനേഷനും സ്റ്റാപ്ലിംഗും സർക്കാർ ഏജൻസിയായ സി-ഡിറ്റിനുമാണ് നൽകിയിട്ടുള്ളത്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാനിയമപ്രകാരം ഗ്രാമങ്ങളിലെ ജനസംഖ്യയുടെ 52.63%-ഉം നഗര പ്രദേശങ്ങളിലെ 39.5%-ഉം ജനങ്ങൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരേണ്ടതാണ്. നിശ്ചിത ശതമാനം ആൾക്കാരെ താലൂക്ക് അടിസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ടിവന്നതുമൂലം താലൂക്കുതല റാങ്കിംഗിന് പകരം സംസ്ഥാനതല റാങ്കിംഗ് നടത്തുകയുണ്ടായി. റീ-റാങ്കിംഗ് നടത്തി കരട് പട്ടിക അച്ചടിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനായി പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും പൊതുജനങ്ങളുടെ ആവശ്യാർത്ഥം ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്ന ദിവസം ദീർഘിപ്പിക്കേണ്ടിവന്നതിനാലും അത്തരം അപേക്ഷകളിന്മേൽ നേരിൽ കേട്ട് വിവരശേഖരണം നടത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടിയാണ് കാലതാമസം ഉണ്ടായത്.

(ഡി) റേഷൻ കാർഡ് പുതുക്കൽ സംബന്ധിച്ച് വേണ്ടിവരുന്ന ചെലവുകൾക്കായി 61.6 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതേവരെ 44 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രീ-പോപ്പുലേറ്റഡ് ഫോറം അച്ചടി | 3,84,49,985 |
| ഫോട്ടോ ക്യാമ്പ് | 10,70,58,647 |
| ഡാറ്റാ എൻട്രി | 25,27,88,337 |
| കരട് പട്ടിക പ്രസിദ്ധീകരണം | 47,75,576 |
| റേഷൻ കാർഡ് അച്ചടി | 3,50,04,507 |

| | |
|---|---|
| മറ്റിനങ്ങൾ | 19,22,948 |
| ആകെ | 44,00,00,000 |

## നെല്ല് സംഭരണ കുടിശ്ശിക

323 (327) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോ നൽകാനുള്ള തുകയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ & ബി) 2016-2017 സീസണിൽ 18-4-2017 വരെ 3.98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുള്ളത് 896.07 കോടി രൂപയാണ്. കേന്ദ്ര സർക്കാർ സഹായത്തോടെ ഇക്കാര്യത്തിന്മേൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭക്ഷ്യധാന്യങ്ങൾ

324 (328) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിവിധ വിഭാഗങ്ങൾക്കായി നൽകുന്ന ഭക്ഷ്യധാന്യങ്ങൾ എന്തെല്ലാമെന്നും ആയതിന്റെ തൂക്കവും വിലയും എത്രയെന്നും വിശദമാക്കുമോ;

(ബി) പല റേഷൻ കടകളിലും അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കാർഡ് ഉടമകൾക്ക് സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(സി) ഇടക്കൊച്ചി വില്ലേജിൽ താമസിക്കുന്ന ശ്രീമതി പ്രഭാവതി, അർഹതപ്പെട്ട അരി ലഭിക്കാത്തതുസംബന്ധിച്ച് കൊച്ചി സിറ്റി റേഷനിംഗ് ഓഫീസർക്ക് എം.എൽ.എ. വഴി കൊടുത്ത പരാതി നിരസിച്ചതിനെതിരെ എറണാകുളം ജില്ലാ സപ്ലൈ ഓഫീസർക്ക് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചില അവസരങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികളിൽ റേഷൻ കടകളിലെ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസികൾക്കെതിരെ കേരള റേഷനിംഗ് ഉത്തരവ് പ്രകാരം സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പരാതി നൽകിയ ഗുണഭോക്താവിനെ നേരിൽ കാണുകയും തുടർ നടപടിയുടെ വിവരം അറിയിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഈ വിഷയത്തിൽ അന്വേഷണം നടത്തിയതിൽ ബി.പി.എൽ. കാർഡുടമയായ ശ്രീമതി പ്രഭാവതി ദേശീയ ഭക്ഷ്യ ഭദ്രതാനിയമപ്രകാരമുള്ള കരട് മുൻഗണന/മുൻഗണനേതര പട്ടികയിൽ നോൺ പ്രയോരിറ്റി സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുകയും നിലവിലെ ബി.പി.എൽ. പട്ടികയിൽനിന്നും പുറത്താക്കുകയും ചെയ്തു. ഇവരുടെ കാർഡിൽ ഒരംഗം മാത്രമെ ഉള്ളൂ എന്നതിനാൽ ആകെ രണ്ടു കിലോഗ്രാം ഭക്ഷ്യധാന്യത്തിന് മാത്രമെ അർഹത ഉണ്ടായിരുന്നുള്ളൂ. മുൻഗണനാ പട്ടികയിൽനിന്നും ഒഴിവായതിനെതിരെ പരാതി നൽകുകയും ഹിയറിംഗ് നടത്തി വിധവയാണെന്നതുകൂടി പരിഗണിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. സൗജന്യ അരി ലഭ്യമാക്കാനുള്ള ആവശ്യവുമായി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്ത് സഹിതം ടിയാൾ കൊച്ചി സിറ്റി റേഷനിംഗ് ഓഫീസർ എത്തിയ സമയത്ത് നടത്തിയ പ്രാഥമിക പരിശോധനയിൽ പ്രസ്തുത വ്യക്തിയുടെ കാർഡ് അന്തിമ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പരാതി നൽകേണ്ട ആവശ്യമില്ലെന്നും സൗജന്യ നിരക്കിലുള്ള ധാന്യങ്ങൾ ലഭിക്കുമെന്നും അറിയിച്ചിരുന്നു. ടി വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

**കരട് മുൻഗണനാപട്ടിക**

325 (329) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2016 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച കരട് മുൻഗണനാ പട്ടികക്കെതിരെ പതിനാററ ലക്ഷത്തോളം പരാതികൾ ഭക്ഷ്യ വകുപ്പിനു ലഭിച്ചെന്നകാര്യം ശരിയാണോ;

(ബി) എങ്കിൽ പരാതികൾ പരിഹരിച്ച് എന്നത്തേയ്ക്ക് പുതിയ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്;

(സി) പുതിയ മുൻഗണനാ പട്ടിക തയ്യാറാക്കുന്ന ചുമതല സർക്കാർ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും ഇവർ എന്ന് പട്ടിക സർക്കാരിന് കൈമാറുമെന്നും വ്യക്തമാക്കാമോ;

(ഡി) പട്ടിക സർക്കാരിന് ലഭിച്ചാൽ പിന്നീട് ഇതുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശരിയാണ്. 16,73,422 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ കരട് മുൻഗണനാപട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹീയറിംഗ് നടത്തി പരാതികളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാകളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ഓഫീസർ കൺവീനറും ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുകയും പരാതിക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരത്തിനായി നൽകുകയും അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മുൻഗണനാ പട്ടിക തയ്യാറാക്കുന്ന ചുമതല സർക്കാർ ഏജൻസിയായ എൻ.ഐ.സി.യെയാണ് ഏൽപ്പിച്ചത്. അന്തിമ പട്ടിക ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) അന്തിമമായി പ്രസിദ്ധീകരിച്ച മുൻഗണന/മുൻഗണനേതര പട്ടികകൾ അനുസരിച്ച് ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നതും റേഷൻ കാർഡ് വിതരണം സംബന്ധമായ നടപടികൾ തുടരുന്നതുമാണ്.

**റേഷൻ കാർഡ് വിതരണം**

326 (330) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കൽ നടപടികൾ പൂർത്തിയാക്കാത്തതുമൂലം സാധാരണക്കാരായ ജനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ വിവിധ ധനസഹായങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് വിതരണം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പുതുക്കിയ റേഷൻ കാർഡ് എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. നിലിവിലുള്ള റേഷൻ കാർഡ് റദ്ദ് ചെയ്തിട്ടില്ല. ആയതിനാൽ റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

(ബി) റേഷൻ കാർഡുകളുടെ ഉൾപേജുകളുടെ അച്ചടി സർക്കാർ ഏജൻസിയായ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയേയും പുറം ചട്ടയുടെ അച്ചടിയും ലാമിനേഷനും സ്റ്റാപ്ലിംഗും സർക്കാർ ഏജൻസിയായ സി-ഡിറ്റിനേയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. മേയ് മാസത്തോടുകൂടിതന്നെ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**റേഷൻ കാർഡ് പുതുക്കൽ**

327 (331) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ പുതുക്കുന്നതിനായി 16-7-2014 ൽ ആരംഭിച്ച നടപടിയുടെ പുരോഗതി എന്താണ്; വിശദമാക്കുമോ;

(ബി) പുതുക്കിയ റേഷൻ കാർഡുകൾ എന്നു മുതൽ വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) അന്തിമ ഘട്ടത്തിലാണ്. മേയ് മാസത്തോടുകൂടി പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**റേഷൻ കാർഡ് വിതരണം**

328 (332) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര കുടുംബങ്ങളാണ് ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല. മേയ് മാസത്തോടുകൂടിതന്നെ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 35,02,509 മുൻഗണനാ വിഭാഗം കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

| | |
|---|---|
| തിരുവനന്തപുരം | 415437 |
| കൊല്ലം | 314402 |
| പത്തനംതിട്ട | 124376 |
| ആലപ്പുഴ | 242621 |
| കോട്ടയം | 191847 |
| ഇടുക്കി | 153024 |
| എറണാകുളം | 280714 |
| തൃശ്ശൂർ | 327839 |
| പാലക്കാട് | 337521 |

| | |
|---|---|
| മലപ്പുറം | 392123 |
| കോഴിക്കോട് | 305248 |
| വയനാട് | 100851 |
| കണ്ണൂർ | 194049 |
| കാസർഗോഡ് | 122457 |
| ആകെ | 3502509 |

**വിപണിയിടപെടൽ പദ്ധതി**

329 (333) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ധാന്യങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) സിവിൽ സപ്ലൈസ് സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്നു.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനംവരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോയുടെ ഓരോ ഡിപ്പോകളിലും എത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇ-ടെണ്ടർ വഴി വാങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് വിൽപ്പനശാലകളിലൂടെ ലഭ്യമാക്കുന്നത്. വിവിധ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ യഥാസമയം കോന്നിയിലുള്ള സി.എഫ്.ആർ.ഡി. ലാബിലും റീജിയണൽ അനലിറ്റിക്കൽ ലാബിലും സാമ്പിളുകൾ പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യ വസ്തുക്കൾക്ക് എച്ച്.എ.സി.സി.പി., ഐ.എസ്.ഒ. 22000, അഗ്മാർക്ക്, എഫ്.എസ്.എസ്.എ.ഐ. എന്നീ ഗുണമേന്മ നിർബന്ധമാക്കിയിട്ടുണ്ട്.

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനം**

330 (334) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നൂതന സംരംഭങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നിലവിൽ താഴെപ്പറയുന്നവ നടപ്പിലാക്കിവരുന്നു.

പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചുവരുന്നു. സ്ഥല ദൗർലഭ്യമുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനും ആവശ്യാനുസരണം സാധനങ്ങൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ വിൽപ്പനശാലകളിൽ എത്തിക്കുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട്ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആവശ്യമായ

സന്ദർഭങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റു ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സുസജ്ജമായ ഒരു ആഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും മേഖലാ കാര്യാലയതലത്തിലും കേന്ദ്രകാര്യാലയതലത്തിലും പ്രവർത്തന അവലോകനം കൃത്യമായി നടത്തുന്നു. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പനശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ആഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വിൽപ്പനശാലകളിൽ പരിശോധന നടത്തുന്നു.

**റേഷൻ കാർഡുടമകളുടെ തരംതിരിവ്**

331 (335) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുടമകളെ പ്രയോറിറ്റി, നോൺ പ്രയോറിറ്റി വിഭാഗമായി തിരിച്ചതിനെ തുടർന്നുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഗ്രാമസഭകൾ ചേർന്ന് അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന നടപടി പൂർത്തീകരിച്ചോ; എത്രയാളുകളെ കണ്ടെത്തി; പകരം അർഹതയുള്ളവരെ ഉൾപ്പെടുത്തിയോ;

(സി) അർഹതയുള്ള മുഴുവൻ ആളുകൾക്കും ആനുകൂല്യം ലഭ്യമാക്കുമോ?

ഉത്തരം

(എ) റേഷൻ കാർഡ് ഉടമകളെ മുൻഗണനാ/മുൻഗണനേതര വിഭാഗമായി തിരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാർഡുകൾ അച്ചടിച്ച് മേയ് മാസത്തോടുകൂടി വിതരണം പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള അർഹർ/അനർഹർ പട്ടിക ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസുകളിൽ നൽകി റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നേരിട്ട് പരിശോധന നടത്തിവരികയാണ്. പരിശോധനാ റിപ്പോർട്ട് ലഭ്യമായശേഷം റീ-റാങ്കിംഗ് നടത്തി അനർഹരെ ഒഴിവാക്കുകയും അർഹരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അർഹരായ എല്ലാപേർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്.

**അരിയുടെ സബ്സിഡി**

332 (336) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്ധ്രയിൽ നിന്നുള്ള അരി ലഭ്യതയിൽ കുറവുവന്ന സാഹചര്യമെന്താണ്; ഇതിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അരിക്ക് സബ്സിഡി ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സപ്ലൈകോ വഴി ഗുണനിലവാരമുള്ള അരി സബ്സിഡി നിരക്കിൽ ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടായതിന് കാരണമെന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജയ അരിയുടെ ഉൽപ്പാദനകേന്ദ്രമായ ആന്ധ്രയിൽ വരൾച്ചമൂലം ഉണ്ടായ വിള നഷ്ടം ഉൽപ്പാദനത്തിൽ വൻ കുറവുണ്ടാക്കുകയും ആയത് കേരളത്തിലേയ്ക്കുള്ള അരി ലഭ്യത കുറയാൻ ഇടയാക്കുകയും തന്മൂലം ലഭ്യമായ അരിയുടെ വില വളരെ ഉയരുകയും ചെയ്തു. ഇത് തരണം ചെയ്യുന്നതിനായി ജയ അരി (ആന്ധ്രയിൽ നിന്നല്ലാത്തത്) ജനുവരി മുതൽ ഇ-ടെണ്ടർ വഴി വാങ്ങിയതോടെ വിൽപ്പനശാലകളിൽ അരി ലഭ്യത വർദ്ധിച്ചു.

(ബി) സപ്ലൈകോ വഴി പച്ചരി, മട്ട, ജയ, കുറുവ ഇനം അരിക്ക് പുറമേ ആന്ധ്ര ഇതര ജയ, എഫ്.സി.ഐ. (ഒ.എം.എസ്.എസ്.) പച്ചരി, പുഴക്കലരി എന്നിവയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി വിലയിൽ വിതരണം നടത്തിവരുന്നത്. ഇവയുടെ സബ്സിഡി ഒഴിവാക്കിയിട്ടില്ല.

(സി) സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ ഗുണനിലവാരം ഉറപ്പാക്കിയ അരി മാത്രമാണ് വിതരണം നടത്തിവരുന്നത്.

**സംഭരണ കേന്ദ്രം**

333 (337) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് സപ്ലൈ ഓഫീസുകൾക്ക് കീഴിൽ റേഷൻ മൊത്തവിതരണത്തിനായി ഉള്ള സാധനങ്ങൾ സംഭരിക്കുന്നതിലേക്കായി, ഓരോ താലൂക്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു സംഭരണ കേന്ദ്രം എന്ന

പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനത്തെ എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകൾക്കും ഇത്തരത്തിലുള്ള സംഭരണ കേന്ദ്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സംഭരണ കേന്ദ്രങ്ങളുടെ വാടകയിനത്തിൽ പ്രതിമാസം എത്രലക്ഷം രൂപയാണ് ചെലവ് വരിക; ഓരോ താലൂക്കിലും റവന്യൂ വക സ്ഥലം ഉണ്ടെങ്കിൽ ഈ ആവശ്യത്തിലേയ്ക്ക് വിട്ടുനൽകിയാൽ ഭീമമായ തുക വാടക നൽകുന്നത് ഒഴിവാക്കാനാവുമെന്നത് പരിശോധിക്കുമോ;

(സി) റാന്നി താലൂക്ക് സപ്ലൈ കേന്ദ്രത്തിനു വേണ്ടി, ചെറുകോൽ വില്ലേജിൽ പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഉപയോഗിക്കാത്ത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എഫ്.സി.ഐ.-ൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ടി ഗോഡൗണുകളിൽ സംഭരിച്ച് സംസ്ഥാനത്തുടനീളമുള്ള റേഷൻ കടകളിൽ നേരിട്ട് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സംഭരണകേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തുടനീളം 90 ഗോഡൗണുകൾ മുഖേന സംഭരണ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഗോഡൗണുകൾക്ക് ചതുരശ്ര അടിക്ക് ശരാശരി 14 രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 99.75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. റേഷൻ മൊത്തവ്യാപാര ഗോഡൗണുകൾ സ്ഥാപിക്കുവാനായി സംസ്ഥാനത്തെ റവന്യൂ പുറമ്പോക്ക് ഭൂമി സപ്ലൈകോയ്ക്ക് ലഭ്യമാകുന്നതനുസരിച്ച് ഗോഡൗൺ സ്ഥാപിക്കുവാൻ കഴിയും. സ്വന്തമായി ഗോഡൗൺ സ്ഥാപിക്കാനായാൽ വാടക ഇനത്തിൽ നൽകുന്ന തുക ഗണ്യമായി കുറയ്ക്കാനാകും.

(സി) റാന്നി താലൂക്കിൽ ചെറുകോൽ വില്ലേജിൽ ഗോഡൗൺ നിർമ്മാണത്തിനായി കണ്ടെത്തിയ 1.60 ഏക്കർ സ്ഥലം (റീ-സർവ്വേ നമ്പർ 102/05) വകുപ്പിന് കൈമാറി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് റിക്വസിഷൻ ഫോം നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികളായിട്ടില്ല.

**നെല്ല് സംഭരണം**

334 (338) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഈ സീസണിലെ നെല്ല് സംഭരണം എന്നാണ് ആരംഭിച്ചത്; ആകെ എത്ര ടൺ നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നെല്ല് സംഭരിച്ച ഇനത്തിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക കുടിശ്ശികയുണ്ട്; കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 2016-2017 സീസണിൽ, തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണം 01-6-2017 മുതൽ ആരംഭിക്കുകയും 18-4-2017 വരെ 42494.363 മെ.ടൺ നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 18-4-2017 വരെ നെല്ല് സംഭരിച്ച വകയിൽ തൃശ്ശൂർ ജില്ലയിൽ ആകെ നൽകുവാനുള്ള തുക 95.61 കോടി രൂപയാണ്. ഇതിൽ 59.63 കോടി രൂപ നൽകിക്കഴിഞ്ഞു. കുടിശ്ശിക 35.98 കോടി രൂപയാണ്. കുടിശ്ശിക തീർക്കുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു.

**പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി**

335 (339) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന തുച്ഛമായ പെൻഷൻ വർദ്ധിപ്പിച്ച നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാന സർവ്വീസ് പെൻഷൻകാരുടേതുപോലെ ഇവർക്കും പെൻഷൻ നൽകാൻ നടപടികളുണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സപ്ലൈകോ ജീവനക്കാർക്ക് നാഷണൽ പെൻഷൻ സിസ്റ്റം (NPS) നടപ്പിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ**

336 (340) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സഞ്ചരിക്കുന്ന എത്ര മാവേലി സ്റ്റോറുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ജില്ലയിലെ ജനസംഖ്യാ ബാഹുല്യം കണക്കിലെടുത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ സപ്ലൈകോയുടെ പെരിന്തൽമണ്ണ ഡിപ്പോയുടെ

കീഴിൽ സഞ്ചരിക്കുന്ന ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലവിലെ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പിൽ വരുത്തുന്നത്.

**സബ്സിഡി നൽകുന്ന ഭക്ഷ്യവസ്തുക്കൾ**

337 (341) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഏതൊക്കെ സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നതെന്ന് വിശദീകരിക്കാമോ;

(ബി) സാധനങ്ങൾക്ക് പൊതുമാർക്കറ്റിനേക്കാളും വിലകൂട്ടി മാവേലിസ്റ്റോർ വഴി വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചെറുപയർ, ഉഴുന്ന് (ബോൾ), വൻകടല, തുവരപ്പരിപ്പ്, വൻപയർ, വെളിച്ചെണ്ണ, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, ഒ.എം.എസ്.എസ്. പുഴുക്കലരി, ഒ.എം.എസ്.എസ്. പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നീ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നത്.

(ബി) ഇല്ല. പൊതുവിപണിയേക്കാളും കുറഞ്ഞ വിലയിലാണ് സപ്ലൈകോയിൽനിന്നും എല്ലാ സാധനങ്ങളും വിൽപ്പന നടത്തിവരുന്നത്.

**പുതിയ റേഷൻ കാർഡുകളുടെ എണ്ണം**

338 (342) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ എത്ര റേഷൻ കടകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഓരോ കടകളിലേക്കും അനുവദിച്ചിട്ടുള്ള പുതിയ റേഷൻ കാർഡുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പുതിയ കാർഡുകളുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലം താലൂക്കിൽ 122 റേഷൻ കടകളുണ്ട്.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) മേയ് മാസത്തോടുകൂടി തന്നെ പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വാക്കനാട് കേന്ദ്രമാക്കി മാവേലി സ്റ്റോർ**

339 (343) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന കരീപ്ര പഞ്ചായത്തിലെ വാക്കനാട് കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സ്ഥലം എം.എൽ.എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യവും സെക്യൂരിറ്റി തുകയും ലഭ്യമാക്കാമെന്ന ഉറപ്പുനൽകിയിട്ടും മാവേലി സ്റ്റോർ ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സ്ഥലത്ത് മാവേലിസ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) എം.എൽ.എ. നൽകിയ കത്ത് പ്രകാരം കരീപ്ര പഞ്ചായത്തിലെ വാക്കനാട് കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യത്തിൽ സപ്ലൈകോ തിരുവനന്തപുരം മേഖലാ മാനേജർ മുഖേന സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം**

340 (344) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ എന്നാണ് ആരംഭിച്ചത്;

(ബി) ഇത്ര നാളായിട്ടും പുതുക്കിയ റേഷൻ കാർഡുകൾ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മുമ്പ് ബി.പി.എൽ. കാർഡ് ഉണ്ടായിരുന്ന ബഹുഭൂരിപക്ഷം കുടുംബങ്ങളും കരട് ലിസ്റ്റ് വന്നപ്പോൾ എ.പി.എൽ. ആയി മാറി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയത് വഴി എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞു;

(ഇ) പുതിയ റേഷൻ കാർഡ് എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രഖ്യാപിക്കാമോ?

<u>ഉത്തരം</u>

(എ) 16-7-2014-ന് ആരംഭിച്ചു.

(ബി&സി) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽനിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20-10-2016 -ന് പ്രസിദ്ധീകരിക്കുകയും 20-10-2016 മുതൽ 5-11-2016 വരെ കരട് പട്ടികയിന്മേൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം നൽകുകയും അന്തിമ പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകുകയും

ചെയ്തിരുന്നു. പ്രസ്തുത പട്ടിക ലഭിച്ചശേഷമാണ് അച്ചടി ജോലികൾ ആരംഭിച്ചത്.

റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയ സി-ഡിറ്റിനാണ് റേഷൻ കാർഡിന്റെ അച്ചടിയുടെ ചുമതല. പുറംചട്ട അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് ഉൾപേജുമായി കൂട്ടിച്ചേർത്ത് സ്റ്റാപ്പിൾ ചെയ്ത് ബന്ധപ്പെട്ട താലൂക്കുകളിൽ എത്തിക്കുന്നതിനുണ്ടായ കാലതാമസം കൊണ്ടാണ് ഏപ്രിൽ മാസത്തിൽ വിതരണം പൂർത്തിയാക്കാൻ കഴിയാത്തത്. മേയ് മാസത്തോടുകൂടി മുഴുവൻ റേഷൻകാർഡും വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ, നഗരം വേർതിരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായിട്ടുള്ള മാർഗ്ഗനിർദ്ദേശം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തിന്റെയും സാമൂഹിക സാമ്പത്തിക അവസ്ഥ കണക്കിലെടുത്താണ് ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 52.63%-ഉം നഗരപ്രദേശങ്ങളിലെ 39.5%-ഉം ഉൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തുകളിൽനിന്നും ലഭിച്ച അനർഹരുടെ പട്ടിക പരിശോധിച്ചുവരികയാണ്. പരിശോധനയിൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 1524161 പരാതികൾ.

(ഇ) മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

## സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകൾ

341 (345) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലവിൽ സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പുതുതായി സിവിൽ സപ്ലൈസ് സൂപ്പർമാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എടക്കര എന്ന സ്ഥലത്ത് സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

## വിലക്കയറ്റം തടയാൻ നടപടി

342 (346) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെയും പലവ്യഞ്ജനത്തിന്റെയും വില ക്രമാതീതമായി ഉയർന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിലക്കയറ്റംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം എത്തിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പൊതുവിപണിയിലെ അരി വില കുറയ്ക്കുവാൻ അരിക്കടകൾ എത്രമാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ; പൊതുകമ്പോളത്തിൽ നിലവിൽ ജയ, മട്ട എന്നീ ഇനങ്ങളിൽപ്പെട്ട അരിയുടെ വില കിലോയ്ക്ക് എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) പൊതുവിപണിയിൽ ഇടപെടുന്നതിൽ സർക്കാരിനുണ്ടായ പരാജയമാണ് പച്ചക്കറിയ്ക്കും അവശ്യസാധനങ്ങൾക്കും സംസ്ഥാന ചരിത്രത്തിലെ റിക്കാർഡ് വിലവർദ്ധനവിന് കാരണമായതെന്ന ആക്ഷേപം പരിഗണിച്ച്, സിവിൽ സപ്ലൈസിനും കൺസ്യൂമർഫെഡിനും കമ്പോള ഇടപെടലിന് അധികതുക അനുവദിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 16 ഇനം അവശ്യ സാധനങ്ങളാണ് സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീ സെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ

ലഭ്യമാക്കിവരുന്നു. കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി.-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലവർദ്ധനവ് തടയുന്നതിനുമായി അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്.

(സി) വിപണിയിൽ കൂടുതൽ അരി കുറഞ്ഞ വിലയിൽ ലഭ്യമാക്കുവാനുള്ള നടപടിയുടെ ഭാഗമായി ആരംഭിച്ച അരിക്കടകളിലൂടെ ഉപഭോക്താക്കൾക്ക് എല്ലാത്തരം അരികളും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഓയിൽപാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി എന്ന പേരിൽ മട്ട (ഉണ്ട) അരി കിലോഗ്രാമിന് 33 രൂപ നിരക്കിലും ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിപണിയിൽ നിലവിൽ മട്ട അരിയുടെ വില കിലോഗ്രാമിന് 40 രൂപയും ജയ അരി കിലോഗ്രാമിന് 43.75 രൂപയുമാണ്.

(ഡി) പൊതുവിപണിയിൽ വളരെ കാര്യക്ഷമമായി ഇടപെട്ടതുമൂലം, മാർക്കറ്റ് ഇടപെടൽ പദ്ധതി വഴിയുള്ള അവശ്യവസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിതരണം, ഓണക്കാലത്തെ സൗജന്യ ബി.പി.എൽ. കിറ്റ് വിതരണം, ഓണക്കാലത്തെ സ്പെഷ്യൽ പഞ്ചസാര വിതരണം എന്നിവ വഴി 2016-2017 ഫെബ്രുവരി മാസം വരെ സപ്ലൈകോ 402.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-2018 സാമ്പത്തികവർഷത്തിൽ വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് 150 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഭക്ഷ്യഭദ്രതാ നിയമം**

343 (347) <u>ശ്രീ. വി. ഡി. സതീശൻ :</u>
<u>ശ്രീ. ഐ.സി.ബാലകൃഷ്ണൻ :</u>
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി :</u>

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം നടപ്പിലാക്കേണ്ട വാതിൽപ്പടി വിതരണം ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചു എന്നും വാതിൽപ്പടി വിതരണം നടപ്പിലാക്കേണ്ട തീയതി എന്നായിരുന്നു എന്നും വ്യക്തമാക്കുമോ;

(സി) വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ ഗോഡൗണുകൾ സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ട്;

(ഡി) റേഷൻ കടകളിൽ ആധാർ അധിഷ്ഠിതമായ ബയോമെട്രിക് സാങ്കേതികവിദ്യയുടെ പിൻബലത്തിലുള്ള കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനാലിസ്റ്റ് പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) വാതിൽപ്പടി വിതരണത്തിന്റെ പ്രാരംഭ ഘട്ടം 2017 മാർച്ച് 9 മുതൽ കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 2017 മേയ് 1 മുതൽ നടപ്പാക്കുന്നതിന് ക്രമീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മറ്റു ജില്ലകളിൽ വാതിൽപ്പടി വിതരണം നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കൊല്ലം ജില്ലയിൽ 7 ഗോഡൗണുകളും തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ 35 ഗോഡൗണുകളുമുൾപ്പെടെ സംസ്ഥാനത്തൊട്ടാകെ വാതിൽപ്പടി

വിതരണം ആരംഭിക്കുന്നതിനായി 70 ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ചുവരികയുമാണ്. 2017 ജൂൺ മാസത്തോടുകൂടി ഇ-പോസ് മെഷീനുകൾ റേഷൻ കടകളിൽ സ്ഥാപിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വാതിൽപ്പടി വിതരണം**

344 (348) ശ്രീ. സി. ദിവാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഭക്ഷ്യഭദ്രതാ നിയമം 2013 പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിവരുന്നതിൽ പ്രായോഗിക തടസ്സങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് ജില്ലകളിൽ ഭക്ഷ്യഭദ്രതാ നിയമം എന്നത്തേയ്ക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണത്തിന് ജീവനക്കാരുടെ അഭാവം ഉണ്ടാകുമെന്ന് കണക്കാക്കുന്നുണ്ടോ; വാതിൽപ്പടി വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനിലും സിവിൽ സപ്ലൈസ് വകുപ്പിലും എത്ര തസ്തികകൾ ആണ് അധികം വേണ്ടതെന്ന് പഠനം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്; പ്രായോഗിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ പരിഹരിച്ചുവരുന്നു.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസം മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനെത്തുടർന്ന് മറ്റ് ജില്ലകളിലും വാതിൽപ്പടി വിതരണം നടപ്പിലാക്കുന്നതാണ്.

(സി&ഡി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ തസ്തികകൾ എവിടെയൊക്കെ ആവശ്യമാണെന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. ഇക്കാര്യം വ്യക്തമായി വിലയിരുത്തിയശേഷം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഭക്ഷ്യവസ്തുക്കൾക്ക് ഏകീകൃത നിരക്ക്**

345 (349) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; പല ഹോട്ടലുകളിലും ഒരേ ഭക്ഷ്യവസ്തുവിന് പല വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യവസ്തുക്കളുടെ ഏകീകൃത നിരക്ക് ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും അമിത നിരക്ക് ഈടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സർക്കാർ നിയന്ത്രണത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടില്ല. എന്നാൽ അവശ്യ സാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വിലവർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിൽ ഒരേ

ഭക്ഷണത്തിന്റെ വിലയിൽത്തന്നെ നേരിയ വ്യത്യാസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലെ നിയമം അനുസരിച്ച് ഹോട്ടൽ ഭക്ഷണത്തിന്റെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഉറപ്പ് വരുത്താനായും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണ സാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു.

**വിലവർദ്ധനവ്**

346 (350) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്ക് പുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നു.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനംവരെ വിലക്കുറച്ച് ഫ്രീ സെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി,

മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 വിലക്കുറവിൽ വിറ്റുവരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകളും ആരംഭിച്ചിട്ടുണ്ട്.

**സൗജന്യ ആനുകൂല്യങ്ങൾ**

347 (351) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-10-2016-ലെ 877595/D3/2016 ഭ.പൊ.വി.പി. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് പമ്പുകളിൽ ലഭ്യമാക്കേണ്ട സൗജന്യ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും 90% പമ്പുകളിലും ഇവ ലഭ്യമാക്കുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി പമ്പുകളിൽ ഇടയ്ക്കിടെ പരിശോധന നടത്താറുണ്ടോ;

(ബി) എങ്കിൽ പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരം വെളിപ്പെടുത്തുമോ;

(സി) പരിശോധന കൃത്യമായി നടക്കുന്നുണ്ടെന്നും ഉപഭോക്താക്കൾക്ക് മുടക്കമില്ലാതെ ഇത്തരം സൗജന്യസേവനങ്ങൾ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുമോ?

<u>ഉത്തരം</u>

(എ-സി) പെട്രോൾ പമ്പുകളിൽ പരിശോധന നടത്തുമ്പോൾ ഉപഭോക്താക്കൾക്ക് പമ്പുകളിൽ ലഭ്യമാക്കേണ്ട സൗജന്യ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി എണ്ണക്കമ്പനി ഉദ്യോഗസ്ഥർ കാലാനുസൃതമായി പമ്പുകളിൽ പരിശോധന നടത്താറുണ്ട്. കമ്പനി ഉദ്യോഗസ്ഥർക്ക് പുറമേ സിവിൽ സപ്ലൈസ് വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത ഓഫീസർമാരും പമ്പുകളിൽ പരിശോധന നടത്താറുണ്ട്. ഉപഭോക്താക്കൾക്ക് ഇത്തരം സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും എണ്ണക്കമ്പനികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**ഗുണനിലവാരമുള്ള സാധനങ്ങൾ**

348 (352) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും

സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള സാധനങ്ങൾ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ വഴി സബ്സിഡി നിരക്കിലും എഫ്.എസ്.എസ്.ആർ. (ഫ്രീ സെയിൽ സബ്സിഡി റേറ്റ്) നിരക്കിലും അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായിട്ടാണ് വിൽപ്പനയ്ക്ക് തയ്യാറാക്കുന്നത്. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സാധനങ്ങളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി മാത്രമേ വിതരണം ചെയ്യുന്നുള്ളൂ.

(നക്ഷത്രചിഹ്നമിടാത്ത 35, 188, 207, 244 എന്നീ നമ്പർ ചോദ്യോത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II. ചരമോപചാരം

### പി. ശിവശങ്കറിന്റെ നിര്യാണം.

മി. സ്പീക്കർ : മുൻ കേരള ഗവർണർ പി. ശിവശങ്കർ 2017 ഫെബ്രുവരി 27-ന് അന്തരിച്ചു.

ഹൈദരാബാദിലെ മാമിഡിപള്ളിയിൽ 1929 ആഗസ്റ്റ് 10-ന് പി. ശിവശങ്കർ ജനിച്ചു. ദാരിദ്ര്യം കാരണം ബാല്യത്തിൽത്തന്നെ വീടുവിട്ടിറങ്ങി അമൃത്സറിലെത്തിയ അദ്ദേഹം നിരവധി ജോലികൾ ചെയ്താണ് വിദ്യാഭ്യാസം നടത്തിയത്. അമൃത്സർ ഹിന്ദു കോളേജിൽനിന്നും ബിരുദം നേടിയശേഷം ഹൈദരാബാദ് ഓസ്മാനിയ സർവ്വകലാശാലയിൽനിന്നും നിയമബിരുദം കരസ്ഥമാക്കി. അഭിഭാഷകനായി ഔദ്യോഗികവൃത്തി ആരംഭിച്ച അദ്ദേഹത്തിന് 1974-ൽ ആന്ധ്രാപ്രദേശ് ഹൈക്കോടതി ജഡ്ജിയായി നിയമനം ലഭിച്ചു. പിന്നീട് രാഷ്ട്രീയത്തിൽ സജീവമായ പി. ശിവശങ്കർ 1979-ൽ സെക്കന്ദരാബാദിൽനിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രതിനിധിയായി ആറാം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1980-ലും ലോക്സഭാ അംഗമായ അദ്ദേഹം ഇന്ദിരാഗാന്ധി മന്ത്രിസഭയിൽ നിയമ വകുപ്പുമന്ത്രിയായി. അതിനുശേഷം 1985-ൽ രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും മാനവശേഷിവികസനം, വിദേശകാര്യം എന്നീ വകുപ്പുകളുടെ മന്ത്രിയായി പ്രവർത്തിക്കുകയും ചെയ്തു. 1993-വരെ രാജ്യസഭാംഗമായി തുടർന്നു. 1994-ൽ സിക്കിം ഗവർണറായി പി. ശിവശങ്കർ ചുമതലയേറ്റു. 1995 നവംബർ മുതൽ 1996 മേയ് വരെ കേരള ഗവർണറായി സേവനമനുഷ്ഠിച്ചു. പി. ശിവശങ്കറിന്റെ നിര്യാണത്തോടെ മികച്ച പാർലമെന്റേറിയനേയും കഴിവുറ്റ ഭരാണാധികാരിയേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III. ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, ജി. എസ്. ജയലാൽ, പി. ഉബൈദുള്ള എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV. അടിയന്തരപ്രമേയം

### മൂന്നാറിലെ അനധികൃത കയ്യേറ്റം

മി. സ്പീക്കർ: മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികൾ നിർത്തിവച്ചതുമൂലവും കയ്യേറ്റം ഒഴിപ്പിക്കാൻ നേതൃത്വം നൽകിയ ഉദ്യോഗസ്ഥന്മാരെയും രാഷ്ട്രീയ നേതാക്കളെയും പരസ്യമായി ആക്ഷേപിച്ചും സ്ത്രീത്വത്തിന് അപമാനകരമായ രീതിയിലും വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇടുക്കിയിലെ ഭൂപ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാരിന് വ്യക്തമായ നിലപാടാണുള്ളത്. ഈ സർക്കാരിനെ ജനങ്ങൾ അധികാരത്തിലേറ്റാൻ ഇടയായ, ഞങ്ങൾ പ്രസിദ്ധീകരിച്ച പ്രകടന പത്രികയിലെ കാര്യങ്ങൾ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽത്തന്നെ വ്യക്തമാക്കിയതാണ്. അത് ഞാൻ ഇവിടെ ഉദ്ധരിക്കാം. " നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കയ്യേറുകയും ചെയ്തിട്ടുള്ള വൻകിട തോട്ടം ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. അവരുടെ കൈവശമുള്ള അത്തരം ഭൂമി പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്കും വിതരണം ചെയ്യുന്നതിന് ഉപയോഗപ്പെടുത്തും. 1-1-1977-ന് മുമ്പുള്ള മുഴുവൻ കുടിയേറ്റ കർഷകർക്കും റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കിയ ഭൂമിയിൽ നാലേക്കർ വരെ ഉപാധിരഹിതമായി പട്ടയം നൽകും. പട്ടയം ലഭിക്കാനുള്ള ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കും. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയും അനുബന്ധ രേഖകളും നൽകും" എന്നാണ് പ്രകടനപത്രികയിൽ പറഞ്ഞത്. ആ നയത്തിനാണ് ജനങ്ങൾ വോട്ട് നൽകുകയും ഞങ്ങളെ അധികാരത്തിലേറ്റുകയും ചെയ്തത്. ഈ നയം പ്രാവർത്തികമാക്കുക എന്നുള്ളതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഥമ ഉത്തരവാദിത്വമായി ഞങ്ങൾ കാണുന്നത്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കാനും ഉപാധിരഹിതമായി ഇടുക്കിയിൽ പട്ടയം നൽകാനുമുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ടെന്ന് തന്നെയാണ് ഞങ്ങൾ കാണുന്നത്. ജനങ്ങൾക്ക് നൽകിയ ഈ ഉറപ്പ് നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

17-4-2017-ന് ദേവികുളത്ത് റവന്യൂ ജീവനക്കാർ റവന്യൂ ഭൂമിയിൽ കയ്യേറ്റം നടത്തിയത് ഒഴിപ്പിച്ചത് ശരിയായ നടപടി ആയിരുന്നു. ഭൂസംരക്ഷണ സേനയോടൊപ്പമാണ് കയ്യേറ്റം ഒഴിപ്പിക്കാൻ ഉദ്യോഗസ്ഥർ പോയത്.

പോലീസിനെ അറിയിക്കാതെ അവിടേയ്ക്കുപോയ നടപടി ശരിയായിരുന്നില്ല. അതുകൊണ്ടാണ് 21-4-2017-ന് ഉന്നതതല യോഗത്തിൽ വച്ച് റവന്യൂ, പോലീസ് ഉദ്യോഗസ്ഥരുടെ ഏകോപന സംവിധാനം ഉണ്ടാക്കണമെന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കൂട്ടായി ശ്രമിക്കണമെന്നും നിർദ്ദേശിച്ചത്. പാപ്പാത്തിച്ചോലയിൽ വർഷങ്ങൾക്കുമുമ്പ് കയ്യേറിയ ഭൂമിയിൽ ക്രിസ്ത്യൻ ജീസസ് സഭ കുരിശ് സ്ഥാപിച്ചതിന്റെ പേരിൽ അർദ്ധരാത്രി 1.00 മണിക്ക് 144 പ്രഖ്യാപിക്കുകയും പുലർച്ചെ കുരിശ് തകർക്കുകയും ചെയ്തു. പോലീസ് അറിയാതെയാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചത്. നിയമം അനുസരിച്ച് നിരോധനാജ്ഞ പ്രഖ്യാപിയ്ക്കുവാൻ കളക്ടർക്ക് അധികാരമുണ്ടെങ്കിലും പോലീസുമായി കൂടിയാലോചന നടത്തി മാത്രമേ ഇത്തരം അധികാരം സാധാരണ നിലയിൽ ഉപയോഗിക്കാറുള്ളൂ. ഇടുക്കി ജില്ലയിലെ എല്ലാ മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങളുടെ കാര്യമെടുത്താൽ പലതും പട്ടയമില്ലാത്ത ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നതെന്ന പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യവും കൂട്ടായ ആലോചനയുടെ ഭാഗമായി തീരുമാനം എടുത്തു പോകേണ്ടതാണ്. റവന്യൂ ഉദ്യോഗസ്ഥർ നടത്തിയ കയ്യേറ്റം ഒഴിപ്പിക്കൽ നടപടി ഒഴിവാക്കണമെന്ന ഒരു തീരുമാനവും സർക്കാർ സ്വീകരിച്ചിട്ടില്ല. കഴിയുന്നതും സമവായത്തിലൂടെ, ജനങ്ങളുടെ പിന്തുണയോടെ ഈ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക എന്ന നയത്തിൽ തന്നെയാണ് സർക്കാർ ഉറച്ചുനിൽക്കുന്നത്. അതോടൊപ്പം യഥാർത്ഥ ജനജീവിതം തടസ്സപ്പെടാത്ത വിധത്തിലുള്ള കൈവശാവകാശ രേഖകളുടെ പരിശോധനയിലൂടെ പരമാവധി പേർക്ക് പട്ടയം നൽകുക എന്നതാണ് സർക്കാർ നയം. പത്ത് സെന്റിൽ താഴെമാത്രം ഭൂമി കൈവശംവച്ച് വീടും കൃഷിയുമായി കഴിയുന്നവരെയും മറ്റെവിടെയും ഭൂമിയില്ലാത്തവരുണ്ടെങ്കിൽ അത്തരം ആളുകളെയും സംരക്ഷിക്കേണ്ടി വരും. ലാന്റ് അസസ്മെന്റ് ആക്ടിൽ അതിന് വ്യവസ്ഥയുണ്ടെന്നുള്ളത് നാം ഓർക്കേണ്ടതാണ്. ഇടുക്കിയിലെ എല്ലാ വൻകിട കയ്യേറ്റങ്ങളും എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായതല്ല, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായതാണ്. ഈ സർക്കാരിന്റെ കാലത്ത് ഒരു കയ്യേറ്റവും നടക്കുന്നില്ല. കയ്യേറ്റത്തെയും കുടിയേറ്റത്തെയും രണ്ടായി കണ്ടുകൊണ്ടുള്ള നിലപാടാണ് സർക്കാരിനുള്ളത്. ഒരു നാട് മുഴുവൻ ഒരുമിച്ച് പ്രവർത്തിക്കേണ്ട ആവശ്യകതയാണ് ഇക്കാര്യത്തിൽ വേണ്ടത്. ജനങ്ങളുടെ പിന്തുണയോടെ അവിടെ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതുകൊണ്ടാണ് രാഷ്ട്രീയപാർട്ടി നേതാക്കൾ, മതസാമുദായിക സംഘടനകളുടെ നേതാക്കൾ, പരിസ്ഥിതി പ്രവർത്തകർ, മാധ്യമ പ്രവർത്തകർ എന്നിവരുമായെല്ലാം ആലോചിച്ച് കൂട്ടായ തീരുമാനം എടുക്കണമെന്ന് സർക്കാർ നിർദ്ദേശിക്കാൻ ഇടയായത്.

കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് വലിയ സംഭാവന നൽകുന്ന ജില്ലയാണ് ഇടുക്കി. തോട്ടം ഉത്പന്നങ്ങളിലൂടെ നമുക്ക് വിദേശനാണ്യം നേടിത്തരുന്നതിലും ടൂറിസം രംഗത്തും വൈദ്യുതി ഉത്പാദന രംഗത്തും എല്ലാം വലിയ സംഭാവന നൽകുന്ന ഇടുക്കിയുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് നമ്മുടെയാകെ ഉത്തരവാദിത്വമാണെന്നാണ് സർക്കാർ കാണുന്നത്.

അവിടത്തെ പ്രശ്നങ്ങളെക്കുറിച്ച് നേരിട്ടറിവുള്ള വ്യക്തിയാണ് ബഹുമാന്യനായ എം. എം. മണി. ആ നാടിന്റെ ശൈലി അദ്ദേഹത്തിന്റെ സംസാരത്തിൽ കടന്നുവരാറുണ്ട്. അത്തരം ചില സന്ദർഭങ്ങളെ പർവ്വതീകരിച്ച് അതിലൂടെ രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. ബഹുമാന്യനായ എം. എം. മണിയുടെ പ്രസംഗം ചില മാധ്യമങ്ങൾ വളച്ചൊടിക്കുകയായിരുന്നുവെന്ന പ്രശ്നവും ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. പൊമ്പിളൈ ഒരുമൈ സമരം നാം നേരത്തെ വിലയിരുത്തിയതാണ്. തോട്ടം തൊഴിലാളികളുടെ ചില പ്രശ്നങ്ങളായിരുന്നു ഇതിനടിസ്ഥാനം. ഇപ്പോൾ ഉയർന്നുവന്ന വിവാദത്തെ സംബന്ധിച്ച് ബഹുമാന്യനായ എം. എം. മണി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'തന്റെ പ്രസ്താവന ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ താൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു' എന്ന കാര്യവും അദ്ദേഹം വ്യക്തമാക്കിക്കഴിഞ്ഞതാണ്. പൊമ്പിളൈ ഒരുമൈ പ്രസിഡന്റ്, ഇപ്പോൾ നടത്തുന്ന രാഷ്ട്രീയപ്രേരിത സമരത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട് എന്നതും നാം മറക്കാൻ പാടില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് അർഹതപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാണ് മുൻഗണന നൽകുന്നത്. പട്ടയം നൽകാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. അടുത്ത മാസംതന്നെ പട്ടയം നൽകാനാകണമെന്ന നിലയ്ക്കാണ് കാര്യങ്ങൾ പുരോഗമിച്ചുവരുന്നത്. ആ പ്രവർത്തനവുമായി മുന്നോട്ടുപോകുകതന്നെ ചെയ്യും. കയ്യേറ്റത്തോട് വിട്ടുവീഴ്ചയില്ല, വൻകിട കയ്യേറ്റക്കാരോട് കടുത്ത സമീപനം തന്നെ സർക്കാർ സ്വീകരിക്കുമെന്ന് ഞാൻ ആവർത്തിച്ച് വ്യക്തമാക്കുന്നു. അതുകൊണ്ട് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: വ്യക്തിപരമായ വിശദീകരണം നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഇടുക്കി ജില്ലയിലെ കുഞ്ചിത്തണ്ണി ഇരുപതേക്കറിൽ രക്തസാക്ഷി തങ്കപ്പൻ അനുസ്മരണ പരിപാടിയിൽ ...........(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽനിന്നും എഴുന്നേറ്റ് ഡയസിനുമുമ്പാകെ വന്ന് ബഹളം വച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തി.)

മി. സ്പീക്കർ: എന്താണ്? എന്താണെന്ന് മനസ്സിലായില്ല. .....(ബഹളം)...... അദ്ദേഹവുമായി ബന്ധപ്പെട്ട ഒരു ആക്ഷേപമാണ് തന്നിരിക്കുന്നത്. .....(ബഹളം)......— അദ്ദേഹത്തിന് പറയാനുള്ളതുകൂടി കേട്ടിട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സംസാരിക്കാം. ......(ബഹളം)...... വ്യക്തിപരമായ വിശദീകരണത്തിന് ഏതുസമയം അനുവദിക്കണമെന്ന് ചെയറാണ് തീരുമാനിക്കുക. .....(ബഹളം)...... ഈ സഭയിലെ ഏത് അംഗത്തിനും വ്യക്തിപരമായ വിശദീകരണം നൽകേണ്ട ആവശ്യം വന്നാൽ അതിന് സമയം അനുവദിക്കാനുള്ള ഉത്തരവാദിത്വം ചെയറിനാണ്. അതിൽ നിങ്ങൾക്ക് ഇടപെടാൻ കഴിയില്ല. .....(ബഹളം)...... ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് ആ വിശദീകരണവും കൂടി കേട്ടതിനുശേഷം സംസാരിക്കാം. .....(ബഹളം)..... നിങ്ങൾ സീറ്റിലിരിക്കാതെ ബഹളം വച്ചുകൊണ്ടിരുന്നാൽ പ്രതിപക്ഷ നേതാവിന് മൈക്ക് കിട്ടുകയില്ല.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, സാധാരണഗതിയിൽ ഒരു അംഗത്തിനുനേരെ പരാമർശമുണ്ടായാൽ ആ അംഗത്തിന് പേഴ്സണൽ എക്സ്പ്ലനേഷൻ നടത്താനുള്ള അവകാശമുണ്ട്. പക്ഷേ ഇവിടെ മന്ത്രിയെപ്പറ്റി ആരും ഒന്നും പറഞ്ഞില്ലല്ലോ? പറയാൻ പോകുന്നതല്ലേയുള്ളൂ. അങ്ങ് എന്തിനാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത്?

മി. സ്പീക്കർ: റൂൾ 50 പ്രകാരം നൽകിയ നോട്ടീസിന്റെ വിശദാംശങ്ങൾ ഞാനിവിടെ വായിച്ചയുടൻതന്നെ വ്യക്തിപരമായ വിശദീകരണം നടത്തുന്നതിനുവേണ്ടി അദ്ദേഹം രേഖാമൂലം ആവശ്യപ്പെട്ടു. അദ്ദേഹത്തെ സംബന്ധിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കാൻ പോകുന്നത്. അതുകൊണ്ട് അദ്ദേഹത്തിന് പറയാനുള്ളതുകൂടി കേട്ടതിനുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുന്നതാണ് മര്യാദ. ..... (ബഹളം) ...... നിങ്ങൾക്ക് കേൾക്കണ്ടെന്ന് നിർബന്ധമുണ്ടെങ്കിൽ കേൾക്കണ്ട.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സഭയുടെ കീഴ്വഴക്കങ്ങൾ അങ്ങ് ലംഘിക്കരുത്. റൂൾ 50 പ്രകാരം അവതരിപ്പിച്ച നോട്ടീസിന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇനി നോട്ടീസ് നൽകിയ മെമ്പർക്കുള്ള അവസരമാണ്. അതുകഴിഞ്ഞ് വൈദ്യുതി വകുപ്പുമന്ത്രിക്ക് അവസരം കൊടുക്കണം.

മി. സ്പീക്കർ: മന്ത്രി എപ്പോൾ സംസാരിക്കണമെന്നുള്ള കാര്യത്തിൽ ചെയറിന് യാതൊരു നിർബന്ധവുമില്ല. മന്ത്രിയുടെ മറുപടികൂടി കേട്ടതിനുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സംസാരിക്കാം. .....(ബഹളം).... മന്ത്രിയുടെ മറുപടി കേൾക്കണ്ടെങ്കിൽ വേണ്ട. അദ്ദേഹം പറയുന്നത് കേൾക്കാതെ തന്നെ

സംസാരിക്കണമെങ്കിൽ അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 'എന്നെ കണ്ടാൽ കിണ്ണം കട്ടവനാണെന്ന് തോന്നുമോ' എന്നുള്ള മട്ടിലാണ് യഥാർത്ഥത്തിൽ ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ വ്യക്തിപരമായ ........

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചു തുടങ്ങിയില്ലേ; അതുകൊണ്ട് അദ്ദേഹം സംസാരിച്ചുകഴിഞ്ഞിട്ട് അങ്ങേയ്ക്ക് പോയിന്റ് ഓഫ് ഓർഡർ അവതരിപ്പിക്കാം. ......(ബഹളം)........ കീഴ്‌വഴക്കങ്ങൾ ലംഘിക്കാനോ ഏതെങ്കിലും തരത്തിലുള്ള നടപടിക്രമങ്ങൾ തെറ്റിക്കാനോ വേണ്ടിയായിരുന്നില്ലെന്ന് ചെയർ വ്യക്തമായി പറഞ്ഞതാണ്. ഒരു മന്ത്രിയെ സംബന്ധിച്ച ആക്ഷേപം എഴുതിത്തന്നത് റൂൾ 50 പ്രകാരം ഞാനിവിടെ വായിച്ചു. അപ്പോൾത്തന്നെ മന്ത്രി ഒരു വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടു. അതുകൂടി കേട്ടിട്ട് പറയുന്നതാണ് മര്യാദ എന്നുള്ളതുകൊണ്ട് മന്ത്രിയെ സംസാരിക്കാനായി ചെയർ വിളിച്ചു. അത് കേൾക്കണ്ടെന്നാണ് നിങ്ങളുടെ ആവശ്യമെങ്കിൽ കേൾക്കണ്ട. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കൂ. മന്ത്രിക്ക് പറയാനുള്ളത് കേൾക്കാൻപോലും തയ്യാറല്ലാതെ സംസാരിക്കണമെന്നാണെങ്കിൽ അങ്ങ് സംസാരിക്കൂ. മന്ത്രിക്ക് അതിനുശേഷം അവസരം കൊടുക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അത് കേൾക്കാനുള്ള ബാദ്ധ്യത ബഹുമാനപ്പെട്ട സ്പീക്കർക്കുണ്ട്. അല്ലെങ്കിൽ പോയിന്റ് ഓഫ് ഓർഡറിന് അനുവാദം നൽകരുത്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചുതുടങ്ങി. അതുകഴിഞ്ഞ് പോയിന്റ് ഓഫ് ഓർഡർ അവതരിപ്പിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചു തുടങ്ങിയതിനിടയിലാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്. അതിന് അനുവദിക്കുന്നില്ലെങ്കിൽ വേണ്ട.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ച് കഴിഞ്ഞിട്ട് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ പോരേ?

ശ്രീ. എ. കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ എന്നെ അനുവദിക്കുമോ? ഇല്ലെങ്കിൽ ഞാനിവിടെ ഇരിക്കാം.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ച് കഴിഞ്ഞിട്ട് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ സമയം നൽകാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് അത്യന്തം ദൗർഭാഗ്യകരമായിപ്പോയി. അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതിന് ഞങ്ങൾ സ്പീക്കർക്ക് നോട്ടീസ് നൽകി. മറുപടി പറയാൻ വേണ്ടി സ്പീക്കർ മുഖ്യമന്ത്രിയെ വിളിച്ചു. സ്വാഭാവികമായും അതിന്റെ ക്രോണോളജിക്കൽ ഓർഡർ എന്നുപറയുന്നത് അടിയന്തര പ്രമേയത്തിന് നോട്ടീസ് തന്ന ആളിനെ സംസാരിക്കാൻ അനുവദിക്കുകയല്ലേ? അത് അനുവദിക്കുന്നതിനുപകരം ഇന്നത് പറയാൻ സാദ്ധ്യതയുണ്ടെന്ന് കരുതിക്കൂട്ടി മന്ത്രിയോട് വിശദീകരണം നടത്താൻ പറയുകയാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങനെ ഇന്റർപ്രട്ടേഷൻ നടത്തരുത്. അങ്ങ് എഴുതിത്തന്ന നോട്ടീസ് ഇവിടെ വായിച്ചില്ലേ? ..... (ബഹളം) .....അത് കേട്ടപ്പോഴാണ് ശ്രീ. എം. എം. മണി വിശദീകരണത്തിന് സമയം ചോദിച്ചത്. ..... (ബഹളം) ........പ്ലീസ്..... അങ്ങ് സംസാരിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എ. കെ. ബാലൻ, അങ്ങ് പാർലമെന്ററികാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും സീനിയറായ ആളുമല്ലേ? അങ്ങ് ഇടയ്ക്കിടയ്ക്ക് ഉപദ്രവിക്കാതിരിക്കൂ.

ഇവിടെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. മൂന്നാർ കയ്യേറ്റത്തെക്കുറിച്ചും വൻകിടക്കാരെ പിടിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഒരു വൻകിടക്കാരെയും പിടിക്കുന്നില്ല. അതവിടെ നിൽക്കട്ടെ. 'An extend of more than one lakh land illegally grabbed by KDH Village in Idukki District and the respondents challenging the sovereignty of our country and the provisions of the Constitution of India'. ഇത് കോടതിയുടെ ഒബ്സർവേഷനായി നിൽക്കുകയാണ്. അവിടെയെങ്ങും തൊട്ടിട്ടില്ല. കയ്യേറ്റം ഒഴിവാക്കുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന റവന്യൂ വകുപ്പുമന്ത്രിയുടെ ഇച്ഛാശക്തിയോടെയുള്ള നീക്കത്തെ നൂറ് ശതമാനവും ഞങ്ങൾ പിന്തുണയ്ക്കുകയാണ്. അങ്ങ് എടുത്തിരിക്കുന്ന നടപടികളോട് ഞങ്ങൾ യോജിക്കുകയാണ്. ഇവിടെ കോടതിയുടെ മൂന്ന് കമ്മീഷൻ റിപ്പോർട്ടുകളുണ്ട്, രാജൻ മധേക്കർ കമ്മിറ്റി റിപ്പോർട്ട്, നിവേദിത പി. ഹരൻ റിപ്പോർട്ട്, ടി. പി. സെൻകുമാർ റിപ്പോർട്ട്. ഈ മൂന്ന് റിപ്പോർട്ടുകളെ സംബന്ധിച്ചും ഞാൻ പിന്നീട് പറയാം. ഇവിടെ തിടുക്കത്തിൽ

ശ്രീ. എം. എം. മണി എഴുന്നേറ്റ് ഉത്തരം പറയുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ എന്തോ ചീഞ്ഞുനാറുന്നുവെന്നൊരു തോന്നൽ സ്വാഭാവികമായും ഇതിനകത്തുള്ള ആളുകൾക്കുണ്ടായി. അവിടെ ഈ കയ്യേറ്റത്തെ എതിർക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പുമന്ത്രിയും അദ്ദേഹത്തോടൊപ്പം നിൽക്കുന്ന ആളുകളും ഒരുമിച്ച് വളരെ ശക്തിയോടുകൂടി നിലപാടെടുത്തപ്പോൾ, ആ കയ്യേറ്റം ഒഴിപ്പിക്കുന്നത് തടയുന്നതിനു വേണ്ടിയുള്ള ഗൂഢശ്രമങ്ങൾ നടക്കുകയാണ്. അതിന്റെ ഭാഗമാണ് ഇവിടെ ശ്രീ. എം. എം. മണിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. അദ്ദേഹം ഒരു കാര്യത്തിൽ സത്യസന്ധനാണ്. വളരെ പരസ്യമായി അദ്ദേഹം ഈ കയ്യേറ്റക്കാർക്ക് അനുകൂലമായി നിൽക്കുന്നുവെന്നത് നൂറു ശതമാനവും ശരിയാണ്.

ശ്രീ. എം. എം. മണി സ്ത്രീത്വത്തെ ചോദ്യം ചെയ്യുന്നത് എന്തിനാണ്? കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെങ്കിൽ സർവ്വാധികാരവും നിങ്ങളുടെ കയ്യിലില്ലേ? നിങ്ങളുടെ കയ്യിൽ പോലീസുണ്ട്; അധികാരമുണ്ട്; നിങ്ങൾക്ക് എന്തുവേണമെങ്കിലും ചെയ്യാം; നിങ്ങളെടുക്കുന്ന നടപടികളെ പ്രതിപക്ഷം ചോദ്യം ചെയ്യുന്നില്ല; സർവ്വ കക്ഷികളും അതിനെ പിന്തുണയ്ക്കുകയാണ്. എന്നിട്ടും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ചില ആളുകളെ ഉന്നംവച്ച് ശ്രീ. എം. എം. മണി എന്തിനാണ് സംസാരിച്ചു കൊണ്ടിരിക്കുന്നത്? സ്ത്രീത്വത്തിനെതിരായി ശ്രീ. എം. എം. മണി നടത്തിയിട്ടുള്ള പ്രസ്താവന കേരളകൗമുദി പത്രത്തിൽ വന്നത് ഞാൻ വായിക്കുകയാണ്. (പത്രം ഉയർത്തിക്കാട്ടുന്നു) 'മാധ്യമ പ്രവർത്തകർ - സബ്കളക്ടറുടെ കൂടിയാലോചന വൈകുന്നേരം. പണ്ട് നമ്മുടെ സുരേഷ്കുമാർ ഇതുപോലെതന്നെയായിരുന്നു പണി, കള്ളുകുടി, കേയ്സ് കണക്കിനായിരുന്നു ബ്രാൻഡി. ഇത് നമ്മുടെ പഴയ പൂച്ച, ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സകല പരിപാടിയുമുണ്ടായിരുന്നു. പിന്നെയൊരു 'പൊമ്പിളൈ ഒരുമൈ' അന്ന് കുടിയും സകല വൃത്തികേടുകളും നടന്നിട്ടുണ്ട്. ഇപ്പോൾ മനസ്സിലായില്ലേ (......ബഹളം....) അടുത്തുള്ള കാട്ടിലായിരുന്നു പണി. എന്തു പണിയാണ്? അന്നൊരു ഡിവൈ.എസ്.പി.യും കൂടെയുണ്ടായിരുന്നു. ഞങ്ങൾക്കറിയാം, ഞാനതുപറഞ്ഞു. ഇവിടെ ചില ചാനലുകാരും ഈ പണിക്ക് കൂട്ടുനിന്നിട്ടുണ്ടായിരുന്നു'. ഇവിടെ ശ്രീ. എം. എം. മണി നടത്തിയിട്ടുള്ള പ്രസ്താവനകൾ ധാരാളമാണ്. സ്ത്രീത്വത്തിനെതിരായ ആക്രമണമാണ് അദ്ദേഹം നടത്തിയത്. ഇപ്പോൾ 'പൊമ്പിളൈ ഒരുമൈ' അവിടെ സമരം നടത്തുകയല്ലേ? അങ്ങയുടെ പാർട്ടിക്കാരനായ ജിഷ്ണു പ്രണോയി എസ്.എഫ്.ഐ.യിൽ ആയിരുന്നു. ഞങ്ങൾക്ക് അതിനെക്കുറിച്ച് ഒരു എതിർപ്പുമില്ല; ഒരു കുട്ടിക്ക് ഏത് പാർട്ടിയിലും ചേരാം. ജിഷ്ണു പ്രണോയിയുടെ

അമ്മ മഹിജ, അങ്ങയുടെ പാർട്ടി കുടുംബത്തിൽപ്പെട്ട വ്യക്തിയാണ്. ആ പാർട്ടി കുടുംബത്തിൽപ്പെട്ട മഹിജ ഇവിടെയൊരു സമരത്തിനെത്തി, സമരത്തിന്റെ പശ്ചാത്തലത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. പാർട്ടി കുടുംബത്തിൽപ്പെട്ട് രക്തസാക്ഷിത്വം വഹിച്ച ഒരു കൊച്ചുകുട്ടിയുടെ അമ്മയെക്കുറിച്ച് ശ്രീ. എം. എം. മണി പറഞ്ഞതെന്താണ്? ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയെ മുഖ്യമന്ത്രി കാണാൻ തയ്യാറാകാത്തതിനെ ന്യായീകരിച്ചുകൊണ്ട് ശ്രീ. എം. എം. മണി പരിഹസിച്ചു. 'ചിലർ പറയുന്നതുപോലെ മഹിജയെ ആശ്വസിപ്പിക്കാൻ മുഖ്യമന്ത്രി പോയാൽ അവർ കതകടച്ച് കാണേണ്ട എന്ന് പറയും; പിന്നെ അതിലും വലിയ പണിയാകും. അവർ മറ്റാരുടെയോ കയ്യിൽ കിടന്ന് കളിക്കുകയാണ്' എന്നാണ് ശ്രീ. എം. എം. മണി പറയുന്നത്. അവർ അങ്ങയുടെ പാർട്ടി കുടുംബത്തിൽപ്പെട്ടതല്ലേ; അങ്ങയുടെ പാർട്ടി വിഭാഗത്തിൽപ്പെട്ടതല്ലേ; അങ്ങയുടെ പാർട്ടിയിലെ പ്രമുഖരായിട്ടുള്ള ആളല്ലേ? ഇന്നലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആ വീട്ടിൽ പോയല്ലോ; അവരുമായി സംസാരിച്ചല്ലോ; എന്ത് അനാവശ്യമാണ് കേരളത്തിലെ ഒരു മന്ത്രി പറയുന്നത്? സ്ത്രീത്വത്തെ ചോദ്യം ചെയ്തതിനും അപമാനകരമായ പ്രസ്താവന നടത്തിയതിനും ശ്രീ. എം. എം. മണി ഇവിടെ ഒരു ഖേദപ്രകടനത്തിനാണ് ആദ്യം എഴുന്നേറ്റിരുന്നതെങ്കിൽ ഞങ്ങൾക്കത് മനസ്സിലാക്കാമായിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രവർത്തനത്തെക്കുറിച്ച് നമ്മുടെ സമൂഹത്തിലുള്ള വിവിധ ശ്രേണിയിൽപ്പെട്ട ആളുകൾ പറയുന്നുണ്ട്. ശ്രീ. എം. എം. മണിയുടെ പ്രസ്താവനയായി മാതൃഭൂമി പത്രത്തിൽ പറഞ്ഞിരിക്കുന്നത്, 'പണ്ട് സുരേഷ്കുമാർ പറഞ്ഞിട്ടുണ്ട്; കള്ളുകുടി - കേയ്സ് കണക്കിനായിരുന്നു ബ്രാൻഡി, ഇവിടെ പൂച്ച, ഗസ്റ്റ് ഹൗസിൽ അന്നും കുടി, സകല പണിയും 'പൊമ്പിളൈ ഒരുമൈ' അന്നും കുടി, സകല വൃത്തികേടുകളും നടന്നിട്ടുണ്ട്. മനസ്സിലായല്ലോ, അടുത്തുള്ള വനത്തിലാണ് കളി നടക്കുന്നത്.' എന്നാണ്. ഇത് ഈ ഗവൺമെന്റിന്റെ സ്റ്റാൻഡാണോ? അങ്ങ് ഇവിടെ പറഞ്ഞല്ലോ, ശ്രീ. എം. എം. മണിയുടെ വർത്തമാനം നാടൻ ശൈലിയാണെന്ന്. അങ്ങ് എന്തുവേണമെങ്കിലും പറഞ്ഞോളൂ; ഇടുക്കിക്കാരെ അപമാനിക്കുന്ന രൂപത്തിൽ അങ്ങ് വർത്തമാനം പറയരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇടുക്കിയിലുള്ള ആളുകൾ സംസ്കാര സമ്പന്നരാണ്; എത്രയോ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അവിടെയുള്ളത്; എത്രയോ ഉന്നതങ്ങളായ സ്ഥാപനങ്ങളാണ് അവിടെ പ്രവർത്തിക്കുന്നത്; അവരെല്ലാം ഈ ശൈലിയിലാണോ വർത്തമാനം പറയുന്നത്? അവരുടെയെല്ലാം നാടൻ ശീല് ഇതാണോ; ഈ രൂപത്തിലാണോ? ശ്രീ. എം. എം. മണി പണ്ട് താമസിച്ചിരുന്ന കിടങ്ങൂരാണെങ്കിൽ എന്റെ നാടിന് അടുത്താണ്. അവിടെ

ഇതുപോലൊരു വർത്തമാനമേ ഇല്ല. അതാണ് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്.

നമുക്കെല്ലാവർക്കുമറിയാം ബഹുമാനപ്പെട്ട കാളീശ്വര രാജ് വക്കീലിനെ; അദ്ദേഹത്തിന്റെ ഒരു പ്രസ്താവന പത്രത്തിൽ വന്നിട്ടുള്ളത് എന്താണ്? പൊതുസമൂഹം മൊത്തത്തിൽ ഇതിനെ എതിർക്കുകയാണ്. ശ്രീമതി സുഗതകുമാരി ടീച്ചർ ഇതിനെ എതിർത്തില്ലേ; അവർ പറഞ്ഞത്, ഒരു കമ്മ്യൂണിസ്റ്റുകാരന് എങ്ങനെ ഇങ്ങനെ സംസാരിക്കാൻ കഴിയുമെന്നാണ്. അതല്ലേ സുഗതകുമാരി ടീച്ചർ ചോദിച്ചത്? നിങ്ങളോടൊപ്പം എല്ലാക്കാലത്തും നടന്നിട്ടുള്ള സാറാ ജോസഫ് പറഞ്ഞത് രാജിവച്ചില്ലെങ്കിൽ ശ്രീ. എം. എം. മണിയെ പുറത്താക്കണമെന്നാണ്. ഉദ്യോഗസ്ഥരെ പുലഭ്യം പറയുന്നതും അതോടൊപ്പം അശ്ലീലഭാഷ ഉപയോഗിക്കുന്നതും ശരിയല്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. ഡി. ബാബുപോൾ പറഞ്ഞിരിക്കുന്നു. ഭരണഘടനാ വിദഗ്ദ്ധർ പറയുന്നത് ഇത് ഭരണഘടനാ ലംഘനമാണ്; സത്യപ്രതിജ്ഞാ ലംഘനമാണ്; ഇവർക്കെതിരെ നടപടിയെടുക്കണമെന്നാണ്. ശ്രീ. എം. എം. മണിക്കെതിരെ എടുത്ത നടപടിയെക്കുറിച്ച് അങ്ങ് ഇവിടെ ഒന്നും പറഞ്ഞില്ല. പക്ഷെ, അങ്ങയുടെ പ്രസ്താവന എന്റെ കയ്യിലുണ്ട്. ശ്രീ. എം. എം. മണിയെ തള്ളി മുഖ്യമന്ത്രി പറഞ്ഞ വാചകം ഞാൻ വായിക്കാം. 'പൊമ്പിളൈ ഒരുമൈ' അവരെക്കുറിച്ച് ശ്രീ. എം. എം. മണി നടത്തിയിട്ടുള്ള പരാമർശം ശരിയായില്ലെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഡൽഹിയിൽ പറഞ്ഞു. അങ്ങേയ്ക്കുപോലും ഉൾക്കൊള്ളാൻ കഴിഞ്ഞോ? ഇടയ്ക്കിടയ്ക്ക് എഴുന്നേറ്റ് തടസ്സവാദം ഉന്നയിക്കുന്ന ശ്രീ. എ. കെ. ബാലൻ ശ്രീ. എം. എം. മണിക്കെതിരായി പ്രസ്താവന നടത്തിയില്ലേ; ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും ശ്രീ. എം. എം. മണിക്കെതിരായി സംസാരിച്ചില്ലേ? ബഹുമാനപ്പെട്ട അങ്ങുതന്നെ ശ്രീ. എം. എം. മണിക്കെതിരായി സംസാരിച്ചില്ലേ? ഇത് എന്ത് നീതിയാണ്? ഈ തെറ്റായ പ്രവർത്തനം, കിരാതമായ ഈ നടപടി നമുക്ക് ഉൾക്കൊള്ളാൻ കഴിയുമോ? 'കുരിശായി ശ്രീ. എം. എം. മണിയുടെ അശ്ലീലം' എന്നാണ് മലയാള മനോരമ പത്രത്തിൽ കൊടുത്തിരിക്കുന്നത്. ഈ രൂപത്തിൽ കേരളത്തെ സ്നേഹിക്കുന്ന, മലയാളത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളും ഒരുമിച്ചുനിന്നുകൊണ്ട് ശ്രീ. എം. എം. മണി നടത്തിയിട്ടുള്ള ഈ അശ്ലീല പ്രയോഗത്തെ എതിർത്തില്ലേ? ഏത് പാർട്ടിക്കാണ് ശ്രീ. എം. എം. മണിയെ ഉൾക്കൊള്ളാൻ കഴിയുന്നത്; ശ്രീ. എം. എം. മണിയെ ഉൾക്കൊള്ളാൻ ഏതെങ്കിലും പാർട്ടിക്ക് കഴിയുമോ? അദ്ദേഹത്തെ എതിർക്കുന്നവരെയെല്ലാം ഊളമ്പാറയിൽ വിടണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഊളമ്പാറയിൽ ആരെ വേണമെങ്കിലും വിട്ടോളൂ; ദയവായി ശ്രീ. എം. എം. മണി ഊളമ്പാറയിൽ പോകരുത്; കാരണം അവിടെയുള്ളവർ സ്ഥലംവിട്ടുകളയും. ശ്രീ. എം. എം. മണി അങ്ങനെ പറയുന്നത് ശരിയാണോ?

<u>മി. സ്പീക്കർ:</u> ദയവായി അങ്ങ് പറഞ്ഞുപറഞ്ഞ് കാടു കയറരുത്; അവസാനിപ്പിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രതിപക്ഷ നേതാവിനെക്കുറിച്ച് എന്താണ് പറഞ്ഞത്? ഊളമ്പാറയിൽ വിടണമെന്നാണ് പറഞ്ഞത്. ആരെക്കുറിച്ചും എന്തും പറയാൻ ഒരു മടിയുമില്ലാത്ത, വികടസരസ്വതി മാത്രം എഴുന്നള്ളിക്കുന്ന ഒരാളിനെ താങ്ങാൻ ഈ കേരളത്തിന് ശക്തിയില്ല; അതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് ശ്രീ. എം. എം. മണി, അങ്ങ് രാജിവച്ച് പോകു; അങ്ങ് ഈ നാടിന്റെ അഭിമാനം കാത്ത് രക്ഷിക്കു. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ശക്തിയായി ഗവൺമെന്റ് നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

10.00 AM]

ഇവിടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. കയ്യേറിയിരിക്കുന്നവർ നിസ്സാരക്കാരൊന്നുമല്ല. ശ്രീ. ജോയിസ് ജോർജ്ജ് എം. പി. കയ്യേറിയ സ്ഥലത്തെക്കുറിച്ചുള്ള റിക്കോർഡാണ് എന്റെ കയ്യിലിരിക്കുന്നത് (റിക്കോർഡ് ഉയർത്തി കാട്ടി). പട്ടയത്തിനുവേണ്ടി ശ്രീ. ജോയിസ് ജോർജ്ജ് കള്ള അപേക്ഷയാണ് കൊടുത്തതെന്നാണ് എന്റെ കയ്യിലിരിക്കുന്ന റിക്കോർഡുകൾ കാണിക്കുന്നത്. ഗവൺമെന്റ് നടപടി എടുക്കുമോ? ഈ റിക്കോർഡ് മുഴുവൻ നേരത്തെ ഞങ്ങൾ എടുത്ത നടപടികൾ തന്നെയാണ്. ഞാനും ശ്രീ. അടൂർ പ്രകാശും റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത നടപടികളാണ് ഇക്കാണുന്ന 140 പേജിനകത്തുള്ളത്. പക്ഷെ നിങ്ങൾ അതിനെയെല്ലാം തകർത്തു. ശ്രീ. എം. എം. മണി നടത്തിക്കൊണ്ടിരിക്കുന്ന സ്ത്രീ വിരുദ്ധ നടപടിയെ, അശ്ലീല പദപ്രയോഗത്തെ, സംസ്കാര ശൂന്യമായ നിലപാടുകളെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. കേരള സംസ്കാരം ഉയർത്തിപ്പിടിക്കണം. മന്ത്രിയെ പുറത്താക്കുന്നതിനുവേണ്ട നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ... (ബഹളം)....

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗം കഴിഞ്ഞാൽ ശ്രീ. എ. കെ. ബാലന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവസരം കൊടുക്കാമെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, റൂൾ 88 പ്രകാരം ഒരു എം.എൽ.എ.യേയോ മന്ത്രിയേയോ സംബന്ധിച്ച് പരാമർശം ഉണ്ടായാൽ ബന്ധപ്പെട്ട ആൾക്ക് വിശദീകരണം നൽകാനുള്ള അധികാരം കേരള

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിൽ കൃത്യമായി പറയുന്നുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയിട്ടുള്ള അടിയന്തരപ്രമേയത്തിൽ സ്ത്രീത്വത്തിന് അപമാനകരമായ രീതിയിൽ വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെ വിളിച്ചത്. അദ്ദേഹം വിശദീകരണം നൽകുകയെന്നുള്ളത് ഒരു ഔദാര്യത്തിന്റെ പ്രശ്നമല്ല. ചട്ടപ്രകാരം അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. അതിന് അനുവദിക്കണം.

മി. സ്പീക്കർ: അത് അനുവദിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണ ഗതിയിൽ സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ അങ്ങേയ്ക്ക് സഹായകരമായി പ്രവർത്തിക്കേണ്ട ആളാണ് ബഹുമാനപ്പെട്ട പാർലമെന്ററി കാര്യവകുപ്പുമന്ത്രി. അദ്ദേഹം ഇപ്പോൾ പറഞ്ഞ നിലപാടിൽ അങ്ങയെ ചോദ്യം ചെയ്യുകയാണ്. കാരണം അങ്ങാണ് ബഹുമാനപ്പെട്ട അംഗത്തെ അതിന് അനുവദിച്ചത്. ഞങ്ങളാരും വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയുടെ വ്യക്തിപരമായ വിശദീകരണത്തിന് എതിരല്ല. അദ്ദേഹത്തിന് പറയാനുള്ള അവസരം കൊടുക്കുകയും വേണം. പക്ഷെ സഭയ്ക്ക് ചില കീഴ്വഴക്കങ്ങളുണ്ട്. അടിയന്തരപ്രമേയം അവതരിപ്പിച്ച് അതിന് മന്ത്രി മറുപടി പറഞ്ഞാൽ അംഗത്തിന് വിശദീകരിക്കാൻ അവസരം കൊടുക്കണം. അതുകഴിഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. അതിനുശേഷം ബഹുമാന്യനായ വ്യക്തിക്ക് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കുന്നതിന് ആരും എതിരല്ല. ആ ചട്ടങ്ങൾ പാലിക്കണമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: വ്യക്തിപരമായ വിശദീകരണത്തിന് സമയം അനുവദിക്കേണ്ടത് ചെയറാണ്. ചെയറിന് അനുവദിക്കാവുന്നതേയുള്ളൂ. പക്ഷെ നിങ്ങളുടെ പ്രതിഷേധവും വിമർശനവും ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹം പിന്നീട് പറഞ്ഞാൽ മതിയെന്ന് തീരുമാനിക്കുകയാണ് ചെയ്തത്. അത്രയേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ അങ്ങനെയൊരു പ്രീസിഡന്റ് ഇല്ല, അങ്ങ് ആദ്യമായി പ്രീസിഡന്റ് ഉണ്ടാക്കിയിരിക്കുകയാണ്.... (ബഹളം)....

മി. സ്പീക്കർ: അദ്ദേഹത്തിന്റെ വിശദീകരണം കൂടി കേട്ടുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സംസാരിക്കാൻ ഒരു അവസരം കൊടുത്തു. അദ്ദേഹത്തിന് അത് വേണ്ടെന്ന് പറഞ്ഞു, ഞാനത് ഉപേക്ഷിച്ചു. അത്രയേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു മെമ്പറുടെ അവകാശമാണ്. അത് നിഷേധിക്കാൻ പാടില്ല.

## V. വ്യക്തിപരമായ വിശദീകരണം

അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശം

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഏത് കോടതിയും തൂക്കിക്കൊല്ലാൻ വിധിക്കുമ്പോൾ നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോയെന്ന് ചോദിക്കുന്നൊരു മര്യാദയുണ്ട്. നിയമസഭയ്ക്കകത്ത് .... (ബഹളം)....

മി. സ്പീക്കർ: എന്ത് അസഹിഷ്ണുതയാണ് കാണിക്കുന്നത്. നിങ്ങൾ വിമർശനം ഉന്നയിച്ചിട്ട് അതിന് മറുപടി പറയുന്നത് കേൾക്കണ്ടേ? നിങ്ങൾ ഇരിക്കൂ.....എല്ലാ വാക്കുകൾക്കും കമന്റ് ചെയ്യണമെന്നില്ല. ദയവായി അത് ചെയ്യരുത്..... (ബഹളം)....

ശ്രീ. എം. എം. മണി: സർ, സത്യവുമായി ഒരു ബന്ധവുമില്ലാത്ത ആരോപണങ്ങളാണ് കഴിഞ്ഞ ചില ദിവസങ്ങളായി എനിക്കെതിരെ ഉന്നയിക്കപ്പെട്ടത്. ഞാൻ സ്ത്രീകൾക്ക് എതിരെ ആക്ഷേപകരമായി എന്തോ പറഞ്ഞുവെന്ന് ആരോപിക്കുന്നു. വിവാദത്തിനടിസ്ഥാനമാക്കിയ ആ പ്രസംഗത്തിലൊരിടത്തും സ്ത്രീ എന്ന വാക്കോ, ഏതെങ്കിലും സ്ത്രീയുടെ പേരോ പരാമർശിച്ചിട്ടില്ല. പ്രസംഗത്തിന്റെ പൂർണ്ണരൂപം ടെലിവിഷൻ മാധ്യമങ്ങളുടെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയ പ്രസംഗത്തിൽ പറയുന്ന ഏതെങ്കിലും കാര്യം 17 മിനിറ്റുള്ള എന്റെ പ്രസംഗത്തിലുണ്ടോയെന്ന് നിങ്ങൾ കേൾക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്. 17 മിനിറ്റുള്ള പ്രസംഗം പൂർണ്ണമായും സംപ്രേക്ഷണം ചെയ്താൽ ഞാൻ പറയുന്നതിലെ സത്യം എല്ലാവർക്കും ബോധ്യമാവും. മുമ്പത്തെ ഒഴിപ്പിക്കൽ ഘട്ടത്തിലുണ്ടായ ചില കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു. ഉദ്യോഗസ്ഥരുടെ ചെയ്തികളെക്കുറിച്ച് ഞാൻ നടത്തിയ വിമർശനം ഒഴിവാക്കി എഡിറ്റ് ചെയ്ത് സ്ത്രീകൾക്കെതിരെയുള്ള ആക്ഷേപമെന്ന വ്യാഖ്യാനത്തോടെ അവതരിപ്പിക്കുകയാണ് ചില ടെലിവിഷനുകളും പത്രങ്ങളും ചെയ്തത്. ചില മാധ്യമപ്രവർത്തകർക്ക് എന്നോട് പ്രത്യേക വിരോധമുണ്ട്. .... (ബഹളം).... ചുരുക്കം ചില മാധ്യമപ്രവർത്തകർക്ക് കയ്യേറ്റക്കാരോടും ഉദ്യോഗസ്ഥ പ്രമാണിമാരോടുമുള്ള പ്രത്യേകതരം ബന്ധത്തെക്കുറിച്ച് ഞാൻ വിമർശിച്ചതാണ്. അതാവാം മാധ്യമപ്രവർത്തകർക്ക് എന്നോട് വിരോധം തോന്നാനും ഈ വിധത്തിലുള്ള ദുർവ്യാഖ്യാനത്തിനും കാരണമെന്നാണ് ഞാൻ കരുതുന്നത്. ഉദ്യോഗസ്ഥരുടെ ചില പ്രവൃത്തികൾ സംബന്ധിച്ച് വിമർശനങ്ങൾ ഉന്നയിക്കേണ്ടിവരും. അതല്ലെങ്കിൽ ഉദ്യോഗസ്ഥഭരണം മതിയല്ലോ? ഉദ്യോഗസ്ഥ പ്രവൃത്തികളിൽ തിരുത്തൽ വരുത്താൻ ജനാധിപത്യ രാഷ്ട്രത്തിൽ ഭരണ

നേതൃത്വത്തിന് ഉത്തരവാദിത്വമുണ്ട്. ... (ബഹളം).....

മി. സ്പീക്കർ: അദ്ദേഹം പറയുന്നത് കേൾക്കൂ, ഇത് ശരിയാണോ? അദ്ദേഹം എന്ത് പ്രസ്താവന നടത്തണമെന്ന് നിങ്ങളാണോ തീരുമാനിക്കുന്നത്. അദ്ദേഹം പറയുന്നത് മുഴുവൻ കേട്ടതിനുശേഷം വിമർശിക്കൂ; ഇപ്പോൾ ഇരിക്കൂ. അദ്ദേഹം പറയുന്നത് കേട്ടതിനുശേഷം നിങ്ങൾക്ക് നിങ്ങളുടെ അഭിപ്രായങ്ങൾ പറയാം, വിമർശിക്കാം. ഇപ്പോൾ സീറ്റിൽ ഇരിക്കൂ.

ശ്രീ. എം. എം. മണി: സർ, പൊമ്പിളൈ ഒരുമൈയെ ആക്ഷേപിച്ചുവെന്നാണ് പറയുന്നത്. ഞാൻ ആക്ഷേപിച്ചിട്ടില്ല; അവർക്കുപോലും അങ്ങനെയൊരു അഭിപ്രായമില്ല. ഇക്കാര്യം ആ സംഘടനയുടെ പ്രസിഡന്റ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നുമാത്രമല്ല പൊമ്പിളൈ ഒരുമൈ പ്രതിഷേധ പ്രക്ഷോഭത്തിലാണെന്ന് പറയുന്നത് ശരിയല്ല. ആകെ ആറ് പേരാണ് സമരത്തിലുള്ളത്. അതിൽ രണ്ടുപേർ ശ്രീമതി ബിന്ദു കൃഷ്ണയും ശ്രീമതി ശോഭാസുരേന്ദ്രനുമാണ്. ഇവർ പൊമ്പിളൈ ഒരുമൈക്കാരല്ല. ഇവരെ മാറ്റിനിർത്തിയാൽ ആകെ നാലുപേരെയുള്ളൂ പ്രക്ഷോഭത്തിന്. ഒരാൾ ഭാരവാഹി സമിതിയിൽ പോലും ഉള്ളയാളല്ല. ചില മാധ്യമപ്രവർത്തകരും ബി.ജെ.പി.ക്കാരും എത്രയേറെ ശ്രമിച്ചിട്ടും ഇവർക്ക് പ്രതിഷേധത്തിന് ആളെ കിട്ടിയില്ല എന്നതാണ് സത്യം. പൊമ്പിളൈ ഒരുമൈയുടെ സമരം കേരളം രണ്ടുമൂന്ന് വർഷങ്ങൾക്കുമുൻപ് കണ്ടു. അതിൽ ആയിരക്കണക്കിന് ആളുകളുണ്ടായിരുന്നു. അത് നാം ടി.വി.-യിൽ കണ്ടതാണ്. ആ പ്രക്ഷോഭം എവിടെ; ഇന്നത്തെ നാലാൾ പ്രക്ഷോഭം എവിടെ? ഇല്ലാത്തത് ഉണ്ടെന്ന് വരുത്തിത്തീർത്ത് എന്നെയും എന്റെ പാർട്ടിയെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെയും ആക്ഷേപിക്കാനാണ് ശ്രമം നടത്തുന്നത്. ആ ശ്രമം ഈ സഭയ്ക്കുള്ളിൽക്കൂടി പ്രതിഫലിച്ചുവെന്നതുകൊണ്ടാണ് ഈ വിശദീകരണം വേണ്ടിവരുന്നത്. ഞാൻ തോട്ടം തൊഴിലാളികൾക്കിടയിൽ ജനിച്ചുവളർന്ന സാധാരണക്കാരനാണ്. അവർക്കിടയിലാണ് പ്രവർത്തിച്ചത്. ആയിരക്കണക്കിന് സ്ത്രീകൾ തോട്ടം തൊഴിലാളികളായുണ്ട്. ആ നാടിന്റെയും പാവപ്പെട്ട നാട്ടുകാരുടേയും ഭാഷയാണ് എന്റെ ഭാഷ. അത് പണ്ഡിതോചിതമായ ഭാഷയൊന്നുമാവില്ല. ആ നാടിന്റെ ഭാഷയിൽ നന്മയുണ്ട്, ശുദ്ധിയുണ്ട്, മനുഷ്യസ്നേഹമുണ്ട്. അതിനെതിരായ ഒന്നും അതിലുണ്ടാവില്ല. അതിനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. മനസ്സിന്റെ ഭാഷ എന്നൊന്നുണ്ട്. അതാണ് ഞങ്ങൾ സംസാരിക്കാറ്. അതല്ലാതെ മനസ്സിലുള്ളത് മറച്ചുവച്ച് മിനുക്കിതേച്ച വാക്കുകൾ കൊണ്ട് കൃത്രിമമായി സംസാരിക്കാറില്ല. പ്രൊഫസർമാരുടെ ഭാഷയിൽ എനിക്ക് സംസാരിക്കാനാവില്ല. സാധാരണക്കാരന്റെ ഭാഷയേ നാവിൽ വരൂ. ആ

സാധാരണക്കാർ കൂടിയുള്ളതാണ് ഈ കേരളം. ആ ഭാഷയിൽ സ്ത്രീയെ ആക്ഷേപിക്കുന്ന ഒന്നും വരില്ല. പലരും ആക്ഷേപിക്കുന്നത് കേട്ടാൽ തോന്നും ഞാൻ സ്ത്രീകളില്ലാത്ത നാട്ടിൽ നിന്നും വന്നതാണെന്ന്. എന്റെ നാട്ടിലും വീട്ടിലുമൊക്കെ സ്ത്രീകളുണ്ട്. ആദരവോടെയേ അവരോട് പെരുമാറാറുള്ളൂവെന്ന് അവർക്കെല്ലാം ബോദ്ധ്യമുണ്ട്. ആ ബോദ്ധ്യമാണ് എന്റെ ശക്തി. അതാണ് ആ സമൂഹത്തിൽ എനിക്കുള്ള സ്വീകാര്യതയും. സ്ത്രീസമൂഹത്തോടുള്ള ആദരവ് ആവർത്തിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ. ബഹുമാന്യരായ അംഗങ്ങളേ, കേരളത്തിലെ മുഴുവൻ പത്രവും എടുത്ത് അതിൽ എവിടെയെങ്കിലും എം. എം. മണി 'സ്ത്രീ' എന്ന പദം പ്രയോഗിച്ചിട്ടുണ്ടോയെന്ന് നിങ്ങൾ പരിശോധിച്ചുനോക്കൂ. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. എന്നെ സംബന്ധിച്ച് അങ്ങനെ പറയുന്ന പ്രശ്നവുമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അനധികൃത കയ്യേറ്റം ഒഴിപ്പിക്കലിന്റെ കാര്യം പറഞ്ഞു. മുമ്പ് ഇവിടെ അങ്ങ് ഉണ്ടായിരുന്നല്ലോ? കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി അങ്ങ് എന്ത് ചെയ്തു; എന്ത് ഒഴിപ്പിച്ചു? ഇപ്പോൾ ഈ ഗവൺമെന്റ് അനധികൃത കയ്യേറ്റം ഒഴിപ്പിച്ചപ്പോൾ പിൻതാങ്ങിയതിന് നന്ദിയുണ്ട്; വളരെ സന്തോഷമുണ്ട്.

**അടിയന്തരപ്രമേയം - തുടർച്ച**

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച അടിന്തരപ്രമേയത്തിൽ മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികൾ നിർത്തിവച്ചുവെന്ന് പറഞ്ഞത് തീർത്തും വസ്തുതാവിരുദ്ധമാണ്. അനധികൃത കയ്യേറ്റത്തോട് ഒരുതരത്തിലുള്ള വിട്ടുവീഴ്ചയുമില്ലെന്ന് നേരത്തെതന്നെ വ്യക്തമാക്കിക്കഴിഞ്ഞതാണ്. ഇത് കൂടുതൽ ശക്തമായ രീതിയിൽ നടപ്പാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. കയ്യേറ്റം ഒഴിപ്പിക്കുക എന്നുപറയുമ്പോൾ, അതുമായി ബന്ധപ്പെട്ട സാങ്കേതിക നടപടികൾ മാത്രമല്ല ഉദ്ദേശിക്കുന്നത്, ഒരു നാടിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന തരത്തിലുള്ള ഇടപെടലുകൾ ചില വൻകിടക്കാർ അവിടെ നടത്തിയിട്ടുണ്ട്. മൂന്നാറിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തേണ്ടത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. പാരിസ്ഥിതിക സന്തുലനാവസ്ഥയ്ക്ക് ഭംഗമുണ്ടാക്കുന്നതും തകർക്കുന്നതും അവിടെയുള്ള സാധാരണക്കാരല്ല. മൂന്നാറിൽ ദീർഘകാലമായും തലമുറകളായും താമസിച്ചുവരുന്നവരുൾപ്പെടെയുള്ളവരെ സംരക്ഷിക്കുന്ന നിലപാടാണ് എല്ലാകാലത്തും സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റും അതേ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. അവിടെ പട്ടയം നൽകുക എന്നത് സർക്കാർ സ്വീകരിക്കേണ്ട നടപടിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് കുറച്ചുനാൾ കഴിഞ്ഞപ്പോൾത്തന്നെ പട്ടയവിതരണത്തിനുള്ള നടപടികളിലേയ്ക്ക് നീങ്ങിയതാണ്. പക്ഷേ ഏകദേശം ഒരു വർഷത്തോളം അതിന് കാലതാമസം

വന്നുവെന്നത് വസ്തുതയാണ്. ഈ മാസം തന്നെ അത് കൊടുത്തുതീർക്കാനാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. ഏതായാലും അടുത്ത മാസത്തോടെ അവിടെയുള്ള പട്ടയ വിതരണം നല്ല രീതിയിൽ നടത്താൻ കഴിയണമെന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. പട്ടയവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ അവിടെയുണ്ട്. സർക്കാർ പട്ടയം നൽകുമ്പോൾ ആ പുതിയ പട്ടയത്തിന്റെ സർവ്വേ നമ്പർ ശരിയാണോയെന്ന് പട്ടയം ലഭിച്ചയാൾക്ക് പട്ടയം കൊടുക്കുന്ന ആളിനോട് ചോദിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രിയോ മന്ത്രിയോ മറ്റേതെങ്കിലും വ്യക്തിയോ ഒരു പൊതുചടങ്ങിൽ വച്ച് വിതരണം ചെയ്യുന്ന പട്ടയം വാങ്ങുകയും കണ്ട സ്ഥലത്ത് അവർ പോയി താമസിക്കുകയും ചെയ്യും. എന്നാൽ കുറേക്കാലം കഴിയുമ്പോൾ സർവ്വേ നമ്പർ മാറിയിരിക്കുന്നു, ഇത് അനധികൃതമാണ്, കയ്യേറ്റമാണ് എന്നുപറഞ്ഞാൽ ആരുടെ കൂടെയാണ് സാധാരണഗതിയിൽ നാം നിൽക്കേണ്ടത്. അദ്ദേഹം എന്ത് കയ്യേറ്റം നടത്തി, ഗവൺമെന്റ് നൽകിയ പട്ടയഭൂമിയിലാണ് താമസിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ അദ്ദേഹം ആരാണ്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഭൂമി കൈവശം വച്ചുവരുന്ന ആൾ, അത് ആരോ ആയിക്കൊള്ളട്ടെ. അയാൾക്ക് അവിടെ താമസിക്കാൻ അവകാശമുണ്ട്. ഇപ്പോൾ താമസിക്കുന്ന വ്യക്തിയുടെ മുത്തുമുത്തശ്ശന് (അച്ഛന്റെ അച്ഛൻ) പട്ടികജാതി കുടുംബമെന്ന നിലയിൽ ലഭിച്ച പട്ടയഭൂമിയിലാണ് ആ കുടുംബം താമസിക്കുന്നത്. സ്വാഭാവികമായി ആ കുടുംബത്തിന് കിട്ടിയ പട്ടയം അദ്ദേഹത്തിന്റെ മകന് കിട്ടി, അയാൾ താമസിച്ചു. ഇപ്പോൾ ആ പട്ടയം മകന്റെ മകന് ലഭിച്ചു. ആളുകളിൽ മാറ്റം വരും, അതുപോലെ വിശ്വാസത്തിലും മാറ്റം വരുമല്ലോ? അങ്ങനെ മാറ്റം വന്നപ്പോൾ, പട്ടികജാതിക്കാർക്ക് കൊടുത്ത ഭൂമിയിൽ എങ്ങനെ ഒരു ക്രിസ്ത്യൻ നാമധാരി താമസിക്കുന്നുവെന്ന സാങ്കേതിക പ്രശ്നം തോന്നുകയാണ്. ഗവൺമെന്റ് ആരുടെ കൂടെ നിൽക്കും; ആ ഭൂമി അയാൾ ഏതെങ്കിലും തരത്തിൽ കയ്യേറിയതാണോ? ഇത്തരം പ്രശ്നങ്ങളാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഇതൊന്നും വൻകിടക്കാരല്ല. ഏതെങ്കിലും തരത്തിൽ കയ്യേറാൻ പോയവരുമല്ല. ഇങ്ങനെയുള്ള കുറേപേർ അവിടെയുണ്ട്. അവരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുവേണ്ടി വലിയ കെട്ടിടങ്ങൾ നിർമ്മിച്ച്, മൂന്നാറിന്റെതന്നെ പ്രത്യേകത തകർക്കുന്ന വിധത്തിൽ അവിടത്തെ പാരിസ്ഥിതിക സന്തുലനാവസ്ഥ ബോധപൂർവ്വം തകർക്കുന്ന ആളുകളോടാണ് കർക്കശ സമീപനം സ്വീകരിക്കേണ്ടത്. യഥാർത്ഥത്തിൽ കയ്യേറാൻ ഉദ്ദേശിക്കാതെ അവിടെ താമസിച്ചുവരുന്ന, സംസ്ഥാന ഗവൺമെന്റുകൾ മുൻകാലങ്ങളിൽ അംഗീകരിച്ച, ആളുകൾക്കുനേരെയല്ല നമ്മുടെ ദൃഢഹസ്തം നീങ്ങേണ്ടത്. അത് നീങ്ങേണ്ടത് വൻകിട കയ്യേറ്റക്കാർക്കെതിരെയാണ്. ആ വൻകിട

കയ്യേറ്റക്കാർക്കെതിരെ ഒരു വിട്ടുവീഴ്ചയുമില്ല. വളരെ കർക്കശമായ നടപടികളിലേയ്ക്കു തന്നെയാണ് സർക്കാർ നീങ്ങാൻ ഉദ്ദേശിക്കുന്നത്. കർക്കശ നടപടികളിലേയ്ക്ക് നീങ്ങുമ്പോൾ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകും. അത് എങ്ങനെ വേണമെന്നത് സംബന്ധിച്ച് ഒരു ചർച്ച നടത്തുന്നതാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. ചർച്ച നടത്തേണ്ടത് ആരുമായിട്ടാണ്? കയ്യേറ്റക്കാരുമായിട്ടല്ല, ഈ നാടിന്റെ താൽപ്പര്യത്തോടൊപ്പം നിൽക്കുന്ന വിവിധ വിഭാഗങ്ങളുണ്ട്. ഇപ്പോൾ സർക്കാർ ഞങ്ങളായിരിക്കും. ഈ സർക്കാരിന്റെ ഭാഗമായല്ലാതെ നിൽക്കുന്ന, നാടിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന ഒട്ടേറെ വ്യക്തികളും പ്രസ്ഥാനങ്ങളും സംഘടനകളുമുണ്ട്. എത്രത്തോളം പോകാം; എങ്ങനെ പോകാം; എന്താണ് ചെയ്യേണ്ടത്; ഇങ്ങനെ കെട്ടിപ്പൊക്കിയ കെട്ടിടങ്ങൾക്കെതിരെ എങ്ങനെയാണ് നീക്കം നടത്തേണ്ടത്; അത്തരം കാര്യങ്ങൾ അവരുമായി ചർച്ച ചെയ്ത് ഒരു പൊതുധാരണയിലെത്തണം. അത്തരം കാര്യങ്ങളിൽ സമവായം കണ്ടെത്തേണ്ടതുണ്ട്. അതിന്റെ അർത്ഥം ഏതെങ്കിലും ഒരു കയ്യേറ്റക്കാരൻ അവിടെ രക്ഷപ്പെടുമെന്നല്ല, അങ്ങനെ ആരും മനപ്പായസം ഉണ്ണേണ്ട. ആ നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച രീതിയിലുള്ള ഒരു ആശങ്കയും വേണ്ട. അവിടത്തെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നത് ഒരു തരത്തിലും തടയപ്പെട്ടിട്ടില്ല. ആ അനധികൃത കയ്യേറ്റം കൂടുതൽ ഫലപ്രദമായി, ഇനി ആർക്കും അവിടെ കയ്യേറാൻ തോന്നാത്ത രീതിയിലുള്ള ഒഴിപ്പിക്കൽ നടപടികളിലേയ്ക്ക് ഈ സർക്കാർ നീങ്ങുകതന്നെ ചെയ്യും. ആ കാര്യത്തിൽ നമുക്ക് ഒന്നിച്ച് നിൽക്കാവുന്നതാണ്; വ്യത്യസ്താഭിപ്രായമുണ്ടാകേണ്ട കാര്യമില്ല. നാം സംസാരിക്കുന്ന ഘട്ടത്തിൽ അത്തരം കാര്യങ്ങളിലെല്ലാം പൊതുവായ സമവായമുണ്ടാക്കാനാകും എന്നുതന്നെയാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം.

ഇവിടെ അദ്ദേഹം ഉന്നയിച്ച കാര്യത്തിൽ ബഹുമാന്യനായ എം. എം. മണിക്കെതിരെ ചില പരാമർശങ്ങളുണ്ടായിട്ടുണ്ട്. അതിലേയ്ക്ക് ഞാൻ ഇനി കടക്കേണ്ടതില്ല; അദ്ദേഹം അതുമായി ബന്ധപ്പെട്ട് വിശദീകരണം നൽകിക്കഴിഞ്ഞു. അത് പൂർണ്ണമായി ബോദ്ധ്യമായിട്ടുള്ള കാര്യമാണ്. പ്രതിപക്ഷവും അത് അംഗീകരിക്കുന്നുവെന്നാണ് അവരുടെ പ്രതികരണത്തിൽ നിന്നും വ്യക്തമാകുന്നത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു. )

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തിനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമുള്ള മറുപടിയല്ല

ഇപ്പോൾ പറഞ്ഞത്, തൊട്ടപ്പുറത്ത് ഇരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരനും ശ്രീ. കാനം രാജേന്ദ്രനുമുള്ള മറുപടിയാണ് പറഞ്ഞത്. അദ്ദേഹം ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെപ്പറ്റിയുള്ള കാര്യങ്ങളൊന്നും പറഞ്ഞില്ല. ഞങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിലെ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പൂർണ്ണമായി ബോദ്ധ്യപ്പെട്ടിരിക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവല്ലേ ഇത്? മൂന്നാറിലെ വിഷയം നമുക്ക് പിന്നീട് ചർച്ച ചെയ്യാം; അതിന് മറുപടി റവന്യൂ വകുപ്പുമന്ത്രി പറയട്ടെ. ഇവിടത്തെ വിഷയം അതല്ല; മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടപടികളുമായി മുന്നോട്ടു നീങ്ങിയപ്പോൾ സബ്കളക്ടർക്കും ജില്ലാ കളക്ടർക്കുമെതിരായി ബഹുമാന്യനായ ഒരു മന്ത്രി നടത്തിയ പരാമർശങ്ങളാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന ഒരു മന്ത്രിക്ക് ഒരു കളക്ടറെയും ആർ.ഡി.ഒ.യെയും ഇങ്ങനെ പറയാൻ കഴിയുമോ; 'ചെറ്റ' എന്നുള്ള വാക്ക് ഉപയോഗിക്കാൻ കഴിയുമോ; ഈ വാചകങ്ങൾ ഓരോന്നും എനിക്ക് പറയാൻ മടിയുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. ഭരണഘടന തൊട്ട് സത്യം ചെയ്ത് അധികാരത്തിൽ വന്ന ഒരു മന്ത്രി സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്കെതിരെ നടത്തുന്ന പദപ്രയോഗങ്ങൾ എവിടെയാണ് നിൽക്കുന്നത്? നിങ്ങൾ ഉദ്യോഗസ്ഥരെ എങ്ങനെ ട്രീറ്റ് ചെയ്യുന്നുവെന്നുള്ള കാര്യം സംബന്ധിച്ച് ഇന്നലെ സുപ്രീം കോടതി പറഞ്ഞത് നിങ്ങൾ മറക്കരുത്. മുഖ്യമന്ത്രി വളരെ സൗകര്യപൂർവ്വം മൂന്നാറിന്റെ കാര്യങ്ങളാണ് പറഞ്ഞത്. ഞങ്ങൾ മൂന്നാറിന്റെ കാര്യം വേറെ പറഞ്ഞോളാം. സത്യപ്രതിജ്ഞാ വാചകം ചൊല്ലി അധികാരത്തിൽ വന്ന ഒരു മന്ത്രി സംസ്ഥാനത്തെ സ്ത്രീത്വത്തെ അപമാനിച്ചിരിക്കുന്നു; സ്ത്രീകളെ അപമാനിച്ചിരിക്കുന്നു. ഇക്കാര്യം മുഖ്യമന്ത്രിക്ക് ബോദ്ധ്യമായിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് ബോദ്ധ്യമായി. ശ്രീ. എ. കെ. ബാലനും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയ്ക്കും ശ്രീമതി പി. കെ. ശ്രീമതി ടീച്ചർക്കും ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കും ബോദ്ധ്യമായി. ശ്രീ. പിണറായി വിജയൻ, അങ്ങേയ്ക്ക് മാത്രം എന്തുകൊണ്ടിത് ബോദ്ധ്യപ്പെടുന്നില്ല? അങ്ങ് ശ്രീ. ഇ. പി. ജയരാജന്റെയും ശ്രീ. എ. കെ. ശശീന്ദ്രന്റെയും കാര്യം വന്നപ്പോൾ വലിയ ഗൗരവമുള്ള കാര്യമാണെന്ന് പറഞ്ഞല്ലോ; ശ്രീ. എം. എം. മണിയുടെ കാര്യം വന്നപ്പോൾ അങ്ങേയ്ക്ക് ഗൗരവമില്ലാത്തതെന്താണ്? കേരളീയ സമൂഹം ചോദിക്കുന്ന ചോദ്യമാണത്. ശ്രീ. ഇ. പി. ജയരാജൻ ഒരു നിയമനം നടത്തിയതിന്റെ പേരിൽ അങ്ങ് അദ്ദേഹത്തിന്റെ രാജി വാങ്ങി. മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ ആരുമറിയാതെ രാത്രിയിൽ ഒരു സ്ത്രീയോട് ഫോണിൽ സംസാരിച്ചതിന്റെ പേരിൽ അങ്ങ് അദ്ദേഹത്തിന്റെ രാജി വാങ്ങി. എന്നാൽ ഇപ്പോൾ ഒരു മന്ത്രി പരസ്യമായി അസഭ്യങ്ങൾ പറയുന്നു, സ്ത്രീകളെ പരസ്യമായി

അപമാനിക്കുന്നു. ഇന്ത്യൻ പീനൽ കോഡ് 294 (ബി) അനുസരിച്ച്, മറ്റുള്ളവരെ അലട്ടുന്ന വിധത്തിൽ ഏതെങ്കിലും പൊതു സ്ഥലത്തുവച്ച് അശ്ലീലകൃത്യം ചെയ്യുകയോ അല്ലെങ്കിൽ അശ്ലീലമായ പാട്ടോ വാക്കുകളോ പാടുകയോ ചൊല്ലുകയോ ഉച്ചരിക്കുകയോ ചെയ്താൽ മൂന്ന് മാസത്തെ തടവിന് അർഹതയുണ്ട്. ഇന്ത്യൻ പീനൽ കോഡ് അനുസരിച്ച് മൂന്നുമാസത്തെ ശിക്ഷ ലഭിക്കുന്ന കുറ്റമാണ് ശ്രീ. എം. എം. മണി ചെയ്തത്. പ്രസംഗം വളച്ചൊടിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. ആരാണ് വളച്ചൊടിച്ചത്? ചാനലില്ലാത്ത കാലത്ത് വളച്ചൊടിച്ചെന്ന് പറയാമായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് ഈ ചാനലുകളുടെ ടേപ്പ് വാങ്ങി കേൾക്കണം. അങ്ങേയ്ക്ക് കേൾക്കാൻ കൊള്ളുകയില്ല എന്നത് മറ്റൊരു കാര്യം. അങ്ങേയ്ക്കത് ചേർന്ന നടപടിയല്ല; അങ്ങ് ഒരു മാന്യനാണ്. അല്ലെങ്കിൽ ബഹുമാനപ്പെട്ട സെക്രട്ടറിയോട് പറഞ്ഞ് അത് കേൾക്കണം. അങ്ങ് കേൾക്കണമെന്ന് ഞാൻ പറയുന്നില്ല. ......(ബഹളം)..... ഇവിടെ ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞില്ല എന്നാണ് പറഞ്ഞത്. എന്റെ പ്രസംഗം 17 മിനിട്ടാണ്, അത് വളച്ചൊടിച്ചു, ആ പ്രസംഗത്തിൽ ഞാനിതൊന്നും പറഞ്ഞില്ല എന്നാണ് പറഞ്ഞത്. ആളുകളെ പറ്റിക്കാൻ ഇപ്പോൾ കഴിയില്ല. പണ്ടായിരുന്നെങ്കിൽ ഞാൻ അങ്ങനെ പറഞ്ഞില്ലെന്ന് പറയാമായിരുന്നു. ഒന്നും പറഞ്ഞിട്ടില്ലെങ്കിൽപ്പിന്നെ എന്തിനാണ് അങ്ങ് ഖേദം പ്രകടിപ്പിച്ചത്. വളച്ചൊടിച്ചതാണെങ്കിൽ തൊടുപുഴയിലെ വഴിത്തലയിൽ വച്ച് പത്രക്കാരോട് അങ്ങ് ഖേദം പ്രകടിപ്പിച്ചത് എന്തിനാണ്?

മൂന്നാറിലെ പൊമ്പിളൈ ഒരുമൈ സ്ത്രീ മുന്നേറ്റമായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞില്ലേ; ജാസ്മിൻ റെവല്യൂഷനെപ്പോലെ കേരളത്തിലുണ്ടായ അത്യപൂർവ്വമായ ആ മുന്നേറ്റത്തെ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് കൈകാര്യം ചെയ്ത രീതി എല്ലാവർക്കുമറിയാം. ഞങ്ങൾ അവരെ അസഭ്യം പറഞ്ഞില്ല. അദ്ദേഹം അവരെപ്പറ്റി എന്താണ് പറഞ്ഞത്; പറയാൻ പാടുള്ളതാണോ? ശ്രീ. എം. എം. മണിക്ക് ഈ പദം പറയാം. എന്നാൽ സംസ്ഥാനത്തെ വൈദ്യുതി വകുപ്പുമന്ത്രിക്ക് ഒരിക്കലും പറയാൻ കഴിയുന്ന കാര്യമല്ല ഇത്. അദ്ദേഹം മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റ് മെമ്പറാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉന്നതമായ ബോഡിയാണ് സെക്രട്ടേറിയറ്റ് എന്നാണ് പറയുന്നത്. അങ്ങേയ്ക്ക് അത് അറിയാമല്ലോ; അങ്ങ് സ്റ്റേറ്റ് കമ്മിറ്റി മെമ്പറായിരുന്നില്ലേ? അങ്ങനെയുള്ള ഒരു വ്യക്തി കേരളത്തിലെ സ്ത്രീത്വത്തെ അപമാനിക്കുന്നു. സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റിയംഗവും സി.ഐ.ടി.യു.-വിന്റെ ദേശീയ സെക്രട്ടറിയുമായിരുന്ന ഡബ്ല്യു.ആർ. വരദരാജൻ ഒരു സ്ത്രീയ്ക്ക് നിരുപദ്രവകരമായ എസ്.എം.എസ്. അയച്ചു. എനിക്ക് നേരിട്ട് അറിയാമായിരുന്ന ആളാണ് അദ്ദേഹം. അതേത്തുടർന്ന് അദ്ദേഹത്തെ കൽക്കട്ടയിൽ ചേർന്ന കേന്ദ്ര കമ്മിറ്റി പുറത്താക്കി. 2010 ഫെബ്രുവരിയിൽ ഡബ്ല്യു.ആർ. വരദരാജൻ ആത്മഹത്യ

ചെയ്യുകയാണുണ്ടായത്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും സമുന്നതനായ നേതാവായിരുന്ന അദ്ദേഹം. ഈ പാരമ്പര്യമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ അവസ്ഥയിൽ എനിക്ക് ദുഃഖം തോന്നുന്നു. ഇന്ത്യയിൽ ശ്രീ. പിണറായി വിജയന്റെ മുകളിൽ ഒരു പോളിറ്റ് ബ്യൂറോ ഇല്ലേ; ശ്രീ. എം. എം. മണിയുടെ നടപടിയ്ക്കെതിരെ ശ്രീമതി വൃന്ദാ കാരാട്ട് എന്തുകൊണ്ട് മിണ്ടുന്നില്ല? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്നത് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ പോലെയുള്ള ആളുകൾ ഇരുന്ന കസേരയിലാണ്. ഈ പാർട്ടി ഇപ്പോൾ ഇ.എം.എസ്.ന്റെ പാർട്ടിയല്ല; ശ്രീ. എം. എം. മണിയുടെ പാർട്ടിയായി മാറിയിരിക്കുന്നുവെന്നുള്ളത് ദയനീയമായ അവസ്ഥയാണ്. ഞങ്ങളാരും കമ്മ്യൂണിസ്റ്റ് പാർട്ടി തകരണമെന്നാഗ്രഹിക്കുന്നവരല്ല. തെറ്റിദ്ധരിക്കണ്ട, ഞങ്ങളാരും അങ്ങനെ ആഗ്രഹിക്കുന്നില്ല. ഈ സംസ്ഥാനത്തെ സാംസ്കാരിക ബോധത്തിന്, സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം കൊടുത്ത ഇ.എം.എസ്.ന്റെ പാർട്ടി ഇങ്ങനെ അധഃപതിക്കാൻ പാടില്ലായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യങ്ങളെപ്പറ്റി ഒന്നും പറഞ്ഞില്ല എന്നുള്ളതുതന്നെ ഞങ്ങൾ പറയുന്ന കാര്യങ്ങൾ അദ്ദേഹം അംഗീകരിക്കുന്നുവെന്നുള്ളതിന് തെളിവല്ലേ? നാടൻ പ്രയോഗം ഇതാണോ; ഈ സഭയിൽ ഔപചാരിക വിദ്യാഭ്യാസമില്ലാത്ത എത്രയോ മാന്യന്മാരായ മന്ത്രിമാരും എം.എൽ.എ.-മാരും ഉണ്ടായിരുന്നു. എത്രപേരുടെ പേര് വേണമെങ്കിലും പറയാം. അവരാരും ഡിഗ്രിയുള്ളവരും എം.എ.-ക്കാരും പ്രൊഫസർമാരും ആയിരുന്നില്ല. അങ്ങ് പ്രൊഫസർമാരുടെ കാര്യം പറഞ്ഞല്ലോ; കാന്തലോട്ട് കുഞ്ഞമ്പു, വി. ഈച്ചരൻ, ഇമ്പിച്ചി ബാവ തുടങ്ങി എത്രയോ മഹാന്മാരായ നേതാക്കന്മാർ ഇവിടെയുണ്ടായിരുന്നു. അവരുടെയാരുടെയും ഭാഷ ഇതുപോലെ അശ്ലീലത്തിന്റെ ഭാഷയായിരുന്നില്ല. അവരുടെയാരുടെയും ഭാഷ മാന്യതയുടെ സീമ കടന്നിട്ടില്ല. അവിശ്വാസ പ്രമേയ ചർച്ചയിൽ ഇ.എം.എസ്.ന്റെ മുഖത്തുനോക്കി 'എടോ നമ്പൂതിരി' എന്ന് എം. എൻ. ഗോവിന്ദൻ നായർ വിളിച്ചു. അതിന് എത്ര മാന്യമായാണ് ഇ.എം.എസ്. മറുപടി പറഞ്ഞതെന്ന് ഇവിടത്തെ സഭാരേഖകൾ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. വരുംതലമുറ നമ്മളെ നോക്കി പഠിക്കരുത്; ഇത് കേരളമാണ്. ശ്രീ. എം. എം. മണിക്ക് എന്തും പറയാം; പക്ഷേ സംസ്കാരസമ്പന്നമായ കേരളത്തിലെ ഒരു മന്ത്രിക്ക് അങ്ങനെ പറയാൻ പാടില്ല. നിങ്ങൾ ദയവായി ഇതിൽ രാഷ്ട്രീയം കാണരുത്. ഒരു മന്ത്രിയുടെ സാംസ്കാരിക നിലവാരത്തിന്റെ ഉത്തമ ഉദാഹരണമായി വേണം ശ്രീ. എം. എം. മണിയുടെ ഈ ഭാഷയെ കാണാൻ. ശ്രീ. എം. എം. മണിയുടെ ഈ പ്രസംഗത്തെ നിയമസഭ ഒറ്റക്കെട്ടായി അപലപിക്കേണ്ടതാണ്. ഒരു പ്രസ്താവനയായിരുന്നു വെങ്കിൽ നാക്കുപിഴച്ചതാണെന്ന് ഞാൻ കരുതും. ഫെബ്രുവരിയിൽ ചെറുതോണിയിലെ പൈനാവ് വനിതാ പോളിടെക്നിക്കിലെ വനിതാ പ്രിൻസിപ്പാളിനെതിരെ ശ്രീ. എം. എം. മണി നടത്തിയ പ്രസംഗത്തെക്കുറിച്ച് ഞാൻ പറയുന്നില്ല, പറയാൻ കൊള്ളില്ല, വേണമെങ്കിൽ മുഖ്യമന്ത്രിക്ക് കൊടുക്കാം.

ജിഷ്ണ പ്രണോയിയുടെ അമ്മയ്ക്കുനേരെ മലപ്പുറത്ത് നടത്തിയ പ്രസംഗത്തെക്കുറിച്ചും ഞാൻ പറയുന്നില്ല. സംസ്ഥാനത്ത് നമ്മളൊക്കെ എങ്ങനെ പ്രസംഗിക്കുന്നുവെന്ന് കണ്ട് വരുംതലമുറ നമ്മളെ അനുകരിക്കേണ്ടതാണ്. പുതിയ തലമുറ നമ്മളെക്കണ്ടാണ് പഠിക്കേണ്ടത്. ബഹുമാനപ്പെട്ട എം. എം. മണിയുടെ തൊഴിലാളി പ്രവർത്തനത്തെക്കുറിച്ച് ഞങ്ങളാരും അവമതിപ്പ് വിചാരിക്കുന്നില്ല. അങ്ങ് സാധാരണ പൊതുപ്രവർത്തകനായി വളർന്നുവന്നയാളാണ്. പക്ഷെ, അങ്ങ് ഇരിക്കുന്നത് സംസ്ഥാനത്തെ ഏറ്റവും ഉന്നതമായ വൈദ്യുതി വകുപ്പുമന്ത്രിയുടെ പദവിയിലാണ്. അങ്ങ് എപ്പോഴും അത് മറന്നുപോകുകയാണ്. ഞങ്ങൾക്ക് അങ്ങയോട് വ്യക്തിപരമായി എന്ത് വിരോധമാണുള്ളത്; നിങ്ങളെപ്പോലെ പാവപ്പെട്ടൊരാൾ മന്ത്രിയായതിൽ ഞങ്ങൾക്കാർക്കും വിരോധമില്ല, സന്തോഷമേയുള്ളൂ. പക്ഷെ, നിങ്ങൾ ആ സ്ഥാനത്തിരിക്കുമ്പോൾ പറയുന്ന വാക്കുകൾ, തൊടുത്തുവിടുന്ന ശരങ്ങളെപ്പോലെയാണെന്ന് കാണണം. ഇത് ശരിയാണോ; ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുപോലെ ആരെങ്കിലും സംസാരിച്ചിട്ടുണ്ടോ; ഇങ്ങനെ സംസാരിക്കുന്നത് ശരിയാണോ; നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകത്തെ ചോദ്യം ചെയ്യുന്ന ഒരു നടപടിയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ഇരിക്കുന്ന സ്ഥാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് തന്റെ സഹപ്രവർത്തകനെ ഒന്ന് ശാസിക്കാനെങ്കിലും ഈ സഭാവേദി ഉപയോഗിക്കുമെന്ന് ഞാൻ കരുതി. എനിക്ക് തെറ്റുപറ്റിപ്പോയി. കേരളം ആഗ്രഹിക്കുന്നത് അങ്ങേയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. കേരളത്തിലെ പൊതുസമൂഹം, ഇവിടത്തെ സ്ത്രീകളും മുഴുവൻ ജനങ്ങളും ശ്രീ. എം. എം. മണിയുടെ ഈ പ്രസ്താവനയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. മന്ത്രി രാജിവയ്ക്കണം അല്ലെങ്കിൽ ഈ മന്ത്രിസഭയിൽ നിന്ന് അദ്ദേഹത്തെ പുറത്താക്കാനുള്ള ധൈര്യം, മാന്യത അങ്ങ് കാണിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതിനേക്കാൾ ചെറിയ കുറ്റത്തിനല്ലേ രണ്ടാമനായിരുന്ന ശ്രീ. ഇ. പി. ജയരാജനെ പുറത്താക്കിയത്? ഈ നാട്ടിലെ ജനങ്ങൾ ഇത് കാണുന്നുണ്ട്. ശ്രീ. എ. കെ. ശശീന്ദ്രനും ശ്രീ. ഇ. പി. ജയരാജനും കൊടുക്കാത്ത നീതി ശ്രീ. എം. എം. മണിക്ക് എന്തിന് കൊടുക്കുന്നുവെന്ന് മനസ്സിലാകുന്നില്ല. സംസ്ഥാനത്തെ ജനങ്ങൾ നിങ്ങൾക്ക് മാപ്പുനൽകില്ല. ഈ മന്ത്രിയെ പുറത്താക്കാനുള്ള ശക്തമായ പ്രക്ഷോഭങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകുമെന്ന് പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. കെ. എം. മാണി</u>: സർ, ബഹുമാനപ്പെട്ട എം. എം. മണി

വളരെ സമർത്ഥനായ ആളാണ്. അദ്ദേഹം സ്ത്രീത്വത്തെ അപമാനിച്ചുവെന്ന് ഞങ്ങൾ പറയുമ്പോൾ സ്ത്രീത്വത്തെ അപമാനിച്ചില്ല, സ്ത്രീയെന്നൊരു വാക്ക് പറഞ്ഞിട്ടില്ലെന്നാണ് ശ്രീ. എം. എം. മണി പറയുന്നത്. പൊമ്പിളൈ എന്നുപറയുന്നത് സ്ത്രീകളെയാണ്. പൊമ്പിളമാരെ മുഴുവൻ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്തിട്ട് സ്ത്രീയെന്നൊരു വാക്ക് പറഞ്ഞിട്ടില്ലെന്നാണ് പറയുന്നത്. അത് ശരിയാണോ; പൊമ്പിളയെന്ന് പറയുന്നത് സ്ത്രീയല്ലേ; പൊമ്പിളമാരെ മുഴുവൻ അപമാനിച്ചിട്ട് ഈ സഭയിൽ വന്ന് ഞാൻ സ്ത്രീയെന്നൊരു വാക്കുപോലും പറഞ്ഞിട്ടില്ലെന്ന് പറയുന്ന ശ്രീ. എം. എം. മണിയെ എന്ത് ചെയ്യാനാണ്? അത് നാടൻ ഭാഷയാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇടുക്കിയിലെ ശൈലി ഇതാണോ? ഇടുക്കിയുടെ ഭാഷ ഇതൊന്നുമല്ല. ഇത് ശ്രീ. എം. എം. മണിയുടെ ഭാഷയാണ്. അതുകൊണ്ട് ശ്രീ. എം. എം. മണി മാന്യമായി രാജിവയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ശ്രീ. എം. എം. മണി രാജിവയ്ക്കണം, കുഴപ്പമൊന്നുമില്ല. അത് പിന്നീട് നമുക്ക് വലിയൊരു കാര്യമാകും. രാജി വച്ചാൽ ഞങ്ങൾ ശ്രീ. എം. എം. മണിയുടെ കൂടെയുണ്ടാകും. രാജിവയ്ക്കാത്ത ശ്രീ. എം. എം. മണിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ സർക്കാർ കൈക്കൊള്ളുന്ന നടപടികളോരോന്നും വിനാശകാലേ വിപരീത ബുദ്ധിയെന്ന് പറയുന്നതുപോലെ, ഈ സമൂഹത്തിലെ ഏറ്റവും ആദരവർഹിക്കുന്ന സ്ത്രീകളെ അവഹേളിച്ചിരിക്കുന്നുവെന്ന് മുഖ്യമന്ത്രിയൊഴികെയുള്ള പാർട്ടിക്കാർക്കും നിഷ്പക്ഷമതികളായവർക്കുമെല്ലാം ബോദ്ധ്യമായിട്ടുണ്ട്. ഇതാണ് ദുഃസ്ഥിതി. ഈ സാഹചര്യത്തിൽ സഭാനടപടികളിൽ പങ്കെടുക്കാൻ സാദ്ധ്യമല്ല. ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭയിൽനിന്ന് പുറത്തുപോയി.)

## VI. ശ്രദ്ധ ക്ഷണിക്കൽ

### പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരണം

ശ്രീ. എസ്. ശർമ്മ: സർ, ദശലക്ഷക്കണക്കിന് വരുന്ന ജനങ്ങളുടെ കുടിവെള്ള സ്രോതസ്സായ പെരിയാറിനെ മാലിന്യമുക്തമാക്കി സംരക്ഷിയ്ക്കുവാൻ പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റിക്ക് രൂപം നൽകേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ നിരവധി പ്രധാനപ്പെട്ട നഗരങ്ങളിലെയും സമീപ ഗ്രാമപ്രദേശങ്ങളിലെയും പൊതുസമൂഹത്തിന്റെ ശുദ്ധജലത്തിനായുള്ള ഏക

ആശ്രയം പെരിയാറാണ്. അതുകൊണ്ടാണ് കേരളത്തിന്റെ ജീവിതരേഖ (ലൈഫ് ലൈൻ ഓഫ് കേരള) എന്ന് പെരിയാർ അറിയപ്പെടുന്നത്. ഇത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, വ്യവസായം, ജലസേചനം, കുടിവെള്ളം എന്നീ മേഖലകൾക്കും നമ്മുടെ നാടിന്റെ വൈദ്യുതി ആവശ്യത്തിനും സുപ്രധാന ആശ്രയമാണ് പെരിയാർ. പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടും, ഇടുക്കി, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ തുടങ്ങിയ വൈദ്യുതി പ്രോജക്ടുകളും വ്യാവസായിക നഗരമായ കൊച്ചിയിലെ മഹാഭൂരിപക്ഷം വരുന്ന വ്യവസായങ്ങളും പെരിയാറിനെ ആശ്രയിച്ചുള്ളതാണെന്ന് എല്ലാവർക്കുമറിയാം. ഇത്തരത്തിൽ കേരളത്തിന്റെ ചരിത്രത്തിലും അതിന്റെ വികാസത്തിലും പൈതൃകത്തിലും നിർണ്ണായകമായ, ഉത്തരവാദിത്വപരമായ പങ്കാണ് പെരിയാർ വഹിച്ചുവരുന്നത്. പെരിയാർ വഹിക്കുന്ന ഈ പങ്കാണ് വയലാറിന്റെ കാവ്യഭാവനയിൽ മലയാളി പെൺകൊടിയായി പെരിയാറിനെ വരച്ചുകാണിച്ചിരിക്കുന്നത്. ....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്..... പ്രതിഷേധം അതിരുകടക്കരുത്. ഇത് ലോകം മുഴുവൻ കാണുന്നുണ്ട്. ......(ബഹളം)......

ശ്രീ. എസ്. ശർമ്മ: സർ, പരിസ്ഥിതിയേയോ വ്യവസായത്തേയോ നിരാകരിച്ചുകൊണ്ടുള്ള മാർഗ്ഗമല്ല സ്വീകരിക്കേണ്ടത്. പെരിയാർ സംരക്ഷണത്തിനു വേണ്ടി സർക്കാർ തലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഇതിന്റെ ഭാഗമായി പ്രശസ്ത ശാസ്ത്രജ്ഞന്മാർ, സബ്ജക്ട് എക്സ്പെർട്ടുകൾ, പ്രമുഖ വ്യക്തികൾ എന്നിവരടങ്ങുന്ന ഒരു പാനലിന്റെ നേതൃത്വത്തിൽ അടിയന്തരമായി പെരിയാർ ജല ഓഡിറ്റ് നടത്തുന്നതിനും അതോടൊപ്പം പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ഈ സഭയിൽ ഇതിനുമുമ്പും പ്രതിഷേധങ്ങളുണ്ടായിട്ടുണ്ട്. ഇങ്ങനെയൊന്നും ആരും കാണിച്ചിട്ടില്ല. മര്യാദയില്ലാത്ത രീതികൾ സ്വീകരിക്കരുത്. .....(ബഹളം)........

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയായ പെരിയാറിൽ ആറ് ജലവൈദ്യുത പദ്ധതികളുള്ളതുകൊണ്ടും കാർഷിക കാർഷികേതര ഗാർഹിക ആവശ്യങ്ങൾക്ക് പെരിയാറിൽനിന്നും ജലം ഉപയോഗിക്കുന്നതിനാലും വേനൽക്കാലത്ത് നീരൊഴുക്ക് കുറയാനിടയാകുന്നു. തൻമൂലം വേമ്പനാട്ട് കായലിൽനിന്നും ഉപ്പുവെള്ളം കയറിയും വ്യവസായ ശാലകളിൽനിന്നുള്ള മാലിന്യങ്ങൾ, രാസ കീടനാശിനികൾ, രാസവളം എന്നിവ വിവിധ മാർഗ്ഗങ്ങളിലൂടെ നദിയിൽ കലർന്നും പെരിയാറിലെ ജലം മലിനമാകുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡും തദ്ദേശഭരണ സ്ഥാപനങ്ങളും വിവിധ മാർഗ്ഗങ്ങളിലൂടെ മലിനീകരണം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ നദികൾ സംരക്ഷിക്കുകയെന്ന

ലക്ഷ്യത്തോടെ കൊണ്ടുവന്ന 'കേരള ജലസേചനവും ജല സംരക്ഷണവും (ഭേദഗതി) ബിൽ 2013' ലാപ്സായതിനെത്തുടർന്ന് പ്രസ്തുത ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നദീതടങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഒരു സംസ്ഥാന നദീതട അതോറിറ്റിയും അതിനുകീഴിൽ വിവിധ നദീതട ബോർഡുകളും രൂപീകരിക്കാൻ ബില്ലിലൂടെ വിഭാവന ചെയ്യുന്നുണ്ട്. പ്രസ്തുത അതോറിറ്റി നിലവിൽ വരികയാണെങ്കിൽ നദിയിലെ മലിനീകരണങ്ങൾ തടയുന്നതിനുള്ള നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കാൻ സാധിക്കും. കേരളത്തിലെ നദികൾക്ക് പ്രത്യേകം പ്രത്യേകം അതോറിറ്റികളെക്കാൾ അനുയോജ്യം നദീതട അതോറിറ്റി രൂപീകരിക്കുകയാണ്. നദികളിലെ നീരൊഴുക്ക്, ജൈവ വൈവിദ്ധ്യം എന്നിവ നിലനിർത്തുവാനുതകുന്ന തരത്തിൽ നദീതട മാസ്റ്റർ പ്ലാനുകൾക്ക് രൂപം കൊടുക്കുവാനും സംയോജിത നദീതട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുവാനും പ്രസ്തുത അതോറിറ്റിക്ക് കഴിയും. ഇക്കാരണത്താൽ പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനെക്കാൾ ഉചിതം സംസ്ഥാനതല അതോറിറ്റിയും അതിനുകീഴിൽ വരുന്ന നദീതട ബോർഡുകളുടേയും രൂപീകരണമായിരിക്കു മെന്നാണ് സർക്കാർ കരുതുന്നത്. ഈ കാര്യത്തിൽ കഴിഞ്ഞ ദിവസം അഖിലേന്ത്യാ തലത്തിലുണ്ടായ വിഷയംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. നീതി ആയോഗിന്റെ ഒരു യോഗം കഴിഞ്ഞ ദിവസം വിളിച്ചിരുന്നു. ആ യോഗത്തിൽ കേരളത്തിലെ മൂന്ന് നദികളുടെ നവീകരണ നടപടികൾ ആരംഭിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പെരിയാറും വേമ്പനാട് കായലും ഭാരതപ്പുഴയുമാണ് ആ നദികൾ. ഇവ മൂന്നും ആദ്യഘട്ടമെന്ന നിലയിൽ ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് അതിന് മുമ്പുതന്നെ നീതി ആയോഗിന്റെ അധികൃതരുമായി ചർച്ച നടത്തിയിരുന്നു. ഈ കാര്യത്തിൽ ആവശ്യമായ എല്ലാ സഹകരണവും പിന്തുണയും നൽകാൻ സന്നദ്ധമാണെന്ന് നീതി ആയോഗം ഉറപ്പ് നൽകിയിട്ടുണ്ട്. ഈ കാര്യത്തിൽ ഓരോ നദിയേയും സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന നടപടികളിലേക്ക് കടക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, അവിടെ എല്ലാ തലങ്ങളിലുമുള്ളവർ ചേർന്ന് പ്രത്യേകം യോഗം ചേർന്നപ്പോൾ ചില സോഴ്സുകളിൽനിന്നുള്ള ജലം തീരെ ഉപയോഗിക്കാൻ കഴിയാത്ത വിധം മലിനമായി തീർന്നിരിക്കുന്നുവെന്ന് മനസ്സിലായിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ജല ആഡിറ്റ് എന്ന പ്രൊപ്പോസൽ വിദഗ്ദ്ധർ മുമ്പോട്ടുവയ്ക്കുന്നുണ്ട്. ആ കാര്യം പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെ ഘട്ടത്തിൽ പൊതുവായി ജല ആഡിറ്റിംഗിലേയ്ക്ക് കടക്കേണ്ടതുണ്ട്. അത്തരമൊരു അവസ്ഥയിലേയ്ക്കാണ് നമ്മൾ എത്തിച്ചേർന്നിട്ടുള്ളത്. ആ കാര്യങ്ങളും പരിശോധിക്കാം.

(ശ്രീ. പി. ടി. തോമസ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## VII. സബ്മിഷൻ

(ബന്ധപ്പെട്ട അംഗം സീറ്റിലില്ലാത്തതിനാൽ ഒന്നാമത്തെ സബ്മിഷൻ അവതരിപ്പിച്ചില്ല)

### കോൺക്രീറ്റ് മതിൽ മറിഞ്ഞുവീണുണ്ടായ മരണം

ശ്രീ. സി. ദിവാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽ കായ്പാടി ചെക്കകോണത്ത് ഒരു അമ്മയും രണ്ട് പിഞ്ചു കുഞ്ഞുങ്ങളും അതിദാരുണമാംവിധം മരണമടഞ്ഞ സംഭവം നമ്മുടെ നാടിനെത്തന്നെ നടുക്കുകയുണ്ടായി. അയൽവീട്ടുകാർ അശാസ്ത്രീയമായി കെട്ടിപ്പൊക്കിയ വൻ കോൺക്രീറ്റ് മതിൽ ഉസൈമാ ബീവിയുടെ വീടിന് മുകളിലേയ്ക്ക് മറിഞ്ഞുവീണു. പൂർണ്ണമായും തകർന്ന വീടിന്റെ അവശിഷ്ടങ്ങൾക്കിടയിൽനിന്ന് പോലീസും ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരും ചേർന്ന് കഠിനമായി പരിശ്രമിച്ചതിന്റെ ഫലമായാണ് മൃതശരീരങ്ങൾ പുറത്തെടുക്കാൻ കഴിഞ്ഞത്. അമ്മയും പറക്കമുറ്റാത്ത രണ്ട് കുഞ്ഞുങ്ങളും അവിടെവച്ചുതന്നെ മരണമടഞ്ഞു. നാല് വയസ്സുള്ള ഒരു കുട്ടിമാത്രമാണ് രക്ഷപ്പെട്ടത്. വീട്ടുകാരനായ ശ്രീ. ഷിഹാബുദ്ദീന് സർക്കാർ ജോലി നൽകുന്നതിനും ജീവിച്ചിരിക്കുന്ന മുഹമ്മദ് ഷിഫാൻ എന്ന നാല് വയസ്സുകാരന്റെ സംരക്ഷണം സർക്കാർ ഏറ്റെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ആ കുട്ടിക്ക് ആശ്രയമായി അച്ഛൻ മാത്രമേയുള്ളൂ. ഷിഹാബുദ്ദീന്റെ ഭാര്യ സജ്ന (27 വയസ്), ഷിഫാന ( 3½ വയസ്), ഷിഹാൻ (6 മാസം) എന്നിവരാണ് മരിച്ചത്. ഈ കാര്യങ്ങളിൽ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് ഒരു കത്ത് നൽകിയിട്ടുണ്ട്; അത് പരിഗണിക്കണം. ഇത് വളരെ ദാരുണമായ ഒരു കൂട്ടമരണമാണ്. ......(ബഹളം).....

മി. സ്പീക്കർ: ചെയർ ഒരു കാര്യം ഓർമ്മപ്പെടുത്തുന്നു. ഈ സഭയിൽ അസാധാരണമായ പ്രതിഷേധങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും പ്രതിഷേധം ആരംഭിക്കുന്നതിനുമുമ്പ് ഇങ്ങനെ ഒരു കറുത്ത തുണികൊണ്ട് ചെയറിനെ മറയ്ക്കുന്ന രീതി ശരിയല്ല. അത് അംഗീകരിക്കാൻ കഴിയില്ല. പ്രതിഷേധം ആരംഭിക്കുന്നതിന് മുമ്പുതന്നെ ചെയറും സാമാജികരും തമ്മിലുള്ള കാഴ്ച മറച്ചുവയ്ക്കുന്ന രീതി അംഗീകരിക്കാൻ കഴിയില്ല. അതിനെതിരെ ശക്തമായ നടപടി ചെയറിന് സ്വീകരിക്കേണ്ടിവരും. പാർലമെന്റിലോ ഇന്ത്യയിൽ ഏതെങ്കിലും ഒരു നിയമസഭയിലോ ഇങ്ങനെ കണ്ടിട്ടുണ്ടോ? ഈ കാര്യങ്ങൾ ലോകം മുഴുവനും

കാണുകയാണ്. ഇവിടെ കുത്തിയിരുന്ന് പ്രതിഷേധം നടത്തിയിട്ടുണ്ട്. പക്ഷേ ഇത് അംഗീകരിക്കാൻ കഴിയില്ല. ….(ബഹളം)…. സഭ നിർത്തിവയ്ക്കുവാൻ ഒരു സമയമുണ്ട്. സഭ നിർത്തിവയ്ക്കുകയും ചർച്ചയ്ക്ക് വിളിക്കുകയും ചെയ്യാറുണ്ട്. നിങ്ങൾക്ക് ചെയറിനെ സമ്മർദ്ദത്തിലാക്കി അത് ചെയ്യിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇത് ശരിയല്ല. പ്രതിപക്ഷ നേതാവ് പറയുന്നത് നിങ്ങൾ അനുസരിക്കുന്നുണ്ടോ? എന്ത് അരാജകത്വമാണ് നിങ്ങൾ കാണിക്കുന്നത്? ഈ സഭയിൽ ഒരു മിനിമം മര്യാദ പാലിക്കേണ്ടതുണ്ട്. അത് നിങ്ങൾ പാലിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017 ഏപ്രിൽ 13-നുണ്ടായ കനത്ത മഴയെത്തുടർന്ന് കരകുളം വില്ലേജിൽ ചെക്കകോണം ആലുംമൂട് എന്ന സ്ഥലത്തിനടുത്ത് റോഡ് നിരപ്പിൽനിന്നും താഴ്ന്ന് സ്ഥിതി ചെയ്യുന്ന ശ്രീ. നവാസിന്റെ ഉടമസ്ഥതയിലുള്ള ഷീറ്റ് മേഞ്ഞ വീടും സംരക്ഷണ ഭിത്തിയും ഇടിഞ്ഞു വീണതിനെത്തുടർന്ന് ശ്രീ. അൻസറിന്റെ ഉടമസ്ഥതയിലുള്ള വീട് പൂർണ്ണമായും തകർന്ന് അവിടെ വാടകയ്ക്ക് താമസിച്ചിരുന്ന ശ്രീമതി സജ്ന (27), കുട്ടികളായ ഷിഫാന (3½ വയസ് ), ഷിഹാൻ (6 മാസം) എന്നിവർ മരണപ്പെടുകയും മറ്റൊരു മകനായ ഷിഫാൻ പരിക്കേറ്റ് എസ്.എ.ടി. ആശുപത്രിയിൽ ചികിത്സ യിലാവുകയും ചെയ്തു. മഴയെത്തുടർന്ന് അൻസറിന്റെ വീടിന്റെ പരിസരത്ത് കൂന കൂട്ടിയിരുന്ന മണ്ണ് നനഞ്ഞുണ്ടായ സമ്മർദ്ദം മൂലമാണ് സംരക്ഷണഭിത്തി തകരാൻ ഇടയായതെന്നാണ് പ്രാഥമിക നിഗമനം. ഈ സംഭവത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അടിയന്തര ധനസഹായമായി പതിനായിരം രൂപ ജില്ലാ കളക്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഭാര്യയും രണ്ട് മക്കളും നഷ്ടപ്പെട്ട ഷിഹാബുദ്ദീന്റെ നിർദ്ധന കുടുംബത്തിന് കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. …….(ബഹളം)………

മി. സ്പീക്കർ: സഭാനടപടികൾ താൽക്കാലികമായി അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.52-ന് നിർത്തിവച്ച സഭ 11.36-ന് പുനരാരംഭിച്ചുവെങ്കിലും യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ തുടർന്നുള്ള സബ്മിഷനുകൾ റദ്ദ് ചെയ്തതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സബ്മിഷനുകളുടെ മറുപടി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. സബ്മിഷനുകൾ

റദ്ദാക്കിയിരിക്കുന്നു.

# VIII. മേശപ്പുറത്തുവച്ച കടലാസുകൾ

## 1. ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75 (2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 3 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ്(അമെന്റ്മെന്റ്) ഓർഡിനൻസ്, 2017. | അല്ല |
| 2 | 2017 | 4 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017. | അല്ല |

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75 (2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 5 | 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ് | അല്ല |

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75 (2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 6 | ദി കേരള മെഡിക്കൽ എഡ്യൂക്കേഷൻ (റഗുലേഷൻ ആന്റ് കൺട്രോൾ ഓഫ് അഡ്മിഷൻ റ്റു പ്രൈവറ്റ് മെഡിക്കൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്) ഓർഡിനൻസ്, 2017. | അല്ല |

## IX. റിപ്പോർട്ട് സമർപ്പണം

1. വിഷയനിർണ്ണയ സമിതി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. വിഷയനിർണ്ണയ സമിതി II-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

സമർപ്പിക്കുന്നു.

3. വിഷയനിർണ്ണയ സമിതി III-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. വിഷയനിർണ്ണയ സമിതി IV-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. വിഷയനിർണ്ണയ സമിതി V-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

6. വിഷയനിർണ്ണയ സമിതി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച വിഷയനിർണ്ണയ സമിതി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

7. വിഷയനിർണ്ണയ സമിതി VII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ അദ്ധ്യക്ഷനുവേണ്ടി എക്സ്-ഒഫിഷ്യോ അംഗമായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

സമർപ്പിക്കുന്നു.

8. വിഷയനിർണ്ണയ സമിതി VIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

9. വിഷയനിർണ്ണയ സമിതി IX-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

10. വിഷയനിർണ്ണയ സമിതി X-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

11. വിഷയനിർണ്ണയ സമിതി XI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ അദ്ധ്യക്ഷനായ

ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

12. വിഷയനിർണ്ണയ സമിതി XII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

13. വിഷയനിർണ്ണയ സമിതി XIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാമൂഹികസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

14. വിഷയനിർണ്ണയ സമിതി XIV-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. രാജു എബ്രഹാം: സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ അദ്ധ്യക്ഷനുവേണ്ടി സമിതിയംഗമായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## X. നിയമനിർമ്മാണകാര്യം

### 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എ. പി. അനിൽ കുമാറിന് നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. മുരളീധരൻ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. വി. ഡി. സതീശന് പ്രസ്തുത പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

(നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിക്കുന്നതിന് നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണപ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് 1 'എ' നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എം. രാജഗോപാലൻ, അങ്ങേയ്ക്ക് 2 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-5-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ നിയമത്തിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി നിർദ്ദേശങ്ങളെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ആക്ടിന്റെ പല വകുപ്പുകളിലും ഭേദഗതികൾ അനിവാര്യമായിരിക്കുകയാണ്. ഇന്ത്യ റിപ്പബ്ലിക്കായതിനുശേഷം 68 സംവത്സരങ്ങൾ പൂർത്തീകരിക്കുന്ന ഘട്ടത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ചട്ടത്തിൽ വരുത്തേണ്ടതുണ്ട് എന്നതിനാലാണ് ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് 1951 ആഗസ്റ്റ് 28-നാണ് പ്രാബല്യത്തിൽ വന്നത്. അന്നത്തെ മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായ മലബാറിനുകൂടി ബാധകമാകുന്ന രീതിയിലായിരുന്നു പ്രസ്തുത നിയമം ആവിഷ്കരിച്ചത്. മെച്ചപ്പെട്ട ഭരണ സംവിധാനവും മേൽനോട്ടവും ഉറപ്പുവരുത്തുക എന്നതായിരുന്നു ആക്ടിന്റെ ലക്ഷ്യമെങ്കിലും ഫലം തൃപ്തികരമായിരുന്നില്ല. 1951-ന് മുൻപ് പ്രത്യേക ബോർഡുകളായിരുന്നു ഈ കാര്യങ്ങളൊക്കെ നിയന്ത്രിച്ചിരുന്നത്. ഒരു ഘട്ടത്തിൽ കോടതിയുടെ പരാമർശത്തെത്തുടർന്നാണ് ഇത്തരം ഒരു ആക്ടിന് രൂപം നൽകേണ്ടി വന്നതെന്ന കാര്യവും ശ്രദ്ധേയമാണ്. ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായി മതപരവും ഭരണപരവുമായ പൗരാവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കൊണ്ടുവന്ന നിയമം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ കേന്ദ്രീകൃതവുമായിരുന്നു. ഇന്നുള്ള വൈരുദ്ധ്യം പണ്ടു മുതലേ ഉണ്ടായിരുന്നു. ഒരു ഘട്ടത്തിൽ ഇതുസംബന്ധിച്ച് ഉഡുപ്പി ക്ഷേത്രം കോടതിയെ സമീപിച്ചിട്ടുണ്ട്. അക്കാലത്ത് തമിഴ്നാട് പൂർണ്ണമായും അവിഭക്ത ആന്ധ്രാപ്രദേശിന്റെ പ്രധാന ഭാഗങ്ങളും കർണ്ണാടകയുടെ പ്രധാനഭാഗങ്ങളും കേരളത്തിന്റെ പകുതിയോളവും ഇതിന്റെ പരിധിയിൽ വരുമായിരുന്നു. ഇന്നത്തെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകൾ പൂർണ്ണമായും അതോടൊപ്പംതന്നെ തൃശ്ശൂർ ജില്ലയുടെ കുറച്ചു ഭാഗവുമാണ് ഈ ബില്ലിന്റെ പരിധിയിൽ വരുന്നത്. കാലപ്പഴക്കം ചെന്ന ബിൽ കാലോചിതമാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ തന്നെ അനിവാര്യതയായിട്ടാണ് നമുക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ സംസ്കാര രീതി മാറി; ഇപ്പോൾ പുതിയ രീതികളാണ്; ജനകീയത കൈവന്നു. ഈ സന്ദർഭത്തിൽ 1954, 1959, 1963, 1967, 1968, 1981, 2008 എന്നീ വർഷങ്ങളിൽ കേരളം ഒഴികെയുള്ള സംസ്ഥാനങ്ങൾ ബില്ലിൽ പ്രധാനപ്പെട്ട ഭേദഗതികൾ വരുത്തുകയുണ്ടായി. 1959-ൽ തമിഴ്നാട് ഗവൺമെന്റും 1963-ൽ കർണ്ണാടക ഗവൺമെന്റും ഈ നിയമത്തിൽ ചില ഭേദഗതികൾ വരുത്തി. കേരളത്തെ സംബന്ധിച്ചിടത്തോളം പകുതിയോളം ജില്ലകൾ ഇതിലുൾപ്പെടും. ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ട് കൂടുതൽ ജനകീയത കൈവരിച്ച ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക രംഗത്തെ മുന്നേറ്റം, ജനാധിപത്യ

മതനിരപേക്ഷ സാംസ്കാരിക പാരമ്പര്യം, കേരളീയ സമൂഹത്തിന്റെ സാമൂഹികാവസ്ഥ പരിഹരിക്കുന്നതിന് നടത്തിയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ എന്നിവയിലൂടെ നേട്ടങ്ങൾ കൈവരിച്ച സാഹചര്യത്തിലാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. 1981-ലെ നിയമത്തിന്റെ 13-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന നിർദ്ദേശമാണ് വച്ചിട്ടുള്ളത്. പ്രാദേശിക സമിതികളിലെ അംഗങ്ങളുടെ എണ്ണം അഞ്ചായി പരിമിതപ്പെടുത്തിയിരിക്കുന്നത് ഏഴായി വർദ്ധിപ്പിക്കുന്നത് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സഹായകമാകും.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചു. ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ഏപ്രിൽ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.49-ന് പിരിഞ്ഞു.)